# ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും



മിർസാ മസ്റൂർ അഹ്മദ്

# ആഗോള പ്രതിസന്ധിയും
# സമാധാനത്തിലേക്കുള്ള പാതയും

# World Crisis and the Pathway to Peace

*(aagola prathi sandhiyum samaadhaanaththilekkulla paathayum) Malayalam*

**ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും**

A Compilation of Speeches and Letters

of

**Hadrat Mirza Masroor Ahmad,**
Imam and the Head of the Worldwide Ahmadiyya Muslim Jama'ath,
Fifth Successor to the Promised Massiah (as)

1st Published in U.K : 2012
Translated and Printed in varios world languages in different countries.
© Islam International Publications Ltd.

Published By:
Nazarat Nashr-O-Isha;at,
Sadr Anjuman Ahmadiyya Qadian,
Punjab-St, India.143516

Printed at:
Fazle Umar Printing Press, Qadian.

*No part of this publication may be reproduced or transmitted in any form or by any means, electronic or mechanical, including photocopy, recording or any information storage retrieval system, without prior written permition from the publisher.*

ISBN : 978-93-83882-36-6

# ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും

*അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമും വാഗ്ദത്ത മസീഹി(അ)ന്റെ അഞ്ചാം ഖലീഫയുമായ*

***മിർസാ മസ്റൂർ അഹ്മദ്*** *(അയ്യദഹുല്ലാഹു)*

*നടത്തിയ പ്രഭാഷണങ്ങളുടെയും വൻ രാഷ്ട്രത്തലവൻമാർക്ക് അദ്ദേഹം അയച്ച എഴുത്തുകളുടെയും സമാഹാരം*

## ഉള്ളടക്കം


ഗ്രന്ഥകാരനെക്കുറിച്ച് ....................................................................vii
അവതാരിക ............................................................................ xi


### *പ്രഭാഷണങ്ങൾ*


ആഗോള പ്രതിസന്ധി ഇസ്‌ലാമിക കാഴ്ചപ്പാടിൽ ............................ 3
സ്വരാജ്യ സ്നേഹവും കൂറും സംബന്ധിച്ച
ഇസ്‌ലാമികാദ്ധ്യാപനങ്ങൾ ............................................................ 21
അണ്വായുധ യുദ്ധത്തിന്റെ സർവ്വനാശ പ്രത്യാഘാതങ്ങളും കേവല
നീതി നടപ്പാക്കേണ്ടതിന്റെ നിർണ്ണായകമായ ആവശ്യകതയും ...... 35
സമാധാനത്തിലേക്കുള്ള പാത –
രാഷ്ട്രങ്ങൾ തമ്മിലുള്ള ന്യായാധിഷ്ഠിതമായ ബന്ധങ്ങൾ .......... 55
സമാധാനത്തിന്റെ താക്കോൽ – ആഗോളഐക്യം ........................ 83
മുസ്‌ലിംകൾക്ക് പാശ്ചാത്യ സമൂഹങ്ങളുമായി സമന്വയം
സാധ്യമാണോ? ..............................................................................103
ഇസ്‌ലാം ശാന്തിയുടെയും അനുകമ്പയുടെയും മതം ......................119
ലോകസമാധാനം കാലഘട്ടത്തിന്റെ നിർണ്ണായക ആവശ്യം ........137


### *വൻ രാഷ്ട്രത്തലവൻമാർക്കുള്ള എഴുത്തുകൾ*


ആദരണീയനായ പോപ്പ് ബെനഡിക്ട് പതിനാറാമനുള്ള
എഴുത്ത് ............................................................................................155
ഇസ്രയേൽ പ്രധാനമന്ത്രിക്കുള്ള എഴുത്ത് ....................................161

ഇറാൻ പ്രസിഡണ്ടിനുള്ള എഴുത്ത് ................................................*167*
അമേരിക്കൻ പ്രസിഡണ്ടിനുള്ള എഴുത്ത് ........................................*173*
കനഡാ പ്രധാനമന്ത്രിക്കുള്ള എഴുത്ത് ...........................................*179*
സൗദി അറേബ്യയുടെ രാജാവിനുള്ള എഴുത്ത് ............................*185*
ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രീമിയറിനുള്ള എഴുത്ത് ..................*191*
ബ്രിട്ടീഷ് പ്രധാനമന്ത്രിക്കുള്ള എഴുത്ത് .......................................*197*
ജർമ്മൻ ചാൻസലറിനുള്ള എഴുത്ത് ............................................ *203*
ഫ്രഞ്ച് പ്രസിഡണ്ടിനുള്ള എഴുത്ത് .............................................*209*
ബ്രിട്ടീഷ് രാജ്ഞിക്കുള്ള എഴുത്ത് ................................................*215*
ഇറാന്റെ പരമാധികാര നേതാവിനുള്ള എഴുത്ത് ..........................*221*
റഷ്യൻ ഫെഡറേഷൻ പ്രസിഡണ്ടിനുള്ള കത്ത് ......................... *227*

ശബ്ദസംഗ്രഹം ........................................................................*233*

# ഗ്രന്ഥകാരനെക്കുറിച്ച്

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആത്മീയ നേതാവും അഞ്ചാം ഖലീഫയുമാണ് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹുല്ലാഹു). വാഗ്ദത്ത മഹ്ദിയും പരിഷ്കർത്താവുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യുടെ പ്രപൌത്രനുമാണദ്ദേഹം.

സെപ്തംബർ 15, 1950ൽ പാകിസ്താനിലെ റബ്‌വയിലായിരുന്നു ജനനം. പിതാവ് പരേതനായ മിർസാ മൻസൂർ അഹ്മദ് സാഹിബും മാതാവ് പരേതനാസിറാ ബീഗം അഹ്മദ് സാഹിബയുമായിരുന്നു. 1977ൽ ഫൈസലാബാദിലെ കാർഷിക സർവകലാശാലയിൽ നിന്ന് കാർഷിക സമ്പദ്ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ശേഷം ഇസ്‌ലാമിന്റെ സേവനത്തിനായി തന്റെ ജീവിതം അർപ്പിക്കുകയാണദ്ദേഹം ചെയ്തത്. പരക്ഷേമകാംക്ഷയോടെയുള്ള പരിശ്രമങ്ങൾ അദ്ദേഹത്തെ 1977ൽ ആഫ്രിക്കയിലെ ഘാനയിൽ എത്തിച്ചു. അന്നു തൊട്ട് കുറേ വർഷങ്ങൾ അവിടെ പല അഹ്മദിയ്യാ മുസ്‌ലിം സ്കൂളുകളിലും അദ്ദേഹം പ്രിൻസിപ്പലായി ജോലി നോക്കി. സലഗയിലെ അഹ്മദിയ്യാ സെക്കന്ററി സ്കൂൾ ആരംഭിക്കുന്നതിന് അദ്ദേഹം സഹായം ചെയ്തു. സ്കൂളിന്റെ പ്രിൻസിപ്പലായി ജോലി ചെയ്തു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആജീവനാന്ത ഖലീഫയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെടുന്നത് 2003 ഏപ്രിൽ 22നാണ്. 200 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള ആത്മീയ നേതാവാണ് അദ്ദേഹം. ഇന്ന് ശതലക്ഷക്കണക്കിലുള്ള വിശ്വാസികളെ ഈ പ്രസ്ഥാനം ഉൾക്കൊള്ളുന്നു.

ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം ഇസ്‌ലാമിന്റെ സമാധാന സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കാനായി എല്ലാവിധ അച്ചടി ഡിജിറ്റൽ മാധ്യമങ്ങളെയും അദ്ദേഹം ഉപയോഗപ്പെടുത്തുകയുണ്ടായി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശാഖകൾ ഇമാമിന്റെ ആഹ്വാനം ഏറ്റെടുത്തുകൊണ്ട് ശാന്തിയിലധിഷ്ഠിതമായ യഥാർത്ഥ ഇസ്‌ലാമികാധ്യാപനങ്ങൾ ലോകത്താകമാനം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ദശലക്ഷക്കണക്കിന് ‘സമാധാന’ ലഘുലേഖകൾ മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഒരു പോലെ

എത്തിച്ചു കൊടുക്കാൻ അഹ്മദി മുസ്ലിംകൾ കഠിന പ്രയത്നം ചെയ്തു കൊണ്ടിരിക്കുകയാണ്. കൂടാതെ, സിംപോസിയങ്ങൾ, പ്രദർശനങ്ങൾ എന്നി വ സംഘടിപ്പിച്ചുകൊണ്ട് മതപാരമ്പര്യ ബന്ധങ്ങൾക്കും വിശുദ്ധ ഖുർആന്റെ പാഠങ്ങൾക്കും ഊന്നൽ നൽകപ്പെടുന്നു. ഈ പ്രചാരണ സംവാദങ്ങൾ ലോക മാധ്യമങ്ങളിലെല്ലാം ഇടം കാണുകയുണ്ടായി. അതുവഴി ഇസ്ലാം സമാധാനവും സ്വരാജ്യത്തോടുള്ള കൂറും മാനവ സേവയുമാണ് പ്രബോ ധിക്കുന്നതെന്ന പരമാർത്ഥം ലോകജനതയുടെ ശ്രദ്ധയിൽ വന്നു ചേർന്നു.

2004ൽ ഖലീഫാ തിരുമനസ്സ് തുടങ്ങിവെച്ച വാർഷിക രാഷ്ട്ര സമാധാന ചർച്ചാ യോഗങ്ങൾ ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന പ്രമുഖരെ ലോകസമാധാനത്തിനും ഐക്യത്തിനുമായി സമ്മേളിപ്പിച്ചു. ഓരോ വർഷവും ഈ സിംപോസിയങ്ങൾ പാർലമെന്റ്, നിയമസഭാ വിദ ഗ്ധർ, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, മതനേതാക്കൾ തുടങ്ങിയ പ്രമു ഖരെ ആകർഷിച്ചു വരുന്നു.

മനുഷ്യസേവനം ലക്ഷ്യമാക്കിക്കൊണ്ട് ഖലീഫാ തിരുമനസ്സ് വിവിധ ലോകരാഷ്ട്രങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ലോകത്തിന്റെ വിദൂര കോണുകളിൽ സ്കൂളുകളും മികച്ച നിലവാരമുള്ള ആതുരാലയങ്ങളും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സ്ഥാപിച്ചു നടത്തു ന്നുണ്ട്.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹു) ഇപ്പോൾ ലണ്ടൻ കേന്ദ്രമാക്കിയാണ് തന്റെ പ്രവർത്തനങ്ങളിൽ നിരതനായിരിക്കുന്നത്. ലോക അഹ്മദി മുസ്ലിംകളുടെ ആത്മീയ നേതാവെന്ന നിലയിൽ സമാധാനത്തി ന്റെയും സഹതാപത്തിന്റെയും ഇസ്ലാമികാദർശങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടുള്ളതാണ് അദ്ദേഹത്തിന്റെ ഊർജ്ജസ്വല പ്രവർത്തന ശൈലി.



Ḥaḍrat Mirza Masroor Ahmad

Khalīfatul-Masīḥ V[aba]

# അവതാരിക

പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിലൂടെയാണ് ലോകം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ആഴ്ചകൾ തോറും ആഗോള സാമ്പത്തിക പ്രതിസന്ധി നൂതനവും ഗൗരവാവഹവുമായ വിപത്തുകളാണ് വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. രണ്ടാം ലോക മഹായുദ്ധത്തിനു തൊട്ടുമുമ്പ് സംജാതമായ സ്ഥിതിവിശേഷങ്ങൾ വീണ്ടും തലപൊക്കുമ്പോൾ അതിഭയാനകമായ ഒരു മൂന്നാം ലോകമഹായുദ്ധത്തിലേക്കാണോ മുമ്പില്ലാത്ത വിധം ഈ പോക്കെന്ന നടുക്കം നാം അനുഭവിക്കുന്നു. കാര്യങ്ങൾ നിയന്ത്രണാതീതമാവുന്ന ഈ സാഹചര്യത്തിൽ അരങ്ങിൽ ആരെങ്കിലും പ്രത്യക്ഷപ്പെട്ടു ലോകത്തെ രക്ഷയിലേക്കും സമാധാനത്തിലേക്കും നയിക്കുന്നതിനെ പ്രതീക്ഷയോടെ ജനം ഉറ്റു നോക്കുന്നു. മറ്റൊരു ആണവയുദ്ധത്തെക്കുറിച്ചും അത് വരുത്തിവെക്കാവുന്ന ഭീകരപ്രത്യാഘാതങ്ങളെക്കുറിച്ചും നമുക്ക് ആലോചിക്കുക പോലും വയ്യ.

ഈ കൃതിയിൽ സമാഹരിക്കപ്പെട്ടിരിക്കുന്നത്, ലോക അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആത്മീയ നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹല്ലാഹു) മുന്നോട്ടു വെച്ച മാർഗ്ഗദർശനങ്ങളാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി നിർഭയനായി അദ്ദേഹം തന്റെ കണ്ടെത്തലുകൾ ഈ പ്രഭാഷണങ്ങളിലൂടെയും കത്തുകളിലൂടെയും അവതരിപ്പിക്കുന്നു. ഭീതി ജനിപ്പിക്കുവാനല്ല, ലോകം ഈ വിപൽസന്ധിയിൽ എങ്ങനെ എത്തിച്ചേർന്നുവെന്നും അതിൽ നിന്നും രക്ഷ പ്രാപിച്ച്, ഈ ആഗോള ഗ്രാമത്തിൽ നിവസിക്കുന്ന ജനങ്ങൾക്ക് സമാധാനത്തിന്റെ പാത എങ്ങനെ നേടാമെന്നും ചൂണ്ടിക്കാ

ട്ടാനുള്ളതാണ് അദ്ദേഹത്തിന്റെ ഉദ്യമങ്ങൾ. അഹ്മദിയ്യാ ഖലീഫ സമാധാനം ഉറപ്പു വരുത്താനായി നിർദ്ദേശിക്കുന്ന പാത, വിനയവും നീതിയും കൈക്കൊണ്ട് ദൈവത്തിലേക്ക് തിരിയുക എന്നതത്രേ. മനുഷ്യൻ കരുണാദ്രനാവാൻ ബലവാൻ ദുർബ്ബലനോട് അന്തസ്സോടെയും ബഹുമാനത്തോടെയും നീതിയോടെയും പെരുമാറേണ്ടതുണ്ട്. ദുർബ്ബലരും ദരിദ്രരും കൃതജ്ഞത കാണിക്കുകയും സത്യത്തിന്റെയും സാത്വികതയുടെയും വഴികൾ കൈക്കൊള്ളേണ്ടതുമുണ്ട്. എല്ലാവരും പൂർണ്ണ വിനയത്തോടും ആത്മാർത്ഥതയോടും തങ്ങളുടെ സ്രഷ്ടാവിലേക്ക് തിരിയേണ്ടതുണ്ട്.

ആവർത്തിച്ചാവർത്തിച്ച് അദ്ദേഹം എല്ലാവരെയും ഉണർത്താൻ ശ്രമിക്കുന്ന അടിസ്ഥാന കാര്യം നീതിപാലനത്തിന്റേതാണ്. വൻവിനാശത്തിൽ നിന്നും രാഷ്ട്രങ്ങൾക്ക് വിമോചനം ലഭിക്കേണമെങ്കിൽ അന്യോന്യം ഇടപാടുകളിൽ നീതിയുടെ പാതയിലേക്ക് അവർ തിരിച്ചെത്തുക തന്നെ വേണം. അവർക്കിടയിൽ ശത്രുത നിലനിൽക്കുന്നുവെങ്കിൽ പോലും നീതിന്യായം കൈവിട്ടുകൊണ്ടുള്ള പെരുമാറ്റം സർവ്വനാശത്തിലേക്കു മാത്രമേ അവരെ നയിക്കുകയുള്ളൂ. കാരണം, ഇത് ലോക ചരിത്രം നമ്മെ പഠിപ്പിക്കുന്ന പാഠമാണ്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ഭാവിഫലങ്ങൾ ഇല്ലായ്മ ചെയ്യാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ല. അങ്ങനെ ശാശ്വത സമാധാനം ഉണ്ടാക്കാൻ സാധിക്കും.
വിശുദ്ധ ഖുർആന്റെ താഴെ പറയുന്ന അധ്യാപനമാണ് ഖലീഫാ തിരുമനസ്സ് ലോകരാഷ്ട്ര നേതാക്കളോട് തന്റെ കത്തുകളിലൂടെ ഊന്നിപ്പറഞ്ഞിട്ടുള്ളത്.

**വിശുദ്ധ ആരാധനാലയത്തിൽ നിന്നും നിങ്ങളെ തടഞ്ഞ ഒരു ജനതയോടുള്ള വെറുപ്പ് അവരോട് അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ പരസ്പരം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ പരസ്പരം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവാകുന്നു.(5:3)**

ഇസ്രായേൽ പ്രധാനമന്ത്രിക്ക് അദ്ദേഹം ഇങ്ങനെ എഴുതി:

എനിക്കു നിങ്ങളോടുള്ള അഭ്യർത്ഥന ഇതാണ്. ഒരു ലോക മഹായുദ്ധത്തിലേക്ക് ഈ ലോകത്തെ വലിച്ചിഴക്കുന്നതിനു പകരം അത്തരത്തിലുള്ള ഒരു വൻ വിപത്തിൽ നിന്നും ലോകത്തെ രക്ഷിക്കാൻ കഴിവതെല്ലാം ചെയ്യുക. തർക്കങ്ങൾ ബലപ്രയോഗത്തിലൂടെ പരിഹരിക്കാൻ

> ശ്രമിക്കുന്നതിനു പകരം സംവാദത്തിലൂടെ അവയ്ക്കു പരിഹാരം കാണുക. അങ്ങനെ മാത്രമേ വരും തലമുറയ്ക്ക് അവശതകളുടെയും പോരായ്മകളുടെയും ഒരു ലോകത്തിനു പകരം പ്രകാശമാനമായൊരു ഭാവി സമ്മാനമായി നൽകാൻ നമുക്കാവുകയുള്ളൂ.

ഇറാൻ ഇസ്‌ലാമിക റിപ്പബ്ലിക് പ്രസിഡന്റിനുള്ള എഴുത്തിൽ ഇങ്ങനെ പറയുന്നു:

> ലോകമൊട്ടുക്കും ഇന്ന് അസ്വസ്ഥവും പ്രക്ഷുബ്ധവുമാണ്. ചിലയിടങ്ങളിൽ ചെറുകിട യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സമാധാന സംസ്ഥാപനത്തിന്റെ പേരിൽ വൻശക്തികൾ പല രാജ്യങ്ങളിലും അവരുടെ ആധിപത്യം സ്ഥാപിക്കാനുള്ള ശ്രമവും നടത്തുന്നു. ഓരോ രാഷ്ട്രവും മറ്റു രാഷ്ട്രങ്ങളുമായി സഹകരിക്കുകയോ ഇടയുകയോ ചെയ്യുമ്പോഴും നീതിയുടെ നിബന്ധനകൾ അവ പാലിക്കുന്നില്ല. ലോകസ്ഥിതി നിരീക്ഷിക്കുമ്പോൾ മറ്റൊരു ലോകമഹായുദ്ധത്തിന്റെ അടിത്തറയാണിടപ്പെട്ടിരിക്കുന്നതെന്നു വ്യസനസമേതം നാം മനസ്സിലാക്കുന്നു.

പ്രസിഡന്റ് ഒബാമക്ക് അയച്ച എഴുത്തിൽ ഈ നിരീക്ഷണം കാണാം:

> നമുക്കറിയാവുന്നതു പോലെ, രണ്ടാം ലോക മഹായുദ്ധത്തിലേക്കു നയിച്ച പ്രധാന ഘടകങ്ങൾ ലീഗ് ഓഫ് നേഷൻസിന്റെ പരാജയവും 1932ൽ ആരംഭിച്ച സാമ്പത്തിക പ്രതിസന്ധിയുമായിരുന്നു. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി 1932ലേതിനോട് ഏറെ സമാനതകളുള്ളതായിട്ടാണ് പ്രമുഖ സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നത്. രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങൾ വീണ്ടും ചെറുകിട രാഷ്ട്രങ്ങളെ യുദ്ധത്തിലേക്കും ആഭ്യന്തര കുഴപ്പങ്ങളിലേക്കും നയിക്കുന്നു. ഇത് ഒടുക്കം ചെന്നെത്തുക, ലോകത്തെ ഒരു ആഗോളയുദ്ധത്തിലേക്ക് വലിച്ചിഴയ്ക്കുന്ന ശക്തികൾ ഗവൺമെന്റുകൾ രൂപികരിക്കുന്നതിലായിരിക്കും. ചെറുരാഷ്ട്രങ്ങളിൽ ഉടലെടുക്കുന്ന സംഘടനകളും സംഘർഷങ്ങളും രാഷ്ട്രീയമായും നയതന്ത്രപരമായും പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ലോകത്ത് പുതിയ ബ്ലോക്കുകളും ചേരികളും നിലവിൽ വരികയും ഒരു മൂന്നാം ലോകയുദ്ധത്തിലേക്ക് അവ നീങ്ങുകയും ചെയ്യും. അതുകൊണ്ട് ലോകത്തിന്റെ പുരോഗതിയിൽ ഊറ്റം കൊള്ളാതെ

> അതിനെ സർവ്വനാശത്തിൽ നിന്നും രക്ഷിക്കാനുള്ള അടിയന്തര യത്ന ങ്ങളിലാണ് നാം വ്യാപൃതരാകേണ്ടത്. മാനവരാശിക്ക് നമ്മുടെയെല്ലാം സ്രഷ്ടാവായ ഏക ദൈവത്തെ അംഗീകരിക്കേണ്ട ആവശ്യകതയാണ് സംജാതമായിരിക്കുന്നത്. അതിലൂടെ മാത്രമേ മനുഷ്യകുലം നിലനി ൽക്കുകയുള്ളൂ. ദൈവവിശ്വാസത്തിന്റെ അഭാവം ആത്മഹത്യാപരമായി രിക്കുന്നതാണ്!

ചൈനാ പ്രധാനമന്ത്രി വെൻജിയാ ബോവിന് എഴുതിയ കത്തിൽ ഹുസൂർ ഇങ്ങനെ പ്രസ്താവിക്കുന്നു:

> എന്റെ പ്രാർത്ഥന ഇതാണ് – അന്താരാഷ്ട്ര നേതാക്കൾ പരസ്പര ശത്രുത കൊണ്ട് ഒരു ലോകമഹായുദ്ധം ക്ഷണിച്ചു വരുത്താതിരിക്കട്ടെ, വിവേകം അവർക്കു വഴി കാട്ടട്ടെ.

ബ്രിട്ടീഷ് പ്രധാനമന്ത്രിക്ക് അദ്ദേഹം നല്കിയ നിർദ്ദേശവും ശ്രദ്ധേയമാണ്:

> വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും തീനാളങ്ങൾ എല്ലാ വശങ്ങളിലൂ ടെയും നേരിട്ട് അണച്ചു കളയുവാൻ നമ്മളാവുന്നതെല്ലാം ചെയ്യേണ്ടതാ ണ്. ഈ യജ്ഞത്തിൽ വിജയിക്കുന്നെങ്കിൽ മാത്രമേ വരും തലമുറക്ക് ശോഭനമായൊരു ഭാവി ഉറപ്പാക്കിക്കൊടുക്കാൻ നമുക്കാവുകയുള്ളൂ. ഇതിൽ നാം പരാജിതരാവുകയാണെങ്കിൽ സംശയം വേണ്ടാ, നമ്മുടെ ചെയ്തികൾ കൊണ്ടുണ്ടാകുന്ന ഒരു ആണവയുദ്ധത്തിന്റെ അചിന്ത്യ ങ്ങളായ എല്ലാ ഭീകര പ്രത്യാഘാതങ്ങളും വരും തലമുറകൾ പേറേ ണ്ടി വരികയും ഈ വൻനാശത്തിന് ഉത്തരവാദികളായ നമുക്ക് ഒരി ക്കലും അവർ പൊറുത്തു തരാതിരിക്കുകയും ചെയ്യുന്നതാണ്. ഞാൻ താങ്കളെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കട്ടെ; വികസിത രാജ്യങ്ങളിലും വിക സ്വര രാഷ്ട്രങ്ങളിലും ഒരു പോലെ സ്വാധീനമുള്ള രാജ്യങ്ങളിൽ പെ ടുന്നു ബ്രിട്ടൻ. താങ്കളാഗ്രഹിക്കുകയാണെങ്കിൽ നെറിയുടെയും നേരി ന്റെയും ഉപാധികൾ നിറവേറ്റിക്കൊണ്ട് ഈ ലോകത്തെ നയിക്കുവാൻ താങ്കൾക്കാവുന്നതാണ്. ലോകസമാധാനം കൈവരുത്തുവാൻ ബ്രിട്ട നും മറ്റു വൻശക്തികളും അങ്ങനെ കൈകോർക്കേണ്ടതാണ്. സർവ്വ ശക്തനായ ദൈവം താങ്കളെയും മറ്റു ലോക നേതാക്കളെയും ഈ സന്ദേശം ഉൾക്കൊള്ളാൻ കെല്പുള്ളവരാക്കിത്തീർക്കുമാറാകട്ടെ.

ഞങ്ങളുടെയും ആത്മാർത്ഥമായ പ്രാർത്ഥന ഇതു മാത്രമാണ്. ഈ മാർഗ്ഗ ദർശനം നീതിയുടെയും വിനയത്തിന്റെയും പാതയിൽ സ്വീകരിച്ചു കൊണ്ട് ദൈവത്തിലേക്ക് തിരിയാനും അതുവഴി ശാശ്വതസമാധാനം ഭൂമിയിൽ കൈവരുത്താനും മാനവരാശിക്കു സാധിക്കുമാറാകട്ടെ: ആമീൻ

**പ്രസാധകർ**

# പ്രഭാഷണങ്ങൾ




# ആഗോള പ്രതിസന്ധി ഇസ്‌ലാമിക കാഴ്ചപ്പാടിൽ

**ബ്രിട്ടീഷ് പാർലിമെന്റ്, ദി ഹൗസ് ഓഫ് കോമൺസ്**
**ലണ്ടൻ, യു.കെ, 2008**







Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V[aba] delivering the keynote address at the House of Commons






Official tour of the House of Commons, courtesy of Justine Greening MP




Seated: Lord Avebury (Liberal Democrats Spokesman for Foreign Affairs), Rt. Hon. Hazel Blears MP (Secretary of State for Communities and Local Government); Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V[aba]; Justine Greening MP (Shadow Treasury Minister); Gillian Merron MP (Foreign Office Minister); Councillor Louise Hyams (the Lord Mayor of Westminster). Standing: Jeremy Hunt MP (Shadow Culture Minister); Rafiq Hayat (National Amir AMA UK); Virendra Sharma MP, Rt. Hon. Malcolm Wicks MP (Former Minister at Department for Business, Enterprise and Regulatory Reform); Rob Marris MP, Simon Hughes MP (President of the Liberal Democrats Party); Martin Linton MP; Alan Keen MP.

# ആമുഖം

2008 ഒക്ടോബർ 22 ന് വാഗ്ദത്ത മസീഹിന്റെ അഞ്ചാമത്തെ ഖലീഫയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) ബ്രിട്ടീഷ് പാർലമെന്റിൽ ചരിത്രപ്രധാനമായ പ്രസംഗം നടത്തി.

അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനത്തിന്റെ ആസ്ഥാനമായ മസ്ജിദ് ഫള്ൽ ഉൾക്കൊള്ളുന്ന Putney നിയോജക മണ്ഡലത്തിലെ പാർലമെന്റംഗം ജസ്റ്റിൻ ഗ്രീനിങ്ങ് ഖിലാഫത്ത് ശതാബ്ദി വേളയിൽ ഒരുക്കിയ സ്വീകരണ യോഗത്തിലാണ് ഹുസൂർ പ്രസംഗിച്ചത്.

സ്വീകരണ യോഗത്തിൽ Gillian Merron M.P, Rt. Hon Hazel Blears M.P, Alan Keen M.P, Dominic Grieve M.P, Simon Hughes M.P, Lord Eric Avebury എന്നിവരും വ്യവസായ രാഷ്ട്രീയ മാധ്യമ മേഖലകളിലെ പ്രമുഖരും പങ്കെടുത്തു.

# *ആഗോള പ്രതിസന്ധി ഇസ്‌ലാമിക കാഴ്ചപ്പാടിൽ*

*ബിസ്മില്ലാഹി റഹ്മാനി റഹീം* – പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

ഇവിടെ ഒരു മതപ്രസ്ഥാന നേതാവിന്റെ വാക്കുകൾ കേൾക്കാൻ സന്നിഹിതരായിരിക്കുന്ന അഭിവന്ദ്യരായ എം.പി.മാരും മറ്റു ബഹുമാന്യരും അടങ്ങിയ ഈ സദസ്സിന് ആദ്യമായിത്തന്നെ ഞാൻ നന്ദി പറഞ്ഞുകൊള്ളട്ടെ. പ്രത്യേകിച്ച് ഞങ്ങളുടെ പ്രദേശത്തെ പാർലിമെന്റിനെ പ്രതിനിധാനം ചെയ്യുന്ന ബഹുമാനപ്പെട്ട എം.പി. ജസ്റ്റിൻ ഗ്രീനിങ്ങിന് ഞാനെന്റെ അകമഴിഞ്ഞ നന്ദി അറിയിക്കുന്നു. അവരുടെ നിയോജക മണ്ഡലത്തിലെ ചെറിയൊരു സമൂഹത്തിന് അതിന്റെ ഖിലാഫത്ത് ശതാബ്ദി വേളയിൽ ഇത്തരത്തിലുള്ളൊരു കൂടിച്ചേരൽ സാധ്യമാക്കിയതവരാണ്. ഇത് അവരുടെ വിശാലതയും സ്വഭാവ മഹിമയുമാണ് വെളിപ്പെടുത്തുന്നത്. അവരുടെ നിയോജക മണ്ഡലത്തിൽ വസിക്കുന്ന എല്ലാവരുടെയും വികാര വിചാരങ്ങൾക്ക് അവർ വില കൽപ്പിക്കുന്നുവെന്നാണിതിനർത്ഥം.

അഹ്മദിയ്യാ മുസ്‌ലിം സമൂഹം എണ്ണത്തിൽ കുറവാണെങ്കിലും ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നവരും ധ്വജവാഹകരുമാണ്. ഗ്രേറ്റ് ബ്രിട്ടനിൽ താമസിക്കുന്ന ഓരോ അഹ്മദിയും രാജ്യത്തോട് അങ്ങേയറ്റം കൂറു പുലർത്തുകയും അതിനെ സ്നേഹിക്കുകയും ചെയ്യുന്ന പൗരനാണെന്നു പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഇതിനു കാരണം നമ്മുടെ നബി(സ)യുടെ അദ്ധ്യാപനങ്ങൾ തന്നെയാണ്.

രാജ്യസ്നേഹം മതവിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണെന്നദ്ദേഹം നമ്മെ പഠിപ്പിച്ചു.* ഇസ്ലാമികാധ്യാപനങ്ങൾ കൂടുതൽ വിശദീകരിക്കുകയും വ്യക്തമാക്കുകയും ചെയ്ത അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരെ വാഗ്ദത്ത മസീഹായും ഈ കാലഘട്ടത്തിലെ ആത്മീയ പരിഷ്ക്കർത്താവായും ഞങ്ങൾ വിശ്വസിക്കുന്നു.

അദ്ദേഹം തന്റെ വാദം ഉന്നയിച്ചു കൊണ്ടു പറഞ്ഞു, ദൈവം രണ്ടു തരം ഉത്തരവാദിത്വങ്ങളാണ് തന്നെ ഏൽപ്പിച്ചിരിക്കുന്നതെന്ന്. ഒന്ന്, ദൈവത്തോടുള്ള നമ്മുടെ കടമകളും മറ്റൊന്ന് അവന്റെ സൃഷ്ടികളോടുള്ള നമ്മുടെ കടമകളും. ഇതിൽ ദൈവത്തിന്റെ സൃഷ്ടികളോടുള്ള നമ്മുടെ കടമകൾ നിറവേറ്റുന്നതാണ് ഏറെ പ്രയാസകരമായിട്ടുള്ളതെന്നും അദ്ദേഹം നിരീക്ഷിച്ചു. **

ഖിലാഫത്തിനെക്കുറിച്ച് പറയുമ്പോൾ ഒരുവേള നിങ്ങളിൽ ചില ഭയപ്പാടുകൾ ഉടലെടുത്തേക്കാം.

ചരിത്രം ആവർത്തിക്കുകയും ഖിലാഫത്ത് സമ്പ്രദായം വീണ്ടും യുദ്ധങ്ങൾക്കു കാരണമായേക്കുകയും ചെയ്യാമെന്നു നിങ്ങൾ ഭയപ്പെടുന്നുണ്ടാകാം. എന്നാൽ ഞാൻ നിങ്ങൾക്കുറപ്പ് തരുന്നു, അഹ്മദിയ്യാ ഖിലാഫത്തിൽ ഒരിക്കലും ഇതു സംഭവിക്കുകയില്ല. അതു സമാധാനത്തിന്റെയും ഒത്തൊരുമയുടെയും പതാകയേന്തിക്കൊണ്ട് എവിടെയൊക്കെ അഹ്മദികൾ താമസിക്കുന്നുവോ ആ രാജ്യങ്ങളെയൊക്കെ സ്നേഹിക്കുന്നതിലും അവയോട് കൂറു പുലർത്തുന്നതിലും ഉറച്ചു നിൽക്കുന്നതാണ്. മഹ്ദി മസീഹിന്റെ ഈ ദൗത്യം നിറവേറ്റാനാണ് അഹ്മദിയ്യാ ഖിലാഫത്തിന്റെ ശ്രമം. അതുകൊണ്ട് ഈ ഖിലാഫത്തിനെക്കുറിച്ചു ഭയപ്പെടേണ്ട ഒരു കാര്യവുമില്ല. വാഗ്ദത്തമസീഹിന്റെ ആഗമന ലക്ഷ്യമായ മേൽ പറഞ്ഞ രണ്ടു കാര്യങ്ങൾ പൂർത്തീകരിക്കുന്നതോടെ സമാധാനവും മാനവമൈത്രിയുമാണ് സംസ്ഥാപിതമാവുക.

സമയപരിമിതി കണക്കിലെടുത്തുകൊണ്ട് ഞാനെന്റെ വിഷയത്തിലേക്ക് കടക്കുകയാണ്. ഈ കഴിഞ്ഞ ചില നൂറ്റാണ്ടുകൾ നിഷ്പക്ഷമായി പരിശോധിക്കുകയാണെങ്കിൽ ഒരു കാര്യം നമുക്ക് ബോധ്യപ്പെടും. ഈ നൂറ്റാണ്ടുകളിലുണ്ടായ യുദ്ധങ്ങളൊന്നും തന്നെ മതയുദ്ധങ്ങളായിരുന്നില്ല. അവ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായിരുന്നു. ഇന്ന് നടമാടുന്ന സംഘർഷങ്ങളും ഏറ്റുമുട്ടലുകളും രാഷ്ട്രീയ രാജ്യാതിർത്തി സാമ്പത്തികത്തർക്കങ്ങളിൽ നിന്നും താൽപര്യങ്ങളിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്.

---

* തഫ്സീറെ ഹഖീ, സൂറത്തൽ ഖസസ് നമ്പർ 86, ഫത്ഹുൽ ബാരി ഫീ ശറഹ് സഹീഹുൽ ബുഖാരി, ബാബ് ഖൗലില്ലാഹി തആലാ വഅ്തുൽ ബുയൂത്ത.... തുഹ്ഫത്തുൽ അഹ്വാദി ശറഹ് ജാമിതുത്തിർമിദി, ബാബ് മാ യഖൂൽ

** മൽഫൂസാത്ത് വാല്യം 1 പേജ് 326

വിവിധ രാജ്യങ്ങളിൽ നിലനിൽക്കുന്ന കാര്യങ്ങളുടെ ഗതി വീക്ഷിക്കുമ്പോൾ രാഷ്ട്രീയ സാമ്പത്തിക ചാലക ശക്തികൾ ഒരു മഹായുദ്ധത്തിലേക്കാണ് ലോകത്തെ നയിക്കുന്നതെന്നു ഞാൻ ഭയപ്പെടുന്നു. ദരിദ്രരാഷ്ട്രങ്ങളെ മാത്രമല്ല, സമ്പന്ന രാഷ്ട്രങ്ങളെയും ബാധിക്കുന്ന വിപത്താണിത്. വൻശക്തികൾ കൂടിയിരുന്നു കൊണ്ട് ചർച്ചകളിലൂടെ മാനവരാശിയെ സർവ്വനാശത്തിന്റെ വക്കിൽ നിന്നും രക്ഷിക്കേണ്ടത് അവരുടെ ഒഴിച്ചുകൂടാനാവാത്ത കടമയാകുന്നു.

വികസിത–വികസ്വര രാഷ്ട്രങ്ങളുടെ മേൽ സ്വാധീനമുള്ള ശക്തികളിൽ ബ്രിട്ടനും പെടുന്നു. നിങ്ങൾ വിചാരിക്കുകയാണെങ്കിൽ ലോകത്തെ നീതിയുടെയും ന്യായത്തിന്റെയും മാർഗത്തിൽ നയിക്കുവാൻ നിങ്ങൾക്കാകും.

സമീപകാല ചരിത്രത്തിലേക്കു കണ്ണോടിക്കുകയാണെങ്കിൽ ബ്രിട്ടൻ ഒട്ടനവധി രാജ്യങ്ങൾ ഭരിച്ചതും അവിടങ്ങളിലൊക്കെ നീതിയുടെയും മതവിശ്വാസ സ്വാതന്ത്ര്യത്തിന്റെയും ഉന്നത മാതൃകകൾ സൃഷ്ടിച്ചതും കാണാവുന്നതാണ്. ഇന്ത്യാ–പാകിസ്താൻ ഉപഭൂഖണ്ഡം ഇതിന് നിദർശനമാണ്. അഹ്മദിയ്യാ പ്രസ്ഥാനം ഇതിന് സാക്ഷിയാണ്. പ്രസ്ഥാന സ്ഥാപകർ ഇതിന്റെ പേരിൽ തന്നെയാണ് ബ്രിട്ടീഷ് ഭരണത്തെ പ്രശംസിച്ചതും വിക്ടോറിയാ രാജ്ഞിക്ക് അവരുടെ വജ്രജൂബിലി ആഘോഷ വേളയിൽ ഇസ്‌ലാമിന്റെ സന്ദേശം നല്കുകയും അവരെ ബ്രിട്ടീഷ് ഗവൺമെന്റ് അനുവദിക്കുന്ന മതസ്വാതന്ത്ര്യത്തിന്റെ പേരിൽ അനുമോദിക്കുകയും ചെയ്തതും.

ബ്രിട്ടൻ നീതിയുടെ കാര്യത്തിൽ പുലർത്തിപ്പോന്ന പ്രതിബദ്ധതയെ ഞങ്ങൾ എന്നും വിലമതിച്ചിട്ടുണ്ട്. ഭാവിയിലും ബ്രിട്ടീഷ് ഗവൺമെന്റ് മതസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, മറ്റെല്ലാ പ്രശ്നങ്ങളിലും നീതിയും ന്യായവും ഉയർത്തിപ്പിടിച്ചു കൊണ്ടു തന്നെ അവയ്ക്കു പരിഹാരം തേടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഇന്ന് ലോകം നാനാതരം അസ്വാസ്ഥ്യങ്ങളുടെ പിടിയിലമർന്നിരിക്കുകയാണ്. ചെറുകിട യുദ്ധങ്ങൾ പലയിടത്തുമായി സംഭവിക്കുന്നു. വൻശക്തികൾ ഇവയെ ഒതുക്കുവാനും സമാധാനം സ്ഥാപിക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നവകാശപ്പെടുന്നു. എന്നാൽ, നീതിയും ന്യായവും സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ ഈ ശ്രമങ്ങളെല്ലാം വൃഥാവിലാവുകയും ലോകത്തെ മുഴുവനും ആക്രമണങ്ങളുടെ പരമ്പര ഗ്രസിക്കുകയും ചെയ്യും. അതുകൊണ്ട് വിനീതമായി ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു, സർവ്വനാശത്തിൽ നിന്നും നിങ്ങൾ ലോകത്തെ രക്ഷിക്കുക.

ഇനി ഞാൻ ലോക സമാധാനത്തിനായി ഇസ്‌ലാം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ ചുരുക്കത്തിൽ വിവരിക്കാം. മറ്റാരേക്കാളും കൂടുതൽ മുസ്‌ലിംക

ളാണ് ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ബാധ്യസ്ഥർ. എങ്കിലും ലോക ജനതക്കാകമാനം ഇവ ബാധകമാണ്. എല്ലാ വൻശക്തികൾക്കും അധികാരം കയ്യാളുന്ന ഗവൺമെന്റുകൾക്കും ഇവ ബാധകമാണ്.

മുമ്പൊരിക്കലും വിഭാവനം ചെയ്യാൻ പോലും പറ്റാതിരുന്ന തരത്തിൽ ഈ ഭൂഗോളമാകെ ഇന്നൊരു ചെറു ഗ്രാമമായി പരിണമിച്ചിരിക്കുന്നു. അപ്പോൾ മനുഷ്യർ എന്ന നിലയിൽ നമ്മുടെ കർത്തവ്യങ്ങളെക്കുറിച്ച് നാം കൂടുതൽ ബോധവാൻമാരും മനുഷ്യാവകാശങ്ങളിൽ അധിഷ്ഠിതമായ പ്രശ്ന പരിഹാരങ്ങൾ തേടുന്നവരുമായി ഭവിക്കേണ്ടതാണ്. അങ്ങനെ മാത്രമേ ലോക സമാധാനം കൈവരിക്കാനാവുകയുള്ളൂ. ഈയൊരു യത്നത്തിൽ നീതിയുടെയും സത്യസന്ധതയുടെയും മൂല്യങ്ങൾ കാത്തു സംരക്ഷിക്കപ്പെടണം.

ഇന്നത്തെ പ്രശ്നങ്ങളിൽ ഒന്നു പരോക്ഷമായോ പ്രത്യക്ഷമായോ മതവുമായി ബന്ധപ്പെട്ടതാണ്. ചില മുസ്‌ലിം വിഭാഗങ്ങൾ നിയമവിരുദ്ധമായ മാർഗ്ഗങ്ങൾ സ്വീകരിച്ചു കൊണ്ട് ചാവേർ ബോംബാക്രമണങ്ങളും ബോംബ് സ്ഫോടനങ്ങളും നടത്തി നിരപരാധികളായ സാധാരണക്കാരെയും പോലീസ്– സൈന്യ വിഭാഗങ്ങളെയും കൊല ചെയ്യുന്ന പൈശാചിക കൃത്യങ്ങളിൽ ഏർപ്പെടുകയാണ്. ഇവരുടെ ഇരയായിത്തീരുന്നവരിൽ നിരപരാധികളായ മുസ്‌ലിംകളും പിഞ്ചു പൈതങ്ങളും ഉൾപ്പെടുന്നു. ഒരു വിധത്തിലും ഇസ്‌ലാം ഇതിനെ അംഗീകരിക്കുന്നില്ല.

ഒരു കൂട്ടം മുസ്‌ലിംകളുടെ ക്രൂരകൃത്യങ്ങൾ കാരണം പല അമുസ്‌ലിം രാഷ്ട്രങ്ങളിലും ഇസ്‌ലാമിനെക്കുറിച്ച് തികച്ചും തെറ്റായ ധാരണയുണ്ടായിട്ടുണ്ട്. ചിലയിടങ്ങളിൽ ഇസ്‌ലാമിനെതിരേ തുറന്ന വിമർശനങ്ങളായിരുന്നു. മറ്റു ചിലയിടങ്ങളിൽ ഇസ്‌ലാമിനെ പരസ്യമായി എതിർക്കുന്നില്ലെങ്കിലും അവരുടെയുള്ളിൽ ഒരു തരത്തിലുള്ള മതിപ്പും ഇസ്‌ലാമിനെക്കുറിച്ചുണ്ടാകുന്നില്ല. പാശ്ചാത്യ ജനതയിൽ പൊതുവിലും ചില അമുസ്‌ലിം രാഷ്ട്രങ്ങളിൽ പ്രത്യേകിച്ചും മുസ്‌ലിംകളെ സംബന്ധിച്ചുള്ള വിശ്വാസവും മതിപ്പും പാടെ നഷ്ടപ്പെട്ടിരിക്കുന്നു. ചില മുസ്‌ലിം ഗ്രൂപ്പുകളുടെ പ്രവർത്തനഫലമായി പ്രശ്നപരിഹാരം കാണുന്നതിനു പകരം അത് കൂടുതൽ സങ്കീർണ്ണമായിത്തീരുകയാണ്.

ഇതിന്റെ പ്രത്യാഘാതം ഇസ്‌ലാം മതപ്രബോധകനായ വിശുദ്ധ നബി (സ) യുടെയും ദിവ്യഗ്രന്ഥമായ വിശുദ്ധ ഖുർആന്റെയും നേരെയുള്ള കയ്യേറ്റങ്ങളായി പ്രത്യക്ഷപ്പെടുന്നു. ഈ കാര്യത്തിൽ മറ്റു ചില രാഷ്ട്രങ്ങളെ അപേക്ഷിച്ച് ബ്രിട്ടീഷ് രാഷ്ട്രീയ പ്രവർത്തകരും – അവർ ഏതു കക്ഷിയിൽ പെട്ടവരുമാകട്ടെ– ബുദ്ധിജീവികളും കൈക്കൊണ്ട നിലപാട് തികച്ചും വ്യത്യസ്തമാണ്. ഞാനതിന് നിങ്ങളെ അഭിനന്ദിക്കുന്നു. തെറ്റായ പ്രതി

കരണങ്ങൾ സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയാണ് ചെയ്യുന്നത്. വിദ്വേഷവും സ്പർദ്ധയും വർധിക്കുകയാണ്. അനിസ്‌ലാമിക തിരിച്ചടികൾ കൊണ്ടാണ് ചില തീവ്രവാദ മുസ്‌ലിംകൾ ഇതിനെ നേരിടുന്നത്.

തീവ്രവാദികളല്ലാത്ത മുസ്‌ലിം ജനസാമാന്യത്തെ, വിശുദ്ധ പ്രവാചകന്റെയും ഖുർആന്റെയും നേരെയുള്ള അക്രമങ്ങൾ ഏറെ വേദനിപ്പിക്കുന്നുണ്ട്. അതിൽ മുൻനിരയിലാണ് അഹ്മദിയ്യാ ജമാഅത്തുള്ളത്. ഞങ്ങൾ ലോകത്തിനു മുന്നിൽ ഇസ്‌ലാമിന്റെയും പ്രവാചകന്റെയും പവിത്രത തെളിയിച്ചു കാണിക്കാൻ പ്രതിജ്ഞാബദ്ധരാണ്. എല്ലാ പ്രവാചകന്മാരെയും വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഞങ്ങൾ അവർക്കാർക്കെങ്കിലും എതിരിൽ വാക്കിലോ പ്രവൃത്തിയിലോ അപമര്യാദ കാണിക്കുകയില്ല. പക്ഷേ, നമ്മുടെ തിരുനബി(സ)ക്കെതിരെയുള്ള അടിസ്ഥാനരഹിതവും അസത്യജടിലവുമായ ആക്ഷേപങ്ങൾ ഞങ്ങളെ ഏറെ നൊമ്പരപ്പെടുത്തുന്നു.

ചേരികളായി വീണ്ടും ലോകം വിഭജിക്കപ്പെടുമ്പോൾ തീവ്രവാദ പ്രസ്ഥാനങ്ങളും സംഘടിതരാവുകയാണ്. ഇതോടൊപ്പം സാമ്പത്തിക രംഗം താറുമാറാവുകയും ചെയ്യുന്നു. എല്ലാത്തരം വെറുപ്പും വിദ്വേഷവും അവസാനിപ്പിച്ചു കൊണ്ട് സമാധാനത്തിന്റെ അസ്തിവാരങ്ങൾ പണിയാൻ നാം തയ്യാറാകണം. എല്ലാവരുടെയും വികാരങ്ങൾ പരിഗണിച്ചുകൊണ്ടും ആദരിച്ചുകൊണ്ടും മാത്രമേ ഇത് സാധ്യമാവൂ. ഇതിന് നാം തയ്യാറാകാത്ത പക്ഷം സാഹചര്യങ്ങൾ നിയന്ത്രണാതീതമായിത്തീരും. സാമ്പത്തിക സുസ്ഥിരതയുള്ള ചില പാശ്ചാത്യനാടുകൾ ചില ദരിദ്ര രാഷ്ട്രങ്ങളിലെ ജനങ്ങളെ തങ്ങളുടെ നാടുകളിൽ അധിവസിപ്പിച്ചിരിക്കുന്നു. ഇവരിൽ മുസ്‌ലിംകളും പെടും എന്നത് ചാരിതാർത്ഥ്യജനകമാണ്.

യഥാർത്ഥ നീതി ആവശ്യപ്പെടുന്നത്, എല്ലാ ജനവിഭാഗങ്ങളുടെയും മത വികാരങ്ങൾ മാനിക്കപ്പെടണമെന്നതും അവരുടെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കപ്പെടണമെന്നതുമാണ്. ജനങ്ങളുടെ മനസ്സമാധാനം ഇതുവഴി മാത്രമേ സംരക്ഷിക്കപ്പെടുകയുള്ളൂ. ഒരാളുടെ മനസ്സമാധാനം തകരുകയാണെങ്കിൽ അതു സമൂഹ മനസ്സാക്ഷിയുടെ സമാധാനം തകർക്കുന്നതിന് സമാനമായിരിക്കുമെന്ന് നമ്മൾ ഓർക്കണം.

ഞാനാദ്യം സൂചിപ്പിച്ചതു പോലെ, ഈ കാര്യത്തിൽ ഞാൻ ബ്രിട്ടീഷ് നിയമസഭാ സാമാജികരോടും രാഷ്ട്രീയ നേതാക്കളോടും നന്ദിയുള്ളവനാണ്. അവർ നീതിയുടെയും സദ്ഭാവനയുടെയും ആവശ്യങ്ങൾ നിറവേറ്റിയിരിക്കുന്നു. ഇതു തന്നെയാണ് വിശുദ്ധ ഖുർആൻ നല്കുന്ന പാഠം.

**“മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല....”**

(2:257)

വിശുദ്ധ ഖുർആന്റെ ഈ കൽപന ഇസ്‌ലാം വാൾകൊണ്ടു പ്രചരിപ്പിക്കപ്പെട്ട മതമാണെന്ന ആരോപണം നിഷേധിക്കുന്നുവെന്നു മാത്രമല്ല, മതവിശ്വാസമെന്നത് ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു കാര്യമാണെന്നും മുസ്‌ലിംകളെ ഉദ്ബോധിപ്പിക്കുന്നു. ആർക്കും തന്നെ ഇതിലിടപെടാൻ അവകാശമോ അധികാരമോ ഇല്ല. ഓരോ മനുഷ്യനും അയാളുടെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും വെച്ചുപുലർത്താനുള്ള അവകാശമുണ്ട്. എന്നാൽ മതത്തിന്റെ പേരിൽ മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കുകയോ അവർക്ക് ഉപദ്രവമേല്പിക്കുകയോ ചെയ്യാൻ അവകാശമില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ രാജ്യത്തിന്റെ സുരക്ഷാനിയമങ്ങൾക്ക് അതിലിടപെടാനും അത്തരം ദുഷ്കൃത്യങ്ങൾ നിയന്ത്രിക്കാനും അധികാരമുണ്ട്. ദൈവനിയുക്തനായ ഒരു പ്രവാചകനും ക്രൂരത പ്രബോധിച്ചിട്ടില്ല.

ഇതു പ്രാദേശികവും അന്തർദേശീയവുമായ തലങ്ങളിൽ സമാധാനപാലനത്തിന് ഒഴിച്ചു കൂടാനാവാത്ത അടിസ്ഥാന തത്ത്വമാകുന്നു.

ഇസ്‌ലാം നൽകുന്ന മറ്റൊരു ശ്രദ്ധേയമായ പാഠം കൂടിയുണ്ട്. അതിതാണ്: നിങ്ങളുടെ മതവ്യത്യാസം കാരണം ഏതെങ്കിലും സമൂഹമോ ഗവൺമെന്റോ നിങ്ങളുടെ മതാനുഷ്ഠാന കാര്യങ്ങളിൽ ഇടപെടുകയും നിങ്ങൾക്കുള്ള മതസ്വാതന്ത്ര്യം എടുത്തു മാറ്റുകയും ചെയ്താൽ പിന്നീട് സംഭവഗതികൾ മാറി മറിയുകയും പ്രതികാര നടപടിക്കുള്ള അവസരം നിങ്ങൾക്കു കൈവരികയുമാണെങ്കിൽ കൂടി നിങ്ങൾ ഒരിക്കലും പ്രതികാരത്തിന് മുതിരരുത്. നിങ്ങൾ നീതിയുടെയും ഒരുമയുടെയും വക്താക്കളായി നിലകൊള്ളുക. ഇതു സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ പ്രഖ്യാപനമിതാ:

> **"വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനു വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതിപാലിക്കുക. അതു ദൈവഭക്തിയുമായി ഏറ്റവും അടുത്തു നില്ക്കുന്നു. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. നിശ്ചയമായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു."(5:9)**

സമൂഹത്തിൽ സമാധാന സംസ്ഥാപനത്തിനുള്ള അദ്ധ്യാപനമാണിത്. നിങ്ങളുടെ ശത്രുവിന്റെ കാര്യത്തിലും നീതി കൈവിട്ടുകൊണ്ട് നിങ്ങൾ പെരുമാറരുത്. ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രം ഇതിനുള്ള ഉത്തമ ദൃഷ്ടാ

ന്തമാണ്. മക്കാ വിജയത്തിനു ശേഷം തിരുനബി(സ) തന്റെ മർദ്ദകർക്കെതിരിൽ യാതൊരുവിധ പ്രതികാര നടപടിക്കും തുനിഞ്ഞില്ലായെന്നത് ചരിത്ര സത്യമാകുന്നു. മറിച്ച്, നബി(സ) അവർക്കെല്ലാം തന്നെ മാപ്പു നൽകുകയും അവരുടെ മതത്തിൽ തുടരാനുള്ള സ്വാതന്ത്ര്യം അവർക്കു നൽകുകയുമാണ് ചെയ്തത്. ഇന്നത്തെ സാഹചര്യത്തിൽ ഇതു പൂർവ്വാധികം പ്രസക്തമാണ്. സമാധാനം കൈവരുത്തുവാൻ നീതിയുടെ പാത സ്വീകരിക്കേണ്ടിയിരിക്കുന്നു. ശത്രുക്കളോട് അവർ മതതീവ്രവാദികളായാലും ശരി, നീതിപൂർവ്വം പെരുമാറേണ്ടിയിരിക്കുന്നു. ആ തരത്തിലുള്ള സമാധാനയത്നങ്ങൾ മാത്രമേ നിലനിൽക്കുകയുള്ളൂ.

കഴിഞ്ഞ നൂറ്റാണ്ടിൽ രണ്ടു ലോക മഹായുദ്ധങ്ങൾ നടന്നു. അവയ്ക്കുള്ള കാരണങ്ങൾ ചികഞ്ഞു നോക്കിയാൽ പലതും കാണുമെങ്കിലും മുഖ്യ ഹേതു ഒന്നു മാത്രമാണ്, നീതിപൂർവ്വമായിരുന്നില്ല ഒത്തുതീർപ്പുകൾ. ഇതു കാരണം അണഞ്ഞെന്നു കരുതപ്പെട്ട അഗ്നിനാളങ്ങൾ തീക്കനലുകളായി നിലനിൽക്കുകയും ഒടുവിൽ ലോകത്തെ മുഴുവൻ ഗ്രസിച്ച ഒരുഗ്രൻ ആളിക്കത്തലായി രണ്ടാം ലോകമഹായുദ്ധത്തിൽ കലാശിക്കുകയും ചെയ്തു.

ഇന്നിപ്പോൾ അസ്വസ്ഥതകൾ വീണ്ടും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. യുദ്ധങ്ങളും അവയെ ഒത്തുതീർപ്പിലെത്തിക്കാനുള്ള ശ്രമങ്ങളും വീണ്ടും നടക്കുന്നു. മറ്റൊരു ആഗോള യുദ്ധത്തിനുള്ള നാന്ദിയായി ഇവ തീർന്നേക്കാം. കൂടാതെ, സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങൾ സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആൻ ലോകസമാധാനത്തിനായി ചില സുവർണ്ണതത്ത്വങ്ങൾ അവതരിപ്പിക്കുന്നു. അത്യാഗ്രഹം ശത്രുത വർദ്ധിപ്പിക്കുമെന്നത് തെളിയിക്കപ്പെട്ട വസ്തുതയാണ്. രാജ്യാതിർത്തികൾ ലംഘിച്ചു ഭൂപ്രദേശങ്ങൾ വെട്ടിപ്പിടിക്കുന്നതിലും പ്രകൃതിവിഭവങ്ങൾ കൈവശപ്പെടുത്തുന്നതിലും വംശീയാധിപത്യം മറ്റുള്ളവരുടെ മേൽ സ്ഥാപിച്ചെടുക്കുന്നതിലും ഇത് പ്രകടമാകുന്നു. ക്രൂരതയാണിതിന്റെ മുഖമുദ്ര. മറ്റുള്ളവരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതിൽ വ്യാപൃതരാകുന്ന സ്വേച്ഛാധിപതികളും കടന്നാക്രമണങ്ങൾ നടത്തുന്ന സൈന്യവ്യൂഹങ്ങളും ഇതിനുദാഹരണങ്ങളാകുന്നു. തീവ്രയാതനയിൽപ്പെട്ടുഴറുന്ന നിസ്സഹായരായ ജനവിഭാഗങ്ങളുടെ നിലവിളിയാണ് പുറംലോകം ശ്രവിക്കേണ്ടി വരുന്നത്.

നബി(സ) മർദ്ദിതരെയും മർദ്ദകരെയും സഹായിക്കാനാവശ്യപ്പെട്ടപ്പോൾ സഹചരർ ആരായുകയുണ്ടായി. മർദ്ദിതരെ സഹായിക്കുകയെന്നാലെന്താണെന്നറിയാം. എന്നാൽ മർദ്ദകരെ സഹായിക്കുന്നതെങ്ങനെ?.

ഇസ്‌ലാമിന്റെ പ്രവാചകൻ (സ) ഇതിന് നല്കിയ മറുപടി, “മനുഷ്യരെ മർദ്ദി

ക്കുന്നതിൽ നിന്നും മർദ്ദകരെ തടഞ്ഞുകൊണ്ട്" * എന്നായിരുന്നു. കാരണം, അതിക്രമങ്ങൾ ദൈവശിക്ഷ ക്ഷണിച്ചുവരുത്തുന്നുവെന്നതാണ്. ഈയൊരു തത്ത്വം സമൂഹത്തിലെ ചെറുഘടകങ്ങൾ തൊട്ട് ദേശാന്തര തലങ്ങൾ വരെ പ്രാവർത്തികമാകേണ്ടതാണ്. ഇതു സംബന്ധിച്ച് വിശുദ്ധഖുർആൻ പറയുന്നു.

> **"വിശ്വാസികളിൽ പെട്ട രണ്ടു വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക, എന്നിട്ടവരിലൊരു വിഭാഗം മറുവിഭാഗത്തെ ആക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപ്പനയിലേക്ക് മടങ്ങുന്നതു വരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെ ഇടയിൽ ന്യായപൂർവ്വം രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. നീതി പാലിക്കുന്നവരെ അല്ലാഹു നിശ്ചയമായും ഇഷ്ടപ്പെടുന്നു."(49:10)**

ഈ കൽപ്പന മുസ്ലിംകൾക്കുള്ളതാണെങ്കിലും അതിലടങ്ങിയിരിക്കുന്ന തത്ത്വം സാർവ്വലൗകിക പ്രാബല്യമുള്ളതാണ്. ലോക സമാധാനത്തിന്റെ അടിത്തറയായി അതു നിലനിൽക്കുന്നു.

സമാധാനം സംസ്ഥാപിതമാകാൻ നീതിപാലനം അത്യന്താപേക്ഷിതമാണെന്നു നേരത്തെ ഞാൻ സൂചിപ്പിച്ചു. നീതിപാലനം നടന്നിട്ടും ഒരുകക്ഷി ആക്രമണം കയ്യൊഴിക്കുന്നില്ലെങ്കിൽ സമാധാനം കാംക്ഷിക്കുന്ന കക്ഷികൾ ഒന്നിച്ചു കൊണ്ട് ആക്രമണകാരിയെ നേരിടണം. ആക്രമണം അവസാനിക്കുകയും സമാധാനം സ്ഥാപിതമാവുകയും ചെയ്യുന്നതു വരെ ഈ സംഘടിത ശ്രമം തുടർന്നു പോരേണ്ടതുമാണ്. ആക്രമണകാരി വഴങ്ങുകയും സമാധാന ശ്രമങ്ങളുമായി സഹകരിക്കുകയുമാണെങ്കിൽ നീതി പ്രാവർത്തികമാക്കണം. അതായത്, ആ കക്ഷിക്കെതിരെ പ്രതികാര നടപടികളുണ്ടാവരുത്. അവരുടെ നീക്കങ്ങളും പരിപാടികളും നിരീക്ഷിക്കാവുന്നതാണ്. എന്നാലതൊക്കെത്തന്നെ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വെച്ചുള്ളതായിരിക്കണം.

ഇന്ന് ലോകത്ത് ചില രാജ്യങ്ങളിൽ– അവയിൽ നിർഭാഗ്യവശാൽ ചില മുസ്ലിം രാഷ്ട്രങ്ങളാണ് മുഖ്യം – നിലനിൽക്കുന്ന അസ്വസ്ഥതകൾക്ക് അറുതി വരുത്താൻ വീറ്റോ അധികാരമുള്ള രാഷ്ട്രങ്ങൾ നീതി ശരിയായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്നു വിശകലനം ചെയ്യേണ്ടതാണ്.

* സഹീഹുൽ ബുഖാരി, കിതാബുൽ ഇക്റാ, ബാബ് യമീനിറുജ്ലി ലി സാഹിബിഹി ....... ഹദീദ് നമ്പർ 6952

പ്രബല രാഷ്ട്രങ്ങൾക്ക് നേരെയാണല്ലോ സഹായാഭ്യർത്ഥ നടത്തുന്ന കരങ്ങൾ നീളുന്നത്.

ഞാൻ നേരത്തെ പറഞ്ഞതുപോലെ, ബ്രിട്ടീഷ് ഗവൺമെന്റ് എന്നും നീതി പാലിക്കുന്നതിൽ പ്രത്യേക നിഷ്കർഷ കാണിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് ഞാനീ കാര്യങ്ങൾ വിശദീകരിക്കുന്നത്.

വിശുദ്ധഖുർആൻ സമാധാനം സംസ്ഥാപിക്കുന്ന കാര്യത്തിൽ ഉന്നയിക്കുന്ന മറ്റൊരു തത്ത്വം അന്യരുടെ സമ്പത്ത് ആഗ്രഹിക്കാതിരിക്കുക എന്നതാണ്. ആ പവിത്രഗ്രന്ഥം പറയുന്നു.

**"അവരിൽ നിന്നുള്ള ചില വിഭാഗങ്ങൾക്കു നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകൾ ഉയർത്തരുത്. അവരെ അതിൽ പരീക്ഷിക്കുന്നതിനു വേണ്ടിയാണ് നാം അതു നല്കിയത്." (20:132)**

മറ്റുള്ളവരുടെ സമ്പത്തിൽ കണ്ണുവെച്ചു കൊണ്ട് അതു സ്വന്തമാക്കാനുള്ള അത്യാർത്തിയാണ് ലോകത്ത് വലിയ അസ്വസ്ഥതകൾക്ക് കാരണമായിട്ടുള്ളത്. ചരിത്രം ഇതിനു സാക്ഷിയാണ്. മറ്റുള്ളവർക്കുള്ളതു കൈക്കലാക്കാനുള്ള അസൂയാനിർഭരമായ കൃത്യങ്ങൾ സമാധാനം കെടുത്തുന്നുവെന്നത് സാമാന്യ ബുദ്ധിയുള്ള ആർക്കും അനുഭവ വേദ്യമാണ്. ആത്യന്തികമായി അതു നഷ്ടം വരുത്തിവെക്കുന്നു.

അതുകൊണ്ടാണ് സർവ്വശക്തനായ ദൈവം, ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും അവയിൽ നിന്ന് ഫലമെടുക്കാനും കൽപിക്കുന്നത്. മറ്റു ഭൂപ്രദേശങ്ങൾ കീഴടക്കാനുള്ള പ്രവണത അവിടങ്ങളിലെ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാനുള്ള അത്യാർത്തിയിൽ നിന്നുമാണുണ്ടാകുന്നത്. രാജ്യങ്ങൾ കൂട്ടുകൂടുന്നതും ശാക്തികച്ചേരികൾക്കു രൂപം നല്കുന്നതും ഇതിനു വേണ്ടിയാകുന്നു. ഗവൺമെന്റുകളുടെ ഉപദേഷ്ടാക്കളായി പ്രവർത്തിച്ചിട്ടുള്ള പലരും എങ്ങനെയാണ് വിവിധ സർക്കാറുകൾ മറ്റു രാജ്യങ്ങളുടെ പ്രകൃതിവിഭവങ്ങളെ നിയന്ത്രിക്കാൻ ശ്രമിച്ചിട്ടുള്ളതെന്നു വിവരിച്ചുകൊണ്ട് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എത്രത്തോളം ആ ഗ്രന്ഥകർത്താക്കൾ സത്യം പറഞ്ഞിട്ടുണ്ടെന്ന കാര്യം അവർക്കും അവരെക്കാൾ നന്നായി ദൈവത്തിനും മാത്രമേ അറിഞ്ഞുകൂടു. എങ്കിലും, ഇവർ പറയുന്ന കാര്യങ്ങൾ ദരിദ്രരാജ്യങ്ങളിലെ ദേശസ്നേഹികളായ പൗരൻമാരിൽ വൻപ്രതിഷേധത്തിനു കാരണമാവുകയും ഹിംസാത്മക ഭീകര പ്രവർത്തനങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

മുമ്പത്തെക്കാൾ കാര്യബോധവും വിദ്യാഭ്യാസ പുരോഗതിയും തങ്ങൾക്ക് സിദ്ധിച്ചിട്ടുണ്ടെന്നാണ് ആധുനിക ലോകം കരുതുന്നത്. അവികസിത രാജ്യങ്ങളിലെ ധൈഷണിക പ്രഭാവമുള്ള ആളുകൾ പോലും ലോകത്തിലെ വലിയ ഗവേഷണ കേന്ദ്രങ്ങളിൽ പഠനങ്ങൾ നടത്തുന്നുണ്ട്. ഇങ്ങനെയുള്ളൊരു കാലയളവിൽ കാര്യബോധമുള്ളവർ ഒന്നിച്ചിരുന്നു ലോകത്തെ ഭയാനക യുദ്ധങ്ങളിലേക്ക് നയിച്ച സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുമെന്നാണ് നമ്മൾ കരുതുക. ദൈവം നല്കിയ ബുദ്ധിയും ശാസ്ത്രീയ പുരോഗതിയും മനുഷ്യരാശിയുടെ നന്മക്കും സ്വന്തം വിഭവങ്ങളുടെ ന്യായമായ ഉപയോഗത്തിനും വേണ്ടിയാണ് പ്രയോജനപ്പെടുത്തേണ്ടിയിരുന്നത്.

ഓരോ രാജ്യത്തിനും ദൈവം കനിഞ്ഞേകിയ പ്രകൃതി വിഭവങ്ങൾ വേണ്ടുവോളമുണ്ട്. അവ ലോകത്തെയാകമാനം ഒരു സമാധാനഗേഹമാക്കി മാറ്റാൻ പോന്നവയാണ്. ഒട്ടേറെ രാജ്യങ്ങളെ പലതരം കൃഷി വിളകൾക്ക് അനുയോജ്യമായ കാലാവസ്ഥ കൊണ്ടും പാരിസ്ഥിതിക മേന്മ കൊണ്ടും ദൈവം അനുഗ്രഹിച്ചിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ ആസൂത്രിതമായ വിനിയോഗം കാർഷിക രംഗത്തുണ്ടായിരുന്നുവെങ്കിൽ ലോക സമ്പദ്വ്യവസ്ഥ ഏറെ മെച്ചപ്പെടുകയും ഭൂമുഖത്തു നിന്ന് പട്ടിണി തുടച്ചു മാറ്റപ്പെടുകയും ചെയ്തേനെ.

ധാതുവിഭവങ്ങൾ ധാരാളമായുള്ള രാജ്യങ്ങൾ അതില്ലാത്ത മറ്റു രാജ്യങ്ങളുമായി അവ ക്രയവിക്രയം നടത്തുകയാണെങ്കിൽ അതും സഹകരണത്തിന്റെ മേഖല വിപുലപ്പെടുത്തുന്നതാണ്. ഈ നിലനിൽപ്പിനും വളർച്ചക്കും ഉതകുന്ന ശരിയായ മാർഗ്ഗമാണ് ദൈവം നിശ്ചയിച്ചു തന്ന മാർഗ്ഗം.

സർവ്വശക്തനായ ദൈവം ലോകജനതകളിലേക്ക് പ്രവാചകൻമാരെ നിയോഗിച്ചിട്ടുള്ളത് ദൈവസാമീപ്യം അവർക്കു ലഭിക്കുവാനത്രേ. അതേ സമയം മതവിശ്വാസ കാര്യത്തിൽ അവർക്ക് പൂർണ്ണ സ്വാതന്ത്ര്യവും നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ വിശ്വാസമനുസരിച്ച് രക്ഷാശിക്ഷകൾ മരണാനന്തരവുമുണ്ടാകുന്നു. എന്നാൽ ദൈവിക സംവിധാനത്തിൽ ദൈവത്തിന്റെ സൃഷ്ടികളുടെ മേൽ ക്രൂരത അടിച്ചേൽപ്പിക്കപ്പെടുമ്പോൾ, ന്യായവും നീതിയും നിഷേധിക്കപ്പെടുമ്പോൾ, പ്രകൃതി നിയമമനുസരിച്ച് തന്നെ അതിന്റെ പ്രത്യാഘാതങ്ങൾ വെളിപ്പെടുന്നതാണ്. അത് ഈ ലോകത്തു വെച്ചു തന്നെയാണ് സംഭവിക്കുന്നത്.

ലോകത്തെ നീതിബോധം കൊണ്ട് ജയിച്ചടക്കാനുള്ള മാർഗ്ഗം ദരിദ്ര രാഷ്ട്രങ്ങൾക്ക് അവരുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കുക എന്നുള്ളതാണ്.

ഇന്നത്തെ ഒരു പ്രധാന പ്രശ്നം സാമ്പത്തിക പ്രതിസന്ധിയെന്ന് വിശേ

ഷിക്കപ്പെടുന്ന കടക്കെണിയാണ്. വിശുദ്ധഖുർആൻ ഇവിടെയും മാർഗ്ഗദർശനം നൽകുന്നു. പലിശ ഉപേക്ഷിക്കുക. അതു ആഭ്യന്തര, ദേശീയ–സാർവ്വദേശീയ രംഗങ്ങളിൽ സമാധാനത്തിന് ഭീഷണിയാണെന്നതാണ് പാഠം. പലിശ സ്വീകരിക്കുന്നവൻ ഒരുനാൾ എഴുന്നേൽപ്പിക്കപ്പെടുക, ഭ്രാന്തു പിടിക്കപ്പെട്ടവനെപ്പോലെയായിരിക്കും. പലിശയിൽനിന്ന് കിട്ടുന്ന ലാഭം സമ്പത്ത് വർധിപ്പിക്കുന്നുവെന്നത് അടിസ്ഥാനരഹിതമായ ഒരു സങ്കൽപ്പമാണ്. അതിന്റെ ദോഷഫലങ്ങൾ വെളിപ്പെടുന്ന ദിനം വന്നു ചേരുക തന്നെ ചെയ്യും. പലിശക്കച്ചവടത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് ഞങ്ങൾ തടയപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അത് ദൈവത്തിനെതിരെയുള്ള ഒരു പോരാട്ടമായി ഭവിക്കുന്നതാണ്.

കടക്കെണി ഇതിന്റെ ഉത്തമോദാഹരണമാകുന്നു. ആദ്യകാലങ്ങളിൽ വസ്തു വകകൾ വാങ്ങിക്കൂട്ടാൻ വ്യക്തികൾ കടം എടുക്കാറുണ്ടായിരുന്നു. പക്ഷേ, സ്വത്തുടമകളായിത്തീരുന്നതിനു മുമ്പുതന്നെ അവർ കടം കൊണ്ട് മുടിഞ്ഞുപോയിരുന്നു. ഇപ്പോഴാകട്ടെ, ഗവൺമെന്റുകളാണ് കടക്കെണികളിൽപെട്ടു ഭ്രാന്തു പിടിച്ചവരായിത്തീർന്നിരിക്കുന്നത്. വലിയ വലിയ കമ്പനികൾ കടം കയറി പാപ്പരായിത്തീർന്നിരിക്കുന്നു. പല ബാങ്കുകളും പണമിടപാടു സ്ഥാപനങ്ങളും അടച്ചുപൂട്ടപ്പെടുകയോ ജാമ്യവ്യവസ്ഥയിൽ തുടരുകയോ ചെയ്യുന്നു. സമ്പന്ന രാഷ്ട്രങ്ങളെന്നോ ദരിദ്ര രാജ്യങ്ങളെന്നോ ഉള്ള വ്യത്യാസം കൂടാതെ ഈ ദുരിതം എല്ലാവരും അനുഭവിക്കുകയാണ്. ഈ പ്രതിസന്ധിയെക്കുറിച്ച് ഒരുവേള എന്നെക്കാൾ നിങ്ങൾക്കറിയാം. നിക്ഷേപകർക്ക് അവരുടെ പണം പൂർണ്ണമായും നഷ്ടപ്പെടുന്ന അവസ്ഥാവിശേഷം സംജാതമായിരിക്കുന്നു. അവരെ സഹായിക്കാനുള്ള ബാധ്യത ഇന്ന് ഗവൺമെന്റുകളുടെ മേൽ വന്നുപെട്ടിരിക്കുന്നു. ഏതായാലും, മിക്ക രാജ്യങ്ങളിലും കുടുംബങ്ങളുടെയും വ്യാപാരികളുടെയും ഭരണകർത്താക്കളുടെയും മനസ്സമാധാനം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

കാലേക്കൂട്ടിത്തന്നെ നമുക്ക് താക്കീതുകൾ നല്കപ്പെട്ട ഒരു നിർണ്ണായക ഘട്ടത്തിലേക്കല്ലേ ലോകം നീങ്ങിക്കൊണ്ടിരിക്കുന്നത്? ഇതിന്റെ പരിണാമഗുപ്തി എന്തായിരിക്കുമെന്ന് ദൈവത്തിനറിയാം.

സർവ്വശക്തനായ ദൈവം നമ്മോട് പറയുകയുണ്ടായി, സമാധാനത്തിലേക്ക് വരിക എന്ന്. സത്യസന്ധതയോടെയുള്ള വ്യാപാര ബന്ധങ്ങളും പ്രകൃതി വിഭവങ്ങളുടെ ന്യായമായ ഉപഭോഗവും മാത്രമേ സമാധാനം ഉറപ്പുവരുത്തുകയുള്ളൂ.

ഞങ്ങൾക്ക് നല്കപ്പെട്ട അധ്യാപനങ്ങളുടെ ഈ രത്നച്ചുരുക്കം നിങ്ങളുടെ മുന്നിൽ സമർപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്, യഥാർത്ഥ സമാ

ധാനം ദൈവത്തിലേക്കു തിരിയുന്നതിലൂടെ മാത്രമേ കരഗതമാവുകയുള്ളൂ എന്ന് നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട്. ഈ വസ്തുത മനസ്സിലാക്കാൻ ലോകത്തെ ദൈവം അനുഗ്രഹിക്കുമാറാകട്ടെ. മറ്റുള്ളവരുടെ അവകാശ ങ്ങൾ അവർക്കു വകവെച്ചു കൊടുക്കുവാൻ അപ്പോൾ മാത്രമേ അവർക്കാ വുകയുള്ളൂ.

ഇവിടെ വരികയും എന്നെ ശ്രവിക്കുകയും ചെയ്ത നിങ്ങൾക്കേവർക്കും ഞാൻ നന്ദി പറഞ്ഞു കൊള്ളുന്നു.

**ഒരിക്കൽ കൂടി നിങ്ങൾക്കെല്ലാവർക്കും നന്ദി.**

**വിവർത്തനം: പ്രൊഫസർ എം.മുഹമ്മദ്**





# സ്വരാജ്യ സ്നേഹവും കൂറും സംബന്ധിച്ച ഇസ്‌ലാമികാദ്ധ്യാപനങ്ങൾ

**മിലിട്ടറി ഹെഡ്ക്വാർട്ടേർസ്**
**കോബ്ലെൻസ്, ജർമ്മനി, 2012**





Brigadier General Alois Bach of
the German Federal Army
with Ḥaḍrat Khalīfatul-Masīḥ V[aba]




Ḥaḍrat Khalīfatul-Masīḥ V[aba] addressing
the German Federal Army





1.



2.



3.



4.

1. Colonel Ulrich, 2. Brigadier General Bach, 3. Colonel Trautvetter, and 4. Colonel I.G. Janke, meeting Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V[aba]



# *സ്വരാജ്യ സ്നേഹവും കൂറും സംബന്ധിച്ച ഇസ്‌ലാമികാദ്ധ്യാപനങ്ങൾ*

*ബിസ്മില്ലാഹി റഹ്മാനി റഹീം* – പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

*അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു.* അല്ലാഹുവിൽ നിന്നുള്ള സമാധാനവും കാരുണ്യാനുഗ്രഹങ്ങളും നിങ്ങളിലുണ്ടാകുമാറാകട്ടെ.

ആദ്യമായി നിങ്ങളുടെ ആസ്ഥാനകേന്ദ്രത്തിലേക്ക് എന്നെ ക്ഷണിക്കുകയും നിങ്ങളോടു സംസാരിക്കാൻ എനിക്കൊരവസരം ഒരുക്കുകയും ചെയ്ത എല്ലാവരോടും ഞാനെന്റെ കൃതജ്ഞത പ്രകടിപ്പിക്കട്ടെ. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവനെന്ന നിലയിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങളെക്കുറിച്ചാണ് ഞാൻ നിങ്ങളോടു സംസാരിക്കുവാനുദ്ദേശിക്കുന്നത്. ഇതാകട്ടെ, വലിയൊരു വിഷയമാണ്. കുറഞ്ഞ സമയത്തിനുള്ളിൽ ഒരു യോഗ പരിപാടിയിൽ വിശദമാക്കുവാൻ സാധിക്കുന്നതല്ല ഈ പ്രമേയം. അതിനാൽ ഇസ്‌ലാമിന്റെ ഒരു വശത്തെക്കുറിച്ച് നിങ്ങളോടു സംസാരിക്കാമെന്നാണ് ഞാൻ കരുതുന്നത്.

ഇതിനെ സംബന്ധിച്ച് ആലോചിച്ചു കൊണ്ടിരുന്നപ്പോൾ ഇവിടെ ജർമനിയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ദേശീയാദ്ധ്യക്ഷൻ അബ്ദുല്ലാഹ് വാഗിഷോസർ സ്വരാജ്യസ്നേഹത്തെക്കുറിച്ചും കൂറിനെക്കുറിച്ചുമുള്ള ഇസ്

ലാമിക കാഴ്ചപ്പാടിനെ സംബന്ധിച്ചു സംസാരിക്കണമെന്നപേക്ഷിക്കുകയുണ്ടായി. ഒരു തീരുമാനത്തിലെത്താൻ ഇതെന്നെ സഹായിച്ചിരിക്കുന്നു. ഈ വിഷയകമായി ഇസ്‌ലാമിന്റെ നിലപാടുകളെ പരാമർശിച്ചു ഞാൻ സംസാരിക്കട്ടെ.

സ്വരാജ്യത്തോടുണ്ടായിരിക്കേണ്ട കൂറും സ്നേഹവും സംബന്ധിച്ച് സംസാരിക്കാനും അതു കേട്ടിരിക്കാനും എളുപ്പമാണ്. പക്ഷേ, ഈ വാക്കുകൾ പ്രതിനിധാനം ചെയ്യുന്നത് മനോഹരവും അതേ സമയം അഗാധങ്ങളുമായ ആശയ സംഹിതകളാണ്. ഇവ പൂർണ്ണമായും ഉൾക്കൊള്ളാനും മനസ്സിലാക്കാനും തന്നെ ചിലപ്പോൾ വിഷമവുമാണ്. എന്നിരുന്നാലും, എനിക്കനുവദിക്കപ്പെട്ടിരിക്കുന്ന സമയപരിധിക്കുള്ളിൽ സ്വരാജ്യസ്നേഹവും കൂറും സംബന്ധിച്ച ഇസ്‌ലാമിക കാഴ്ചപ്പാട് ഞാൻ വിവരിക്കാം.

ഒന്നാമതായി, ഒരാളുടെ വാക്കും പ്രവൃത്തിയും ഇരട്ടത്താപ്പുകളിലും കാപട്യത്തിലും നിലയുറപ്പിക്കരുതെന്നുള്ളതാണ് അടിസ്ഥാനപരമായ ഇസ്‌ലാമിക നിലപാട്. യഥാർത്ഥ കൂറ് ആവശ്യപ്പെടുന്നത് ആത്മാർത്ഥതയിലും സത്യസന്ധതയിലും അധിഷ്ഠിതമായിട്ടുള്ള ഒരു ബന്ധമാണ്. ഒരാൾ ബാഹ്യജീവിത സാഹചര്യങ്ങളിൽ എന്താണോ, അത് തന്നെയായിരിക്കണം അയാളുടെ ആന്തരിക വ്യാപാരങ്ങളിലും. ഈ തത്ത്വം ഒരാളുടെ ദേശീയത നിർണ്ണയിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു. ഒരു പൗരൻ അയാളുടെ രാജ്യത്തോട് നിഷ്കളങ്കമായ കൂറും വിശ്വാസ്യതയും പുലർത്തേണ്ടതാണ്. അയാൾ ജന്മം കൊണ്ടോ കുടിയേറ്റ നിയമങ്ങൾ കൊണ്ടോ പൗരത്വം നേടിയതായിരിക്കാം. രണ്ടായാലും വിശ്വസ്തയുടെയും കൂറിന്റെയും കാര്യത്തിൽ വ്യത്യാസമൊന്നുമില്ല.

കൂറ് എന്നുള്ളതു മഹത്തായൊരു ഗുണമാണ്. ഈ ഗുണം ജീവിതത്തിൽ ഏറ്റവും ഉത്കൃഷ്ടമായി പ്രകടിപ്പിച്ചിട്ടുള്ളത് ദൈവത്തിന്റെ പ്രവാചകന്മാരാണ്. ദൈവവുമായുള്ള അവരുടെ സ്നേഹബന്ധം എല്ലാ കൽപനകളും പ്രയോഗത്തിൽ വരുത്താൻ അവരെ പ്രാപ്തരാക്കി. കൂറിന്റെ ഏറ്റവും ഉദാത്ത വശങ്ങൾ സ്വജീവിതത്തിൽ പ്രകടമാക്കാൻ അതവരെ തുണച്ചു. കൂറിന്റെ ഈയൊരു നിലവാരമാണ് നമുക്ക് മാതൃകയായിരിക്കേണ്ടത്. കൂറ് എന്ന പദം കൊണ്ട് നാമെന്താണുദ്ദേശിക്കുന്നത്?.

ഇസ്‌ലാമികാദ്ധ്യാപനങ്ങളനുസരിച്ച്, കൂറിന്റെ അർത്ഥവും നിർവ്വചനവും അടങ്ങിയിരിക്കുന്നത്, ഒരാൾ തന്റെ പ്രതിജ്ഞകളും ഉടമ്പടികളും എല്ലാ സാഹചര്യങ്ങളിലും കണിശമായി പാലിക്കുക എന്നതിലാകുന്നു. ഇസ്‌ലാം അനുശാസിക്കുന്ന വിശ്വസ്തത ഇതാകുന്നു. വിശുദ്ധ ഖുർആനിൽ പലയിടങ്ങളിലുമായി തങ്ങളുടെ പ്രതിജ്ഞകളും കരാറുകളും പാലിക്കാൻ

അല്ലാഹു മുസ്‌ലിംകളോടാവശ്യപ്പെടുന്നുണ്ട്. കരാറുകളെപ്പറ്റി അല്ലാഹു ചോദ്യം ചെയ്യുന്നതാണെന്നു വിശുദ്ധ ഖുർആൻ ഉണർത്തുന്നു. ദൈവത്തോടും മനുഷ്യരോടും ചെയ്തിട്ടുള്ള എല്ലാ കരാറുകൾക്കും ഇത് ബാധകമത്രേ.

ഈ സന്ദർഭത്തിൽ പലരുടെയും മനസ്സിൽ ഒരു സംശയമുദിക്കാറുണ്ട്. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ദൈവവും മതവുമാണ് പരമപ്രധാനം. അപ്പോൾ ദൈവത്തോടുള്ള കൂറിനാണ് പ്രഥമ സ്ഥാനം ലഭിക്കുക. അങ്ങനെ വരുമ്പോൾ രാജ്യത്തോടുള്ള കൂറും പ്രതിബദ്ധതയും രണ്ടാം സ്ഥാനത്തേക്കു തള്ളപ്പെടുമല്ലോ. ചില സന്ദർഭങ്ങളിൽ ഒരു മുസ്‌ലിം, രാജ്യതാൽപര്യം പരിത്യജിക്കേണ്ടി വരും എന്ന് സാരം.

ഇതിനുള്ള മറുപടിയായി എനിക്കാദ്യം തന്നെ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാനുള്ളത് "സ്വരാജ്യസ്നേഹം മതവിശ്വാസത്തിന്റെ ഭാഗമാണെ" ന്നുള്ള വിശുദ്ധ നബി(സ) യുടെ വചനത്തിലേക്കാണ്. ആത്മാർത്ഥമായ ദേശസ്നേഹം ഇസ്‌ലാം ആവശ്യപ്പെടുന്നു. ഒരാൾ ദൈവത്തെയും ഇസ്‌ലാമിനെയും സ്നേഹിക്കുന്നുവെങ്കിൽ അയാൾ തന്റെ രാജ്യത്തെയും സ്നേഹിക്കേണ്ടി വരുന്നുവെന്നർത്ഥം. അങ്ങനെ വരുമ്പോൾ ദൈവപ്രേമവും രാജ്യസ്നേഹവും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ല. രാജ്യസ്നേഹത്തിൽ യാതൊരു കളങ്കവും അനുവദനീയമല്ല. കാരണം, അതു ദൈവസാമീപ്യത്തിന് തടസ്സമാകുന്നതാണ്. അതുകൊണ്ട്, ദൈവസാമീപ്യം ആഗ്രഹിക്കുന്ന ഒരു മുസ്‌ലിമിന് രാജ്യസ്നേഹം ഒരു വിലങ്ങുതടിയല്ല. ദൗർഭാഗ്യമെന്നു പറയട്ടെ, ചില രാജ്യങ്ങളിൽ മതസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും പരിപൂർണ്ണമായും നിഷേധിക്കപ്പെടുന്നു. ഇതു കാരണം മറ്റൊരു ചോദ്യം ഉദിക്കുന്നു; സ്വരാജ്യത്ത് മാനുഷികാവകാശങ്ങളും വിശ്വാസസ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്നവർക്ക് തങ്ങളുടെ രാജ്യത്തോടു സ്നേഹവും കൂറും പുലർത്താനാവുമോ? എനിക്ക് ഏറെ ദുഃഖത്തോടു കൂടി നിങ്ങളോടു പറയേണ്ടി വന്നിരിക്കുന്നു, ഇങ്ങനെയൊരു സാഹചര്യം ഇന്ന് പാകിസ്താനിലുണ്ടായിട്ടുണ്ട്. അവിടെ അഹ്മദിയ്യാ ജമാഅത്ത് അത് നേരിടുകയാണ്. അഹ്മദിയ്യാ വിരുദ്ധ നിയമങ്ങൾ അവിടെ ഭരണകർത്താക്കൾ നടപ്പിൽ വരുത്തിയിരിക്കുന്നു. ഔദ്യോഗികമായി അവിടെ അഹ്മദിയ്യാ മുസ്‌ലിംകൾ നിയമം കൊണ്ട് അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അവർക്കവിടെ തങ്ങളെ മുസ്‌ലിംകൾ എന്നു വിശേഷിപ്പിച്ചുകൂടാ. നമസ്കാരമുൾപ്പെടെ ഒരു ഇസ്‌ലാമികാനുഷ്ഠാനവും അവർക്കവിടെ നടത്തിക്കൂടാ. അങ്ങനെ ഭരണകൂടം തന്നെ അവിടെ ഞങ്ങളുടെ സമൂഹത്തിന് അടിസ്ഥാന മനുഷ്യാവകാശങ്ങളിൽ പെട്ട ആരാധനാ സ്വാതന്ത്ര്യം പോലും നിഷേധിച്ചിരിക്കുകയാണ്.

ഇത് മനസ്സിൽ കരുതിക്കൊണ്ട് സ്വാഭാവികമായും നമ്മൾ ചോദിച്ചു

പോകും, അങ്ങനെയുള്ളൊരു സാഹചര്യത്തിൽ തങ്ങളുടെ രാജ്യത്തെ നിയമങ്ങൾ അഹ്മദി മുസ്‌ലിംകൾക്കെങ്ങനെയാണ് അനുസരിക്കാൻ കഴിയുക? എങ്ങനെയാണവർക്ക് സ്വരാജ്യത്തെ സ്നേഹിക്കാൻ കഴിയുക? ഞാനിവിടെ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. അതിരുകടന്ന ഇത്തരം കർക്കശനിയമങ്ങൾ നടപ്പാക്കുന്ന രാജ്യത്ത് നമുക്ക് അവിടുത്തെ നിയമങ്ങളെയും രാജ്യസ്നേഹത്തെയും വ്യത്യസ്ത വിഷയങ്ങളായി പരിഗണിക്കേണ്ടി വരും. ഞങ്ങൾ അഹ്മദി മുസ്‌ലിംകൾ വിശ്വസിക്കുന്നത്, മതം എന്നത് ഒരു വ്യക്തിയുടെ സ്വന്തം കാര്യമാണെന്നാണ്. അതിൽ ബാഹ്യശക്തിക്കിടപെടാനോ ബലം പ്രയോഗിക്കുവാനോ യാതൊരവകാശവുമില്ല. എവിടെ നിയമം ഇതിനെതിരെ പ്രയോഗിക്കപ്പെടുന്നുവോ, അവിടെ നിസ്സംശയമായും അതിക്രൂരമായ മർദ്ദനമുറകളാണ് മൗലികാവകാശങ്ങൾക്കെതിരെ നിലകൊള്ളുന്നത്. ഭരണകൂടത്തിന്റെ പൂർണ്ണ പിന്തുണയോടെ നടപ്പിലാക്കപ്പെടുന്ന ഇത്തരം മർദ്ദനങ്ങളും പീഡനങ്ങളും എല്ലാ കാലത്തുമുണ്ടായിട്ടുണ്ട്. അപ്പോഴൊക്കെത്തന്നെ ബഹുഭൂരിപക്ഷം മനുഷ്യസ്നേഹികളും അവയെ അപലപിച്ചിട്ടുമുണ്ട്.

യൂറോപ്പിന്റെ ചരിത്രം നാം പരിശോധിക്കുകയാണെങ്കിൽ,അവിടെ ആയിരങ്ങൾക്ക് അവരുടെ മതവിശ്വാസം കാരണമായി മർദ്ദനങ്ങളും ആക്രമങ്ങളും നേരിടേണ്ടി വരികയും ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് അവർക്ക് പലായനം ചെയ്യേണ്ടി വരികയും ചെയ്തിട്ടുണ്ട്. നീതിബോധമുള്ള എല്ലാ ചരിത്രകാരൻമാരും ഇതിനെ അതിക്രൂരമായ മനുഷ്യഹിംസയായിട്ടാണ് ഗണിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള നിഷ്ഠുരതകൾ നടമാടുമ്പോൾ മതവിശ്വാസ സ്വാതന്ത്ര്യമനുവദിക്കുന്ന മറ്റൊരു രാജ്യത്തേക്ക് പലായനം ചെയ്യാൻ തന്നെയാണ് ഇസ്‌ലാം നിർദ്ദേശിക്കുന്നത്. ഒരു ചുറ്റുപാടിലും വ്യക്തികൾ നിയമം കയ്യിലെടുക്കുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. സ്വരാജ്യത്തിനെതിരെയുള്ള ഗൂഢാലോചനകളും ഉപജാപങ്ങളും ഇസ്‌ലാം നിരോധിക്കുന്നു. ഇത് ഇസ്‌ലാമിന്റെ അസന്ദിഗ്ധമായ കല്പനയത്രേ.

കൊടും മർദ്ദനങ്ങൾക്ക് വിധേയരായിക്കൊണ്ടു തന്നെ ദശലക്ഷകണക്കിനുള്ള അഹ്മദികൾ ഇന്ന് പാകിസ്താനിൽ വസിക്കുന്നുണ്ട്. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കടുത്ത വിവേചനങ്ങൾക്ക് വിധേയരായിക്കൊണ്ടാണ് അവർ സ്വരാജ്യത്തോടുള്ള സ്നേഹവും കൂറും അവിടെ സംരക്ഷിച്ചു പോരുന്നത്. അഹ്മദികൾ ഏതു തുറയിൽ പ്രവർത്തിക്കുന്നവരായാലും അവർ ജീവിച്ചു പോരുന്ന രാജ്യത്തിന്റെ പുരോഗതിയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുന്നത്. ദശകങ്ങളായി അഹ്മദികൾ പാകിസ്താനോട് കൂറില്ലാത്തവരാണെന്ന് തത്പരകക്ഷികൾ പ്രചരിപ്പിക്കുന്നു. പക്ഷേ, അവർക്കിതു തെളിയിക്കാൻ സാധിച്ചിട്ടില്ല. മറിച്ച്, എപ്പോ

ഴെല്ലാം പാകിസ്താനു വേണ്ടി, തങ്ങളുടെ രാജ്യത്തിന് വേണ്ടി, ത്യാഗങ്ങൾ ആവശ്യമായി വന്നുവോ, അപ്പോഴെല്ലാം തന്നെ അത് നിർവ്വഹിക്കുന്ന കാര്യത്തിൽ അഹ്മദികൾ മുൻപന്തിയിലുണ്ടായിരുന്നു.

നിയമങ്ങളൊക്കെ തങ്ങൾക്കെതിരായിട്ടും നിയമാനുസൃത ജീവിതം നയിക്കുന്നു അഹ്മദികൾ. ഇതിലവർ ആരെക്കാളും മുന്നിലാണ്. ഇതിനുള്ള ഏക കാരണം, അവർ യഥാർത്ഥ മുസ്‌ലിംകളാണെന്നതു തന്നെയാണ്. അവർ പിന്തുടരുന്നത് യഥാർത്ഥ ഇസ്‌ലാമിനെയാണെന്നതാണ്. കൂറും വിശ്വസ്തയും സംബന്ധിച്ച് വിശുദ്ധ ഖുർആൻ മറ്റൊരു പാഠം കൂടി നൽകുന്നുണ്ട്. ജനങ്ങൾ എല്ലാത്തരം അനാശാസ്യപ്രവർത്തനങ്ങളിൽ നിന്നും കലാപങ്ങളിൽ നിന്നും മാറി നിൽക്കണമെന്നതാണത്. ഇസ്‌ലാമിന്റെ ഒരു സുന്ദര സവിശേഷതയാണ്, അധാർമ്മിക നിലപാടുകളുടെ ലഘുവശങ്ങളെപ്പോലും എതിർക്കുന്നുവെന്നത്. അസാന്മാർഗ്ഗിക പ്രവണതകൾ ചെറുതിൽ നിന്നും വളർന്ന് വലുതായ വിപത്തുകൾക്ക് കാരണമാകാൻ അത് കാത്തു നിൽക്കുന്നില്ല. ചെറിയ കൊള്ളരുതായ്മകൾ ചെറുതിൽത്തന്നെ വിപാടനം ചെയ്യുക എന്നതാണ് ഇസ്‌ലാമിക സമീപനം. ഈ മാർഗ്ഗം അംഗീകരിക്കുകയാണെങ്കിൽ പ്രശ്നങ്ങൾ അവയുടെ തുടക്കത്തിൽത്തന്നെ പരിഹരിക്കപ്പെടും. അവ വളർന്നു സങ്കീർണ്ണങ്ങളായി കൈവിട്ടുപോവുകയില്ല.

ഉദാഹരണത്തിന്, വ്യക്തികളുടെ അതിരുകടന്ന ധനമോഹം ഒരു രാജ്യത്തെ ദോഷകരമായി ബാധിക്കുന്നതാണ്. പലപ്പോഴും ആളുകൾ ഭൗതിക വിഭവങ്ങൾ തേടി സാന്മാർഗ്ഗികതയുടെ എല്ലാ അതിരുകളും ലംഘിക്കുന്നു. ഇത് വിശ്വസ്തതയുടെയും രാജ്യസ്നേഹത്തിന്റെയും മൂല്യങ്ങൾ തിരസ്കരിക്കന്നതിന് അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ വിഷയം ഞാൻ കുറച്ചുകൂടി വിശദീകരിക്കാം. അറബിയിൽ 'ബഗാ' എന്ന വാക്ക് ജനങ്ങളുടെ അത്യാഗ്രഹത്തെ സൂചിപ്പിക്കുന്നു. അതു കാരണമായുള്ള അവരുടെ ചെയ്തികൾ രാജ്യതാത്പര്യങ്ങളെ ഹനിക്കുകയും ചെ യ്യുന്നു. തെറ്റായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും മറ്റുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന ഒരു ജീവിത ശൈലിയാണിത്. നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ സമ്പാദ്യങ്ങൾ വർധിപ്പിക്കുകയും വഞ്ചന സ്ഥിരം കർമ്മരീതിയായി മാറ്റുകയും ചെയ്യുന്നതിനെയാണ് ഈ അറബിപദം അർത്ഥമാക്കുന്നത്. ഇങ്ങനെയുള്ളവർക്ക് ഒരു രംഗത്തും വിശ്വസ്തത പുലർത്തുക സാധ്യമല്ല. വിശ്വസ്തത എപ്പോഴും ഉന്നത ധാർമ്മിക മൂല്യങ്ങളുമായി അഭേദ്യബന്ധം പുലർത്തുന്നതാണ്. വിശ്വസ്തതയെ സന്മാർഗ്ഗനിഷ്ഠയിൽ നിന്നോ സന്മാർഗ്ഗ നിഷ്ഠയെ വിശ്വസ്തതയിൽ നിന്നോ അടർത്തി മാറ്റുക സാധ്യമല്ല. വ്യത്യസ്ത ജനവിഭാഗങ്ങൾക്ക്

സന്മാർഗ്ഗ നിഷ്ഠയെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകൾ ഉണ്ടാകാമെങ്കിലും ഇസ്‌ലാമിൽ അത് ആത്യന്തികമായി ദൈവപ്രീതിയുമായി ഒട്ടിച്ചേർന്നിരിക്കുന്നു. എപ്പോഴും ദൈവാഭീഷ്ടം മുന്നിൽ കണ്ടുകൊണ്ടു പ്രവർത്തിക്കാനാണ് മുസ്‌ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. സ്വരാജ്യത്തിനും ഭരണകർത്താക്കൾക്കുമെതിരെ വഞ്ചനാപരമായും കലാപ കലുഷമായും പെരുമാറുന്നത് ദൈവം നിരോധിച്ചിരിക്കുന്നു. ഒരു ഭരണ വ്യവസ്ഥയെ തകിടം മറിക്കാനോ അതിനെതിരെ കലാപമുണ്ടാക്കാനോ അനുവാദമില്ലാതിരിക്കാൻ കാരണം, അത് സമാധാനപരമായ ജീവിത വ്യവസ്ഥകൾ തകർക്കുകയും രാജ്യത്തിന്റെ സുരക്ഷ അപകടപ്പെടുത്തുകയും ചെയ്യുന്നുവെന്നതിനാലാണ്. എവിടെ ആഭ്യന്തര കലാപം വ്യാപിക്കുന്നുവോ, അവിടെ ബാഹ്യ ശക്തികൾ ഇടപെടുന്നു. ആഭ്യന്തര അസ്ഥിരതയെ ബാഹ്യശക്തികൾ മുതലെടുക്കുന്നു. അതുകൊണ്ട് സ്വരാജ്യത്തോടുള്ള കൂറില്ലായ്മ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കു കാരണമായിത്തീരുന്നതാണ്. രാജ്യത്തോടുള്ള കൂറ് ഒരു പൗരനെ ക്ഷമാശീലനും സന്മാർഗ്ഗ നിഷ്ഠനും നിയമവിധേയനുമാക്കിത്തീർക്കുന്നു.

ആധുനിക കാലത്ത് മിക്ക ഭരണകൂടങ്ങളും ജനാധിപത്യ സംവിധാനത്തിലുള്ളവയാണ്. അതുകൊണ്ട് സർക്കാർ സംവിധാനം മാറ്റേണമെന്നുണ്ടെങ്കിൽ ജനാധിപത്യ സമ്പ്രദായമനുസരിച്ചു തന്നെ അതു ചെയ്യാവുന്നതാണ്. തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്താണ് ഇത് സാധിക്കേണ്ടത്. വ്യക്തി താൽപര്യങ്ങളനുസരിച്ചല്ല, രാജ്യതാൽപര്യങ്ങൾ മുൻനിർത്തി വേണം സമ്മതിദായകർ വോട്ടു ചെയ്യാൻ. ഇസ്‌ലാം അനുശാസിക്കുന്നത്, രാജ്യസ്നേഹവും രാജ്യത്തോടുള്ള കൂറും അടിസ്ഥാനമാക്കി സമ്മതിദാനം രേഖപ്പെടുത്താനാണ്. രാജ്യത്തിന്റെ നന്മയും പുരോഗതിയുമായിരിക്കണം നിങ്ങളുടെ തീരുമാനത്തെ സ്വാധീനിക്കുന്നത്. ആർക്കു വോട്ട് ചെയ്താലാണ് തനിക്ക് ഗുണമുണ്ടാവുക എന്ന ചിന്ത പാടേ ഉപേക്ഷിച്ചു കൊണ്ട് സമൂഹ നന്മ, രാജ്യപുരോഗതി ഇവയായിരിക്കണം സമ്മതിദായകന്റെ മാനദണ്ഡങ്ങൾ. ഭരണാധികാരം ചുമതലയാകുന്നു. അതാരെ ഏൽപ്പിക്കുന്നുവെന്നത് അതിനേക്കാൾ വലിയൊരു ഉത്തരവാദിത്തവുമാണ്. ഇതാണ് ഇസ്‌ലാം വിഭാവന ചെയ്യുന്ന ദേശസ്നേഹവും രാജ്യത്തോടുള്ള കൂറും.

വിശുദ്ധ ഖുർആനിലെ നാലാം അദ്ധ്യായം 59-ാം വചനം അല്ലാഹുവിന്റെ ഒരു കൽപന അടങ്ങുന്നതാണ്. വിശ്വസിച്ചു ഭാരവാഹിത്വം ഏല്പിക്കപ്പെടുന്നവർ അതിന് കൊള്ളാവുന്നവരായിരിക്കണം. ഭാരവാഹികളാകട്ടെ, ജനങ്ങൾക്കിടയിൽ വിധി കൽപ്പിക്കുന്നത് നീതിയും സത്യവും മുൻനിർത്തിക്കൊണ്ടുമായിരിക്കണം. രാജ്യത്തോടു നമുക്കുള്ള കടമ, കൊള്ളാവുന്ന

വരെ ഭരണകർത്താക്കളായി തിരഞ്ഞെടുക്കുക എന്നുള്ളതാണ്. അപ്പോൾ മാത്രമേ രാജ്യം പുരോഗതിയുടെ മാർഗ്ഗത്തിൽ ചലിക്കുകയുള്ളൂ.

ലോകത്ത് പലയിടത്തും നമ്മൾ കണ്ടുവരുന്നത് പൊതുജനം പണിമുടക്കുകളിലും പ്രതിഷേധ പ്രകടനങ്ങളിലും കൂട്ടമായി പങ്കെടുക്കുന്നതാണ്. മൂന്നാം ലോക രാഷ്ട്രങ്ങളിലാകട്ടെ, ഇത് പൊതു സ്വത്ത് നശിപ്പിക്കുന്നതിലാണ് കലാശിക്കുന്നത്. രാജ്യസ്നേഹത്താൽ പ്രചോദിതരായിട്ടാണ് തങ്ങൾ ഇത് നടത്തുന്നതെന്ന് അവർ പറയുമെങ്കിലും യഥാർത്ഥ രാജ്യസ്നേഹവുമായി ഇതിന് യാതൊരു ബന്ധവുമില്ല. പ്രതിഷേധ പ്രകടനങ്ങളും പണിമുടക്കുകളും സമാധാനപൂർവ്വം നടത്തപ്പെടുമ്പോഴും ഫലം നിഷേധാത്മകമാണ്. പൊതുമുതൽ നശിപ്പിക്കപ്പെടുന്നില്ലെന്നു വന്നാലും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ അത്തരം പണിമുടക്കുകൾ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ നല്കിയ തത്ത്വമനുസരിച്ച് ഒരു പരിതഃസ്ഥിതിയിലും പണിമുടക്കുകളും, കലാപങ്ങളും ആശാസ്യമല്ല. നമ്മൾ എപ്പോഴും ദൈവത്തെയും അവന്റെ പ്രവാചകരെയും ഭരണകർത്താക്കളെയും അനുസരിക്കുന്നവരായി നിലകൊള്ളേണ്ടതാണ്. ഇത് വിശുദ്ധ ഖുർആന്റെ പാഠം തന്നെയാണ്. ഒരു രാജ്യം പണിമുടക്കുകളും പ്രതിഷേധങ്ങളും അനുവദിക്കുന്നുണ്ടെങ്കിൽത്തന്നെ അവ നടത്തപ്പെടുന്നത് ആ രാജ്യത്തിന്റെ സുസ്ഥിതിയെയും സമ്പദ്ഘടനയെയും ആകെ താറുമാറാക്കുന്ന വിധത്തിലാവരുത്.

മറ്റൊരു ചോദ്യം ഉന്നയിക്കപ്പെടുന്നത്, പാശ്ചാത്യരാജ്യങ്ങളിലെ സൈന്യസന്നാഹങ്ങളിൽ മുസ്‌ലിംകൾക്കു ചേരാമോ, ചേരാമെന്നാണെങ്കിൽ അവർക്കു പാശ്ചാത്യ സൈനികരോടൊപ്പം മറ്റ് മുസ്‌ലിം രാഷ്ട്രങ്ങളെ ആക്രമിക്കാമോ എന്നതാണ്. ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ തത്ത്വം ക്രൂരകൃത്യങ്ങളിൽ ഒരാളും പങ്കാളികളാകരുത് എന്നതാണ്. ഇത് ഓരോ മുസ്‌ലിമിന്റെയും ഉള്ളിൽ എപ്പോഴും ഉണ്ടായിരിക്കേണ്ട ഒരു സംഗതിയാണ്. ഒരു മുസ്‌ലിം രാജ്യം ആക്രമിക്കപ്പെടുന്നത്, അത് മറ്റൊരു രാജ്യത്തെ അന്യായമായി ആക്രമിച്ചത് കൊണ്ടാണെങ്കിൽ മറ്റു മുസ്‌ലിം രാജ്യങ്ങളോട് തന്നെ വിശുദ്ധ ഖുർആൻ കൽപ്പിക്കുന്നത്, അത്തരം സന്ദർഭങ്ങളിൽ അവർ ഒത്തുചേർന്ന് അക്രമി രാഷ്ട്രത്തെ നിലക്കു നിർത്തണമെന്നാണ്. ഇതിനർത്ഥം, അവർ അക്രമമെന്ന ക്രൂരത ഉപേക്ഷിക്കണമെന്നും സമാധാനം സ്ഥാപിക്കണമെന്നുമാണ്. അങ്ങനെയുള്ള ചുറ്റുപാടുകളിൽ സമാധാന സംസ്ഥാപനത്തിനായി സൈനിക ഇടപെടൽ ആവശ്യമായി ത്തീർന്നേക്കാം. എന്നിരുന്നാലും, അക്രമി രാഷ്ട്രം തങ്ങളിലെ അക്രമത്തിൽ നിന്ന് പിൻമാറുകയും ആക്രമണോത്സുക നയം മാറ്റുകയും ചെയ്യു

കയാണെങ്കിൽ അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിച്ച് അവരെ ആക്രമിച്ചു കൂടാത്തതാണ്.

ഇസ്‌ലാം എല്ലാ രാഷ്ട്രങ്ങളോടും മുസ്‌ലിം അമുസ്‌ലിം ഭേദമില്ലാതെ ആഹ്വാനം ചെയ്യുന്നത്, മർദ്ദനമുറകൾ അവസാനിപ്പിക്കാനും സമാധാനം സ്ഥാപിക്കാനുമാണ്. ഈ ലക്ഷ്യം മുൻനിർത്തി ചില അടിയന്തരഘട്ടങ്ങളിൽ അമുസ്‌ലിം രാഷ്ട്രങ്ങൾക്ക് മുസ്‌ലിം രാഷ്ട്രങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടി വന്നേക്കാം. അമുസ്‌ലിം രാഷ്ട്രങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകൾക്ക് ആ രാഷ്ട്രങ്ങളിലെ സൈന്യത്തിൽ ചേരുകയും മറ്റേ രാജ്യത്തിന്റെ അതിക്രമങ്ങളെ പ്രതിരോധിക്കുകയും ചെയ്യാവുന്നതാണ്. അത്തരം സാഹചര്യങ്ങളിൽ മുസ്‌ലിം സൈനികർ – അവരേത് പാശ്ചാത്യ സൈന്യത്തിന്റെ ഭാഗമായാലും ശരി – നിർദേശങ്ങൾ അനുസരിക്കുകയും സമാധാനം സംസ്ഥാപിക്കുന്നതിനായി വേണ്ടി വന്നാൽ യുദ്ധം ചെയ്യേണ്ടതുമാണ്. ഇനി അന്യായമായിട്ടാണ് സൈനിക നടപടി ഉണ്ടാകുന്നതെങ്കിൽ മുസ്‌ലിമിന് ആ സൈന്യത്തിലെ സേവനം ഉപേക്ഷിക്കാവുന്നതുമാണ്. കാരണം അക്രമത്തിൽ പങ്കാളിയാകാൻ അയാൾക്കു പാടില്ലാത്തതാകുന്നു. ഈ തീരുമാനം എടുക്കുക വഴി അവൻ രാജ്യത്തോട് കൂറില്ലാത്തവനാകുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ രാജ്യത്തോടുള്ള അവന്റെ കൂറ് ആവശ്യപ്പെടുന്നത്, മറ്റു രാജ്യങ്ങളും സർക്കാരും അവലംബിച്ചിട്ടുള്ള അതിക്രമപരവും തരംതാണതുമായ നിലവാരത്തിലേക്ക് താഴരുതെന്ന് തന്റെ രാജ്യത്തെ ഉപദേശിക്കുകയാണ്. ഇനി സൈന്യത്തിൽ ചേരാൻ നിർബന്ധിക്കപ്പെടുകയും അവന്റെ മനസ്സാക്ഷി അതിൽ തുടരാൻ അവനെ അനുവദിക്കുന്നുമില്ലെങ്കിൽ ഒരു മുസ്‌ലിം ആ രാജ്യം ഉപേക്ഷിക്കേണ്ടതാണ്. ആ രാജ്യത്തെ പൗരനായി തുടർന്നു കൊണ്ടന് അയാൾക്ക് അവിടുത്തെ നിയമങ്ങൾ ലംഘിക്കുവാനുള്ള അവകാശമില്ല.

രാജ്യസ്നേഹവും രാജ്യത്തോടുള്ള കൂറും പുലർത്താൻ ഇസ്‌ലാം അനുശാസിക്കുന്ന ചില നിലപാടുകളെക്കുറിച്ചാണ് ലഭ്യമായ സമയപരിധി പരിഗണിച്ചുകൊണ്ട് ഞാനിത്രയും പറഞ്ഞത്.

ഈ ലോകം ഒരു ആഗോള ഗ്രാമമായി ചുരുങ്ങിയിരിക്കെ മനുഷ്യകുലം ഒറ്റ ഘടകമായിത്തീർന്നിരിക്കുന്നു. എല്ലാ രാഷ്ട്രങ്ങളിലും എല്ലാ മതസാംസ്കാരിക വിഭാഗങ്ങളെയും കാണാവുന്നതാണ്. ഇതിനർത്ഥം, എല്ലാ രാജ്യങ്ങളിലെയും ഭരണകർത്താക്കളും നേതാക്കളും എല്ലാ വിഭാഗങ്ങളുടെയും വിശ്വാസ വികാരങ്ങൾ കണക്കിലെടുക്കണമെന്നതാണ്. നേതാക്കളും ഭരണസംവിധാനങ്ങളും സത്യസന്ധതയുടെയും നീതിയുടെയും അന്തരീക്ഷം സൃഷ്ടിക്കാൻ ഉതകുന്ന തരത്തിലുള്ള നിയമ നിർമ്മാണങ്ങൾ

നടത്തേണ്ടതുണ്ട്. ദുരിതപൂർണ്ണവും നിരാശ ജനിപ്പിക്കുന്നതുമായ നിയമങ്ങൾ സൃഷ്ടിക്കരുത്. അനീതിയും ക്രൂരതകളും അവസാനിപ്പിച്ചേ പറ്റൂ. ഇതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ലോകസ്രഷ്ടാവിലേക്ക് തിരിയുക എന്നുള്ളതത്രേ. ഏതു തരം കൂറും ദൈവത്തോടുള്ള കൂറുമായി ബന്ധപ്പെട്ടു കിടക്കണം. ഇതു സംഭവിക്കുമ്പോൾ മാത്രമേ യഥാർത്ഥ സമാധാനത്തിലേക്കും സുരക്ഷയിലേക്കും നീങ്ങുന്ന വിശ്വസ്തതയുടെ മാനദണ്ഡങ്ങൾ സ്ഥാപിക്കപ്പെടുകയുള്ളൂ.

ഉപസംഹാരമായി, എന്നെ ഇവിടേക്ക് ക്ഷണിക്കുകയും എന്റെ വാക്കുകൾ ശ്രദ്ധിക്കുകയും ചെയ്ത നിങ്ങൾക്കെല്ലാവർക്കും ഞാൻ നന്ദി പറയുന്നു. ദൈവം നിങ്ങളേവരെയും ജർമ്മനിയെയും അനുഗ്രഹിക്കുമാറാകട്ടെ;

**ഒരിക്കൽ കൂടി നിങ്ങൾക്കെല്ലാവർക്കും നന്ദി.**

**വിവർത്തനം: പ്രൊഫസർ എം.മുഹമ്മദ്**




# അണ്വായുധ യുദ്ധത്തിന്റെ സർവ്വനാശ പ്രത്യാഘാതങ്ങളും കേവല നീതി നടപ്പാക്കേണ്ടതിന്റെ നിർണ്ണായകമായ ആവശ്യകതയും

**9ാം വാർഷിക സമാധാന സിംപോസിയം**

**ലണ്ടൻ, യു.കെ, 2012**






Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V[aba]
addressing the 9th Annual Peace Symposium




Mayor of London Boris Johnson presenting
His Holiness with a London bus souvenir



Dame Mary Richardson DBE, UK President
of SOS Children's Villages, accepting
the 'Ahmadiyya Muslim Prize for the
Advancement of Peace' from His Holiness






Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V[aba]
talking to the overseas Pakistani press regarding world affairs



# ആമുഖം

2012 മാർച്ച് 24 ന് യു.കെ യിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പശ്ചിമ യൂറോപ്പിലെ ഏറ്റവും വലിയ പള്ളിയായ മോർഡനിലെ ബയ്ത്തുൽ ഫുതൂഹിൽ വെച്ച് വാർഷിക സമാധാന ചർച്ചാ യോഗം സംഘടിപ്പിച്ചു.
മന്ത്രിമാർ, അംബാസിഡർമാർ, ഹൗസ് ഓഫ് കോമൺസിലെയും ഹൗസ് ഓഫ് ലോഡ്സിലെയും അംഗങ്ങൾ, ലണ്ടൻ മേയർ എന്നിവരും മറ്റ് മേഖലകളിൽ നിന്നുള്ള വിശിഷ്ട വ്യക്തികൾ ഉൾപ്പെടെ ആയിരത്തിലധികം പേർ ഇതിൽ പങ്കെടുത്തു. "അന്തർദേശീയ സമാധാനം" ആയിരുന്നു ഈ വർഷം യോഗത്തിലെ പ്രമേയം. അനാഥരായ കുട്ടികളുടെ കഷ്ടതകൾ ദൂരീകരിക്കുന്നതിനും ഓരോ കുട്ടിക്കും വീട് എന്ന സങ്കൽപ്പത്തെ അന്വർഥമാക്കുന്നതിനും വേണ്ടി യത്നിച്ച യു.കെ യിലെ എസ്. ഒ.എസ് ചിൽഡ്രൻസ് വില്ലേജ് എന്ന ധർമസ്ഥാപനത്തിനാണ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) സമാധാനത്തിനുള്ള 3-ാം വർഷ അഹ്മദിയ്യാ മുസ്‌ലിം അവാർഡ് നൽകിയത്.

Guests in attendance included:

- Rt Hon Justine Greening—MP, Secretary of State for Transport
- Jane Ellison—MP (Battersea)
- Seema Malhotra—MP (Feltham and Heston)
- Tom Brake—MP (Carlshalton and Wallington)
- Virendra Sharma—MP (Ealing and Southall)
- Lord Tariq Ahmad—of Wimbledon
- HE Wesley Momo Johnson—the Ambassador of Liberia
- HE Abdullah Al-Radhi—the Ambassador of Yemen
- HE Miguel Solano-Lopez—the Ambassador of Paraguay
- Commodore Martin Atherton—Naval Regional Commander
- Councillor Jane Cooper—the Worshipful Mayor of Wandsworth
- Councillor Milton McKenzie MBE—the Worshipful Mayor of Barking and Dagenham
- Councillor Amrit Mann—the Worshipful Mayor of Hounslow
- Siobhan Benita—independent Mayoral candidate for London
- Diplomats from several other countries including India, Canada, Indonesia and Guinea

## *അണ്വായുധ യുദ്ധത്തിന്റെ സർവ്വനാശ പ്രത്യാഘാതങ്ങളും കേവല നീതി നടപ്പാക്കേണ്ടതിന്റെ നിർണ്ണായകമായ ആവശ്യകതയും*

തശ്ഹൂദും തഅവ്വുദും ബിസ്മില്ലായും ഓതിയ ശേഷം ഹദ്റത് ഖലീഫത്തുൽ മസീഹ് V (അയ്യദഹുല്ലാഹു) പറഞ്ഞു:

എല്ലാ അതിഥികൾക്കും *അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു* – അല്ലാഹുവിൽ നിന്നുള്ള സമാധാനവും അനുഗ്രഹങ്ങളും നിങ്ങളിൽ വർഷിക്കുമാറാകട്ടെ.

അഭിവന്ദ്യരായ നമ്മുടെ അതിഥികളെ ഒരു വർഷത്തിന്റെ കാലയളവിനു ശേഷം വീണ്ടും ഈ സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്യാനുള്ള അവസരം എനിക്ക് കൈവന്നിരിക്കുകയാണ്. ഇവിടെ എത്തി ഈ പരിപാടിയിൽ സംബന്ധിക്കാൻ സമയം കണ്ടെത്തിയതിൽ ഞാൻ നിങ്ങൾക്ക് അങ്ങേയറ്റം നന്ദി പറയുന്നു.

'സമാധാന ചർച്ചാ യോഗം' എന്ന് ഇതിനകം അറിയപ്പെട്ടു കഴിഞ്ഞ ഈ ഒത്തുചേരൽ നിങ്ങൾക്ക് പരിചിതമാണ്. ഓരോ വർഷവും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നടത്തുന്ന ഈ സംഗമം ഭൂമുഖത്ത് സമാധാനം സ്ഥാപിച്ചു കാണാനുള്ള ഉദ്ദേശ്യത്തോടെ നടത്തപ്പെടുന്ന പല പരിപാടികളിൽ ഒന്നു മാത്രമാണ്.

ഇന്നിവിടെ സന്നിഹിതരായവരിൽ ചിലർ ഇതിൽ പങ്കെടുക്കുന്നത് ആദ്യ മായാണ്. മറ്റുള്ളവർ ഏറെ വർഷങ്ങളായി ഞങ്ങളോടു സഹകരിച്ചു വരുന്നു. ഏതായാലും, അഭ്യസ്തവിദ്യരായ നിങ്ങളെല്ലാവരും തന്നെ ലോക സമാധാനം കാംക്ഷിക്കുന്നവരാണ്. ഈ യോഗത്തിൽ നിങ്ങൾ സംബന്ധിക്കുവാനുള്ള കാരണവും അതു തന്നെ.

ഇന്ന് നിങ്ങളിവിടെ എത്തിച്ചേർന്നിരിക്കുന്നത്, ലോകം സ്നേഹവും സൗഹൃദവും കൊണ്ടു നിറയേണമെന്ന ആത്മാർത്ഥമായ വികാരത്തള്ളിച്ച കൊണ്ടാവുന്നു. ഈയൊരു സമീപനവും ധാർമ്മിക മൂല്യങ്ങളുടെ അംഗീകാരവുമാണ് ലോകമെമ്പാടുമുള്ള ജനങ്ങൾ കൊതിക്കുന്നതും അവർക്കിന്നാവശ്യമുള്ളതും. പശ്ചാത്തല വൈവിധ്യമുള്ള പല രാജ്യങ്ങളിൽ നിന്നും മത–സാംസ്കാരിക രംഗങ്ങളിൽ നിന്നും വന്ന് എന്റെ മുന്നിൽ ഉപവിഷ്ടരാകാൻ നിങ്ങളെ പ്രേരിപ്പിച്ചിരിക്കുന്നത് മറ്റൊരു ഉദ്ദേശ്യവുമല്ല.

ഞാൻ പറഞ്ഞതു പോലെ, എല്ലാ വർഷവും ഈ സമ്മേളനം നടത്തുന്നത് ലോകം സമാധാനത്തിലേക്ക് നീങ്ങുന്നത് നമ്മുടെ ജീവിതകാലത്ത് തന്നെ നമുക്ക് കാണുമാറാകുന്നതിനാണ്. അതുകൊണ്ട് ഓരോ വർഷവും ഞാൻ ഒരേ അഭ്യർത്ഥനയാണ് നിങ്ങളോട് നടത്തുന്നത്. എവിടെ നിങ്ങൾക്ക് സന്ദർഭം ലഭിക്കുന്നുവോ, ആരോടൊക്കെ നിങ്ങൾ ബന്ധപ്പെടുന്നുവോ, അവരോടെല്ലാം ഈ ദൗത്യം ഏറ്റെടുക്കാൻ നിങ്ങൾ ആവശ്യപ്പെടുക. നിങ്ങളിൽ രാഷ്ട്രീയ പാർട്ടികളുമായും സർക്കാറുകളുമായും ബന്ധമുള്ളവർ അതത് രംഗങ്ങളിൽ അവർക്കുള്ള സ്വാധീനം ഇതിൽ ചെലുത്തേണ്ടതാണ്. ഉന്നത സദാചാരമൂല്യങ്ങളുടെ സംരക്ഷണവും പ്രയോഗവത്കരണവുമാണ് ഇതിന് അത്യന്താപേക്ഷിതമായിട്ടുള്ളതെന്നും നാം ഓർത്തിരിക്കേണ്ടതാണ്.

അഹ്മദിയ്യാ പ്രസ്ഥാനം എവിടെയൊക്കെ അവസരം ലഭിക്കുന്നുവോ, അവിടെയൊക്കെ ലോകത്തെ സർവ്വനാശത്തിൽ നിന്നും കൊടും യാതനകളിൽ നിന്നും രക്ഷിക്കാനുള്ള ഏക മാർഗ്ഗമായി ധാർമ്മികതയെ ഉയർത്തിക്കാട്ടുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. സ്നേഹവും പരസ്പര ധാരണയും സഹകരണവും ലോകവ്യാപകമായി വളർത്തിയെടുക്കുക എന്നതാണ് ആ മാർഗ്ഗം. മനുഷ്യസമൂഹം ഒന്നാണെന്ന ബോധം വളർത്തുക, അതിലൂടെ സ്രഷ്ടാവിന്റെ ഏകത്വത്തെയും അംഗീകരിക്കുക. ഏകനായ സ്രഷ്ടാവിനെ അംഗീകരിക്കുന്നതിലൂടെ മാത്രമേ സ്നേഹത്തിന്റെയും അനുതാപത്തിന്റെയും പാതകൾ തുറന്നു കിട്ടുകയുള്ളൂ. ആ പാത പിന്തുടരുമ്പോഴാണ് നാം ദൈവത്തിന്റെ സ്നേഹത്തിന് പാത്രീഭൂതരാവുക.

ലോകസമാധാനത്തിനു വേണ്ടി ഞങ്ങൾ ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നു. ഞങ്ങൾ അനുഭവിക്കുന്ന ഹൃദയവ്യഥയും ഉൽക്കണ്ഠയുമാണ് ഈ

വിഷയത്തിൽ ഞങ്ങളെ കർമ്മനിരതരാക്കുന്നത്. ഈയൊരു സമ്മേളനം തന്നെ അതിന്റെ ഭാഗമത്രേ.

ഞാൻ പറഞ്ഞതു പോലെ, നിങ്ങളെല്ലാവരും തന്നെ ഈ വിചാരത്താൽ പ്രചോദിതരാണ്. നമ്മൾ നടത്തുന്ന ഈ പരിശ്രമങ്ങളെല്ലാം ഉണ്ടായിട്ടുകൂടി ആകുലതയും സംഘർഷങ്ങളും ലോകത്ത് പടർന്നു പന്തലിച്ചുകൊണ്ടിരിക്കുന്നു. പല രാജ്യങ്ങളിലും ആഭ്യന്തര കലഹങ്ങൾ വർധിച്ചു വരുന്നു. ചില രാഷ്ട്രങ്ങളിലാവട്ടെ, ജനങ്ങളും ഭരണകൂടവും തമ്മിലാണ് ഇടഞ്ഞിരിക്കുന്നത്. ഭരണകൂടങ്ങൾ സ്വന്തം ജനങ്ങളെ ആക്രമിച്ചൊതുക്കാൻ ശ്രമിക്കുന്നു. ഭീകരവാദികൾ അരാജകത്വവും അക്രമവും പരക്കെ പടർത്തി നിരപരാധികളായ സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും കൊന്നൊടുക്കുന്നു. മറ്റു ചില രാജ്യങ്ങളിൽ ജനങ്ങൾക്ക് ക്ഷേമം കൈവരുത്തുന്നതിനു പകരം രാഷ്ട്രീയ കക്ഷികൾ പരസ്പരം സംഘട്ടനങ്ങളിലേർപ്പെടുകയാണ് ചെയ്യുന്നത്. പല രാജ്യങ്ങളും ഭരണകൂടങ്ങളും മറ്റു നാടുകളുടെ സമ്പത്ത് കൈക്കലാക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞു കൊണ്ടിരിക്കുകയാണ്. വൻ ശക്തികളാകട്ടെ, അവരുടെ മേൽക്കോയ്മ ലോകത്ത് നിലനിർത്താനുള്ള ഏക ലക്ഷ്യം മുന്നിൽ വെച്ചുകൊണ്ടാണ് നീങ്ങുന്നത്

അഹ്മദിയ്യാ പ്രസ്ഥാനത്തിനോ ഭൂരിപക്ഷീയരായ പൊതുജന സമൂഹത്തിനോ കാര്യക്ഷമമായി നിലവിലുള്ള നയങ്ങളെ നിയന്ത്രിക്കാനോ മാറ്റങ്ങൾ സൃഷ്ടിക്കാനോ സാധിക്കുന്നില്ല. കാരണം, ഞങ്ങൾക്ക് ഭരണമില്ല, മറ്റു അധികാര സ്ഥാനങ്ങളുമില്ല. മാത്രമല്ല, ഞങ്ങളുമായി സംവദിക്കുമ്പോൾ പൂർണ്ണമായും ഞങ്ങളോട് യോജിക്കുകയും ഞങ്ങളെ പിന്തുണക്കാൻ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്യുന്ന രാഷ്ട്രീയ പ്രവർത്തകർ കൂടി സന്ദർഭം വരുമ്പോൾ മൗനികളായി മാറുന്ന കാഴ്ചയാണ് കാണുന്നത്. അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിൽ നിന്നും അവർ വിലക്കപ്പെടുന്നു. ഇതിന് കാരണം പാർട്ടി നയങ്ങൾ പിന്തുടരാൻ അവർ നിർബന്ധിക്കപ്പെടുന്നു എന്നുള്ളതാണ്. ബാഹ്യശക്തി കേന്ദ്രങ്ങൾ അവരിൽ അത്രമാത്രം സമ്മർദ്ദം ചെലുത്തുന്നുണ്ടെന്ന് വ്യക്തം.

ഏതായാലും ഓരോ വർഷവും ഈ സമാധാന സിംപോസിയത്തിൽ പങ്കാളികളാകുന്ന നമുക്ക് സമാധാനത്തോട് അപ്രതിരോധ്യമായ പ്രതിബദ്ധതയാണുള്ളത്. നാം നമ്മുടെ അഭിപ്രായങ്ങളും വികാര വിചാരങ്ങളും ഇവിടെ പ്രകടിപ്പിക്കുന്നു. നിരുപാധികമായ സ്നേഹവും കളങ്കരഹിതമായ സാഹോദര്യവും എല്ലാ മതങ്ങൾ തമ്മിലും ദേശീയതകൾ തമ്മിലും ജനവിഭാഗങ്ങൾ തമ്മിലും പുലർത്തേണ്ടതുണ്ട്. നമ്മുടെ ഈ ദർശനം സാക്ഷാത്കരിക്കുവാനുള്ള ഭൗതിക സാഹചര്യങ്ങൾ ഇനിയും സംജാതമായിട്ടില്ലെ

ങ്കിലും നമ്മുടെ ശ്രമം തുടർന്നു കൊണ്ടു തന്നെ പോകണം.

ഞാനോർക്കുന്നു, കുറച്ചു വർഷങ്ങൾക്കു മുമ്പ് ഇതേ ഹാളിൽ വെച്ച് സമാധാന സിംപോസിയം നടക്കവെ, ലോകസമാധാനത്തിലേക്കുള്ള ഉപാധികളെക്കുറിച്ച് ഞാനൊരു പ്രഭാഷണം നടത്തുകയുണ്ടായി. ഐക്യരാഷ്ട്ര സഭ ഈ വിഷയത്തിൽ എങ്ങനെ പ്രവർത്തിക്കണമെന്നും ഞാൻ വിവരിക്കുകയുണ്ടായി. എന്റെ പ്രസംഗത്തിന് ശേഷം നമ്മുടെ ആദരണീയനായ സുഹൃത്ത് എറിക് എയ്വ്ബെറി പ്രഭു ആ പ്രസംഗം ഐക്യരാഷ്ട്രസഭയിൽ തന്നെ അവതരിപ്പിക്കേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുകയുണ്ടായി. അത് അദ്ദേഹത്തിന്റെ ഹൃദയവിശാലതയും ഉദാരവീക്ഷണവും കൊണ്ടുണ്ടായ പരാമർശമായിരുന്നുവെങ്കിലും ഞാൻ സൂചിപ്പിച്ച ഒരു ആശയം, വെറും പ്രഭാഷണങ്ങളും ചർച്ചകളും കൊണ്ട് നേടാവുന്നതല്ല ലോകശാന്തി എന്നുള്ളതായിരുന്നു. എല്ലാ പ്രശ്നങ്ങളിലും നീതിയും നെറിയും പാലിച്ചു കൊണ്ടുള്ള തീരുമാനങ്ങളാണുണ്ടാകേണ്ടത്. ഇതു സംബന്ധിച്ചുള്ള വിശുദ്ധ ഖുർആന്റെ നിർദ്ദേശം അധ്യായം 4, 136–ാം വചനത്തിൽ കാണാം. നീതി നടപ്പാക്കുന്നതിൽ കുടുംബ ബന്ധങ്ങളോ സുഹൃദ്ബന്ധങ്ങളോ സ്വന്തം താൽപര്യങ്ങളോ ഒന്നും തന്നെ പ്രതിബന്ധമാകരുതെന്നതാണത്. സമൂഹ താൽപര്യത്തിനു മുന്നിൽ വ്യക്തി താൽപര്യങ്ങൾ വഴിമാറുന്ന മഹത്തരമായ നിലപാടാണിത്.

ഈയൊരു തത്ത്വം പ്രയോഗവത്കരിക്കപ്പെടുകയാണെങ്കിൽ പ്രലോഭനങ്ങൾ വഴിയുള്ള എല്ലാതരം സ്വാധീനശ്രമങ്ങളും അവസാനിക്കുന്നതാണ്. പകരം, ഓരോ രാഷ്ട്രത്തിന്റെയും നയതന്ത്രപ്രതിനിധികൾ ആർജ്ജവത്തോടെ മുന്നോട്ടു വന്ന് നീതിയുടെയും നേരിന്റെയും പക്ഷത്ത് നിലയുറപ്പിക്കേണ്ടതാണ്. എല്ലാത്തരം പക്ഷപാതവും പ്രത്യേക ചായ്വുകളും നിഷ്കാസനം ചെയ്യപ്പെടണം. സമാധാനം കൈവരുത്താനുള്ള ഏക മാർഗ്ഗമാണിത്. ഐക്യരാഷ്ട്ര സഭയുടെ പൊതുവേദിയിലോ സുരക്ഷാ സമിതിയിലോ അവതരിപ്പിക്കപ്പെടുന്ന പ്രസ്താവങ്ങളും പ്രഭാഷണങ്ങളും ഏറെ പ്രകീർത്തിക്കപ്പെടുന്നുണ്ടെങ്കിലും അവ നിരർത്ഥകങ്ങളായിത്തീരുവാൻ കാരണം തീർപ്പുകളെല്ലാം നേരത്തെ തന്നെ എടുത്തുകഴിയുന്നു എന്നതാണ്.

നീതിക്കും യഥാർത്ഥ ജനാധിപത്യമാർഗ്ഗത്തിനുമെതിരായി സമ്മർദ്ദത്തിന്റെയും വൻശക്തികളുടെ ദുസ്സ്വാധീനത്തിന്റെയും അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ടാൽ അത്തരം പ്രസംഗങ്ങൾ പൊള്ളയും അർത്ഥശൂന്യവും ബാഹ്യലോകത്തെ വഞ്ചിക്കാനുള്ള നാട്യവുമായിത്തീരുകയേയുള്ളൂ. എന്നിരിക്കിലും ഇതിന്റെയർത്ഥം നാം നിരാശപ്പെടുകയും നമ്മുടെ യത്നങ്ങൾ ഉപേക്ഷിക്കുകയും ചെയ്യണമെന്നല്ല. പകരം, രാജ്യത്തിന്റെ നിയമപ

രിധിക്കുള്ളിലൊതുങ്ങിക്കൊണ്ട്, കാലത്തിന്റെ ആവശ്യങ്ങളനുസരിച്ച് സർക്കാരിനെ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുക എന്നതാണ് നമ്മുടെ ഉദ്ദേശ്യം. സ്ഥാപിത താൽപര്യക്കാരായ ഗ്രൂപ്പുകളെ നാം വേണ്ട വിധം ഉപദേശിക്കുകയും വേണം; അതു മുഖേന ആഗോളാടിസ്ഥാനത്തിൽ നീതി നിലനിൽക്കാൻ വേണ്ടി. അതുവഴി മാത്രമേ ലോകം നാം ആഗ്രഹിക്കുകയും ആവശ്യപ്പെടുന്ന സമാധാനത്തിന്റേയും സൗഹൃദത്തിന്റേയും അഭയകേന്ദ്രമാകൂ.

ഏതായാലും നീതിക്കു വേണ്ടിയുള്ള നമ്മുടെ യത്നങ്ങൾ തുടരുക തന്നെ വേണം. ക്രൂരതക്കെതിരെയും നീതിക്കു വേണ്ടിയുമുള്ള നമ്മുടെ ശബ്ദം ഉയരുന്നില്ലെങ്കിൽ നമ്മൾ മാനവിക മൂല്യങ്ങൾക്കു വില കൽപ്പിക്കാത്തവരായി ഭവിക്കുന്നതാണ്. നമ്മുടെ ശബ്ദം ആരും കേൾക്കുന്നില്ലെന്നു വന്നാലും ശബ്ദമുയർത്തുന്നതിൽ നിന്ന് നാം പിന്തിരിയരുത്. മതദേശീയ പരിഗണനകൾക്കതീതമായി ആളുകൾ സമാധാനത്തിനു വേണ്ടിയുള്ള ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നത് ഞാൻ ആഹ്ലാദത്തോടെയാണ് കാണുന്നത്. സമാധാനവും അനുകമ്പയും മനുഷ്യബന്ധങ്ങളിൽ ഊട്ടിയുറപ്പിക്കുന്നതിൽ നിങ്ങൾ കാട്ടുന്ന ഈ താൽപര്യം ശ്ലാഘനീയം തന്നെ. ഇതിന്റെ ഫലമായി നാളുകളേറെച്ചെന്നാലും യഥാർത്ഥ സമാധാനവും നീതിയും ലോകത്ത് സംസ്ഥാപിതമാവുക തന്നെ ചെയ്യും.

നമ്മൾ ഒരു കാര്യം ഓർക്കേണ്ടതാണ്. മനുഷ്യപരിശ്രമങ്ങളെല്ലാം പരാജയപ്പെടുന്നിടത്ത് ദൈവനിശ്ചയം നടപ്പാവുന്നു. അതു മാനവരാശിയുടെ ഭാഗധേയം നിർണ്ണയിക്കുകയും ചെയ്യും. ജനങ്ങൾ അവരുടെ കർത്തവ്യം നിറവേറ്റാതിരിക്കുമ്പോൾ ദൈവകോപം അതിഭയാനകമായി അവരെ പിടികൂടുന്നതായിരിക്കും.

ഇന്നത്തെ ലോക സാഹചര്യത്തിൽ അത്തരമൊരു ദൈവിക ഇടപെടൽ ഒരു മൂന്നാം ലോക മഹായുദ്ധത്തിന്റെ സാധ്യതയാണ് വർധിപ്പിക്കുക. അങ്ങനെ ഒരു യുദ്ധം ഉണ്ടാവുകയാണെങ്കിൽ അതിന്റെ ഭീകരഫലങ്ങൾ ആ ഒരു യുദ്ധത്തിലോ ഈ തലമുറയിലോ മാത്രം ഒതുങ്ങി നിൽക്കുന്നതുമായിരിക്കുകയില്ല. വരും തലമുറകളെ ഭീകരമായി ബാധിക്കുന്നവയായിരിക്കും അതിന്റെ യാതനകൾ. നിലവിലുള്ള നശീകരണായുധങ്ങൾ മതി പുതുതലമുറക്ക് കഠിനമായുള്ള ജനിതക തകരാറോടു കൂടി ജന്മം നൽകാൻ.

രണ്ടാം ലോകമഹായുദ്ധത്തിൽ ആണവായുധത്തിന്റെ അതിമാരക ഫലങ്ങളേറ്റു വാങ്ങിയ രാജ്യം ജപ്പാനാണ്. ഇന്നും നിങ്ങൾ ജപ്പാനിൽ ചെല്ലുകയും അവിടുത്തെ ജനങ്ങളുമായി സംവദിക്കുകയുമാണെങ്കിൽ യുദ്ധത്തോടുള്ള കഠിനമായ വെറുപ്പും ഭയവും അവരുടെ കണ്ണുകളിലും വാക്കുകളിലും

നിഴലിച്ചു നിൽക്കുന്നതായി നിങ്ങൾക്കനുഭവപ്പെടും. എന്നാൽ ജപ്പാനിൽ വൻ നാശം വിതച്ച അണുബോംബുകൾ ഇന്ന് ചെറുരാഷ്ട്രങ്ങളുടെ കൈയ്യിലുള്ള അണ്വായുധങ്ങളേക്കാൾ എത്രയോ ശക്തി കുറഞ്ഞവയായിരുന്നു.

ജപ്പാൻ ദുരന്തത്തിന് ശേഷം ഏഴ് ദശകങ്ങൾ കഴിഞ്ഞു കടന്നിട്ടും ആറ്റംബോംബിന്റെ മാരക പ്രത്യാഘാതങ്ങൾ അവിടെ ഇന്നും ജനിക്കുന്ന കുട്ടികളെ ബാധിച്ചു കൊണ്ടിരിക്കുന്നു. ഒരു വെടിയുണ്ടയേറ്റ് നിലംപതിക്കുന്ന ആളെ വിദഗ്ധ ചികിത്സകൊണ്ട് രക്ഷപ്പെടുത്താൻ കഴിഞ്ഞെന്നു വരാം. എന്നാൽ, ഒരു ന്യൂക്ലിയർ യുദ്ധം വരികയാണെങ്കിൽ അതിൽപെടുന്ന ആരും തന്നെ രക്ഷപ്പെടുകയില്ല. ജനങ്ങൾ ഒന്നടങ്കം മരിക്കുകയും പ്രതിമകൾ പോലെ ഞൊടിയിട കൊണ്ട് അവർ മരവിച്ചുപോവുകയും ചെയ്യും. ശരീരത്തിലെ തൊലി ഉരുകിയൊലിച്ച് അതിഭയാനകമായ രംഗങ്ങൾ ചുറ്റുപാടും സൃഷ്ടിക്കപ്പെടും. അണു പ്രസരണത്താൽ കുടിവെള്ളവും സസ്യലതാദി ഭക്ഷണപദാർത്ഥങ്ങളും വിഷം കലർന്നതാകും. ഭാവനയിൽ പോലും നിരൂപിക്കാൻ പ്രയാസമാണ് അണുപ്രസരണം കൊണ്ടുണ്ടാകുന്ന കെടുതികൾ. വരും തലമുറകൾ പോലും ഏറ്റുവാങ്ങേണ്ടി വരുന്ന ദുരന്തമാണിത്.

ഈ യാഥാർത്ഥ്യത്തിനെതിരിൽ അണ്വായുധ നിർമ്മാണത്തിൽ തങ്ങൾ കൈവരിച്ചിരിക്കുന്ന നേട്ടങ്ങളെക്കുറിച്ച് അഭിമാനം കൊള്ളുകയും അതിലൂടെ ലോകത്തിന് തങ്ങൾ വലിയ സംഭാവനയാണ് നൽകിയിരിക്കുന്നതെന്നു കരുതുകയും ചെയ്യുന്ന മൗഢ്യം സ്വാർത്ഥമതികൾക്കുണ്ട്. അണുശക്തിയുടെയും സാങ്കേതിക വിദ്യയുടെയും അഭികാമ്യമായ വശങ്ങളെക്കുറിച്ച് വാചാലരാകുന്നവരാണവർ. എന്നാൽ ഇവ വരുത്തിവെക്കാവുന്ന ഭയാനകങ്ങളായ ദുരന്തങ്ങൾ അവർ മറച്ചുപിടിക്കുകയും ചെയ്യുന്നു. പിടിപ്പുകേട് കൊണ്ടും അനാസ്ഥ കൊണ്ടും ഏതു ഘട്ടത്തിലും സംഭവിക്കാവുന്ന വൻവിപത്തുകളാണ് അണുശക്തിയുടെ ഉപഭോഗത്തിൽ ഒളിച്ചിരിക്കുന്നത്. അത്തരത്തിലുള്ള വിപത്തുകൾ നമ്മൾ കണ്ടനുഭവിച്ചതാണ്. 1986ൽ ഇപ്പോൾ യുക്രെയിനിന്റെ ഭാഗമായിരിക്കുന്ന ചർനോബിൽ സംഭവിച്ചതു പോലുള്ള ആണവ വിപത്തുകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം ഭൂചലനവും സുനാമിയും വരുത്തിവെച്ച കൊടും നാശങ്ങൾക്കിടയിൽ ജപ്പാൻ അഭിമുഖീകരിച്ചത് അണുശക്തി കേന്ദ്രങ്ങളുടെ വിസ്ഫോടനമായിരുന്നു. രാജ്യമൊട്ടാകെ ഭീതി പടർത്തി ആ സംഭവം ലോകത്തെത്തന്നെ ഞെട്ടിച്ചതാണ്. നിസ്തുലങ്ങളായ അവരുടെ തിക്താനുഭവങ്ങൾ ജപ്പാൻകാരെ ആണവോർജ്ജത്തിന്റെ കാര്യത്തിൽ അതീവ കരുതലോടെ പെരുമാറാൻ നിർബന്ധിതരാക്കിയിരിക്കുന്നു.

യുദ്ധങ്ങളുണ്ടാകുമ്പോൾ ആളുകൾ മരിക്കുമെന്നത് സ്വാഭാവികമാ

ണ്. ജപ്പാൻ രണ്ടാം ലോകയുദ്ധത്തിലേക്ക് കടന്നപ്പോഴും രാജ്യത്തിന്റെ ഗവൺമെന്റും ജനങ്ങളും കരുതിയിരിക്കുന്നത് കുറേപേർ മരിക്കുമെന്നാണ്. എന്നാൽ ജപ്പാനിൽ മരിച്ചു വീണത് മൂന്നു ദശലക്ഷം ജനങ്ങളാണ്. ഇത് രാജ്യത്തിന്റെ മൊത്തം ജനസംഖ്യയുടെ നാലു ശതമാനം വരുമായിരുന്നു. യുദ്ധത്തിനിരയായ മറ്റു രാജ്യങ്ങളുടെ ജീവനാശം ഇതിലും കൂടുതൽ ഉണ്ടായിരിക്കാം. എങ്കിലും, ജപ്പാൻകാർക്കു യുദ്ധത്തോടു തോന്നിയ വെറുപ്പും അറപ്പും മറ്റുള്ളവരുടേതിനേക്കാൾ എത്രയോ മടങ്ങ് കൂടുതലായിരുന്നു. ഇതിനുള്ള ഏക കാരണം അവിടെ വർഷിക്കപ്പെട്ട രണ്ടു അണുബോംബുകളാണ്. ആ രണ്ടു ബോംബുകൾ വരുത്തിവെച്ച കൊടുംവിനകളും യാതനകളും ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണ് ജപ്പാൻകാർ. ജപ്പാൻകാർ അവരുടെ മഹത്വമാർന്ന പ്രയത്നഫലങ്ങൾ കൊണ്ട് ഈ ദുരന്തത്തെ ഒരളവോളം അതിജീവിച്ചിട്ടുണ്ടെങ്കിലും അണ്വായുധങ്ങൾ ഇനിയും പ്രയോഗിക്കപ്പെടുമെങ്കിൽ അത് ഒട്ടേറെ രാജ്യങ്ങളെ ഭൂമുഖത്തു നിന്നും തുടച്ചു നീക്കുമെന്ന കാര്യത്തിൽ സന്ദേഹമേതുമില്ല.

യാഥാസ്ഥിതിക കണക്കുകൾ അനുസരിച്ച്, രണ്ടാം ലോക മഹായുദ്ധത്തിൽ മരണമടഞ്ഞത് 62 ദശലക്ഷം ആളുകളായിരുന്നു. ഇവരിൽ 40 ദശലക്ഷവും സൈനികരല്ലാത്ത സാധാരണ പൗരൻമാരായിരുന്നു. ഇത് കാണിക്കുന്നത്, യുദ്ധത്തിൽ നേരിട്ടു പങ്കെടുക്കുന്നവരേക്കാൾ അതിൽ പങ്കെടുക്കാത്ത സാധാരണക്കാരാണ് കൊന്നൊടുക്കപ്പെടുന്നതെന്നാണ്. ജപ്പാനൊഴിച്ച് മറ്റെല്ലായിടത്തും നടന്നത് സാമ്പ്രദായിക യുദ്ധമായിരുന്നിട്ടു കൂടി ഇത്രയും വലിയ ജീവനാശം ഉണ്ടായി എന്നതാണ് നാം ശ്രദ്ധിക്കേണ്ട വസ്തുത.

ബ്രിട്ടനുണ്ടായ ആൾനാശം അര മില്ല്യനാണെന്നു പറയപ്പെടുന്നു. പക്ഷേ, ഇംഗ്ലണ്ട് അന്നൊരു കൊളോണിയൽ ശക്തിയായിരുന്നുവെന്ന കാര്യം കണക്കിലെടുത്താൽ അധിനിവേശ രാജ്യങ്ങൾക്കുണ്ടായ നാശവും കൂടി ഇതോടൊപ്പം കാണേണ്ടതുണ്ട്. ഇന്ത്യയിൽ മാത്രം 16 ലക്ഷം ജനങ്ങൾ മരിച്ചൊടുങ്ങി.

ഇന്നാകട്ടെ, സാഹചര്യം തികച്ചും വ്യത്യസ്തമാണ്. ഒരു യുദ്ധമുണ്ടാവുകയാണെങ്കിൽ ഒരു കാലത്ത് ബ്രിട്ടന്റെ ഭരണത്തിൻ കീഴിലായിരുന്ന രാജ്യങ്ങൾ ബ്രിട്ടനെതിരെ അണിനിരന്നെന്നു വരാം. ചെറു രാഷ്ട്രങ്ങൾ പോലും അണ്വായുധങ്ങൾ കരുതിയിരിക്കുകയാണല്ലോ. ഈ രാഷ്ട്രങ്ങൾ മറ്റു രാഷ്ട്രങ്ങൾക്കെതിരെ വളരെ ലാഘവ ബുദ്ധിയോടെ പ്രയോഗിച്ചേക്കാമെന്ന സാധ്യതയാണ് ഏറെ ഭയാനകമായിട്ടുള്ളത്. അനന്തരഫലങ്ങളെക്കുറിച്ചു ചിന്തിക്കാനുള്ള പക്വത അവർക്കില്ലെന്നതാണ് വസ്തുത.

അതുകൊണ്ട് വൻശക്തികൾ നീതിപൂർവ്വം പ്രവർത്തിക്കുന്നില്ലെങ്കിൽ വിവേകത്തോടെ അവരുടെ തീരുമാനങ്ങൾ എടുക്കുകയും നടപ്പാക്കുകയും ചെയ്യുന്നില്ലെങ്കിൽ കാര്യങ്ങൾ അവരുടെ നിയന്ത്രണത്തിൽ ഒതുങ്ങുകയില്ല. സംഭവിക്കാവുന്ന ഭീകരനാശങ്ങൾ മനുഷ്യഭാവനക്കുമതീതമാണ്. സമാധാനമാഗ്രഹിക്കുന്ന ഭൂരിഭാഗ ലോകജനതയും സർവ്വനാശകാരിയായ അണുയുദ്ധത്തിൽ എരിഞ്ഞമർന്നു പോകുന്നതാണ്. ഇതെല്ലാം കൊണ്ട് ഞാൻ ആശിച്ചുപോകുന്നു, ലോകത്തിലെ മുഖ്യ രാഷ്ട്രങ്ങൾ ആണവയുദ്ധക്കെടുതിയുടെ ഭയാനകത ഉൾക്കൊള്ളുകയും ആക്രമണോത്സുകത കൈവെടിഞ്ഞു കൊണ്ടുള്ള നീക്കങ്ങൾക്ക് തയ്യാറാവുകയും ചെയ്യുമെന്ന്. ലോകനേതാക്കൾ നീതിയുടെ വക്താക്കളായി മാറുകയും അവരുടെ ലക്ഷ്യങ്ങളും പദ്ധതികളും അതനുസരിച്ച് ആവിഷ്കരിക്കുകയും വേണം.

സമീപകാലത്ത് ഏറെ മുതിർന്ന ഒരു റഷ്യൻ മിലിറ്ററി കമാണ്ടർ ഒരു ന്യൂക്ലിയർ യുദ്ധത്തിന്റെ സാധ്യതയെക്കുറിച്ച് ലോകത്തിന് നൽകിയ താക്കീത് അതീവ ഗൗരവത്തോടെത്തന്നെ നാം കാണേണ്ടതുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, അത്തരത്തിലുള്ള ഒരു യുദ്ധം ഏഷ്യയിൽ നിന്നല്ല, യൂറോപ്പിന്റെ അതിരുകളിൽ നിന്നാണ് പൊട്ടിപ്പുറപ്പെടുക. പ്രത്യേകിച്ച്, കിഴക്കൻ യൂറോപ്പിൽ നിന്നായിരിക്കും അത് ആരംഭിക്കുക. ഇതിനെ ഒരു വ്യക്തിയുടെ സ്വന്തം അഭിപ്രായം മാത്രമായി കാണുന്നതിനോട് എനിക്ക് യോജിപ്പില്ല. അദ്ദേഹം പറഞ്ഞതിന് സാധ്യതയുണ്ടെന്നു മാത്രമല്ല, അങ്ങനെ ഒരു യുദ്ധം സംഭവിക്കുകയാണെങ്കിൽ അതിൽ ഏഷ്യൻ രാജ്യങ്ങളും ഉൾപ്പെടുന്നതായിരിക്കും.

മറ്റൊരു പ്രസ്താവനക്കും ഏറെ വാർത്താപ്രാധാന്യം ലഭിക്കുകയുണ്ടായി. ഇസ്രായേൽ രഹസ്യാന്വേഷണ വകുപ്പായ മോസ്സദിന്റെ തലവൻ – അദ്ദേഹം ഈ അടുത്താണ് ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞത് – പുറപ്പെടുവിച്ച ഒരു പ്രസ്താവനയായിരുന്നു അത്. സി.ബി.എസ് എന്ന പ്രശസ്ത അമേരിക്കൻ ടി.വി ചാനലിന് നൽകിയ ഒരു അഭിമുഖത്തിൽ ഇസ്രായേൽ ഗവൺമെന്റ് ഇറാനെ ആക്രമിക്കാൻ ഒരുക്കം കൂട്ടുകയാണെന്നാണദ്ദേഹം പറഞ്ഞത്. ഇത് ഗുരുതരമായ ഭവിഷ്യത്തുകൾക്ക് ഇടയാക്കുമെന്നും ഇസ്രായേൽ ഈ ഉദ്യമത്തിൽ നിന്നും ഉടനടി പിൻമാറണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എന്റെ വീക്ഷണത്തിൽ, അത്തരമൊരു ആക്രമണം ആണവയുദ്ധത്തിൽ തന്നെയാണ് കലാശിക്കുക. ഈയിടെ വായിക്കാനിടയായ ഒരു ലേഖനത്തിൽ ലേഖന കർത്താവ് സമർത്ഥിക്കുന്നത്, 1932ൽ നിലനിന്നിരുന്ന സാമ്പത്തിക രാഷ്ട്രീയസ്ഥിതി വിശേഷമാണ് ഇപ്പോൾ വീണ്ടും ലോകം അഭിമുഖീകരിക്കുന്നതെന്നാണ്. രണ്ടാം ലോകയുദ്ധം ആരംഭിക്കു

ന്നതിനു തൊട്ടുമുമ്പുണ്ടായ അവസ്ഥാ വിശേഷമാണത്. ലേഖകന്റെ ഈ വിലയിരുത്തൽ അംഗീകരിക്കാത്തവർ ഉണ്ടായേക്കാം. എന്നാൽ ഞാന തിനോട് യോജിക്കുകയാണ്. ലോക ഗവൺമെന്റുകൾ അതീവ ഗൗരവ ത്തോടെ കാണേണ്ട ഒരു സ്ഥിതിവിശേഷം തന്നെയാണ് സാമ്പത്തിക-രാ ഷ്ട്രീയ രംഗങ്ങളിൽ ഇന്ന് വന്നു ചേർന്നിരിക്കുന്നത്. ചില മുസ്‌ലിം രാഷ്ട്ര ങ്ങളിലെ അന്യായം പ്രവർത്തിക്കുന്ന ഭരണാധികാരികൾ എങ്ങനെയും അധികാരം നിലനിർത്താനുള്ള ശ്രമം ഉപേക്ഷിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവരും അവരുടെ രാജ്യവും ഭയനാകനമായ ഒരു പതനത്തിലേ ക്കാണ് ചെന്നുചേരുക.

അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളായ ഞങ്ങൾ ലോകത്തെയും മനു ഷ്യരാശിയെയും സർവ്വനാശത്തിൽ നിന്നും കരകയറ്റാൻ ആഗ്രഹിക്കുന്നു. ഇതിന് കാരണം ഈ കാലത്ത് ആഗതനായ ആത്മീയ ഗുരുവിനെ ഞങ്ങൾ അംഗീകരിച്ചിരിക്കുന്നുവെന്നതാണ്. അല്ലാഹു അദ്ദേഹത്തെ വാഗ്ദത്ത മസീ ഹായും, മനുഷ്യരാശിക്കാകമാനം കാരുണ്യമായി ആഗതനായ മുഹമ്മദ് നബി(സ)യുടെ ദാസനായും നിയോഗിക്കുകയുണ്ടായി. വിശുദ്ധ നബി(സ) യുടെ അദ്ധ്യാപനങ്ങൾ പിന്തുടരുന്ന ഞങ്ങളെ ഇന്നത്തെ ലോകാവസ്ഥ വ്യാ കുല ചിത്തരാക്കുന്നു. ഈ വേദന തന്നെയാണ് നാശത്തിന്റെയും കഷ്ടപ്പാ ടിന്റെയും ഗർത്തങ്ങളിൽ നിന്ന് മനുഷ്യരാശിയെ രക്ഷിക്കാൻ ഞങ്ങളെ ഉദ്യു ക്തരാക്കുന്നതും. അതുകൊണ്ട് ഞാനും മറ്റെല്ലാ അഹ്മദി മുസ്‌ലിംകളും ലോകസമാധാനം എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടി പ്രവർത്തിക്കുവാൻ പ്ര തിജ്ഞാബദ്ധരാണ്.

ലോക നേതാക്കൾക്കു കത്തുകളെഴുതിക്കൊണ്ട് സമാധാനത്തിനു വേണ്ടിയുള്ള യത്നം നടത്തുകയെന്നതാണ് ഞാൻ സ്വീകരിച്ചിരിക്കുന്ന ഒരു മാർഗ്ഗം. കുറച്ചു മാസങ്ങൾക്കു മുമ്പ് പോപ്പ് ബെനടിക്ടിന് ഞാനെഴുതുകയു ണ്ടായി. ആ കത്ത് ഞാൻ നിയോഗിച്ച ഒരു അഹ്മദി പ്രതിനിധി തന്നെയാണ് പോപ്പിന് സമർപ്പിച്ചത്. ലോകത്തിന്റെ ഏറ്റവും വലിയ മതവിഭാഗത്തിന്റെ നായകനെന്ന നിലയിൽ സമാധാന സംസ്ഥാപനത്തിൽ വലിയൊരു പങ്ക് അദ്ദേഹത്തിന് വഹിക്കാവുന്നതാണ്. ഇറാനും ഇസ്രായേലും തമ്മിലുള്ള ബന്ധം വഷളായിക്കൊണ്ടിരിക്കുന്ന ഈ ദിനങ്ങളിൽ ഇസ്രായേൽ പ്രധാന മന്ത്രി ബെഞ്ചമിൻ നെത്യാനാഹുവിനും ഇറാൻ പ്രസിഡന്റ് മഹ്മൂദ് അഹ്മദ് നെജാദിനും എടുത്തുചാടി തീരുമാനങ്ങളെടുക്കാതിരിക്കാനും ലോകത്തെ യുദ്ധത്തിൽ നിന്ന് രക്ഷിക്കാനും അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ എഴു തുകയുണ്ടായി. പ്രസിഡന്റ് ഒബാമയ്ക്കും കനഡാ പ്രധാനമന്ത്രി സ്റ്റീഫൻ ഹാർപറിനും സമാധാനത്തിന്റെയും ഐക്യത്തിന്റെയും അത്യാവശ്യകതയി

ലൂന്നിക്കൊണ്ട് ഞാൻ കത്തുകളയച്ചിട്ടുണ്ട്. മറ്റുള്ള ലോകനേതാക്കൾക്കും ഞാൻ എഴുതാൻ ഉദ്ദേശിക്കുന്നു.

എന്റെ കത്തുകൾക്കു മേൽപറഞ്ഞ നേതാക്കൾ വല്ല വിലയും കൽപ്പിക്കുമോ എന്നത് മറ്റൊരു കാര്യമാണ്. അവരുടെ പ്രതികരണം ഏത് തരത്തിലുള്ളതാകട്ടെ, ലോകത്തെമ്പാടുമുള്ള ലക്ഷോപലക്ഷം അഹ്മദി മുസ്‌ലിംകളുടെ ആത്മീയനേതാവെന്ന നിലയിൽ അവരുടെ വിചാര വികാരങ്ങൾ ഞാൻ ലോക നേതാക്കളെ ധരിപ്പിക്കാൻ ഒരു ശ്രമം നടത്തിയിരിക്കുന്നു. മനുഷ്യകുലത്തോടുള്ള നിർവ്യാജ സ്നേഹം മാത്രമാണിതിനെന്നെ പ്രേരിപ്പിക്കുന്നത്. ഒരു തരത്തിലുള്ള സ്വാർത്ഥതാൽപര്യവും ഇതിന്റെ പിന്നിലില്ല. മാനവ സമൂഹത്തോടുള്ള കളങ്കമറ്റ ഈ സ്നേഹം മുഹമ്മദ് മുസ്തഫാ(സ) ആണ് എല്ലാ യഥാർത്ഥ മുസ്‌ലിംകളിലും അങ്കുരിപ്പിച്ചിരിക്കുന്നത്. മനുഷ്യരാശിക്കാകമാനം അദ്ദേഹം കാരുണ്യമായി അയക്കപ്പെട്ടിരിക്കുന്നു. ഞാനിത് പറയുമ്പോൾ, നിങ്ങൾ ഒരു പക്ഷേ, അത്ഭുതം കൂറിയേക്കാം. എങ്ങനെയാണ് മുസ്‌ലിം തീവ്രവാദികൾ നിരപരാധികളായ മനുഷ്യരെ ചുട്ടുകൊല്ലുന്നതെന്ന്, എങ്ങനെയാണ് പല മുസ്‌ലിം ഭരണകൂടങ്ങളും അധികാര ഭ്രാന്തുകൊണ്ട് അവരുടെ തന്നെ ജനങ്ങളെ കൂട്ടക്കൊല ചെയ്യുന്നത്? യാഥാർത്ഥ്യമെന്തെന്നാൽ, ഈ വക ദുഷ്കർമ്മങ്ങൾ ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് കടകവിരുദ്ധമത്രേ. യാതൊരു സാഹചര്യത്തിലും വിശുദ്ധ ഖുർആൻ തീവ്രവാദത്തിനും ഭീകരവാദത്തിനും അനുമതി നൽകുന്നില്ല.

ഞങ്ങളുടെ വിശ്വാസ പ്രമാണമനുസരിച്ച്, ഈ കാലഘട്ടത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ) നെ വാഗ്ദത്ത മസീഹ് ആയും ഇമാം മഹ്ദി ആയും സർവ്വശക്തനായ ദൈവം നിയോഗിച്ചിരിക്കുന്നു. അദ്ദേഹം തിരുനബി(സ)യുടെ സേവകനാണ്. വാഗ്ദത്ത മസീഹ്(അ) നിയോഗിതനായിരിക്കുന്നത്, ഇസ്‌ലാമിന്റെയും വിശുദ്ധ ഖുർആന്റെയും യഥാർത്ഥ പാഠങ്ങൾ ലോകത്ത് പ്രചരിപ്പിക്കാനായിട്ടാണ്. മനുഷ്യനും ദൈവവുമായിട്ടൊരു ദൃഢബന്ധം സ്ഥാപിക്കുകയെന്നതാണാ പാഠം. മനുഷ്യന് മനുഷ്യനോടുള്ള കടമകളും കർത്തവ്യങ്ങളും അനുസ്മരിപ്പിക്കുക എന്നതാണ് ലക്ഷ്യം. എല്ലാത്തരത്തിലുള്ള മതയുദ്ധങ്ങൾക്കും അറുതി വരുത്തുക, എല്ലാ മതാചാര്യന്മാരെയും മത ഗുരുക്കൻമാരെയും ആദരിക്കുക, ധാർമ്മിക നിലവാരം സമ്പുഷ്ടമാക്കിക്കൊണ്ട് ലോകത്ത് സമാധാനവും സ്നേഹവും അനുകമ്പയും സാഹോദര്യവും പടുത്തുയർത്തുക എന്നിവയാണ് അദ്ദേഹത്തിന്റെ ആഗമന ദൗത്യം.

നിങ്ങൾ ലോകത്തിന്റെ ഏതു കോണിൽ എത്തിപ്പെട്ടാലും യഥാർത്ഥ അഹ്മദി മുസ്‌ലിംകളെ മേൽപറഞ്ഞ ദൗത്യം നിർവഹിക്കുന്നവരായി നി

ങ്ങൾ കണ്ടെത്തുന്നതാണ്. ഭീകരവാദികളോ, തീവ്രവാദികളോ, മുസ്‌ലിംകളിൽ തന്നെയുള്ള ക്രൂര ഏകാധിപതികളോ, പാശ്ചാത്യരാജ്യ സംസ്കൃതിയോ ഒന്നും തന്നെ ഞങ്ങൾക്കു മാതൃകയല്ല. ഞങ്ങളുടെ മാതൃക ഇസ്‌ലാം മതസ്ഥാപകരായ വിശുദ്ധ നബി മുഹമ്മദും(സ) വിശുദ്ധ ഖുർആന്റെ പാഠങ്ങളുമാണ്. അതിനാൽ ഈ സമാധാന സമ്മേളന വേദിയിൽ നിന്ന് ഞാൻ മുഴുലോകത്തെയും അറിയിക്കുന്നു, ഇസ്‌ലാം മതത്തിന്റെ സന്ദേശവും അദ്ധ്യാപനങ്ങളും സ്നേഹത്തിലും അനുകമ്പയിലും ശാന്തിയിലും അധിഷ്ഠിതമാണെന്ന്.

ദുഃഖകരമെന്നു പറയട്ടെ, മുസ്‌ലിംകളിൽ ഒരു ചെറു ന്യൂനപക്ഷം ഇസ്‌ലാമിനെ പൂർണ്ണമായും ദുർവ്യാഖ്യാനിച്ചു കൊണ്ട് അവരുടെ തെറ്റായ വിശ്വാസങ്ങളനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഞാൻ നിങ്ങളോടു പറയുന്നു, അവരുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഇസ്‌ലാമിനെ വിലയിരുത്തരുത്. ഭൂരിപക്ഷ മുസ്‌ലിംകളോട് അതനുസരിച്ച് നിങ്ങൾ പ്രതികാരം ചെയ്യുകയും ക്രൂരമായി പെരുമാറുകയും ചെയ്യരുത്. അവരുടെ വികാരങ്ങൾ വ്രണപ്പെടുത്തുകയുമരുത്. വിശുദ്ധ ഖുർആൻ എല്ലാ മുസ്‌ലിംകൾക്കും പരമ പവിത്രഗ്രന്ഥമാണ്. ആ ഗ്രന്ഥത്തെ അധിക്ഷേപിക്കുകയും ചുട്ടെരിക്കുകയും ചെയ്യുന്നത് മുസ്‌ലിംകൾക്ക് അസഹനീയമത്രേ. അതിന്റെ ഫലം തീവ്രവാദികൾക്ക് അവരുടെ ദുഷ്ചെയ്തികൾക്കുള്ള അവസരം നൽകുകയെന്നതായിത്തീരുന്നു.

സമീപകാലത്ത് അഫ്ഗാനിസ്താനിൽ അത്തരം രണ്ടു സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ചില അമേരിക്കൻ പട്ടാളക്കാർ വിശുദ്ധ ഖുർആനെ അവഹേളിക്കുകയും നിഷ്കളങ്കരായ സ്ത്രീകളെയും കുട്ടികളെയും അവരുടെ വീടുകളിൽ അതിക്രമിച്ചു കയറി വധിക്കുകയും ചെയ്തു. അതേ പോലെ, ചില ഫ്രഞ്ച് സൈനികരെയും ക്രൂരനായ ഒരു മനുഷ്യൻ വെടിവെച്ചു കൊല്ലുകയുണ്ടായി. ഇയാൾ ഒരു സ്കൂൾ ആക്രമിച്ച് മൂന്നു ജൂതക്കുട്ടികളെയും അവരുടെ ഒരു ടീച്ചറെയും വകവരുത്തി. ഇത്തരത്തിലുള്ള അതിക്രമങ്ങൾ സംഘർഷം വർധിപ്പിക്കുകയല്ലാതെ ഒരിക്കലും സമാധാനത്തിലേക്ക് നയിക്കുകയില്ല. പാകിസ്താനിലും മറ്റിടങ്ങളിലും ഇതുപോലുള്ള നിഷ്ഠുര കൃത്യങ്ങൾ വർധിച്ചു വരികയാണ്. ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് ഇത് കടന്നാക്രമണത്തിനുള്ള പഴുതുകൾ ഒരുക്കുന്നു. സമാധാന സംസ്ഥാപനം എല്ലാതലങ്ങളിലും നീതി നടപ്പാക്കുന്നതിലൂടെ മാത്രമേ നേടാനാവുകയുള്ളൂ. ലോക രാഷ്ട്രങ്ങളെല്ലാം തന്നെ ഈ സത്യം മനസ്സിലാക്കേണ്ടതുണ്ട്. മതിയായ കാരണം കൂടാതെ ഒരു മനുഷ്യ നെ കൊല്ലുന്നത് മനുഷ്യരാശിയെ മുഴുവൻ കൊന്നൊടുക്കുന്നതിന് സമമാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു.

അതുകൊണ്ട് ഒരു മുസ്‌ലിം എന്ന നിലയിൽ ഞാൻ ആവർത്തിച്ചു പറയട്ടെ, ഇസ്‌ലാം ഒരു തരത്തിലുള്ള മർദ്ദനവും ക്രൂരതയും എവിടെയും അനുവദിക്കുന്നില്ല. ഇത് നിരുപാധികമായ അതിന്റെ നിലപാടാകുന്നു. ഖുർആൻ ഇത്രയും കൂടി വ്യക്തമാക്കുന്നു, നിങ്ങളോട് ശത്രുത വെച്ചു പുലർത്തുന്നവരുമായുള്ള നിങ്ങളുടെ ഇടപാടുകളിൽ പോലും നിങ്ങൾ ന്യായവും നീതിയും പുലർത്തുക. ഖുർആന്റെ മറ്റൊരു അനുശാസനം അന്യരുടെ സമ്പത്തിലും വിഭവങ്ങളിലും കണ്ണുവെച്ചു കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കരുതെന്നുള്ളതാണ്.

ഞാൻ ചില കാര്യങ്ങൾ മാത്രമേ സ്പർശിച്ചിട്ടുള്ളൂ. പക്ഷേ, സമാധാനത്തിന് അടിത്തറയിടാൻ അവ അത്യാന്താപേക്ഷിതമാണ്. ലോകം ഈ കാര്യങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കുമാറാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അതുവഴി മാത്രമേ അന്യായവും അസത്യവും നമ്മെ നയിക്കുന്ന നാശത്തിന്റെ മാർഗ്ഗങ്ങളിൽ നിന്ന് നമുക്ക് മാറി സഞ്ചരിക്കാനാവുകയുള്ളൂ.

ഞാൻ കുറേ ദീർഘമായി സംസാരിച്ചതിൽ നിങ്ങളോട് ക്ഷമ ചോദിക്കുന്നു. വിഷയത്തിന്റെ ഗൗരവമാണ് അതിനു കാരണമായത്. ഉപസംഹാരത്തിനു മുമ്പ് ഒരു പ്രധാന കാര്യം കൂടി എനിക്ക് സ്പർശിക്കേണ്ടതുണ്ട്. ഈ ദിവസങ്ങളിൽ എലിസബത്ത് രാജ്ഞി ദ്വിതീയയുടെ വജ്ര ജൂബിലി നാം ആഘോഷിക്കുകയാണ്. കൃത്യം 111 വർഷം മുമ്പ് 1897ൽ വിക്ടോറിയ രാജ്ഞിയുടെ വജ്ര ജൂബിലി ആഘോഷ വേളയിൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ രാജ്ഞിക്കു വേണ്ടി ഒരു ആശംസാ സന്ദേശം അയക്കുകയുണ്ടായി. ആ ആശംസാ പത്രത്തിൽ അദ്ദേഹം ഇസ്‌ലാം മതാദ്ധ്യാപനങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിനും രാജ്ഞിക്കും വേണ്ടി പ്രാർത്ഥിക്കുകയും ഉണ്ടായി.

ആ സന്ദർഭത്തിൽ വാഗ്ദത്ത മസീഹ്(അ) രാജ്ഞിയുടെ ഗവൺമെന്റ് എല്ലാ ജനവിഭാഗങ്ങൾക്കും നൽകിയ മതവിശ്വാസ സ്വാതന്ത്ര്യമാണ് അതിന്റെ ഏറ്റവും നല്ല വശമെന്ന് എടുത്ത് പറയുകയും ചെയ്തു. ഇന്നാകട്ടെ, ബ്രിട്ടീഷ് ഗവർമെന്റ് ഇന്ത്യൻ ഉപഭൂഖണ്ഡം ഭരിക്കുന്നില്ല. പക്ഷേ, മതവിശ്വാസ സ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന തത്ത്വങ്ങൾ ഇംഗ്ലീഷ് സമൂഹത്തിലും നിയമചട്ടങ്ങളിലും ആഴത്തിൽ വേരോടിയതു കൊണ്ട് ഇന്നും ഇവിടെ എല്ലാ ജനവിഭാഗങ്ങൾക്കും വിശ്വാസസ്വാതന്ത്ര്യം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. അതിനുള്ള എത്രയും മനോഹരമായ ഒരു ഉദാഹരണമാണ് ഇന്ന് സായാഹ്നത്തിൽ ഇവിടെ സമ്മേളിച്ചിരിക്കുന്ന വിവിധ മതവിശ്വാസികളുടെ ലോക സമാധാനത്തിനായുള്ള ഈ കൂട്ടായ്മ.

അതിനാൽ വാഗ്ദത്ത മസീഹ്(അ) ഉപയോഗിച്ച അതേ വാക്കുകളിലും

പ്രാർത്ഥനകളിലും ഞാൻ എലിസബത്ത് രാജ്ഞിയെ ഹൃദയംഗമമായ അനുമോദനങ്ങൾ അറിയിച്ചു കൊള്ളുന്നു. ആ ദിവ്യാത്മാവ് പറഞ്ഞതു പോലെ, ഞങ്ങളുടെ സന്തോഷവും കൃതജ്ഞതയും അനുകമ്പാർദ്രയായ രാജ്ഞിയെ അറിയിക്കുന്നു.

സമാദരണീയയായ രാജ്ഞിക്ക് സന്തുഷ്ടിയും സംതൃപ്തിയും നേരുന്നു. വാഗ്ദത്ത മസീഹ്(അ) വിക്ടോറിയ രാജ്ഞിക്കു വേണ്ടി പ്രാർത്ഥിക്കുകയുണ്ടായി. അതേ വാക്കുകളിൽ എലിസബത്ത് രാജ്ഞിക്ക് വേണ്ടിയും ഞാനും പ്രാർത്ഥിക്കുന്നു.

> 'ഓ, സർവ്വശ്രേഷ്ഠനും സർവ്വശക്തനുമായ ദൈവമേ, നിന്റെ അനുഗ്രഹാശിസ്സുകളാൽ നമ്മുടെ ആദരണീയയായ രാജ്ഞിയെ നീ എന്നും സന്തുഷ്ടിയിൽ പുലർത്തുക, അവരുടെ അനുകമ്പാതിരേകത്താൽ ഞങ്ങൾ സന്തുഷ്ടരായിക്കുന്നതു പോലെ. അവരുടെ ഉദാരവും സ്നേഹാധിഷ്ഠിതവുമായ ഭരണത്തിൽ ഞങ്ങൾ സമാധാനത്തിലും ഐശ്വര്യത്തിലും വസിക്കുന്നതു പോലെ നീ അവരിൽ സ്നേഹവും കാരുണ്യവും വർഷിക്കുക.'

ഇത് ബ്രിട്ടീഷ് പൗരത്വം സ്വീകരിച്ചിരിക്കുന്ന ഓരോ അഹ്മദി മുസ്ലിമിന്റെയും ഹൃദയവികാരമാകുന്നു. അവസാനമായി, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രാതിനിധ്യം വഹിച്ചു കൊണ്ട് ഇവിടെ സന്നിഹിതരായിരിക്കുന്ന ഓരോരുത്തർക്കും ഞാൻ എന്റെ ഉള്ളിൽ തട്ടിയ കൃതജ്ഞത പ്രകാശിപ്പിച്ചു കൊള്ളട്ടെ.

**നിങ്ങൾക്കെല്ലാവർക്കും വീണ്ടും നന്ദി.**

**വിവർത്തനം: പ്രൊഫസർ എം.മുഹമ്മദ്**



# സമാധാനത്തിലേക്കുള്ള പാത
# രാഷ്ട്രങ്ങൾ തമ്മിലുള്ള
# ന്യായാധിഷ്ഠിതമായ ബന്ധങ്ങൾ

---

**കാപിറ്റൽ ഹിൽ**
**വാഷിങ്ങ്ടൺ, ഡി.സി, യുഎസ്എ, 2012**






The first Muslim Congressman, Keith Ellison meeting Ḥaḍrat Khalīfatul-Masīḥ V$^{aba}$




Brad Sherman (Democratic member of the United States House of Representatives) presenting American flag to Ḥaḍrat Khalīfatul-Masīḥ V$^{aba}$




Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V$^{aba}$ delivers his keynote address at U.S. Capitol Hill




Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V$^{aba}$ leading silent prayer at U.S. Capitol Hill



Ḥaḍrat Khalīfatul-Masīḥ V[aba] during his official tour of U.S. Capitol Hill



Ḥaḍrat Khalīfatul-Masīḥ V[aba] in U.S. Capitol Hill after his historic address to the US Statesmen and Bureaucrats

# ആമുഖം

2012 ജൂൺ 27ന് വാഷിംഗ്ടൺ ഡി.സിയിലെ കാപിറ്റൽ ഹില്ലിൽ ചരിത്രപ്രാധാന്യമുള്ള ഒരു സമ്മേളനം നടക്കുകയുണ്ടായി. വാഗ്ദത്ത മസീഹി(അ)ന്റെ അഞ്ചാമത്തെ ഖലീഫയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ലോകനായകനുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) അമേരിക്കൻ പാർലമെന്റ് അംഗങ്ങൾ, നിയമസാമാജികർ, അംബാസഡർമാർ, വൈറ്റ് ഹൗസ്, സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ, എൻ.ജി.ഒ നേതാക്കൾ, മതമേധാവികൾ, പ്രൊഫസർമാർ, നയതന്ത്രജ്ഞ ഉദ്യോഗസ്ഥർ, മാധ്യമ പ്രതിനിധികൾ തുടങ്ങിയവരെ അഭിസംബോധന ചെയ്യുകയുണ്ടായി. ഡമോക്രാറ്റിക് പാർട്ടി നേതാവ് നാൻസി പലോസി ഉൾപ്പെടെ അമേരിക്കൻ ഐക്യനാടുകളിലെ ദേശീയ നേതാക്കൾക്കു ലോക സമാധാനത്തെക്കുറിച്ചുള്ള ആധികാരിക ഇസ്‌ലാമിക വീക്ഷണം ശ്രവിക്കാനുള്ള ആദ്യാവസരമായി ഈ സമ്മേളനം. സമ്മേളന ശേഷം കേപിറ്റൽ ഹിൽ ബിൽഡിങ്ങ് ചുറ്റിക്കാണാനായി ഹുസൂർ ക്ഷണിക്കപ്പെട്ടു. തുടർന്ന് പ്രതിനിധി സഭ അദ്ദേഹത്തിന്റെ അമേരിക്കൻ സന്ദർശനത്തെ സ്വാഗതം ചെയ്തുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചു.

പ്രമേയത്തിന്റെ ആമുഖ ഖണ്ഡികയിൽ ഇങ്ങനെ പ്രസ്താവിച്ചു:

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആത്മീയ നേതാവും ഭരണകാര്യ നിർവ്വാഹകനുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അവർകളെ വാഷിംഗ്ടൺ ഡി.സിയിലേക്ക് സാദരം സ്വാഗതം ചെയ്യുകയും ലോകസമാധാനം, നീതി, അക്രമരാഹിത്യം, മനുഷ്യാവകാശങ്ങൾ, മതസ്വാതന്ത്ര്യം, ജനാധിപത്യം എന്നിവക്കു വേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രയത്നങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു.

The full list of attendees at the Capitol Hill event reads as follows:

- U.S. Senator Robert Casey, Sr. (Democrat Pennsylvania)
- U.S. Senator John Cornyn (Republican Texas)
- Democratic Leader Nancy Pelosi (Democrat California)
- U.S. Congressman Keith Ellison (Democrat Minnesota)
- U.S. Congressman Bradley Sherman (Democrat California)
- U.S. Congressman Frank Wolf (Republican Virginia)
- U.S. Congressman Michael Honda (Democrat California)
- U.S. Congressman Timothy Murphy (Republican Pennsylvania)
- U.S. Congresswoman Jeannette Schmidt (Republican Ohio)
- U.S. Congresswoman Janice Hahn (Democrat California)
- U.S. Congresswoman Janice Schakowsky (Democrat Illinois)
- U.S. Congresswoman Jackie Speier (Democrat California)
- U.S. Congresswoman Zoe Lofgren (Democrat California)

- U.S. Congresswoman Sheila Jackson Lee (Democrat Texas)
- U.S. Congressman Gary Peters (Democrat Michigan)
- U.S. Congressman Thomas Petri (Republican Wisconsin)
- U.S. Congressman Adam Schiff (Democrat California)
- U.S. Congressman Michael Capuano (Democrat Massachusetts)
- U.S. Congressman Howard Berman (Democrat California)
- U.S. Congresswoman Judy Chu (Democrat California)
- U.S. Congressman André Carson (Democrat Indiana)
- U.S. Congresswoman Laura Richardson (Democrat California
- U.S. Congressman Lloyd Poe (Republican Texas)
- U.S. Congressman Barney Frank (Democrat Massachusetts)
- U.S. Congressman. Bruce Braley (Democrat Iowa)
- U.S. Congressman Dennis Kucinich (Democrat Ohio)
- U.S. Congressman Trent Franks (Republican Arizona)
- U.S. Congressman Chris Murphy (Democrat Connecticut)
- U.S. Congressman Hank Johnson (Democrat Georgia)
- U.S. Congressman James Clyburn (Democrat South Carolina)
- His Excellency Bockari Kortu Stevens, Ambassador of Sierra Leone to the United States

- Dr. Katrina Lantos Swett, Chairwoman, United States Commission on Inteternational Religious Freedom
- Hon. Tim Kaine, Former Governor of Virginia
- Amb. Susan Burk, Special Representative of President Barack Obama for Nuclear Nonproliferation
- Amb. Suzan Johnson Cook, U.S. Ambassador at Large for International Religious Freedom
- Hon. Khaled Aljalahma, Deputy Chief of Mission, Embassy of the Kingdom of Bahrain to the United States
- Rev. Monsignor Jean-Francois Lantheaume, First Counselor (Deputy Chief of Mission), The Apostolic Nunciature of the Holy See to the United States
- Ms. Sara Al-Ojaili, Public Affairs/Liaison Officer, Embassy of the Sultanate of Oman to the United States
- Mr. Salim Al Kindie, First Secretary, Embassy of the Sultanate of Oman to the United States
- Ms. Fozia Fayyaz, Embassy of Pakistan to the United States
- Hon. Saida Zaid, Counselor, Embassy of Morocco to the United States
- Hon. Nabeel Munir, Minister-IV (Security Council), Pakistan Permanent Mission to the United Nations
- Hon. Josef Renggli, Minister-Counselor, Embassy of Switzerland to the United States
- Hon. Alyssa Ayres, Deputy Assistant Secretary for South and Central Asia, U.S. Department of State
- Amb. Karl Inderfurth, Senior Adviser and Wadhwani Chair in U.S.-India Policy Studies, Center for Strategic

and International Studies

- Hon. Donald A. Camp, Senior Associate, Center for Strategic and International Studies
- Amb. Jackie Wolcott, Executive Director, U.S. Commission on International Religious Freedom
- Dr. Azizah al-Hibri, Commissioner, U.S. Commission on International Religious Freedom
- Mr. Isaiah Leggett, County Executive, Montgomery Count, Maryland
- Ms. Victoria Alvarado, Director, Office of International Religious Freedom, U.S. Department of State
- Dr. Imad Dean Ahmad, Director, Minaret of Freedom Institute
- Dr. Zainab Alwani, Assistant Professor of Islamic Studies, Howard University School of Divinity
- Ms. Deborah L. Benedict, Associate Counsel, U.S. Citizenship and Immigration Services, Department of Homeland Security
- Ms. Lora Berg, Senior Adviser to Special Representative to Muslim Communities, U.S. Department of State
- Dr. Charles Butterworth, Professor (Emeritus) of Government and Politics, University of Maryland, College Park
- Father John Crossin, Executive Director for Secretariat for Ecumenical and Interreligious Affairs, United States Conference of Catholic Bishops
- Major (Ret.) Franz Gayl, Senior Science Adviser, U.S. Marine Corps.

- Dr. Sue Gurawadena-Vaughn, Director of International Religious Freedom and South East Asia Programs, Freedom House
- Mr. Frank Jannuzi, Head of Washington Office, Amnesty International USA
- Mr. T. Kumar, International Advocacy Director, Amnesty International USA
- George Leventhal, Member of the Montgomery County Council
- Mr. Amer Latif, Visiting Fellow, Wadhwani Chair in U.S.-India Policy Studies, Center for Strategic and International Studies
- Mr. Tim Lenderking, Director of Pakistan Desk Office, U.S. State Department
- Mr. Jalal Malik, International Affairs Officer, U.S. Army National Guard
- Mr. Naveed Malik, Foreign Service Officer, U.S. Department of State
- Ms. Dalia Mogahed, Senior Analyst and Executive Director, Gallup Center for Muslim Studies
- Mr. Paul Monteiro, Associate Director, White House Office of Public Engagement
- Major General David Quantock, United States Army Provost General
- Ms. Tina Ramirez, Director of International and Government Relations, The Becket Fund
- Rabbi David Saperstein, Director and Counsel, Religious Action Center for Reform Judaism

- Chaplain, Brigadier General Alphonse Stephenson, Director of the National Guard Bureau Office of the Chaplain
- Mr. Knox Thames, Director of Policy and Research, U.S. Commission on International Religious Freedom
- Mr. Eric Treene, Special Counsel for Religious Discrimination, Civil Rights Division, U.S. Department of Justice
- Dr. Hassan Abbas, Professor, Regional and Analytical Studies Department, National Defense University
- Mr. Malik Siraj Akbar, Reagan-Fascell Fellow, National Endowment of Democracy
- Mr. Matthew K. Asada, Congressional Fellow to Rep. Gary Peters
- Ms. Stacy Burdett, Director of Government and National Affairs, Anti-Defamation League
- Ms. Elizabeth Cassidy, Deputy Director for Policy and Research, U.S. Commission on International Religious Freedom
- Ms. Aimee Chiu, Director of Media, Communication, and Public Relations, American Islamic Congress
- Mr. Cornelius Cremin, Department of State, Bureau of Democracy, Human Rights and Labor, Acting Deputy Director and Foreign Affairs Officer for Pakistan
- Mr. Sadanand Dhume, Resident Fellow, American Enterprise Institute
- Dr. Richard Gathro, Dean of Nyack College, Washington D.C.

- Mr. Joe Grieboski, Chairman, The Institute on Religion and Public Policy
- Ms. Sarah Grieboski, The Institute on Religion and Public Policy
- Dr. Max Gross, Adjunct Professor, Prince Alwaleed Bin Talal Center for Muslim-Christian Understanding, Georgetown University
- Dr. Riaz Haider, Clinical Professor of Medicine, George Washington University
- Ms. Huma Haque, Assistant Director, South Asia Center, Atlantic Council
- Mr. Jay Kansara, Associate Director, Hindu American Foundation
- Mr. Hamid Khan, Senior Program Officer, Rule of Law Center, U.S. Institute for Peace
- Ms. Valerie Kirkpatrick, Associate for Refugees and U.S. Advocacy, Human Rights Watch
- Mr. Alex Kronemer, Unity Productions
- Mr. Paul Liben, Executive Writer, U.S. Commission on International Religious Freedom
- Ms. Amy Lillis, Foreign Affairs Officer, U.S. Department of State
- Mr. Graham Mason, Legislative Assistant to Rep. Allyson Schwartz
- Ms. Lauren Markoe, Religion News Service
- Mr. Dan Merica, CNN.com
- Mr. Joseph V. Montville, Senior Associate, Merrimack

College Center for the Study of Jewish-Christian-Muslim Relations

- Mr. Aaron Myers, Program Officer, Freedom House
- Ms. Attia Nasar, Regional Coordinating Officer, U.S. Department of State
- Ms. Melanie Nezer, Senior Director, US Policy and Advocacy, HIAS
- Dr. Elliott Parris, Bowie State University
- Mr. John Pinna, Director of Government and International Relations, American Islamic Congress
- Mr. Arif Rafiq, Adjunct Scholar, Middle East Institute
- Ms. Maya Rajaratnam, Amnesty International
- Ms. Rachel Sauer, Foreign Affairs Officer, U.S. Department of State
- Dr. Jerome Schiele, Dean of College of Professional Studies, Bowie State University
- Ms. Samantha Schnitzer, Staff, United States Commission on International Religious Freedom
- Dr. Mary Hope Schwoebel, Senior Program Officer, Academy for International Conflict Management and Peacebuilding, U.S. Institute for Peace
- Ms. Sarah Schlesinger, International and Government Relations Associate, The Becket Fund
- Dr. Frank Sellin, Kyrgystan Desk Officer, U.S. Department of State
- Ms. Anna-Lee Stangl, Christian Solidarity Worldwide

- Ms. Kalinda Stephenson, Professional Staff, Tom Lantos Human Rights Commission
- Mr. Jordan Tama, Lead Democratic Staffer, Tom Lantos Human Rights Commission
- Mr. Shaun Tandon, AFP
- Dr. Wilhelmus Valkenberg, Professor of Religion and Culture, The Catholic University of America
- Mr. Anthony Vance, Director of External Affairs, Baha'is of the United States
- Mr. Jihad Saleh Williams, Government Affairs Representative, Islamic Relief USA
- Ms. Amelia Wang, Chief of Staff to Congresswoman Judy Chu
- Ms. Moh Sharma, Legislative Fellow to Congresswoman Judy Chu

*U.S. Congress—House Resolution 709*

AUTHENTICATED
U.S. GOVERNMENT
INFORMATION
GPO



112TH CONGRESS
2D SESSION

# H. RES. 709

Welcoming His Holiness, Hadhrat Mirza Masroor Ahmad, the worldwide spiritual and administrative head of the Ahmadiyya Muslim Community, to Washington, DC, and recognizing his commitment to world peace, justice, nonviolence, human rights, religious freedom, and democracy.

---

IN THE HOUSE OF REPRESENTATIVES

JUNE 27, 2012

Ms. ZOE LOFGREN of California (for herself, Mr. SHERMAN, Mr. CONNOLLY of Virginia, Mr. HINCHEY, Ms. ESHOO, Ms. SPEIER, Ms. RICHARDSON, Mr. SCHIFF, Ms. SCHAKOWSKY, Mr. HONDA, Mr. WOLF, Mr. PETERS, Mr. DENT, Ms. CHU, Mr. BERMAN, Mr. FRANKS of Arizona, Ms. JACKSON LEE of Texas, Ms. SCHWARTZ, Mr. BRALEY of Iowa, and Mr. MCGOVERN) submitted the following resolution; which was referred to the Committee on Foreign Affairs

---

# RESOLUTION

Welcoming His Holiness, Hadhrat Mirza Masroor Ahmad, the worldwide spiritual and administrative head of the Ahmadiyya Muslim Community, to Washington, DC, and recognizing his commitment to world peace, justice, nonviolence, human rights, religious freedom, and democracy.

Whereas, from June 16, 2012, to July 2, 2012, His Holiness, Hadhrat Mirza Masroor Ahmad, the worldwide spiritual and administrative head of the Ahmadiyya Muslim Community, an international religious organization with mil-

lions of members across the globe, is making a historic visit to the United States;

Whereas His Holiness was elected to become fifth Khalifa to Mirza Ghulam Ahmad, a lifelong position, on April 22, 2003;

Whereas His Holiness is a leading Muslim figure promoting peace, who in his sermons, lectures, books, and personal meetings has continually advocated the Ahmadiyya values of service to humanity, universal human rights, and a peaceful and just society;

Whereas the Ahmadiyya Muslim Community has suffered repeated hardships, including discrimination, persecution, and violence;

Whereas, on May 28, 2010, 86 Ahmadi Muslims were killed in Lahore, Pakistan, when two mosques belonging to the Ahmadiyya Muslim Community were attacked by anti-Ahmadiyya terrorists;

Whereas despite the continued sectarian persecution that Ahmadi Muslims are subjected to, His Holiness continues to forbid violence;

Whereas His Holiness has traveled globally to promote and facilitate service to humanity, meeting with presidents, prime ministers, parliamentarians, and ambassadors of state;

Whereas during his visit to the United States, His Holiness will meet thousands of American Muslims in addition to significant United States Government leaders in order to strengthen relationships and find means of establishing peace and justice for all people; and

Whereas, on the morning of June 27, 2012, His Holiness will deliver the keynote address at a special bipartisan recep-

tion at the Rayburn House Office Building on Capitol Hill, "The Path to Peace: Just Relations Between Nations": Now, therefore, be it

*Resolved,* That the House of Representatives—

(1) welcomes His Holiness, Mirza Masroor Ahmad to Washington, DC;

(2) commends His Holiness for promoting individual and world peace, as well as individual and world justice; and

(3) commends His Holiness for his perseverance in counseling Ahmadi Muslims to eschew any form of violence, even in the face of severe persecution.

## *സമാധാനത്തിലേക്കുള്ള പാത*
## *രാഷ്ട്രങ്ങൾ തമ്മിലുള്ള*
## *ന്യായാധിഷ്ഠിതമായ ബന്ധങ്ങൾ*

*ബിസ്മില്ലാഹി റഹ്മാനി റഹീം–* പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. വിശിഷ്ട അതിഥികളേ,

*അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു.* ദൈവത്തിൽ നിന്നുള്ള സമാധാനവും അനുഗ്രഹങ്ങളും നിങ്ങളിലുണ്ടാകുമാറാകട്ടെ.

ഇവിടെ വരാനും എനിക്ക് പറയാനുള്ളത് കേൾക്കാനും സന്മനസ്സ് കാട്ടിയ നിങ്ങൾക്കെല്ലാവർക്കും നന്ദി പറയാൻ ഈ അവസരം സമാരംഭത്തിൽ തന്നെ ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. എന്നോട് സംസാരിക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന വിഷയം വിശാലവും വിവിധതല സ്പർശിയുമത്രേ. ഈ വിവിധ വശങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ സമയം ഇല്ലെന്നതും ഞാൻ മനസ്സിലാക്കുന്നു. ലോക സമാധാന സംസ്ഥാപനത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കേണ്ടത്. ഇത് ഇന്ന് ലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന എത്രയും മർമ്മപ്രധാനമായ പ്രശ്നമാകുന്നു. സമയപരിമിതി കണക്കിലെടുത്തു കൊണ്ട് രാഷ്ട്രങ്ങൾക്കിടയിൽ നീതിപൂർവ്വവും സമത്വാധിഷ്ഠിതവുമായ ബന്ധങ്ങൾ നിലനിർത്തുന്നതിലൂടെ ഇസ്ലാം വിഭാവന ചെയ്യുന്ന സമാധാന സംസ്ഥാപനത്തെക്കുറിച്ച് ഞാൻ ചുരുക്കത്തിൽ പ്രതിപാദിക്കാം.

സമാധാനവും സത്യവും വ്യത്യസ്തങ്ങളല്ല. ഒന്ന് കൂടാതെ നിങ്ങൾക്ക് മറ്റേത് പ്രാപ്യമല്ല. ഈയൊരു തത്ത്വം വിവേകികളും ബുദ്ധിമതികളും തിരിച്ചറിഞ്ഞിട്ടുള്ളതാണ്. ലോകത്ത് കുഴപ്പം സൃഷ്ടിക്കാനായി ഉഴറി നടക്കുന്നവരെ മാറ്റി നിർത്തിയാൽ സമൂഹത്തിലോ രാഷ്ട്രത്തിലോ ലോകത്താകമാനം

തന്നെയോ നീതിയും നെറിയും നിലനിൽക്കുന്നുണ്ടെങ്കിൽ അസമാധാനവും അക്രമവും നിലനിൽക്കുകയില്ലെന്ന കാര്യത്തിൽ ആർക്കും തന്നെ സംശയമുണ്ടാവുകയില്ല. എന്നാൽ, ലോകത്ത് പലയിടങ്ങളിലും അക്രമവും അസമാധാനവും നിലനിൽക്കുന്നതായി നാം കാണുന്നു. രാജ്യങ്ങളുടെ ആഭ്യന്തരാവസ്ഥയിലും മറ്റുള്ള രാജ്യങ്ങളുമായുള്ള അവയുടെ ബന്ധങ്ങളിലും ഇതുണ്ട്. എല്ലാ ഭരണകൂടങ്ങളും അവർ നീതിയുക്തമായാണ് പ്രവർത്തിക്കുന്നതെന്നവകാശപ്പെടുന്നുണ്ടെങ്കിലും അസ്ഥിരതയും സംഘർഷവുമാണ് ചുറ്റും നിഴലിക്കുന്നത്. സമാധാന സംസ്ഥാപനമാണ് എല്ലാവരുടെയും ലക്ഷ്യമെന്ന് അവർ പറയുകയും ചെയ്യുന്നു. എന്നിട്ടുമെന്തേ അസ്വസ്ഥതയും ആകുലതയും ലോകത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു, കുഴപ്പം വ്യാപകമാകുന്നു?. നീതിയുടെ നിബന്ധനകൾ എവിടെയെല്ലാമോ പാലിക്കപ്പെടാതെ പോകുന്നുണ്ടെന്നാണിത് കാണിക്കുന്നത്. അതുകൊണ്ട് അസമത്വം എവിടെയെല്ലാം എപ്പോഴെല്ലാം മുളപൊട്ടുന്നുവോ, അവിടെ വെച്ച് അപ്പോൾ തന്നെ അതിനറുതി വരുത്തേണ്ടതത്യാവശ്യമാണ്. ഇത് അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. ലോക അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവനെന്ന നിലയിൽ നീതിയിൽ അധിഷ്ഠിതമായ സമാധാനം കണ്ടെത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ ചില നിരീക്ഷണങ്ങൾ നടത്താം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു മതസമൂഹം മാത്രമാണ്. ഈ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ലോകത്ത് വെളിപ്പെടുത്തേണ്ട വാഗ്ദത്ത മസീഹും പരിഷ്കർത്താവും ആഗതനായിരിക്കുന്നുവെന്നതാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. ഞങ്ങളുടെ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ആണ് വാഗ്ദത്ത മസീഹും പരിഷ്ക്കർത്താവുമെന്ന് ഞങ്ങൾ വിശ്വസിക്കുകയും അദ്ദേഹത്തെ കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു. വിശുദ്ധ ഖുർആനിൽ അധിഷ്ഠിതമായ ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കാനും പ്രചരിപ്പിക്കാനും അദ്ദേഹം തന്റെ അനുയായികളോട് നിർദ്ദേശിച്ചു. അതുകൊണ്ടു ഞാൻ സമാധാന സ്ഥാപനത്തെക്കുറിച്ചും അന്താരാഷ്ട്ര ബന്ധങ്ങളെക്കുറിച്ചും പറയുന്നതെല്ലാം തന്നെ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കും.

ലോകസമാധാനം ലക്ഷ്യമാക്കി നിങ്ങളെല്ലാവരും തന്നെ നിങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും അതിനായി യത്നിക്കുകയും ചെയ്തുവരുന്നുണ്ട്. നിങ്ങളുടെ ക്രിയാത്മകമായ ബുദ്ധിവൈഭവും മാനസിക ഉത്തേജനവും മഹത്തായ ആശയങ്ങളെയും പദ്ധതികളെയും അവതരിപ്പിച്ചു കൊണ്ട് സമാധാനം വിഭാവന ചെയ്യുന്നുണ്ട്. അപ്പോൾ ഭൗതികവും രാഷ്ട്രീയവു

മായ അടിസ്ഥാന നിലപാടുകൾ വെച്ച് ഞാനിവിടെ സംസാരിക്കേണ്ടതില്ല. എന്റെ ഊന്നൽ മതാത്മകമായിരിക്കുന്നതാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളെ ആസ്പദമാക്കിക്കൊണ്ടാണ് ഞാനിവിടെ ചില പ്രധാനപ്പെട്ട മാർഗ്ഗരേഖകൾ അവതരിപ്പിക്കുക.

എപ്പോഴും ഓർക്കേണ്ട ഒരു കാര്യം, മനുഷ്യന്റെ അറിവും ബുദ്ധിയും പരിപൂർണ്ണമല്ല, പരിമിതമാണെന്നുള്ളതാണ്. ചിന്തകൾ രൂപപ്പെടുമ്പോഴും തീരുമാനങ്ങളിലെത്തിച്ചേരുമ്പോഴും ചില ഘടകങ്ങൾ മനസ്സിൽ പ്രവേശിച്ച് വ്യക്തി സ്വന്തം അവകാശങ്ങൾ നേടാൻ പരിശ്രമിക്കുന്നു. നിഗമനങ്ങൾ അബദ്ധ ജടിലമാവുകയും തീരുമാനം അനീതിപരമാവുകയും ചെയ്യുന്നു. എന്നാൽ, ദൈവത്തിന്റെ നിയമം പരിപൂർണ്ണമാണ്. അതിനാൽ നിക്ഷിപ്തതാൽപര്യങ്ങളില്ല. അന്യായമായ നിബന്ധനകളുമില്ല. ദൈവം തന്റെ സൃഷ്ടിയുടെ നന്മയും വളർച്ചയും മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. അതുകൊണ്ട്, അവന്റെ നിയമം പരിപൂർണ്ണമായും നീതിയിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ലോകം ഈ സത്യം അംഗീകരിക്കുന്നതെന്നോ, അന്നു മാത്രമേ യഥാർത്ഥവും ശാശ്വതവുമായ ലോക സമാധാനത്തിനുള്ള അടിത്തറ പാകപ്പെടുകയുള്ളൂ. ഇത് സംഭവിക്കാത്തിടത്തോളം നാം ഇന്ന് കണ്ടനുഭവിക്കുന്നതു പോലെ, സർവ്വവിധ പരിശ്രമങ്ങളുണ്ടായിട്ടും ലോക സമാധാനം കൈവരില്ല.

ഒന്നാം ലോകയുദ്ധത്തിനു ശേഷം പല രാജ്യങ്ങളിലെയും നേതാക്കൾ ഭാവിയിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള നല്ല ബന്ധങ്ങൾക്കാഗ്രഹിച്ചു. അങ്ങനെയാണ് ലോകസമാധാനം നേടാനുള്ള പരിശ്രമത്തിൽ ലീഗ് ഓഫ് നാഷൻസ് രൂപീകൃതമായത്. അതിന്റെ മുഖ്യ ലക്ഷ്യം ലോകസമാധാനം നിലനിർത്തുക, ഭാവിയിൽ യുദ്ധങ്ങളുണ്ടാകാതെ നോക്കുക എന്നിവയായിരുന്നു. നിർഭാഗ്യവശാൽ ലീഗ് ഓഫ് നേഷൻസ് പാസ്സാക്കിയെടുത്ത പ്രമേയങ്ങൾക്കും നടപ്പാക്കിയ തീരുമാനങ്ങൾക്കും ചില അടിസ്ഥാന പാകപ്പിഴവുകളുണ്ടായിരുന്നു. എല്ലാ ജനതകളുടെയും രാജ്യങ്ങളുടെയും അവകാശങ്ങൾ തുല്യനീതിയോടെ പരിപാലിക്കാൻ അവയ്ക്കായില്ല. തത്ഫലമായി അവ തീർത്ത സമാധാന വ്യവസ്ഥകൾ അൽപ്പായുസ്സുക്കളായി ഭവിച്ചു. ഇത് രണ്ടാം ലോകയുദ്ധത്തിലേക്ക് നയിക്കുകയും ചെയ്തു.

യുദ്ധം വരുത്തിവെച്ച വിനകൾ കണ്ടറിഞ്ഞതാണല്ലോ. 75 ദശലക്ഷം ജനങ്ങളുടെ ജീവനാണ് നഷ്ടപ്പെട്ടത്. അവർ നിരപരാധികളായ സാധാരണക്കാരായിരുന്നു. യുദ്ധത്തിന്റെ കൊടും ക്രൂരതകൾക്കു മുന്നിൽ ലോകത്തിന്റെ കണ്ണു തുറക്കാൻ അതു മതിയായതായിരുന്നു. വിവേകപൂർവ്വമായ നയങ്ങളിലേക്കും നീതിയുക്തങ്ങളായ ഒത്തുതീർപ്പുകളിലേക്കും അതു ലോകനേ

താക്കളെ നയിക്കേണ്ടതായിരുന്നു. അങ്ങനെ സമാധാനത്തിന്റെ യുഗം പിറക്കേണ്ടതായിരുന്നു. അതിനുള്ള ലോക ഭരണകൂടങ്ങളുടെ ശ്രമഫലമായി ഐക്യരാഷ്ട്ര സംഘടന രൂപം കൊണ്ടു. എന്നാൽ കാലമേറെ കഴിയുന്നതിനു മുമ്പു തന്നെ ഐക്യരാഷ്ട്ര സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും അവതാളത്തിലായി. ഇന്നാകട്ടെ, അതിന്റെ പരാജയം വിളിച്ചോതുന്ന തരത്തിലുള്ളതാണ് ചില രാഷ്ട്രങ്ങൾ നടത്തുന്ന പ്രഖ്യാപനങ്ങൾ.

അന്താരാഷ്ട്ര ബന്ധങ്ങളെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാടെന്താണ്? സമാധാന സ്ഥാപനത്തിനായുള്ള നീതി നടപ്പാക്കാൻ അതിന്റെ നിർദ്ദേശങ്ങളൊന്തൊക്കെയാണ്? വിശുദ്ധ ഖുർആനിൽ സർവ്വജ്ഞനായ അല്ലാഹു വ്യക്തമാക്കുന്നതുപോലെ, നമ്മുടെ ദേശീയ വംശീയ പശ്ചാത്തലങ്ങൾ ഒരു തരത്തിലുള്ള മേന്മയും മഹത്ത്വവും ഒരു പ്രദേശത്തിനും പകർന്നു നൽകുന്നില്ല.* അവയെ തിരിച്ചറിയാനുള്ള ഉപാധി മാത്രമാണ് അത്തരം ചിഹ്നങ്ങൾ.

എല്ലാ ജനതയും തുല്യാവകാശങ്ങളുമായാണ് ജന്മം കൊള്ളുന്നതെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. തന്റെ ഒടുവിലത്തെ പ്രഭാഷണത്തിൽ മുഹമ്മദ് നബി(സ) ഒരറബിക്ക് അനറബിയുടെ മേലോ ഒരനറബിക്ക് അറബിയുടെ മേലോ പ്രത്യേകമായ ഒരു മേന്മയുമില്ലെന്നു പ്രഖ്യാപിക്കുകയുണ്ടായി. ഒരു വെള്ളക്കാരന് കാപ്പിരിയുടെ മേലോ ഒരു കറുത്ത വർഗ്ഗക്കാരന് വെളുത്ത വർഗ്ഗക്കാരന്റെ മേലോ ഒരു തരത്തിലുള്ള മേന്മയും അവകാശപ്പെടാനില്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. ഇസ്‌ലാമികാദ്ധ്യാപനമനുസരിച്ച് എല്ലാ ദേശവാസികളും സമന്മാരാകുന്നു. യാതൊരു പക്ഷപാതവും പ്രത്യേക പരിഗണനയും കൂടാതെ എല്ലാവർക്കുമുള്ളതാണ് മനുഷ്യാവകാശങ്ങൾ. രാഷ്ട്രങ്ങൾ തമ്മിലും വിവിധ ദേശീയതകൾ തമ്മിലും സൗഹാർദ്ദവും ഒരുമയും വളർത്തിയെടുത്ത് ലോക സമാധാന യജ്ഞം വിജയിപ്പിക്കേണ്ട മാർഗ്ഗമിതു തന്നെയാണ്.

ഇന്നാണെങ്കിൽ, പ്രബല രാഷ്ട്രങ്ങളും ദുർബല രാഷ്ട്രങ്ങളും വേർതിരിഞ്ഞു വർത്തിക്കുകയാണ്. ഉദാഹരണമായി, ഐക്യരാഷ്ട്ര സഭയിൽ രാജ്യങ്ങൾക്കിടയിൽ വേർതിരിവുണ്ട്. സെക്യൂരിറ്റി കൗൺസിലിൽ സ്ഥിരാംഗങ്ങളും താൽക്കാലികാംഗങ്ങളുമുണ്ട്. ഈ വേർതിരിവ് ഐക്യത്തിനു പകരം അനൈക്യവും അവിശ്വാസവുമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ തുല്യതാ നിഷേധത്തിന്നെതിരെ പ്രതിഷേധ ശബ്ദങ്ങളുയരുന്നത് നാമിടക്കിടെ കേൾക്കുന്നു. ഇങ്ങനെയുള്ള എല്ലാ അസമത്വങ്ങളും ഇസ്‌ലാം നിരാകരിക്കു

* അദ്ധ്യായം 49 സൂക്തം 14

ന്നു. അതു കേവല നീതിയും സമത്വവുമാണ് പ്രഖ്യാപിക്കുന്നത്. അഞ്ചാം അധ്യായം മൂന്നാം വചനത്തിൽ വിശുദ്ധ ഖുർആൻ ഇതു സംബന്ധിച്ചുള്ള നിർദ്ദേശം നൽകുന്നു. ശത്രുതയും വിദ്വേഷവും വെച്ചു പുലർത്തുന്നവർക്കു നേരെയും നീതിയും സമത്വസമീപനവും കൈക്കൊള്ളാനാണീ വചനം ആവശ്യപ്പെടുന്നത്. ആർ എവിടെ വെച്ചു നന്മയിലേക്ക് നിങ്ങളെ ക്ഷണിക്കുന്നുവോ, അപ്പോൾ അവിടെ വെച്ചു തന്നെ ആ ക്ഷണം നിങ്ങൾ സ്വീകരിക്കുക എന്ന മഹത്തായ പാഠമാണിത് നൽകുന്നത്. അതേ പോലെ ആർ എവിടെ വെച്ചു നിങ്ങളെ തിന്മയിലേക്കും അന്യായ കൃത്യങ്ങളിലേക്കും പ്രേരിപ്പിക്കുന്നുവോ അതിനെ അപ്പോൾ തന്നെ നിരസിക്കുക എന്ന കൽപ്പനയുമാണുള്ളത്.

ഇസ്‌ലാം വിഭാവന ചെയ്യുന്ന നീതിയുടെ നിലവാരമെന്താണ്? വിശുദ്ധ ഖുർആൻ നാലാം അദ്ധ്യായം 136-ാം വചനം ആവശ്യപ്പെടുന്നത്, നീതിയും സത്യവും സംരക്ഷിക്കാൻ നിങ്ങൾ നിങ്ങൾക്കു തന്നെ എതിരായും നിങ്ങൾ സ്നേഹിക്കുന്നവർക്കെതിരായും സ്വന്തം മാതാപിതാക്കൾക്കെതിരായും നിലകൊള്ളേണ്ടി വന്നാൽ പോലും അങ്ങനെ ചെയ്യാൻ ഒട്ടും മടിക്കരുതെന്നാണ്. പ്രബലരായ സമ്പന്ന രാഷ്ട്രങ്ങൾ പാവപ്പെട്ട ദുർബ്ബല രാഷ്ട്രങ്ങളുടെ അവകാശങ്ങൾ ഹനിച്ചു കൊണ്ട് സ്വാർത്ഥ താൽപര്യ സംരക്ഷണം നടത്തരുത്. അന്യായമായ പെരുമാറ്റവും അരുത്. ദുർബ്ബല രാഷ്ട്രങ്ങൾ അവസരം ലഭിക്കുമ്പോൾ സമ്പന്ന വൻകിട രാഷ്ട്രങ്ങൾക്കെതിരെ നീക്കങ്ങൾ നടത്തുകയുമരുത്. പകരം ഇരുവിഭാഗവും നീതിന്യായ തത്ത്വങ്ങൾ ദീക്ഷിച്ചു കൊണ്ടു പ്രവർത്തിക്കേണ്ടതാകുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള സൗഹൃദം നിലനിർത്താൻ ഇത് അനുപേക്ഷണീയമത്രേ.

രാഷ്ട്രങ്ങൾക്കിടയിൽ സമാധാനം നിലനിർത്താനുള്ള മറ്റൊരു നിബന്ധന വിശുദ്ധ ഖുർആൻ പതിനഞ്ചാം അദ്ധ്യായം 89-ാം വചനത്തിൽ അവതരിപ്പിക്കുന്നു. ഒരു കക്ഷിയും മറ്റുള്ളവരുടെ സമ്പത്തിനെയും വിഭവങ്ങളെയും അസൂയാപൂർവ്വം വീക്ഷിക്കരുതെന്നതാണത്. അതുപോലെത്തന്നെ, ഒരു രാജ്യവും മറ്റൊരു രാജ്യത്തെ സഹായിക്കുകയോ പിന്തുണയ്ക്കുകയോ ചെയ്യുന്നുവെന്ന കപടനാട്യത്തോടെ അവരുടെ വിഭവങ്ങൾ ചൂഷണം ചെയ്യാൻ മുതിരരുത്. സാങ്കേതിക വിദ്യാജ്ഞാനം നൽകുന്നുവെന്ന അവകാശവാദത്തോടെ മറ്റു രാജ്യങ്ങളെ അന്യായമായ വ്യാപാരക്കരാറുകളിലൂടെയും മറ്റും ചൂഷണം ചെയ്യരുത്. വികസ്വര രാജ്യങ്ങൾക്കു വിദഗ്ധ സാങ്കേതിക സഹായങ്ങൾ നൽകുന്നുവെന്ന കാരണം കാട്ടി അവരുടെ പ്രകൃതിവിഭവങ്ങൾ ചൂഷണവിധേയമാക്കുകയുമരുത്. ഏതു രാജ്യങ്ങൾക്കാണോ മേൽപറഞ്ഞ തരത്തിലുള്ള സഹായം ആവശ്യമായിട്ടുള്ളത്, അതു സ്വാർത്ഥലാഭേച്ഛ കൂടാതെ നൽകപ്പെ

ടേണ്ടതാണ്. കഴിഞ്ഞ ആറോ ഏഴോ ദശാബ്ദങ്ങൾക്കിടയിൽ ഐക്യരാഷ്ട്ര സംഘടന ദരിദ്ര രാഷ്ട്രങ്ങളെ അഭിവൃദ്ധിയിലേക്ക് നയിക്കാൻ പല പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യുകയുണ്ടായി. വികസ്വര രാഷ്ട്രങ്ങളുടെ പ്രകൃതി വിഭവങ്ങൾ ഇതിലേക്കായി ഉപയോഗപ്പെടുത്താനും ശ്രമങ്ങളുണ്ടായി. എന്നാൽ വികസിത രാഷ്ട്രങ്ങളോടൊപ്പമെത്താൻ വികസ്വര രാഷ്ട്രങ്ങൾക്കു സാധ്യമായിട്ടില്ല. ഇതിനുള്ള ഒരു കാരണം അവികസിത രാജ്യങ്ങളിൽ നിലവിലുള്ള വ്യാപകമായ അഴിമതിയാണ്. ഖേദപൂർവ്വം ഞാൻ പറയട്ടെ, വികസിത രാജ്യങ്ങൾ ഇതിൽ നിന്നും മുതലെടുപ്പ് നടത്തിയിട്ടുണ്ട്. വ്യാപാര ഉടമ്പടികളിലും അന്താരാഷ്ട്ര സഹായനിധികളിലുമൊക്കെത്തന്നെ തട്ടിപ്പുകൾ നടക്കുന്നുണ്ട്. ഇതുകാരണം അസ്വസ്ഥരും അതൃപ്തരുമായ ദരിദ്ര സമൂഹങ്ങൾ ആ രാജ്യങ്ങളിൽ ആഭ്യന്തര കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. വികസ്വര രാജ്യങ്ങളിലെ അസംതൃപ്ത സമൂഹങ്ങൾ സ്വന്തം നേതാക്കൾക്കെതിരെയും വൻകിട രാഷ്ട്രങ്ങൾക്കെതിരെയും തിരിയുകയാണ്. ഇത് ഭീകരവാദ സംഘങ്ങൾക്ക് മുതലെടുക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. അവരുടെ വിദ്വേഷത്തിലധിഷ്ഠിതമായ പ്രത്യയ ശാസ്ത്രത്തെ പിന്തുണക്കാനും ആളുകളെ പ്രേരിപ്പിക്കുന്നു. ഇതിന്റെയെല്ലാം അന്തിമ ഫലം ലോകസമാധാനം തകരുക എന്നുള്ളതു തന്നെയാണ്.

ഇസ്‌ലാം സമാധാനത്തിനായുള്ള വിവിധ മാർഗ്ഗങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേവല നീതിയാണ് അതിന്റെ അടിസ്ഥാന തത്ത്വം. സത്യത്തിൽ അധിഷ്ഠിതമാണ് അതിന്റെ സാക്ഷ്യങ്ങൾ. മറ്റുള്ളവരുടെ സമ്പത്തിലേക്കും ആസ്തികളിലേക്കും ദൃഷ്ടികൾ പായിച്ച് അസ്വസ്ഥരാകാതിരിക്കാൻ ഇസ്‌ലാം നമ്മോട് ആവശ്യപ്പെടുന്നു. വികസിത രാജ്യങ്ങൾ നിക്ഷിപ്ത താൽപര്യങ്ങൾ മാറ്റിവെച്ചു കൊണ്ട് പാവപ്പെട്ട അവികസിത രാഷ്ട്രങ്ങളെ സഹായിക്കാൻ നിസ്വാർത്ഥമായും സത്യസന്ധമായും മുന്നോട്ടു വരേണ്ടതുണ്ട്. ഈ തത്ത്വങ്ങൾ പാലിക്കപ്പെടുന്നതിലൂടെ മാത്രമേ യഥാർത്ഥ സമാധാനം സ്ഥാപിതമാവുകയുള്ളൂ.

മേൽപറഞ്ഞ ആശയങ്ങൾ തിരസ്കരിച്ചു കൊണ്ട് ഏതെങ്കിലും ഒരു രാജ്യം മറ്റൊരു രാജ്യത്തെ കടന്നാക്രമിക്കുകയാണെങ്കിൽ, അവിടുത്തെ വിഭവങ്ങളെ അന്യായമായി കൈവശപ്പെടുത്തുകയാണെങ്കിൽ, മറ്റു രാഷ്ട്രങ്ങളുടെ കൂട്ടായ കടമയാണ് അക്രമി രാജ്യത്തെ തടയുക എന്നത്. എന്നാൽ അവിടെയും നീതി സൂക്ഷ്മമായിത്തന്നെ സംരക്ഷിക്കപ്പെടണം.

വിശുദ്ധ ഖുർആനിലെ 49–ാം അധ്യായത്തിൽ* അക്രമി രാജ്യത്തെ നി

* അദ്ധ്യായം 49 സൂക്തം 14

ലക്ക് നിർത്തേണ്ട സംവിധാനത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. രണ്ട് രാഷ്ട്രങ്ങൾ തമ്മിൽ വഴക്കുണ്ടാവുകയും ഇത് ഒരു യുദ്ധത്തിലേക്ക് നയിക്കുകയുമാണെങ്കിൽ മറ്റു ലോക ഭരണകൂടങ്ങൾ ഈ രാഷ്ട്രങ്ങളെ സംവാദത്തിലേക്കും ചർച്ചകളിലേക്കും നയതന്ത്രപൂർവ്വം ക്ഷണിക്കേണ്ടതാണ്. അങ്ങനെ സമവായത്തിലധിഷ്ഠിതമായ ഒരു ഒത്തുതീർപ്പ് കലഹിക്കുന്ന രണ്ടു രാജ്യങ്ങൾ തമ്മിലും ഉണ്ടാക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതാണ്. അങ്ങനെ ഉണ്ടാക്കുന്ന ഒത്തുതീർപ്പ് ഒരു കക്ഷി ലംഘിക്കുകയും അത് യുദ്ധം പ്രഖ്യാപിക്കുകയും ചെയ്യുകയാണെങ്കിൽ മറ്റുള്ള രാജ്യങ്ങൾ ഒറ്റക്കെട്ടായി നിന്ന് അക്രമി രാജ്യത്തോടു യുദ്ധം ചെയ്ത് അതിനെ അക്രമത്തിൽ നിന്നും പിന്തിരിപ്പിക്കേണ്ടതാണ്. അങ്ങനെ അക്രമി രാഷ്ട്രം പരാജയപ്പെടുകയും ഒത്തുതീർപ്പിന് സന്നദ്ധമാവുകയും ചെയ്താൽ മറ്റെല്ലാ കക്ഷികളും സമാധാന സംസ്ഥാപനത്തിനു വിട്ടുവീഴ്ചകൾ ചെയ്തു രഞ്ജിപ്പിനു തയ്യാറാകേണ്ടതാണ്.

കടുത്തതും ന്യായപൂർവ്വമല്ലാത്തതുമായ നിബന്ധനകൾ കീഴടങ്ങിയ കക്ഷിയുടെ മേൽ അടിച്ചേൽപ്പിക്കരുത്. അങ്ങനെ ചെയ്താൽ, കാലക്രമേണ അത് അസ്വസ്ഥതയും പ്രതിഷേധവും വിളിച്ചു വരുത്തും. അസ്വസ്ഥത കുഴപ്പത്തിലേക്ക് നയിക്കുകയും ചെയ്യും. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഒരു മൂന്നാം കക്ഷിയായി സമാധാനത്തിനു ശ്രമിക്കുന്ന ഏതൊരു ഭരണകൂടവും ആത്മാർത്ഥതയും നിഷ്പക്ഷതയും അടിസ്ഥാനമാക്കി പ്രവർത്തിക്കേണ്ടതാണ്.

സമാധാനത്തിനു വേണ്ടി ശ്രമിക്കുന്ന രാഷ്ട്രങ്ങൾ സ്വാർത്ഥതയും സ്ഥാപിത താൽപര്യങ്ങളും ഉപേക്ഷിക്കേണ്ടത് നിർബന്ധമാണ്. കലഹത്തിലേർപ്പെടുന്ന രാജ്യങ്ങളെ ഒരു തരത്തിലും മറ്റു രാജ്യങ്ങൾ ചൂഷണം ചെയ്യരുത്. ഒരു രാജ്യത്തിന്റെയും പ്രകൃതി വിഭവങ്ങളിൽ കണ്ണും നട്ടുകൊണ്ട് സമാധാന ശ്രമങ്ങൾ നടത്തുകയുമരുത്. അന്താരാഷ്ട്ര ബന്ധങ്ങൾ മെച്ചപ്പെടുത്താൻ തടസ്സമാകുന്ന എല്ലാ അനാവശ്യ നിയന്ത്രണങ്ങളും ഒഴിവാക്കേണ്ടതാണ്.

സമയപരിമിതി പരിഗണിച്ചു കൊണ്ട് വളരെ ചുരുങ്ങിയ നിലയിലാണ് ഞാനീ കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്. ചുരുക്കത്തിൽ, നമ്മൾ ലോക സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ, വ്യക്തിപരവും പ്രാദേശികവുമായിട്ടുള്ള എല്ലാ നിക്ഷിപ്ത താൽപര്യങ്ങളും മാറ്റിവെച്ചു കൊണ്ടു മാത്രമേ പ്രവർത്തിക്കാവൂ. ലോക നന്മയ്ക്കു വേണ്ടി നാം ഇത് അനുഷ്ഠിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം, പ്രത്യേകം ചേരികളും സഖ്യങ്ങളും ഉടലെടുക്കുകയും കുഴപ്പങ്ങൾക്ക് അറുതി വരുന്നതിന് പകരം അവ വർധിക്കുകയും ചെയ്യുന്ന

താണ്. ഒടുവിൽ അത് ഭീമമായ നാശത്തിലേക്കു നയിക്കുകയും ചെയ്യും. ഈ കെടുതികളുടെയും യുദ്ധത്തിന്റെയും പ്രത്യാഘാതങ്ങൾ നിരവധി തലമുറകളോളം നിലനില്ക്കുന്നതാണ്. അതുകൊണ്ട്, ലോകത്തിലെ ഏറ്റവും വൻശക്തിയെന്ന നിലയിൽ ഐക്യനാടുകൾ, ഞാൻ വിവരിച്ചതു പോലെ, യഥാർത്ഥമായ നീതിയോടും സദുദ്ദേശ്യത്തോടും കൂടി പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് വഹിക്കണം. അങ്ങനെ ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ മഹത്തായ പരിശ്രമങ്ങൾ ലോകം എപ്പോഴും അഭിനന്ദനത്തോടെ സ്മരിക്കുന്നതായിരിക്കും.

**വീണ്ടും വീണ്ടും ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു.**

ഞങ്ങളുടെ പതിവനുസരിച്ച്, പരിപാടിയുടെ അവസാനത്തിൽ സാധാരണ ഗതിയിൽ ഞങ്ങൾ നിശ്ശബ്ദ പ്രാർത്ഥന നടത്തും. അങ്ങനെ ഞാൻ പ്രാർത്ഥിക്കുന്നതും അഹ്മദികൾ അതിൽ പങ്കു ചേരുന്നതുമാണ്. ഞങ്ങളുടെ അതിഥികളായ നിങ്ങളേവർക്കും നിങ്ങളുടെ രീതിയിൽ പ്രാർത്ഥിക്കാം.

**വിവർത്തനം: പ്രൊഫസർ എം.മുഹമ്മദ്**



# സമാധാനത്തിന്റെ താക്കോൽ ആഗോളഐക്യം

---

**യൂറോപ്യൻ പാർലിമെന്റ്**
**ബ്രസ്സൽസ്, ബൽജിയം, 2012**





Ḥaḍrat Khalīfatul-Masīḥ V[aba] being welcomed by Martin Schulz, President of European Parliament




His Holiness leading silent prayer at conclusion of the European Parliament event.
Seated to his right: Dr. Charles Tannock (MEP-UK), left: Rafiq Hayat (National Amir AMA UK)




Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V[aba] delivers the keynote address at the European Parliament event





Press Conference with Ḥaḍrat Khalīfatul-Masīḥ V[aba] at European Parliament. Seated with His Holiness is Dr. Charles Tannock (MEP-UK and Chair of European Parliament Friends of Ahmadiyya Muslims Group)



Tunne Kelam (MEP Estonia & Vice-Chair of European Parliament Friends of Ahmadiyya Muslims Group) meeting with His Holiness



Phil Bennion (MEP West Midlands and member of European Parliament's South Asia Delegation) meeting with His Holiness



# ആമുഖം

2012 ഡിസംബർ 3,4 തീയതികളിൽ വാഗ്ദത്ത മസീഹി(അ)ന്റെ അഞ്ചാം ഖലീഫയും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോള നേതാവുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ബ്രസ്സൽസിൽ സ്ഥിതി ചെയ്യുന്ന യൂറോപ്യൻ പാർലിമെന്റ് (ബൽജിയം) സന്ദർശിക്കുകയും 30 രാജ്യങ്ങളിൽ നിന്നുള്ള 350 അംഗങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് ചരിത്രപ്രധാനമായ ഒരു പ്രസംഗം നടത്തുകയും ചെയ്തു. ഈ പരിപാടി സംഘടിപ്പിച്ചത് ഫ്രൻസ് ഓഫ് അഹ്മദിയ്യാ മുസ്ലിം എന്ന സംഘടനയായിരുന്നു. ഇതിന്റെ അദ്ധ്യക്ഷൻ യു.കെ പ്രതിനിധി ഡോ. ചാൾസ് ടാനക് ആണ്. വിവിധ കക്ഷികളിൽ നിന്നുള്ള യൂറോപ്യൻ പാർലിമെന്റംഗങ്ങൾ ഉൾക്കൊള്ളുന്ന ഈ സംഘടന അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ താൽപര്യങ്ങൾ യൂറോപ്പിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സംരക്ഷിക്കാനായി നിലകൊള്ളുന്നു. പാർലിമെന്റംഗങ്ങളും മറ്റു പ്രമുഖ വ്യക്തികളുമായി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹൂ..) ഈ സന്ദർഭത്തിൽ കൂടിക്കാഴ്ചകൾ നടത്തി. തിരുമനസ്സ് കൂടിക്കാഴ്ച നടത്തിയവരിൽ താഴെ പറയുന്നവരും ഉൾപ്പെടുന്നു.

*Dr. Charles Tannock (MEP-UK)*—Member of the European

Parliament Foreign Affairs Committee, Member of the Sub-Committee on Human Rights, Vice-Chair of the Parliamentary Delegation for relations with the NATO Parliamentary Assembly and Chair of the European Parliament Friends of Ahmadiyya Muslims Group.

*Tunne Kelam (MEP-Estonia)*—Member of the European Parliament's Foreign Affairs Committee, the Sub-Committee on Security and Defence and Vice-Chair of the European Parliament Friends of Ahmadiyya Muslims Group.

*Claude Moraes (MEP-UK)*—Vice-Chair of the Delegation for Relations with the Arab Peninsula, Member of the Committee on Civil Liberties, Justice and Home Affairs, Deputy Leader of the European Parliamentary Labour Party and Vice-Chair of the European Parliament Friends of Ahmadiyya Muslims Group.

*Barbara Lochbihler (MEP-Germany)*—Chair of the European Parliament Sub-Committee on Human Rights.

*Jean Lambert (MEP-UK)*—Chair of the European Parliament South Asia Delegation.

*Phil Bennion (MEP-UK)*—Member of the European Parliament South Asia Delegation and Chairman of the LibDem European Group.

ഡിസംബർ നാലിന് യൂറോപ്യൻ പാർലിമെന്റിൽ ഹുസൂർ പ്രഭാഷണം നടത്തുന്നതിന് മുമ്പ് ഒരു സാർവദേശീയ പത്രസമ്മേളനം യൂറോപ്യൻ

പാർലിമെന്റ് പ്രസ്സ് റൂമിൽ വെച്ച് നടക്കുകയുണ്ടായി. 40 മിനിറ്റ് നീണ്ടു നിന്ന പത്രസമ്മേളനത്തിൽ യു.കെ, സ്പെയിൻ, ഫ്രാൻസ്, ബെൽജിയം, പാകിസ്താൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പത്രപ്രവർത്തകരുടെയും മറ്റു മാധ്യമ പ്രതിനിധികളുടെയും ചോദ്യങ്ങൾക്ക് ഹുസൂർ മറുപടി നൽകി. ലോകത്ത് ഇസ്‌ലാമിന് ഇന്ന് ചെയ്യാനുള്ള കാര്യങ്ങളെക്കുറിച്ചു ചോദിച്ച ബി.ബി.സി. പ്രതിനിധിയോട് ഹുസൂർ ഇങ്ങനെ പറഞ്ഞു: "ഇസ്‌ലാമിന്റെ സമാധാന സന്ദേശം സാർവ്വലൗകികമാണ്. ഇത് കാരണമാണ് 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്ന ആദർശവാക്യം ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്." സ്പാനിഷ് മാധ്യമങ്ങളിൽ നിന്നുള്ള ഒരു ചോദ്യത്തിനുത്തരമായി എല്ലാ പ്രധാന മതങ്ങളും അവയുടെ സ്വച്ഛരൂപത്തിൽ സമാധാന സന്ദേശം തന്നെയാണ് പ്രചരിപ്പിക്കുന്നതെന്നും അതുകൊണ്ടു തന്നെയാണ് യഥാർത്ഥ മുസ്‌ലിംകൾ എല്ലാ പ്രവാചകരിലും വിശ്വസിക്കുന്നതെന്നും ഹുസൂർ പറഞ്ഞു. ദൈവത്തിന്റെ ഏകത്വമാണ് ഓരോ പ്രവാചകനും പ്രബോധിച്ചത്. മാൾടയിൽ നിന്നുള്ള ഒരു പത്രപ്രതിനിധിയുടെ ചോദ്യത്തിനുള്ള ഉത്തരമായി അഹ്മദി മുസ്‌ലിംകളുടെ കർത്തവ്യം, മാനവരാശിയെ ദൈവത്തോടടുപ്പിക്കുകയും ലോക ജനതയെ അവർക്ക് പരസ്പരമുള്ള അവകാശങ്ങളെക്കുറിച്ച് ബോധവത്കരിക്കുകയുമാണെന്ന് ഹുസൂർ പ്രസ്താവിച്ചു.

പ്രധാനപരിപാടി നിറഞ്ഞ സദസ്സിനു മുന്നിൽ നടത്തപ്പെട്ടു. യൂറോപ്യൻ പാർലിമെന്റിലെ അഹ്മദിയ്യാ മുസ്‌ലിം സുഹൃദ്സംഘത്തിന്റെ അധ്യക്ഷനും ഉപാദ്ധ്യക്ഷൻമാരും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദി(അയ്യദഹു) നെ വേദിയിലേക്ക് ക്ഷണിച്ചു. യൂറോപ്യൻ പാർലിമെന്റിന്റെ അധ്യക്ഷനായ മാർട്ടിൻ ഷുൾസ് എം.ഇ.പി ഹുസൂറുമായി കൂടിക്കാഴ്ച നടത്താൻ പ്രത്യേക സന്ദർശനം നടത്തി.

ഹുസൂറിന്റെ മുഖ്യ പ്രഭാഷണത്തിന് മുമ്പ് ഒട്ടേറെ യൂറോപ്യൻ പാർലിമെന്റ് അംഗങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അവതരിപ്പിക്കുന്ന ഇസ്‌ലാമിന്റെ സമാധാന പ്രബോധനത്തെ പ്രശംസിച്ചു കൊണ്ട് സംസാരിച്ചു.

അഹ്മദിയ്യാ മുസ്‌ലിം ഗ്രൂപ്പിന്റെ യൂറോപ്യൻ പാർലിമെന്റ് സുഹൃദ് സംഘം അദ്ധ്യക്ഷനായ ഡോ. ചാൾസ് ടാനക് എം.ഇ.പി. പറഞ്ഞു: 'ലോകത്ത് സഹിഷ്ണുതയുടെ സ്വാഗതാർഹമായ മാതൃകയാണ് അഹ്മദി മുസ്‌ലിംകൾ.'

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവായ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു) ചെയ്ത ചരിത്രപ്രധാനമായ മുഖ്യ പ്രഭാഷണം ഞങ്ങളിവിടെ അവതരിപ്പിക്കുകയാണ്.

## *സമാധാനത്തിന്റെ താക്കോൽ*
## *ആഗോളഐക്യം*

*ബിസ്മില്ലാഹിറഹ്മാനി റഹീം-* പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

വിശിഷ്ടാതിഥികളേ, *അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറ കാത്തുഹു.* അല്ലാഹുവിൽ നിന്നുള്ള സമാധാനവും അനുഗ്രഹാശിസ്സുകളും നിങ്ങളിലേവരിലുമുണ്ടാകട്ടെ.

ആദ്യമായി യൂറോപ്യൻ പാർലിമെന്റിൽ നിങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് സംസാരിക്കാൻ എനിക്കവസരം ഒരുക്കിയ ഇതിന്റെ സംഘാടകർക്ക് ഞാൻ നന്ദി പറയുന്നു. ഇവിടെ സമ്മേളിക്കാൻ വിവിധ രാജ്യങ്ങളിൽ നിന്ന് പ്രയാസങ്ങൾ സഹിച്ച് എത്തിച്ചേർന്ന പ്രതിനിധികളെയും മറ്റ് അതിഥികളെയും ഞാൻ നന്ദിപൂർവ്വം സ്മരിക്കട്ടെ.

അഹ്മദിയ്യാ മുസ്ലിം ജമാഅത്തുമായി സമൂഹതലത്തിലും വ്യക്തിതല ത്തിലും ബന്ധപ്പെട്ടിട്ടുള്ളവർക്കെല്ലാം ഒരു കാര്യം ബോധ്യപ്പെട്ടിരിക്കും, ഒരു സമൂഹമെന്ന നിലയിൽ അഹ്മദികൾ സമാധാന സംസ്ഥാപനത്തിലേക്കും ലോക സുരക്ഷയിലേക്കും ജനശ്രദ്ധ ക്ഷണിച്ചു കൊണ്ടിരുന്നിട്ടുണ്ട് എന്ന്. ഞങ്ങളുടെ പരിധിയിൽ നിന്നു കൊണ്ട് ഈ ലക്ഷ്യപ്രാപ്തിക്കായി ഞങ്ങൾ തീർച്ചയായും പൂർണ്ണ പരിശ്രമം നടത്തുന്നു.

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവനെന്ന നിലയിൽ സന്ദർഭം കിട്ടുമ്പോഴൊക്കെത്തന്നെ ഞാൻ ഇതിനെപ്പറ്റി സംസാരിക്കുന്നു.

സമാധാനത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും ആവശ്യകതയെക്കുറിച്ച് ഞാൻ സംസാരിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് കൊണ്ടുവന്ന ഏതെങ്കിലും പുതിയ അദ്ധ്യാപനം കാരണമായല്ല എന്നതാണ് വസ്തുത. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ ആഗമനോദ്ദേശ്യങ്ങളിലൊന്ന്, സമാധാന പ്രതിഷ്ഠയും രഞ്ജിപ്പുണ്ടാക്കലും തന്നെയാണെങ്കിലും യഥാർത്ഥത്തിൽ ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളുടെയും ഉറവിടം ഇസ് ലാം മതസ്ഥാപകരായ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ അദ്ധ്യാപനങ്ങളാകുന്നു.

പരിശുദ്ധ നബിയുടെ ആഗമനശേഷം 1400 വർഷങ്ങൾ കടന്നു പോയപ്പോഴേക്കും നബി(സ) യുടെ പരിപാവനങ്ങളായ പാഠങ്ങൾ മുസ്‌ലിംകളിൽ ഭൂരിപക്ഷവും വിസ്മരിച്ചുകളഞ്ഞുവെന്നത് ദൗർഭാഗ്യകരമാണ്. യഥാർത്ഥ ഇസ്‌ലാമിനെ പുനരുദ്ധരിക്കുന്നതിനു വേണ്ടിയാണ് സർവ്വശക്തനായ ദൈവം അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യെ നിയോഗിച്ചത്. ഈ നിയോഗമാകട്ടെ, ഇസ്‌ലാം മത പ്രവാചകനായ തിരുനബി(സ) യുടെ പ്രവചനമനുസരിച്ചുമായിരുന്നു. ഞാൻ സമാധാനത്തെക്കുറിച്ചും ലോക ഐക്യത്തെക്കുറിച്ചുമുള്ള ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെ അധികരിച്ച് സംസാരിക്കുമ്പോൾ നിങ്ങൾ ഇത് മനസ്സിൽ കരുതേണ്ടതാണ്.

'സമാധാനത്തിനും' 'സുരക്ഷയ്ക്കും' ബഹുമുഖങ്ങളാണ് ഉള്ളത്. ഓരോ വശത്തിനും അതിന്റേതായ പ്രാധാന്യവുമുണ്ട്. അതേ സമയം അവ ഓരോന്നും തന്നെ മറ്റു വശവുമായി കൂട്ടിയിണക്കപ്പെട്ടിരിക്കുന്നുവെന്നത് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നു. ഉദാഹരണത്തിന്, സമൂഹത്തിൽ സമാധാനം നിലനിർത്താനുള്ള അടിസ്ഥാനശില കുടുംബത്തിനകത്ത് ശാന്തിയും ഐക്യവും നിലനിർത്തലാണ്. ഒരു വീട്ടിലെ സമാധാനാന്തരീക്ഷം പരിമിതമല്ല. അത് ആ പ്രദേശത്തിന്റെ സമാധാനാന്തരീക്ഷത്തെ സ്വാധീനിക്കുന്നതാണ്.

വീട് കുഴപ്പങ്ങളുടെ ആസ്ഥാനമാണെങ്കിൽ അത് നിലനിൽക്കുന്ന പ്രദേശവും കുഴപ്പങ്ങൾ നിറഞ്ഞതായി മാറും. ഒരു നഗരമോ, പട്ടണമോ മുഴു രാജ്യത്തിന്റെയും സമാധാനത്തിന് ഭംഗം വരുത്തിയേക്കാം. ഇതേ പോലെ, ഒരു രാഷ്ട്രത്തിന്റെ ക്രമസമാധാന നില മുഴുലോകത്തെയും അനുകൂലമായോ പ്രതികൂലമായോ സ്വാധീനിക്കാനിടയുണ്ട്. അതുകൊണ്ടു സമാധാനത്തിന്റെ ഏതെങ്കിലും ഒരു വശത്തെ സ്പർശിച്ചുകൊണ്ട് സംസാരിക്കുകയാണെങ്കിൽ തന്നെ അതിന്റെ പരിധി വികസിച്ചുകൊണ്ടു പോകുന്നതാണ്. ഇത് സമാധാനത്തിന്റെ അഭാവത്തെക്കുറിച്ചു സംസാരിക്കുമ്പോഴും നമുക്ക് അനു

ഭവപ്പെട്ടേക്കാം. പരിമിതമായ സമയത്തിനുള്ളിൽ വിശാലമായ ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടാണിത്. ഏതായാലും, ഈ കാര്യ ത്തിൽ ഇസ്‌ലാം നൽകുന്ന യഥാർത്ഥ പാഠത്തെക്കുറിച്ച് അവയുടെ ചില വശങ്ങളിലൂന്നിക്കൊണ്ട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇസ്‌ലാമിനെതിരെ ഒട്ടുവളരെ ആക്ഷേപങ്ങൾ ആധുനിക ലോകത്ത് ഉന്നയിക്കപ്പെട്ടിരിക്കുന്നു. ലോകത്തുണ്ടാകുന്ന പല സംഘർഷങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണം മതമാണെന്നും ആരോപിക്കപ്പെട്ടിട്ടുണ്ട്. ആരോ പണങ്ങൾ ഒട്ടേറെയുണ്ടെങ്കിലും 'ഇസ്‌ലാം' എന്ന പദത്തിനർത്ഥം 'സമാധാ നമെന്നും', 'സുരക്ഷ'യെന്നുമാണെന്നതിന് തർക്കമില്ല. കൂടാതെ, സമാധാന സംസ്ഥാപനം എങ്ങനെ കൈവരുത്താം എന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശ ങ്ങൾ ഇസ്‌ലാം നൽകിയിട്ടുണ്ട്. ഇസ്‌ലാമിന്റെ യഥാർത്ഥവും സമാധാനപര വുമായ അദ്ധ്യാപനങ്ങളുടെ ചിത്രം നിങ്ങളുടെ മുമ്പിലവതരിപ്പിക്കുന്നതിനു മുമ്പായി ആനുകാലിക ലോകത്തിന്റെ അവസ്ഥയെക്കുറിച്ച് തെല്ലൊന്ന് പ രാമർശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

ലോകത്തിന്റെ ഇന്നത്തെ അവസ്ഥാവിശേഷത്തെക്കുറിച്ച് നിങ്ങൾക്ക് നല്ല പോലെ അറിയാമെന്ന് എനിക്കുറപ്പുണ്ടെങ്കിലും സമാധാനത്തെയും ഐക്യത്തെയും കുറിച്ചുള്ള ഇസ്‌ലാമിക പഠനങ്ങൾ ഞാൻ വിവരിക്കു മ്പോൾ ഇന്നത്തെ വിഷമാവസ്ഥ ചിന്തക്ക് വിഷയീഭവിക്കേണ്ടതാണ്. ഇന്ന് ലോകം ഒരു ആഗോള ഗ്രാമമായിത്തീർന്നിരിക്കുന്നുവെന്ന് നമ്മൾ മനസ്സിലാ ക്കുന്നു. വിവിധ മാർഗ്ഗേണ നാം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. അവ ആധുനിക യാത്രാ സൗകര്യങ്ങളോ, മാധ്യമങ്ങളോ, ഇന്റർനെറ്റോ മറ്റെന്തെങ്കിലും മാർഗ്ഗമോ ആവാം. ഇതു കാരണം, ലോക രാജ്യങ്ങൾ മുമ്പത്തേക്കാൾ തൊട്ടടുത്ത അയൽപക്കക്കാരായി മാറിയിട്ടുണ്ട്. വിവിധ വർഗ്ഗങ്ങളും മതങ്ങളും ദേശീ യതകളും ഒന്നിച്ചു കഴിഞ്ഞുകൂടാനുള്ള സാഹചര്യം സംജാതമായിരിക്കു ന്നു. ഒട്ടേറെ രാജ്യങ്ങളിൽ വിദേശങ്ങളിൽ നിന്നും വന്ന കുടിയേറ്റക്കാരുണ്ട്. അവർ ഈ രാജ്യങ്ങളുമായി അലിഞ്ഞു ചേർന്നിരിക്കുകയാണ്. ഗവൺമെന്റു കളോ തദ്ദേശവാസികളായ ജനങ്ങളോ വിചാരിച്ചാൽ ഈ കുടിയേറ്റക്കാരെ അവിടങ്ങളിൽ നിന്നും അകറ്റിനിർത്തുക പ്രയാസകരമെന്നല്ല, സാധ്യവുമല്ല. കുടിയേറ്റത്തിന് കർശനമായ നിബന്ധനകളേർപ്പെടുത്താനും അതുവഴി കുടിയേറ്റങ്ങൾ കുറച്ചുകൊണ്ടുവരാനുമുള്ള ശ്രമങ്ങൾ ലോകത്തിന്റെ പലഭാ ഗങ്ങളിലും നടക്കുന്നുണ്ടെങ്കിലും ഒരു രാജ്യത്തിലെ പൗരൻമാർ മറ്റൊരു രാജ്യത്തിൽ പ്രവേശിക്കുന്നതും അവിടെ താമസിക്കുന്നതും സർവ്വസാധാര ണമായിരിക്കുന്നു. നിയമവിരുദ്ധമായ കുടിയേറ്റം ശരിയല്ലെന്നു സമ്മതിക്കാ മെങ്കിലും തക്കതായ കാരണങ്ങൾ കൊണ്ടു കുടിയേറാൻ നിർബന്ധിതരാ

വുന്നവരെ സഹായിക്കാൻ ചില അന്തർദേശീയ നിയമങ്ങൾ നിലവിലുണ്ട്.

കൂട്ട കുടിയേറ്റങ്ങൾ കാരണമായി പല രാജ്യങ്ങളിലും അസ്വസ്ഥതകളും ഉൽക്കണ്ഠയും വ്യാപിക്കുന്നു. ഇതിനുള്ള ഉത്തരവാദിത്തം കുടിയേറ്റക്കാരിലും തദ്ദേശജനതയിലും നിക്ഷിപ്തമാണ്. ചിലപ്പോൾ കുടിയേറ്റക്കാർ തദ്ദേശവാസികളുമായി ഇണങ്ങിച്ചേരാതെ സംഘർഷങ്ങൾ സൃഷ്ടിക്കുകയും മറ്റു ചിലപ്പോൾ തദ്ദേശികളായ ജനസമൂഹം അവരുടെ അസഹിഷ്ണുതയും വിശാല മനസ്കതയുടെ അഭാവവും കൊണ്ട് രംഗം വഷളാക്കുകയും ചെയ്യുന്നു. വെറുപ്പും വിദ്വേഷവും അപകടകരമായ നിലയിലേക്ക് തിളച്ചു പൊങ്ങുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഇസ്‌ലാമിനെതിരെയുള്ള വിദ്വേഷത്തിനും ശത്രുതക്കും കാരണം കുടിയേറ്റക്കാരായ ചില മുസ്‌ലിം വിഭാഗങ്ങളുടെ നിഷേധാത്മകമായ പെരുമാറ്റമാണ്. അതുകൊണ്ട് മുസ്‌ലിംകൾ തങ്ങളുടെ രാജ്യത്തിന്റെ ഭാഗമാണെന്ന് ജർമ്മൻ ഭരണാധികാരി പറയുമ്പോൾ, യു.കെ പ്രധാനമന്ത്രി മുസ്‌ലിംകൾ അവർ താമസിക്കുന്ന രാജ്യങ്ങളിൽ ഉദ്ഗ്രഥിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുന്നു. മറ്റു ചില രാജ്യങ്ങളിലെ നേതാക്കൾ മുസ്‌ലിംകൾക്ക് താക്കീതുകൾ നൽകിക്കൊണ്ടിരിക്കുന്നു. സംഘർഷങ്ങളുടെ അവസ്ഥ മോശമാവുകയല്ലെങ്കിൽ ചുരുങ്ങിയ പക്ഷം ഉത്കണ്ഠാജനകമാണ്. കാര്യങ്ങൾ കൈവിട്ടുപോവുകയും സമാധാനം അപകടത്തിലാവുകയും ചെയ്തേക്കാം. ഇതിന്റെ പ്രത്യാഘാതം പാശ്ചാത്യ ലോകത്ത് ഒതുങ്ങുകയില്ല. ലോകമൊട്ടുക്കും, പ്രത്യേകിച്ച് മുസ്‌ലിം രാഷ്ട്രങ്ങളിൽ ഇതിന്റെ അനുരണനങ്ങൾ ഉണ്ടാവുക തന്നെ ചെയ്യും. പാശ്ചാത്യ പൗരസ്ത്യ രാജ്യങ്ങൾ തമ്മിലുള്ള ബന്ധം ഏറെ മോശമാവുകയും ചെയ്യും. അതുകൊണ്ട് സമാധാനം വളർത്തിയെടുക്കാനും സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനും എല്ലാ വിഭാഗങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. രാജ്യങ്ങൾ പരസ്പര ആദരവും പരിഗണനയും വളർത്തുന്ന തരത്തിലുള്ള നയങ്ങൾക്ക് രൂപം നൽകാൻ ഗവൺമെന്റുകൾ തയ്യാറാകണം. മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുകയും അവർക്ക് ഏതെങ്കിലും ദോഷം വരുത്തുകയും ചെയ്യുന്നത് നിയമം കൊണ്ടു തന്നെ നിരോധിക്കേണ്ടതാണ്.

കുടിയേറ്റക്കാർ അവർ ചെന്നു ചേരുന്ന രാജ്യത്തിലെ നിവാസികളുമായി സമന്വയിക്കാൻ തയ്യാറായിക്കൊണ്ടുവേണം അവിടെ പ്രവേശിക്കുന്നത്. അതേ സമയം, തദ്ദേശവാസികൾ സഹിഷ്ണുതാപൂർവ്വം കുടിയേറ്റക്കാരുടെ നേരെ ഹൃദയം തുറക്കണം. അതിലുപരി, മുസ്‌ലിംകൾക്കെതിരിൽ ചില നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തിയതു കൊണ്ടു മാത്രം സമാധാനം സ്ഥാപിക്കാനാവുകയില്ല. അവ കൊണ്ടു മാത്രം ജനങ്ങളുടെ മനസ്സും വീക്ഷ

ണങ്ങളും മാറ്റാൻ സാധിക്കില്ല. ഇത് മുസ്‌ലിംകൾക്ക് മാത്രമുള്ള പ്രത്യേക തയല്ല. മതമോ വിശ്വാസമോ കാരണമായി ഒരു വ്യക്തിയെ അടിച്ചമർത്തുമ്പോൾ നിഷേധാത്മകമായ പ്രതികരണമാണുണ്ടാവുക. അതുമുഖേന കൂടുതൽ സമാധാനഭംഗമാണുണ്ടാവുക. ഞാൻ പറഞ്ഞതു പോലെ, പല രാജ്യങ്ങളിലും സംഘർഷങ്ങൾ വർധിച്ചു കൊണ്ടിരിക്കുന്നു, പ്രത്യേകിച്ച് തദ്ദേശവാസികളും മുസ്‌ലിം കുടിയേറ്റക്കാരും തമ്മിൽ. രണ്ട് വിഭാഗങ്ങളും അസഹിഷ്ണുതയും സമന്വയിക്കാനുള്ള സങ്കോചവുമാണ് പ്രകടിപ്പിക്കുന്നത്. യൂറോപ്യൻ നേതൃത്വം ഈ യാഥാർത്ഥ്യം മനസ്സിലാക്കി മതകാര്യത്തിൽ പരസ്പര ആദരവും സഹിഷ്ണുതയും വളർത്തിയെടുക്കാൻ തയ്യാറാകണം. യൂറോപ്യൻ രാജ്യങ്ങളും മുസ്‌ലിം രാഷ്ട്രങ്ങളും തമ്മിൽ സന്മനോഭാവം വളർത്തിക്കൊണ്ടുവരാൻ ഇത് അത്യാവശ്യമത്രേ. അതിലൂടെ മാത്രമേ ലോക സമാധാനം സംരക്ഷിക്കാനാവുകയുള്ളൂ.

നിലവിലുള്ള സംഘർഷങ്ങൾക്കും വിഭാഗീയതയ്ക്കും കാരണം മതവിശ്വാസവും ആശയ ഭിന്നതകളും മാത്രമാണെന്നു ഞാൻ കരുതുന്നില്ല. അത് പാശ്ചാത്യരാജ്യങ്ങളും മുസ്‌ലിം രാജ്യങ്ങളും തമ്മിലുള്ള വ്യത്യസ്തതയുടെ പ്രശ്നവുമല്ല. കാരണം, സാമ്പത്തിക മാന്ദ്യം അഥവാ കടക്കെണി ഇല്ലാതിരുന്നപ്പോൾ ആരും തന്നെ കുടിയേറ്റ പ്രശ്നം ചർച്ചാവിഷയമാക്കിയിരുന്നില്ല. കുടിയേറ്റക്കാർ മുസ്‌ലിംകളോ അമുസ്‌ലിംകളോ ആഫ്രിക്കൻ വംശജരോ ആരുമാകട്ടെ, ഇതൊരു പ്രശ്നമായി ആരും കണ്ടിരുന്നില്ല. ഇപ്പോൾ സാഹചര്യം വ്യത്യസ്തമാണ്. എല്ലാറ്റിന്റെയും കാരണം അതാണ്. യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളെപ്പോലും ഇതു ബാധിച്ചിരിക്കുന്നു. മറ്റു യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങൾ വർധിച്ചു വരികയാണ്. നിരാശാജനകമായ ഈ അവസ്ഥ എല്ലായിടത്തും ദൃശ്യമാണ്.

യൂറോപ്യൻ യൂണിയൻ ജന്മം കൊണ്ടത് ആശാവഹമായ ഒരു തുടക്കമത്രേ. അത് ഒരു മുഴു ഭൂഖണ്ഡത്തെയും ഐക്യപ്പെടുത്തിയിരിക്കുന്നു. ഈ ഐക്യം നിലനിർത്താനും അഭിവൃദ്ധിപ്പെടുത്താനും നിങ്ങളാലാകുന്നതൊക്കെ ചെയ്യണം. അന്യോന്യം അവകാശങ്ങൾ വകവെച്ചു കൊടുത്തു കൊണ്ട് ജനമനസ്സിലുള്ള സംശയങ്ങളും ഭയപ്പാടുകളും ദൂരീകരിക്കണം. ഓരോ സമൂഹത്തെയും സംരക്ഷണ വലയത്തിൽ കൊണ്ടുവരാനായി അവ ഓരോന്നിന്റെയും ന്യായമായ അവകാശങ്ങളും ആവശ്യങ്ങളും അംഗീകരിക്കണം.

യൂറോപ്പിന്റെ ശക്തി യൂറോപ്യൻ ജനത ഒന്നിക്കുന്നതിലാണ് നിലനിൽക്കുന്നത് എന്നും ഓർക്കേണ്ടതാണ്. അങ്ങനെയുള്ള ഒരു ഐക്യം ഇവിടെ യൂറോപ്പിൽ മാത്രമല്ല, നിങ്ങളുടെ ശക്തിയും സ്വാധീനവും നിലനി ർത്താൻ ആഗോള തലത്തിൽത്തന്നെ ഉപകരിക്കുന്നതാണ്. ഇസ്‌ലാമിക വീക്ഷണത്തിൽ,

ലോകമാകെ തന്നെ ഐക്യപ്പെടേണ്ടതുണ്ട്. നാണയ വിനിമയത്തിലും സ്വത ന്ത്ര വ്യാപാരക്രമങ്ങളിലും ലോകം ഒന്നിക്കേണ്ടതാണ്. സഞ്ചാര സ്വാതന്ത്ര്യ ത്തിലും കുടിയേറ്റ നയങ്ങളിലുമെല്ലാം തന്നെ ലോകത്ത് പരസ്പരാശ്രയാടി സ്ഥാനത്തിൽ പ്രായോഗികമായ നയങ്ങൾ പോഷിപ്പിക്കപ്പെടണം. അങ്ങനെ ലോകം ഐക്യത്തിലാവണം. ചുരുക്കത്തിൽ, രാജ്യങ്ങൾ പരസ്പരം സഹ കരണം തേടിക്കൊണ്ട് വിഭാഗീയതയെ ഐക്യം കൊണ്ട് നേരിടണം. ഇത്തരം നടപടികൾ കൈക്കൊണ്ടാൽ നി ലവിലുള്ള സംഘർഷം അവസാ നിക്കുമെന്നു വ്യക്തമാവും. ഇതിനു വേണ്ടി ഓരോ രാഷ്ട്രവും ന്യായവും ന ീതിയും അനുസരിച്ച് ഉത്തരവാദിത്വ ബോധത്തോടെ പ്രവർത്തിക്കേണ്ടിയി രിക്കുന്നു. ഇസ്‌ലാമികാദ്ധ്യാപനമാണിതെങ്കിലും, ഖേദകരമെന്നു പറയട്ടെ, ഇസ്‌ലാമിക രാജ്യങ്ങളിൽ ഈ ഐക്യബോധം ഇന്ന് നിലനിൽക്കുന്നില്ല. അവരുടെ ആന്തരിക പ്രശ്നങ്ങൾ പരിഹരിക്കാനും ആവശ്യങ്ങൾ നിറവേ റ്റാനും മേൽപറഞ്ഞ ഐക്യബോധം മുസ്‌ലിം രാജ്യങ്ങളിലുണ്ടായിരുന്നെ ങ്കിൽ അവർക്ക് ഇന്നത്തെപ്പോലെ പാ ശ്ചാത്യ സഹായം തേടേണ്ടി വരുമാ യിരുന്നില്ല.

ഇനി ഞാൻ നീണാൾ നിലനിൽക്കുന്ന ലോക സമാധാനത്തിനായി ഇസ് ലാം നൽകുന്ന പാഠങ്ങളെക്കുറിച്ച് പറയാം. അടിസ്ഥാനപരമായി ഇസ് ലാം നിർദ്ദേശിക്കുന്നത്, ഒരു മുസ്‌ലിമിന്റെ നാവിൽ നിന്നും കൈകളിൽ നി ന്നും സമാധാന പ്രേമികളായ മറ്റുള്ളവർ സുരക്ഷിതരായിരിക്കണം എന്നാ ണ്. ഇത് നബി(സ) തിരുമേനി ഒരു മുസ്‌ലിമിന് നൽകിയ നിർവ്വചനം കൂടി യാണ്. അടിസ്ഥാനപരവും മനോഹരവുമായ ഈ തത്ത്വം കേട്ട ശേഷം എന്തെങ്കിലും ആരോപണമോ ആക്ഷേപമോ ഇസ്‌ലാമിനെതിരിൽ ഉന്നയി ക്കാൻ പറ്റുമോ?. തീർച്ചയായും ഇല്ല. നാവും കൈകളും കൊണ്ട് അനീതി യും വിദ്വേഷവും സമൂഹത്തിൽ പരത്തുന്നവർ ശിക്ഷിക്കപ്പെടണമെന്നാണ് ഇസ്‌ലാമിന്റെ നിലപാട്. ദേശീയ തലം തൊട്ട് ആഗോള തലം വരെ എല്ലാ കക്ഷികളും ഈയൊരു സുവർണ്ണ തത്ത്വത്തിലൊതുങ്ങി നിന്നിരുന്നുവെ ങ്കിൽ മതപരമായ കുഴപ്പമുണ്ടാവില്ലെന്നും കണ്ടെത്തും. രാഷ്ട്രീയ സംഘട്ട നങ്ങളോ അത്യാഗ്രഹത്തിലധിഷ്ഠിതമായ കുഴപ്പമോ അധികാരം നേടാനു ള്ള ആഗ്രഹമോ ഉണ്ടാവുകയില്ല. യഥാർത്ഥ ഇസ്‌ലാമിക തത്ത്വങ്ങൾ പാലി ക്കപ്പെടുകയാണെങ്കിൽ രാജ്യങ്ങൾക്കകത്ത് ജനങ്ങൾ മറ്റുള്ളവരുടെ അവ കാശങ്ങളും വികാരങ്ങളും സംരക്ഷിക്കുകയും സർക്കാരുകൾ തങ്ങളുടെ പൗരൻമാരെ സംരക്ഷിക്കുകയും ചെയ്യും. അന്തർദേശീയരംഗത്താകട്ടെ, ഓരോ രാജ്യവും മറ്റു രാജ്യങ്ങളുമായി യഥാർത്ഥ സഹതാപത്തിന്റെയും അനുകമ്പയുടെയും ആത്മാവോടെ ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും

ചെയ്യും. ഇസ്‌ലാമിൽ മറ്റൊരു മുഖ്യതത്ത്വമാണ്, സമാധാന പ്രവർത്തനങ്ങ ളിൽ എല്ലാ കക്ഷികളും അഹങ്കാരവും ധാർഷ്ട്യവും പരിപൂർണ്ണവുമായി വർജ്ജിക്കണമെന്നത്. പരിശുദ്ധ പ്രവാചകന്റെ (സ.അ) പ്രശസ്ത പ്രസ്താ വനയാണ്, ഒരു കറുത്ത മനുഷ്യന് വെളുത്തവന്റെ മേലോ വെളുത്തവന് കറുത്തവന്റെ മേലോ യാതൊരു മേന്മയുമില്ലെന്നത്. യൂറോപ്യൻമാർക്കും ആഫ്രിക്കൻ വംശജർക്കും ലോകത്ത് മറ്റെവിടെയുമുള്ള ജനതതികൾക്കും ഈ തത്ത്വം ബാധകമാണ്. ഉദാഹരണത്തിന്, നിങ്ങൾക്കിപ്പോൾ നിങ്ങ ളുടെ സമ്പദ്ഘടന അഭിവൃദ്ധി പ്രാപിക്കണമെന്നുണ്ടെങ്കിൽ അന്തർദേശീയ വ്യാപാരവുമായി സഹകരിക്കാൻ നിങ്ങൾ തയ്യാറാകേണ്ടി വരും. കഴിഞ്ഞ ചില വർഷങ്ങളായി ലോകം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി എല്ലാ രാജ്യങ്ങളെയും ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് ഇന്ന് രാജ്യങ്ങൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനുള്ള ഉത്തമ ദൃഷ്ടാന്ത മാണ്. ശാസ്ത്രത്തിലും മറ്റു വിജ്ഞാന രംഗങ്ങളിലും പുരോഗതി നേടാൻ രാജ്യങ്ങൾക്ക് അന്യോന്യ സഹകരണം അനിവാര്യമായിത്തീർന്നിരിക്കുന്നു.

സർവ്വശക്തനായ ദൈവം ആഫ്രിക്കയിലും യൂറോപ്പിലും ഏഷ്യയിലും മറ്റിടങ്ങളിലുമുള്ള ജനങ്ങൾക്ക് ബുദ്ധിപരമായ മഹത്തായ കഴിവുകൾ ന ല്കിയിട്ടുണ്ട്. ഈ ജനസഞ്ചയങ്ങൾ ദൈവദത്തമായ അവരുടെ കഴിവുകൾ മനുഷ്യരാശിയുടെ പൊതു ഉന്നമനത്തിന് വിനിയോഗിക്കുമെങ്കിൽ ലോകം സമാധാന ഗേഹമായി പരിവർത്തിക്കപ്പെടുന്നതാണ്. എന്നിരിക്കിലും, വിക സിത രാഷ്ട്രങ്ങൾ അവികസിത-വികസ്വര രാഷ്ട്രങ്ങളുടെ വളർച്ചയെയും പുരോഗതിയെയും തടസ്സപ്പെടുത്തുമാറ് അവിടങ്ങളിലുള്ള ധൈഷണിക പ്ര തിഭകൾക്ക് അവസരങ്ങൾ നിഷേധിക്കുകയാണെങ്കിൽ ഉത്കണ്ഠ വ്യാപി ക്കുകയും സാർവ്വദേശീയ സമാധാനത്തിനും സുരക്ഷക്കും തിരിച്ചടികൾ നേ രിടുകയും ചെയ്യുമെന്നതിൽ സംശയമില്ല.

സമാധാനം കൈവരുത്തുവാൻ ഇസ്‌ലാം നിർദ്ദേശിക്കുന്ന മറ്റൊരു തത്ത്വം, ആരുടെയും അവകാശങ്ങൾ കവർന്നെടുക്കരുതെന്നും ആരുടെ യും നേരെ അന്യായം പ്രവർത്തിക്കരുതെന്നുമാണ്. നമ്മുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നതു നാം അംഗീകരിക്കാത്തതു പോലെത്തന്നെ മറ്റു ള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നതും അംഗീകരിക്കപ്പെടാവതല്ല. ഒരു കുറ്റത്തിനുള്ള പ്രതികാര നടപടി ആ കുറ്റത്തെ കവച്ചുവെക്കുന്ന തരത്തി ലുള്ളതാവരുത് എന്നതും ഇസ്‌ലാമിന്റെ പാഠമാണ്. പൊറുത്തു കൊടുക്കു ന്നതു കൊണ്ടും മാപ്പു നൽകുന്നതു കൊണ്ടും പരിഷ്ക്കരണം സാധ്യമാവു മെങ്കിൽ അതാണ് ഇസ്‌ലാമിക ദൃഷ്ട്യാ സ്വീകാര്യം. ആത്യന്തിക ലക്ഷ്യം എപ്പോഴും പരിഷ്ക്കരണത്തിലൂന്നിയ ഒത്തുതീർപ്പുകളും സ്ഥായിയായ

സമാധാന സ്ഥാപനവുമായിരിക്കണം. എന്നാൽ, ഇന്നെന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്?. ആരെങ്കിലും ഒരു തെറ്റോ അന്യായമോ ചെയ്യുകയാണെങ്കിൽ ആ തെറ്റുകുറ്റങ്ങളുടെ മാനങ്ങൾ അതിർ കടന്നുകൊണ്ടുള്ള ശിക്ഷകളാണ് നൽകപ്പെടുന്നത്.

മേൽപറഞ്ഞ സ്ഥിതിവിശേഷമാണ് ഇസ്രായേലും പലസ്തീനും തമ്മിലുള്ള സംഘർഷങ്ങൾ ദിനംപ്രതി വഷളാക്കിക്കൊണ്ടിരിക്കുന്നത്. സിറിയ, ലിബിയ, ഈജിപ്ത് എന്നീ രാജ്യങ്ങളിൽ നിലനിൽക്കുന്ന അവസ്ഥകൾ അതീവ ക്ഷോഭത്തോടെയും ഗൗരവത്തോടും കൂടിയാണ് വൻ ശക്തികൾ വീക്ഷിക്കുകയും അവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനങ്ങൾ നടത്തുകയും ചെയ്യുന്നത്. ആ രാജ്യങ്ങളിലെ ആഭ്യന്തരപ്രശ്നങ്ങളാണവയെന്ന് വാദിക്കപ്പെടാവുന്നതാണ്. ഇത്തരത്തിലുള്ള ഉത്കണ്ഠയോ അനുകമ്പയോ പലസ്തീൻ ജനത അനുഭവിക്കുന്ന യാതനകളിൽ ഇവർ പ്രകടമാക്കുന്നില്ല. ഈ ഇരട്ടത്താപ്പ് നയം മുസ്ലിം രാജ്യങ്ങൾക്ക് വൻ ശക്തികളോട് അടക്കവയ്യാത്ത പ്രതിഷേധ വികാരങ്ങളാണ് സംജാതമാക്കിയിട്ടുള്ളത്. ഈ ശത്രുതാമനോഭാവവും ക്ഷോഭവും അത്യന്തം ആപത്കരമാണ്. ഏതു നിമിഷവും അത് ലോകസമാധാനം തകർത്തെറിയുന്ന ഒരു സ്ഫോടനത്തിൽ കലാശിച്ചേക്കും. അതിന്റെ ഫലം എന്തായിരിക്കും? ഇത് വികസ്വര രാജ്യങ്ങളെ എങ്ങനെയായിരിക്കും ബാധിക്കുക?. ഇങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം എന്റെ പക്കലും മറ്റാരുടെ പക്കലും ഇല്ല. ഉത്തരം ദൈവസമക്ഷത്തിലാണ് ഇരിക്കുന്നത്. ഒരു കാര്യം ഉറപ്പാണ്, ലോകസമാധാനം നിശ്ചയമായും തകർക്കപ്പെടും.

ഒരു കാര്യം ഞാൻ വ്യക്തമാക്കട്ടെ. ഞാൻ ഏതെങ്കിലും ഒരു രാജ്യത്തെ പിന്താങ്ങിക്കൊണ്ടോ അനുകൂലിച്ചു കൊണ്ടോ അല്ല സംസാരിക്കുന്നത്. ക്രൂരതയുടെ എല്ലാ പ്രകടനങ്ങളും, അത് പലസ്തീനിൽ നിന്നാവട്ടെ, ഇസ്രായേലിൽ നിന്നാവട്ടെ അല്ലെങ്കിൽ മറ്റേതെങ്കിലും ജനതയിൽ നിന്നാവട്ടെ, വളർന്നു പന്തലിച്ചു വരുന്നത് തടയപ്പെടേണ്ടതാണ്. അവ വ്യാപിക്കാൻ അനുവദിക്കപ്പെട്ടാൽ വെറുപ്പിന്റെ തീജ്വാലകൾ ലോകത്തെ ആകമാനം ഗ്രസിക്കുന്നതാണ്. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയെ പുറംതള്ളിക്കൊണ്ട് സർവ്വനാശത്തിന്റെ ഭയാനകമായ പൊട്ടിത്തെറികളാണ് സർവ്വരെയും വലയം ചെയ്യുക. നമുക്ക് ഊഹിക്കാൻ വയ്യാത്തത്ര ജീവനാശവും വിഭവനാശവുമായിരിക്കും അനന്തരഫലം.

രണ്ടാം ലോകയുദ്ധത്തിൽ നിന്നും വൻനാശങ്ങളിലൂടെ അനുഭവപാഠങ്ങൾ സ്വീകരിച്ച യൂറോപ്യൻ രാജ്യങ്ങൾക്ക് ലോകത്തെ ഇനിയും ഒരു സർവ്വനാശത്തിൽ നിന്നും രക്ഷപ്പെടുത്താനുള്ള പ്രത്യേക ഉത്തരവാദിത്തമു

ണ്ട്. നീതിയുടെ നിബന്ധനകൾ നിറവേറ്റിക്കൊണ്ട് യൂറോപ്യൻ രാജ്യങ്ങൾ അവരുടെ ഉത്തരവാദിത്തം ഏറ്റെടുക്കണം. നേരും നെറിയും അനുസരിച്ച് എല്ലായ്പ്പോഴും ഏത് കാര്യത്തിനും കർമ്മനിരതരാകാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. പക്ഷപാതപരമായി ഒരു കക്ഷിയോടും പെരുമാറാതിരിക്കാനാണ് അതാവശ്യപ്പെടുന്നത്. ഈ തത്ത്വം അന്തർദേശീയ സമൂഹം അംഗീകരിക്കുന്നതിലൂടെ മാത്രമേ സമാധാനം സംസ്ഥാപിതമാവുകയുള്ളൂ.

ഐക്യരാഷ്ട്ര സഭയിലെ അംഗരാജ്യങ്ങൾ, യൂറോപ്യൻ യൂണിയനിൽ നിന്ന് പ്രയോജനമെടുക്കുന്ന രാജ്യങ്ങൾ, വൻശക്തികളുടെ സ്വാധീനത്തിന് കീഴിലുള്ള രാജ്യങ്ങൾ, അല്ലെങ്കിൽ അവികസിത രാജ്യങ്ങളിൽ പോലും ഇതംഗീകരിക്കുന്നതിലൂടെ മാത്രമേ സമാധാനം സ്ഥാപിതമാവുകയുള്ളൂ.

അതേ പോലെ, ഐക്യരാഷ്ട്രസഭയിലെ വീറ്റോ അധികാരമുള്ള രാഷ്ട്രങ്ങൾ അവരുടെ ഉത്തരവാദിത്തം വേണ്ടവിധം മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്. അവർ ചോദ്യം ചെയ്യപ്പെടുന്ന ഒരു സംവിധാനം തന്നെ നിലവിൽ വരണം. ഞാൻ ഒരു പടികൂടി കടന്നു പറയട്ടെ, വീറ്റോ അധികാര പ്രയോഗം സമാധാന സംസ്ഥാപനത്തിന് ഒരു വലിയ പ്രതിസന്ധിയായി ത്തീർന്നിരിക്കുകയാണ്. രാജ്യങ്ങൾക്കിടയിൽ ഇത് അനാരോഗ്യകരമായ വിവേചനത്തിനിട വരുത്തിയിട്ടുണ്ട്. അമേരിക്കയിലെ രാഷ്ട്രീയനേതാക്കളെയും നയതന്ത്രജ്ഞരെയും അഭിസംബോധന ചെയ്തുകൊണ്ട് കാപ്പിറ്റൽ ഹില്ലിൽ സംസാരിച്ചപ്പോഴും ഈ കാര്യം ഞാൻ എടുത്തു പറയുകയുണ്ടായി. ഐക്യരാഷ്ട്ര സഭയുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ വീറ്റോ അധികാരം മിക്കപ്പോഴും മർദ്ദിതരെയും ശരി ചെയ്യുന്നവരെയും സഹായിക്കാനല്ല പ്രയോഗിച്ചിട്ടുള്ളതെന്നു കാണാം. മറിച്ച്, ക്രൂരതയെ പിന്തുണക്കാനും സഹായിക്കാനുമാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. ഇത് ഗോപ്യമായൊരു സംഗതിയല്ല. പലരും ഇതിനെക്കുറിച്ച് തുറന്നു പറയുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്.

ഇസ്‌ലാമിന്റെ മറ്റൊരു മനോഹരമായ അധ്യാപനമാണ്, സമൂഹ നന്മയ്ക്കു വേണ്ടി ഒരാൾ തന്റെ കോപം അടക്കിവെക്കണമെന്നത്. സത്യത്തിന്റെയും നീതിയുടെയും തത്ത്വങ്ങൾക്കുപരി അത് നിലനില്ക്കാൻ അനുവദിച്ചുകൂടാ. ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രം ഈയൊരു തത്ത്വദീക്ഷക്ക് നിദർശനമാണ്. തത്ത്വലംഘനം നടത്തിയവർ പ്രവാചകന്റെ കഠിനമായ അധിക്ഷേപത്തിന് വിധേയരായിട്ടുമുണ്ടായിരുന്നു. എന്നിട്ടും ദൗർഭാഗ്യകരമെന്നു പറയട്ടെ, ഇന്ന് പലപ്പോഴും സ്ഥിതി അതല്ല. സൈന്യസന്നാഹങ്ങളും സൈനികരും അവരുടെ നിർദ്ദിഷ്ട കടമയായ സമാധാനപാലനമല്ല പലപ്പോഴും അന്യരാജ്യങ്ങളിൽ ചെന്ന് നിർവ്വഹിക്കുന്നത്. ചില രാജ്യങ്ങളിൽ

വിദേശ സൈനികർ തങ്ങളുടെ ഇരകളായിത്തീരുന്ന തദ്ദേശീയരുടെ മൃത ദേഹങ്ങളോടു പോലും എത്രയും ജുഗുപ്സാവഹമായും ഭയാനകവുമായ രീതിയിലാണ് പെരുമാറിയിട്ടുള്ളത്. ഇങ്ങനെയാണോ സമാധാനം കൈവ രുത്തുക?.

മേൽപറഞ്ഞ തരത്തിലുള്ള കാടത്തരം അതിന് വിധേയമായ രാജ്യങ്ങ ളിൽ മാത്രമല്ല, ലോകമെമ്പാടും തന്നെ പ്രതിഷേധങ്ങൾക്ക് കാരണമാകു ന്നു. മുസ്‌ലിംകളോട് കാണിക്കപ്പെടുന്ന ഈ ക്രൂരതകൾക്ക് തീവ്രവാദികളാ ണ് തിരിച്ചടികളുമായി രംഗത്തു വരുന്നത്. അവരാകട്ടെ, ലോകസമാധാനം തകർക്കുന്ന ഘടകങ്ങളായി മാത്രമേ പ്രവർത്തിക്കുകയുള്ളൂ. ഇസ്‌ലാമിക ആദർശങ്ങളല്ല തീവ്രവാദികളെ നയിക്കുന്നതെന്നോർക്കണം. ഇസ്‌ലാം പ ഠിപ്പിക്കുന്നത്, മർദ്ദിതരെയും മർദ്ദകരെയും സഹായിക്കുന്ന ഒരു നയം സ്വീക രിക്കണമെന്നാണ്. അതായത്, മർദ്ദിതർക്ക് നീതി ലഭ്യമാക്കിക്കൊണ്ടും മർദ്ദകരെ അനീതിയിൽ നിന്ന് തടഞ്ഞുകൊണ്ടും. ഈ പരിപാവനമായ കർത്തവ്യം എല്ലാത്തരം സ്വാർത്ഥ താൽപര്യങ്ങളിൽ നിന്നും ശത്രുതയിൽ നിന്നും തികച്ചും മുക്തമത്രേ. എല്ലാവർക്കും തുല്യമായ വേദിയും അവസ രവും നല്കിക്കൊണ്ടേ സമാധാനം സ്ഥാപിക്കാനാവൂ. ലോകസമാധാനം ലക്ഷ്യമാക്കിക്കൊണ്ടുള്ള മറ്റൊരു അദ്ധ്യാപനം കൂടി സമയപരിമിതി പരിഗ ണിച്ചു കൊണ്ട് ഇവിടെ പരാമർശിക്കട്ടെ. അന്യരുടെ സമ്പത്തും വിവഭങ്ങളും അസൂയയോടെ വീക്ഷിക്കരുതെന്നുള്ളതാണത്. മറ്റുള്ളവരുടെ ധനവും വസ്തുവകകളും പിടിച്ചെടുക്കാനുള്ള ശ്രമമാണ് മിക്കപ്പോഴും സമാധാന ഭംഗം ഉണ്ടാക്കുന്നത്. സമ്പന്ന രാഷ്ട്രങ്ങൾ അവികസിത രാജ്യങ്ങളുടെ സമ്പത്തും വിഭവങ്ങളും ചൂഷണം ചെയ്തു തുടങ്ങുമ്പോഴാണ് സമാധാന ലംഘനവും അസ്വസ്ഥതകളും പടരുന്നത്. സമ്പന്ന വികസിത രാഷ്ട്രങ്ങൾ പാവപ്പെട്ട അവികസിത രാജ്യങ്ങളെ അവയുടെ സ്വന്തം വിഭവങ്ങൾ പ്രയോ ജനപ്പെടുത്തിക്കൊണ്ട് വികസിക്കാനുള്ള സഹായ സഹകരണങ്ങളാണ് ന ൽകേണ്ടത്. അപ്പോൾ മാത്രമേ ലോക സമാധാനത്തിന് അതൊരു സംഭാ വനയായിത്തീരുകയുള്ളൂ. ആ രാഷ്ട്രങ്ങളിലെ നേതാക്കൾ സത്യസന്ധരാ ണെങ്കിൽ, പാശ്ചാത്യ രാഷ്ട്രങ്ങൾക്ക് അഥവാ വികസിത രാജ്യങ്ങൾക്ക് സ്വയം തന്നെ ഈ രാജ്യങ്ങൾക്ക് സഹായം നല്കിക്കൊണ്ട് രാജ്യവിക സനത്തിനു വേണ്ടി മുൻകയ്യെടുക്കാനും സംഘടിക്കാനും സാധ്യമാവും. നിരവധി മറ്റു കാര്യങ്ങളും എനിക്ക് പറയാനുണ്ടെങ്കിലും സമയപരിമിതി കണക്കിലെടുത്തുകൊണ്ട് ഞാൻ പറഞ്ഞതു പോലെ, കുറച്ചു കാര്യങ്ങൾ മാത്രമായി ഞാൻ ചുരുക്കുകയാണ്. തീർച്ചയായും, ഞാൻ വിശദീകരിച്ച കാര്യങ്ങളെല്ലാം യഥാർത്ഥ ഇസ്‌ലാമികാദ്ധ്യാപനങ്ങളെ പ്രതിനിധാനം

ചെയ്യുന്നു. ഞാൻ പറഞ്ഞ കാര്യങ്ങൾ തന്നെ അടിസ്ഥാനമാക്കിക്കൊണ്ട് നിങ്ങൾക്കൊരു ചോദ്യം ഉന്നയിക്കാവുന്നതാണ്. അതിനാൽ അതു പറയാൻ എന്നെ അനുവദിക്കുക. യഥാർത്ഥ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ ഈ പറഞ്ഞതൊക്കെത്തന്നെയാണെങ്കിൽ പിന്നെ എന്തുകൊണ്ടാണ് മുസ്‌ലിം ലോകത്ത് ഇത്രയേറെ ഭിന്നതകളും ക്രമരാഹിത്യവും നമ്മൾ കാണുന്നത്?. ഇതിനുള്ള ഉത്തരം ഞാൻ നേരത്തെത്തന്നെ നൽകിയിട്ടുണ്ട്. അത് ഒരു ലോക പരിഷ്ക്കർത്താവിന്റെ ആവശ്യകതയെക്കുറിച്ചുള്ളതാണ്. അഹ്‌മദിയ്യാ പ്രസ്ഥാന സ്ഥാപകർ ആ ലോക പരിഷ്കർത്താവാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം അവതരിപ്പിച്ച യഥാർത്ഥ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കാനായി ഞങ്ങൾ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ അദ്ധ്യാപനങ്ങളെക്കുറിച്ചുള്ള അവബോധം നിങ്ങളിലും നിങ്ങൾക്ക് സ്വാധീനമുള്ള വൃത്തങ്ങളിലും ജനിപ്പിക്കുവാൻ ശ്രമിക്കുക. അങ്ങനെ ലോകത്തിന്റെ എല്ലാ കോണുകളിലും സമാധാനം നിലനിൽക്കുമാറാകട്ടെ.

ഈ ഉദ്യമത്തിൽ നമ്മൾ പരാജിതരാവുകയാണെങ്കിൽ ഭയാനകവും വിനാശകരവുമായ ഒരു യുദ്ധത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്ന് ലോകം സുരക്ഷിതമായിരിക്കുകയില്ല. സർവ്വശക്തനായ ദൈവത്തോട് ഞാൻ പ്രാർത്ഥിക്കുന്നു, ജനതകൾ അവരുടെ സ്വാർത്ഥതാൽപര്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അതീതമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ലോകത്തെ വൻനാശത്തിൽ നിന്നും രക്ഷപ്പെടുത്തുമാറാകട്ടെ. പാശ്ചാത്യ വികസിത രാഷ്ട്രങ്ങളുടെ കൈയ്യിലാണ് ഇന്ന് ഏറ്റവുമധികം അധികാര സ്വാധീനങ്ങളിരിക്കുന്നത്. അതുകൊണ്ടു തന്നെ മറ്റാരേക്കാളുമേറെ നിങ്ങളാണ് ഈ വിഷയത്തിൽ ശ്രദ്ധാലുക്കളാകേണ്ടത്. ഇത് മറ്റുള്ളവരേക്കാൾ, നിങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത കർത്തവ്യമാണ്. നിർണ്ണായകപ്രാധാന്യമുള്ള ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അവസാനമായി ഇവിടെ വന്ന് ഞാൻ പറഞ്ഞ കാര്യങ്ങൾ ശ്രവിക്കാൻ നിങ്ങൾ കാണിച്ച സന്മനസ്സിന് ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾക്കെന്റെ അകൈതവമായ നന്ദി.

**വിവർത്തനം: പ്രൊഫസർ എം.മുഹമ്മദ്**




# മുസ്‌ലിംകൾക്ക് പാശ്ചാത്യ സമൂഹങ്ങളുമായി സമന്വയം സാധ്യമാണോ?

---

**ബൈത്തുർ റശീദ് മോസ്ക്**
**ഹാംബർഗ്, ജർമ്മനി, 2012**





Ḥaḍrat Mirza Masroor Ahmad, Khalīfatul-Masīḥ V[aba] delivers the keynote address at Baitur-Rasheed Mosque






FRIEDEN
FREIHEIT
LOYALITÄT
15



## *മുസ്‌ലിംകൾക്ക് പാശ്ചാത്യ സമൂഹങ്ങളുമായി സമന്വയം സാധ്യമാണോ?*

*ബിസ്മില്ലാഹി റഹ്മാനി റഹീം* – പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

വിശിഷ്ട അതിഥികളേ, *അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു.* ദൈവത്തിന്റെ സമാധാനവും അനുഗ്രഹങ്ങളും നിങ്ങളിൽ ഉണ്ടാകുമാറാകട്ടെ.

ആദ്യമായിത്തന്നെ, ഞങ്ങളുടെ ക്ഷണം സ്വീകരിച്ചു കൊണ്ട് ഈ പരിപാടിയിൽ പങ്കെടുക്കാനായി എത്തിച്ചേർന്നിരിക്കുന്ന നമ്മുടെ വിശിഷ്ടാതിഥികൾക്ക് ഞാൻ നന്ദി പറയുന്നു. നിങ്ങളിലൊട്ടേറെ പേർക്ക് ഈ സമൂഹത്തെ അറിയാം. പലർക്കും അഹ്മദി മുസ്‌ലിംകളുമായി ദീർഘകാല സുഹൃദ് ബന്ധങ്ങളുണ്ട്. ഈ അടുത്ത കാലത്തായി മാത്രം അഹ്മദിയ്യാ സമൂഹവുമായി ബന്ധം സ്ഥാപിച്ചവർക്ക് അതിനെപ്പറ്റി കൂടുതലറിയാനുള്ള ആഗ്രഹം ഉണ്ടായിരിക്കുകയും ചെയ്യും. ഏതായാലും നിങ്ങളിത്രയധികം പേർ ഇവിടെ സന്നിഹിതരായതിൽ നിന്ന് അഹ്മദി മുസ്‌ലിംകളുമായി ബന്ധപ്പെടുന്നതിലോ അവരുടെ പള്ളികളിൽ പോകുന്നതിലോ യാതൊരു അപകടവുമില്ലെന്നാണ് നിങ്ങൾ കരുതുന്നതെന്ന് വ്യക്തം.

ഈ കാലത്ത് ഇസ്‌ലാമിനെക്കുറിച്ചുള്ള വാർത്താ വിശേഷങ്ങളെല്ലാം തന്നെ നിഷേധ സ്വഭാവത്തിലുള്ളവയാണ്. നിങ്ങളിൽ മുസ്‌ലിംകളല്ലാത്ത വർക്ക് ഒരു അഹ്‌മദീപള്ളി സന്ദർശിക്കുന്നത് കുഴപ്പങ്ങളിലേക്ക് നയിക്കുമോ എന്ന ഒരു ഉൾഭയം ജനിപ്പിച്ചേക്കാം. ഞാൻ പറഞ്ഞതു പോലെ, ഇത്രയും ആളുകൾ ഈ പരിപാടിയിൽ സംബന്ധിക്കുന്നുവെന്നത് അഹ്‌മദി മുസ്‌ലിം കളെ ഒരു ഭീഷണിയായി നിങ്ങൾ കരുതുന്നില്ലെന്നുള്ളതിനുള്ള തെളിവാ ണ്. ഇതിനർത്ഥം, അഹ്‌മദികളെ നിങ്ങൾ വിലമതിക്കുന്നുണ്ടെന്നും അവർ നിങ്ങളെപ്പോലെത്തന്നെ അന്തസ്സും ആത്മാർത്ഥതയുമുള്ളവരാണെന്ന് നി ങ്ങൾ കരുതുന്നുവെന്നുമാണ്.

ഞാനിതു പറയുമ്പോൾ, മറ്റൊരു സാധ്യത കൂടി കാണുന്നു. ഇവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങളിൽ കുറച്ചു പേർക്കെങ്കിലും അവർ ഈ സമ്മേളനത്തിൽ പങ്കെടുത്തതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ഭയപ്പാടു ണ്ടാകാം. നിങ്ങൾ ചില തീവ്രവാദികളോടൊപ്പമാണിരിക്കുന്നതെന്ന ആശങ്ക യുമുണ്ടാകാം. അങ്ങനെ വല്ല ഭയവും നിങ്ങളെ മഥിക്കുന്നുണ്ടെങ്കിൽ ഉടൻ തന്നെ നിങ്ങൾ അതിൽ നിന്നും മുക്തരാകണം. ഈ പള്ളിയിലോ അതിന്റെ പരിസരത്തോ അങ്ങനെ വല്ലവരും വരികയാണെങ്കിൽ തന്നെ ഞങ്ങളവരെ ഉടൻ തന്നെ നീക്കം ചെയ്യുന്നതാണ്. നിങ്ങൾ ഇവിടെ സുരക്ഷിതരാണെന്ന് ഉറപ്പിച്ചു കൊള്ളുക.

അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിൽ എപ്പോഴെങ്കിലും എവിടെയെങ്കിലും തീവ്രവാദ ചായ്‌വുകൾ കാണിക്കുന്ന ഏതെങ്കിലും ഒരംഗം സമാധാന ഭംഗത്തിനിടയാക്കുകയാണെങ്കിൽ ഉടനടി അങ്ങനെയുള്ളവരെ ജമാഅ ത്തിൽ നിന്നും പുറം തള്ളുന്നതാണ്. ഇത്തരത്തിലുള്ള കടുത്ത നിലപാ ടെടുക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. കാരണം, ഇസ്‌ലാം എന്ന പ ദം 'സമാധാനത്തെയും', 'സുരക്ഷയെ'യുമാണ് പ്രതിനിധാനം ചെയ്യുന്നത്. അഹ്‌മദിയ്യാ പ്രസ്ഥാനം ഈ ഇസ്‌ലാമിനെയാണ് ഉൾക്കൊണ്ടിരിക്കുന്ന ത്. ഇസ്‌ലാമിന്റെ പുനരവതരണത്തെക്കുറിച്ച് ഇസ്‌ലാം മതസ്ഥാപകരായ മുഹമ്മദ് നബി(സ) 1400 വർഷങ്ങൾക്ക് മുമ്പു തന്നെ പ്രവചിക്കുകയുണ്ടാ യി. ആ പ്രവചനത്തിൽ, നബിതിരുമേനി(സ.അ) ഒരു കാലഘട്ടം വരുമെ ന്നും, അന്ന് ഭൂരിപക്ഷ മുസ്‌ലിംകളും യഥാർത്ഥ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ വിസ്മരിക്കുമെന്നും മുന്നറിയിപ്പ് നൽകി. പ്രവചനമനുസരിച്ച്, ആ കാലഘട്ട ത്തിൽ ലോകത്ത് യഥാർത്ഥ ഇസ്‌ലാമിനെ പുനഃസ്ഥാപിക്കാനായി ഒരു പരി ഷ്ക്കർത്താവിനെ– ഒരു മഹ്ദീ മസീഹിനെ–അല്ലാഹു നിയോഗിക്കുമെന്നും വാഗ്ദാനമുണ്ട്. ഞങ്ങൾ അഹ്‌മദി മുസ്‌ലിംകളുടെ വിശ്വാസം, ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദുൽ ഖാദി

യാനി(അ)യാണ് മഹത്തായ ആ പ്രവചനത്തിന്റെ സാക്ഷാൽക്കാരം എന്നാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ സമൂഹമിന്ന് ലോകത്തിൽ 202 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ഈ രാജ്യങ്ങളിൽ വ്യത്യസ്ത വംശീയ പാരമ്പര്യങ്ങളും പശ്ചാത്തലങ്ങളുമുള്ള തദ്ദേശീയർ അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നു. അഹ്മദി മുസ്‌ലിംകൾ എന്ന നിലയിൽ അവർ താന്താങ്ങളുടെ രാജ്യത്തോടു കൂറുള്ള പൗരൻമാരാകുന്നു. ഇസ്‌ലാമിനോടുള്ള സ്നേഹം മാതൃരാജ്യത്തോടുള്ള സ്നേഹവുമായി പൊരുത്തപ്പെട്ടിരിക്കുന്നു. അവ തമ്മിൽ യാതൊരുവിധ വൈരുദ്ധ്യവുമില്ല. അഹ്മദി മുസ്‌ലിംകൾ എവിടെയാണെങ്കിലും അവർ പൗരൻമാരായിരിക്കുന്ന രാജ്യത്തിലെ നിയമങ്ങൾക്ക് വിധേയരായി ജീവിക്കുന്നവരാണ്.

ഇത്തരത്തിലുള്ള സവിശേഷതകൾ കാരണം അഹ്മദി മുസ്‌ലിംകൾ ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് മാറിപ്പാർക്കുകയോ, അല്ലെങ്കിൽ ഒരു രാജ്യത്തെ തദ്ദേശവാസികൾ അഹ്മദിയ്യത്ത് സ്വീകരിക്കുകയോ ചെയ്യുമ്പോൾ അവർ എത്തിച്ചേരുന്ന പുതിയ സമൂഹങ്ങളുമായി ഉദ്ഗ്രഥിക്കുവാൻ അവർക്ക് ഒരു പ്രയാസവും അനുഭവപ്പെടാറില്ല. കുടിയേറ്റ രാജ്യങ്ങളുടെ ദേശീയ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ അവർ തയ്യാറുമാണ്. ഇത്തരത്തിലുള്ള ജീവിതം നയിക്കുവാൻ നമ്മെ പഠിപ്പിക്കുന്നത് ഇസ്‌ലാമത്രേ. നമ്മൾ ജീവിക്കുന്ന രാജ്യത്തോട് നിരുപാധികമായ കൂറും പ്രതിബദ്ധതയും പുലർത്താൻ ഇസ്‌ലാം കൽപ്പിക്കുന്നു.

ദേശസ്നേഹം ഒരു യഥാർത്ഥ മുസ്‌ലിം, മതവിശ്വാസത്തിന്റെ അവിഭാജ്യ ഘടകമായി കാണേണ്ടതാണെന്ന് വിശുദ്ധ പ്രവാചകൻ(സ.അ) പഠിപ്പിക്കുകയുണ്ടായി. സ്വന്തം രാജ്യത്തെ സ്നേഹിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണമാകുമ്പോൾ ഒരു യഥാർത്ഥ മുസ്‌ലിമിന് എങ്ങനെയാണ് രാജ്യത്തോട് കൂറു പുലർത്താതിരിക്കാൻ സാധിക്കുക? അയാൾ അങ്ങനെ ചെയ്യുകയാണെങ്കിൽ തന്റെ മതത്തെയാണ് തിരസ്കരിക്കുന്നത്. അഹ്മദി മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ എല്ലാ പ്രധാന പരിപാടികളിലും പുരുഷൻമാരും സ്ത്രീകളും കുട്ടികളും എഴുന്നേറ്റു നിന്നു കൊണ്ട് ദൈവനാമത്തിൽ ഒരു സത്യപ്രതിജ്ഞ നടത്താറുണ്ട്. ആ പ്രതിജ്ഞയിൽ ഞങ്ങൾ ഞങ്ങളുടെ ജീവനും സമ്പത്തും സമയവും അഭിമാനവും എല്ലാം തന്നെ ഞങ്ങളുടെ മതത്തിനു വേണ്ടി മാത്രമല്ല, സമൂഹത്തിനും രാജ്യത്തിനും വേണ്ടിയും ത്യാഗം ചെയ്യുന്നതാണെന്ന് ഏറ്റു പറയുന്നു.

ഇവിടെ ജർമ്മനിയിൽ മുസ്‌ലിംകളിലെ ഭൂരിപക്ഷവും പാകിസ്താൻ, തുർക്കി, മറ്റ് ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വന്നവരാകയാൽ രാജ്യത്തിനു വേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ട ഘട്ടം വരുമ്പോൾ അവർ

ജർമ്മനിയേക്കാൾ തങ്ങളുടെ മാതൃരാജ്യങ്ങൾക്കാണല്ലോ മുൻഗണന നൽകുക എന്ന സംശയം ചിലരുടെ മനസ്സിൽ ഉടലെടുത്തേക്കാം. ഇതിനെ സംബന്ധിച്ച് ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരാൾ ജർമ്മൻ പൗരത്വം അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യത്തെ പൗരത്വം സ്വീകരിക്കുകയാണെങ്കിൽ അയാൾ ആ രാജ്യത്തിലെ പൗരനായിത്തീരുകയാണ് ചെയ്യുന്നത്. ഇത് ഞാൻ ഈ വർഷാരംഭത്തിൽ കോംബ്ലെൻസിലെ ജർമ്മൻ സൈനിക ആസ്ഥാനത്ത് പ്രസംഗിച്ചപ്പോഴും പരാമർശിച്ചതാണ്. ജർമ്മനി ഒരു കുടിയേറ്റക്കാരന്റെ മാതൃരാജ്യവുമായി യുദ്ധത്തിലേർപ്പെട്ടുവെന്ന് കരുതുക. അപ്പോൾ ജർമ്മൻ പൗരനായിക്കഴിഞ്ഞ കുടിയേറ്റക്കാരന് തന്റെ മാതൃരാജ്യത്തോടാണ് അനുഭാവവും സഹതാപവും തോന്നുന്നതെങ്കിൽ അയാൾ ഉടൻ തന്നെ തന്റെ ജർമ്മൻ പൗരത്വം ഉപേക്ഷിക്കുകയും മാതൃരാജ്യത്തേക്ക് തിരിച്ചു ചെല്ലുകയും ചെയ്യേണ്ടതാണ്. അതിനയാൾ തയ്യാറല്ലെങ്കിൽ പൗരത്വം സ്വീകരിച്ചിരിക്കുന്ന രാജ്യത്തോട് കൂറു പുലർത്താതിരിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല. ഇത് അസന്ദിഗ്ധമായ ഇസ്ലാമിക അധ്യാപനമാകുന്നു. സ്വന്തം രാജ്യത്തോടോ കുടിയേറ്റ രാജ്യത്തോടോ ഒരു തരത്തിലുള്ള കലാപ സമീപനവും ഇസ്ലാം അനുവദിക്കുന്നില്ല. കുടിയേറ്റ രാജ്യത്തിനെതിരായി ഒരാൾ പ്രവർത്തിക്കുകയാണെങ്കിൽ അയാൾ രാജ്യദ്രോഹിയാവുകയും രാജ്യത്തിലെ നിയമങ്ങളനുസരിച്ച് ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതാണ്.

തദ്ദേശ ജർമ്മൻ പൗരനും മറ്റേതെങ്കിലും രാജ്യത്തെ പൗരനും ഇസ്ലാം മതത്തിലേക്ക് പരിവർത്തിക്കപ്പെടുകയാണെങ്കിൽ കൂടി അയാൾക്ക് താൻ പൗരനായിരിക്കുന്ന രാജ്യത്തോടു തന്നെയാണ് കൂറുണ്ടായിരിക്കേണ്ടത്. മറ്റൊരു ചോദ്യവും ചിലപ്പോൾ ഉന്നയിക്കപ്പെടാറുണ്ട്. ഒരു പാശ്ചാത്യരാജ്യം ഒരു മുസ്ലിം രാജ്യവുമായി യുദ്ധത്തിലേർപ്പെടുകയാണെങ്കിൽ ആ പാശ്ചാത്യനാടുകളിൽ വസിക്കുന്ന മുസ്ലിംകൾ ആരുടെ പക്ഷത്തായിരിക്കണം നില കൊള്ളേണ്ടത്? ഈ ചോദ്യത്തിന് മറുപടി പറയും മുമ്പ് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകർ നൽകിയ ഒരു വിശദീകരണം ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ മതയുദ്ധങ്ങളും ഈ കാലഘട്ടത്തിൽ അവസാനിച്ചിരിക്കുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ലോക ചരിത്രത്തിൽ മുസ്ലിംകളും ഇതര മതസ്ഥരും തമ്മിൽ ഒട്ടേറെ യുദ്ധങ്ങളുണ്ടായിട്ടുണ്ട്. ആ യുദ്ധങ്ങളിലെല്ലാം തന്നെ അമുസ്ലിംങ്ങളുടെ ലക്ഷ്യം മുസ്ലിംകളെയും ഇസ്ലാമിനെയും ഉൻമൂലനം ചെയ്യുക എന്നതായിരുന്നു.

ആദ്യകാല യുദ്ധങ്ങളിലെല്ലാം തന്നെ അമുസ്ലിംകളാണ് ആക്രമണപരമായ യുദ്ധത്തിന് തുടക്കം കുറിച്ചത്. മുസ്ലിംകൾക്ക് മറ്റു മാർഗങ്ങളുണ്ടാ

യിരുന്നില്ല. അപ്പോൾ തങ്ങളെയും തങ്ങളുടെ മതത്തെയും സംരക്ഷിക്കാനായി മുസ്ലിംകൾക്ക് യുദ്ധങ്ങളിലേർപ്പെടേണ്ടി വന്നു. വാഗ്ദത്ത മസീഹ് (അ) വിശദീകരിച്ചതു പോലെ, അങ്ങനെയുള്ള സാഹചര്യങ്ങൾ ഇന്ന് നിലവിലില്ല. ആധുനിക കാലത്ത് ഒരു ഗവൺമെന്റും തന്നെ ഇസ്ലാമിനെ തുടച്ചു നീക്കാനായി യുദ്ധം പ്രഖ്യാപിക്കുന്നില്ല. മറിച്ച്, പാശ്ചാത്യ നാടുകളിലും മറ്റ് അമുസ്ലിം രാഷ്ട്രങ്ങളിലും ഏറെ മതസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട്. ഞങ്ങളുടെ ജമാഅത്തിന് ഇസ്ലാമിക സന്ദേശം അമുസ്ലിം രാഷ്ട്രങ്ങളിൽ പ്രചരിപ്പിക്കുവാൻ സാധിക്കുന്ന ഈ സാഹചര്യ സൃഷ്ടിയിൽ അതീവ സംതൃപ്തിയുണ്ട്. ഈ മതസ്വാതന്ത്ര്യം കാരണം പാശ്ചാത്യ ലോകത്ത് ഇസ്ലാമിന്റെ സമാധാന സന്ദേശം പ്രചരിപ്പിക്കുവാൻ ഞങ്ങൾക്ക് സാധിക്കുന്നു. അതുകൊണ്ടു തന്നെയാണ് നിങ്ങളുടെ മുന്നിൽ നിന്നുകൊണ്ടു യഥാർത്ഥ ഇസ്ലാമിനെ അവതരിപ്പിക്കാൻ എനിക്കിപ്പോൾ സാധിക്കുന്നതും.

ചുരുക്കത്തിൽ മതയുദ്ധങ്ങളുടെ പ്രശ്നം തന്നെ ഇപ്പോൾ ഇവിടെ ഉദിക്കുന്നില്ലെന്നത് വ്യക്തമാണ്. ഒരു ഭൂരിപക്ഷ അമുസ്ലിം രാജ്യം ഒരു മുസ്ലിം രാജ്യവുമായി മതേതര യുദ്ധത്തിലേർപ്പെടുകയാണെങ്കിൽ മുസ്ലിംകൾ സ്വീകരിക്കേണ്ട നിലപാടെന്ത് എന്നതാണ് മറ്റൊരു ചോദ്യം. ഈ ചോദ്യത്തിനുള്ള മറുപടി ഇസ്ലാം അവതരിപ്പിക്കുന്ന ഒരു സുവർണ്ണ തത്ത്വത്തിലടങ്ങിയിരിക്കുന്നു. ഒരാളും തന്നെ ക്രൂരതയോടും മർദ്ദനത്തോടും സഹകരിക്കരുത് എന്നുള്ളതാണത്. ഒരു മുസ്ലിം രാജ്യമാണത് ചെയ്യുന്നതെങ്കിൽ ആ രാജ്യത്തെ അതിൽ നിന്ന് പിന്തിരിപ്പിക്കേണ്ടിയിരിക്കുന്നു. ഇനി ഒരു ക്രിസ്ത്യൻരാജ്യമാണെങ്കിലും ഇതു തന്നെയാണ് അനുവർത്തിക്കേണ്ട നയം.

തന്റെ രാജ്യം ക്രൂരകൃത്യങ്ങളിലും അന്യായങ്ങളിലും വ്യാപരിക്കുമ്പോൾ എങ്ങനെ ഒരു പൗരൻ അതിനെ തടയും? ഇതിനുള്ള ഉത്തരം ലളിതമത്രേ. പാശ്ചാത്യ ദേശത്ത് ജനാധിപത്യമാണ് മിക്ക രാജ്യങ്ങളിലുമുള്ളത്. നീതി ബോധമുള്ള ഒരു പൗരൻ തന്റെ രാജ്യം ഒരു മർദ്ദകശക്തിയായി പ്രവർത്തിക്കുന്നുവെന്ന് കണ്ടാൽ അയാൾ അതിനെതിരെ ശബ്ദമുയർത്തേണ്ടതാണ്. സംഘം ചേർന്നു കൊണ്ടായാലും അത്തരം പ്രവണതകളെ പ്രതിരോധിക്കാവുന്നതാണ്. മറ്റൊരു രാജ്യത്തിന്റെ പരമാധികാരത്തിൽ തന്റെ രാജ്യം കൈകടത്തുന്നുവെന്ന് കണ്ടാൽ അതിലേക്ക് ഗവർമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുകയും തന്റെ ആവലാതി ബോധിപ്പിക്കുകയും ചെയ്യേണ്ടത് പൗരന്റെ കടമയാകുന്നു. സമാധാനപരമായി തന്റെ ആവലാതി ബോധിപ്പിക്കുകയും അനീതിക്കെതിരെ പ്രതികരിക്കുകയും ചെയ്യുക എന്നത് കലാപമല്ല. വാസ്തവത്തിൽ അതു രാജ്യത്തോടുള്ള സ്നേഹാധിഷ്ഠിത കടപ്പാടിന്റെ പ്രകടനമാണ്. നീതിബോധമുള്ള

ഒരു പൗരന് തന്റെ രാജ്യം മറ്റു രാജ്യങ്ങളുടെ മുമ്പിൽ അവഹേളിതനാകുന്നത് അസഹനീയമാകുന്നു. തന്റെ രാജ്യത്തെ ഗുണദോഷിക്കുന്നതിലൂടെ അതിനോടുള്ള സ്നേഹവും കൂറുമാണയാൾ പ്രകടിപ്പിക്കുന്നത്.

അന്തർദേശീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഒരു രാജ്യം അന്യായമായി ആക്രമിക്കപ്പെടുകയാണെങ്കിൽ മറ്റു രാജ്യങ്ങൾ സംഘടിച്ചുകൊണ്ട് അക്രമിയെ പിന്തിരിപ്പിക്കണമെന്നാണ് ഇസ്ലാം അനുശാസിക്കുന്നത്. അക്രമിരാഷ്ട്രം പിന്തിരിയുകയാണെങ്കിൽ പിന്നെ ആ രാഷ്ട്രത്തിനെതിരെ ശിക്ഷാ നടപടികളോ അന്യായങ്ങളോ പ്രതികാര നടപടിയെന്ന നിലയിൽ പാടി ല്ലാത്തതാകുന്നു. ഇസ്ലാമികാദ്ധ്യാപനങ്ങളുടെ അന്തഃസാരം സമാധാന സംരക്ഷണവും അതിന്റെ വ്യാപനവുമാണ്. വിശുദ്ധ നബി(സ) ഒരു മുസ്ലിമിനെ നിർവചിച്ചിരിക്കുന്നത്, ആരുടെ കൈയിൽ നിന്നും നാവിൽ നിന്നും സമാധാനകാംക്ഷികളായ ജനങ്ങൾ സുരക്ഷിതരായിരിക്കുന്നുവോ അയാളാണ് മുസ്ലിമെന്നത്രേ. ഞാൻ പറഞ്ഞതു പോലെ, ക്രൂരകൃത്യങ്ങളിലും മർദ്ദന നയങ്ങളിലും നിങ്ങൾ ഒരു കാരണവശാലും പങ്കാളികളാകരുതെന്നുള്ളതാണ് ഇസ്ലാമിന്റെ ശാസന. ഈ മനോഹരാദ്ധ്യാപനം കാരണമാണ് മുസ്ലിംകൾ ഏതു രാജ്യവാസികളാണെങ്കിലും അവിടെ അയാൾക്കു അന്തസ്സോടെയും അഭിമാനത്തോടെയും ജീവിക്കാനാവുന്നത്. മാന്യമായ ഏതൊരു സമൂഹവും അത്തരക്കാരെ തങ്ങളുടെ ഒപ്പം ജീവിക്കാൻ അനുവദിക്കുക തന്നെ ചെയ്യും.

വിശുദ്ധ പ്രവാചകൻ(സ) നൽകിയിരിക്കുന്ന മറ്റൊരു മഹത്തായ പാഠം, ഒരു യഥാർത്ഥ വിശ്വാസി എപ്പോഴും നന്മയും വിശുദ്ധിയും നേടിക്കൊണ്ടിരിക്കേണമെന്നതാണ്. അറിവും വിവേകജ്ഞാനവും എവിടെ കണ്ടാലും അയാൾ അതു സ്വായത്തമാക്കണം. തന്റെ പൈതൃക സ്വത്താണെന്ന പോലെ അയാൾ അത് സ്വീകരിക്കണം. കുടിയേറ്റക്കാരുടെ ഉദ്ഗ്രഥന പ്രശ്നത്തെ പ്രശംസനീയമായ തരത്തിൽ ഈ അധ്യാപനം പരിഹരിക്കുന്നു. അവർ ചെന്നു ചേരുന്ന സമൂഹവുമായി താദാത്മ്യം പ്രാപിക്കാൻ, പരസ്പര വിശ്വാസവും ആദരവും വളർത്തിയെടുക്കാൻ, ഏതു പ്രദേശത്തെയും നന്മകൾ അംഗീകരിക്കാനാണ് മുസ്ലിംകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അവ അംഗീകരിക്കുക മാത്രമല്ല, സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും വേണം. ഈ മാർഗ്ഗനിർദ്ദേശം കൂട്ടായ്മയും പരസ്പര സൗഹൃദവും വിശ്വാസവും വർദ്ധിപ്പിക്കുന്നതാണ്. തന്റെ സ്വന്തം വിശ്വാസാദർശങ്ങളോടു പ്രതിബദ്ധത പുലർത്തുന്നതിനു പുറമെ, മറ്റൊരു സമൂഹത്തിൽ നടപ്പുള്ള സാത്വിക മൂല്യങ്ങളും സദാചാര നിയമങ്ങളും സ്വന്തമെന്ന പോലെ പരിഗണിക്കുന്ന ഒരു യഥാർത്ഥ വിശ്വാസിയേക്കാൾ മികച്ച ഒരു സമാധാന പ്രേമി മറ്റാരാണ്?

ആധുനിക കാലത്ത് ലഭ്യമായിട്ടുള്ള വാർത്താവിനിമയോപാധികൾ ലോകത്തെയാകെ ഒരു ആഗോള ഗ്രാമമാക്കി ചുരുക്കിയിട്ടുണ്ട്. 1400 വർഷങ്ങൾക്കു മുമ്പ് പരിശുദ്ധ നബി(സ) പ്രവചിച്ച കാര്യമാണിത്. ലോകം ഏകഘടകമായിത്തീരുമെന്നും അദ്ദേഹം ദീർഘദർശനം ചെയ്യുകയുണ്ടായി. ഇത് വിശുദ്ധ ഖുർആനിലെ പ്രവചനം തന്നെയാണ്. നബി(സ) അത് വിശദീകരിച്ചുവെന്നേയുള്ളൂ. തങ്ങളുടെ നഷ്ടപ്പെട്ടുപോയ വസ്തുക്കൾ തിരിച്ചുകിട്ടിയാലെന്നതു പോലെ സദ്വിചാര ഗതികൾ ജനങ്ങൾ പരസ്പരം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യണമെന്നതാണ് ഈ അധ്യാപനം. രചനാത്മകങ്ങളായ എല്ലാ നല്ലവശങ്ങളും അംഗീകരിക്കപ്പെടുകയും നിഷേധാത്മകങ്ങളായ തിന്മകൾ തിരസ്കരിക്കപ്പെടുകയുമാണ് വേണ്ടത്. ഒരു യഥാർത്ഥ മുസ്ലിം ആരാണെന്നുള്ള വിശുദ്ധ ഖുർആന്റെ അധ്യാപനത്തിൽ ഈ തത്ത്വം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.നന്മ പ്രബോധിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ മുസ്ലിം. ഇങ്ങനെയുള്ള ഒരു മതത്തെയും സമൂഹത്തെയും തങ്ങൾക്ക് അംഗീകരിക്കാൻ വയ്യെന്ന് ഏതെങ്കിലും ഒരു രാജ്യം പറയുമോ? കഴിഞ്ഞ വർഷം ബെർലിൻ മേയറെ കാണാൻ എനിക്ക് സന്ദർഭം ലഭിച്ചു. ഏതൊരു രാജ്യത്തിന്റെയും നന്മകൾ സ്വന്തം പൈതൃകമായി അംഗീകരിക്കാനാണ് ഇസ്ലാം പഠിപ്പിക്കുന്നതെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞപ്പോൾ ഈ ആദർശമനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുമെങ്കിൽ ലോകം ഒന്നടങ്കം നിങ്ങളെ പിന്തുണക്കുമെന്നദ്ദേഹം പ്രതികരിച്ചു.

ജർമ്മൻ സമൂഹവുമായി ഇണങ്ങിച്ചേരാൻ ഇസ്ലാമിനോ മുസ്ലിംകൾക്കോ സാധിക്കുകയില്ലെന്നതാണ് ജർമ്മനിയിലെ ചില വിഭാഗം ആളുകൾ കരുതുന്നതെന്നറിഞ്ഞപ്പോൾ എനിക്ക് അനൽപമായ അത്ഭുതവും ദുഃഖവും അനുഭവപ്പെട്ടു. തീർച്ചയായും തീവ്രവാദികൾ അവതരിപ്പിക്കുന്ന ഇസ്ലാമിന് ജർമ്മനിയോടു മാത്രമല്ല, മറ്റേതൊരു സമൂഹത്തോടും ഒത്തുചേരാൻ സാധ്യമല്ല. പക്ഷേ, ഈ തീവ്രവാദ നിലപാടുകൾക്കെതിരെ മുസ്ലിം രാജ്യങ്ങളിൽ തന്നെ കടുത്ത എതിർപ്പ് താമസിയാതെ ഉടലെടുക്കുന്നതാണ്. പരിശുദ്ധ പ്രവാചകൻ(സ) കൊണ്ടുവന്ന യഥാർത്ഥ ഇസ്ലാമാകട്ടെ, എന്നും എപ്പോഴും മാന്യരായ മനുഷ്യരെ അതിലേക്കാകർഷിക്കുന്നതാണ്. ഈ കാലഘട്ടത്തിൽ ഇസ്ലാമിനെ അതിന്റെ സ്വച്ഛരൂപത്തിൽ പുനരുദ്ധരിക്കാൻ ദൈവനിയുക്തനായ വാഗ്ദത്ത മസീഹ്(അ) നബിതിരുമേനി(സ)യുടെ സേവകനായി നിയോഗിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം രൂപീകരിച്ച സമൂഹം യഥാർത്ഥ ഇസ്ലാമികാദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

യഥാർത്ഥ ഇസ്‌ലാം മറ്റൊരു സമൂഹവുമായി ഒത്തിണങ്ങിപ്പോവുകയില്ലെന്ന ധാരണ നീതികരിക്കത്തക്കതല്ല. യഥാർത്ഥ ഇസ്‌ലാം ധാർമ്മികതയും നന്മയും പ്രചരിപ്പിക്കുകയും എല്ലാത്തരം തിന്മകളും ഉപേക്ഷിക്കുകയും ചെയ്യുന്ന ആദർശമാണ്. എവിടെയൊക്കെ തിന്മയും ക്രൂരതയും നിലനിൽക്കുന്നുവോ, അതവസാനിപ്പിക്കാനുള്ള ആഹ്വാനമാണ് ഇസ്‌ലാം നൽകുന്നത്. അതിനാൽ മറ്റു സമൂഹങ്ങളുമായി ഒത്തുചേരുക മാത്രമല്ല, ഒരു കാന്തശക്തിപോലെ മറ്റു സമൂഹങ്ങളെ അത് ഹഠാദാകർഷിക്കുകയാണ് ചെയ്യുന്നത്. തനിക്കു മാത്രം സമാധാനം നേടിയെടുക്കുക എന്നതല്ല ഇസ്‌ലാം നൽകുന്ന പാഠം. അതു മറ്റുള്ളവർക്കും ലഭ്യമാക്കാൻ തീവ്രയത്നത്തിലേർപ്പെടുവാനാണാവശ്യപ്പെടുന്നത്. ഈ നിസ്വാർത്ഥ സമീപനമാണ് ലോക സമാധാനത്തിന്റെ വഴി. ഇങ്ങനെയുള്ള അധ്യാപനങ്ങൾ അസ്വീകാര്യമായിക്കരുതുന്ന ഏത് സമൂഹമാണുള്ളത്? ഏതൊരു സമൂഹവും അസാന്മാർഗ്ഗികതയും തിന്മയും തങ്ങളുടെ ഇടയിൽ വളർന്നു വരാൻ ആഗ്രഹിക്കുകയില്ല. നന്മയെയും സമാധാനത്തെയും എതിർക്കുകയുമില്ല.

നന്മയെ നിർവ്വചിക്കാനുള്ള യത്നത്തിൽ മതവിശ്വാസിയും നിർമതവാദിയും തമ്മിൽ അഭിപ്രായ ഭിന്നതകളുണ്ടാകാം. നന്മയെയും സദാചാരത്തെയും ഇസ്‌ലാം പരിഗണിക്കുമ്പോൾ എല്ലാ സദാചാര മൂല്യങ്ങളുടെയും ഉറവിടമായി അതു രണ്ടു തത്ത്വങ്ങൾ അവതരിപ്പിക്കുന്നു. ഒന്ന്, അല്ലാഹുവിനോടുള്ള കമടകളാണ്. രണ്ടാമത്തേതാകട്ടെ, മനുഷ്യകുലത്തോടുള്ള കടപ്പാടുകളും. ഇവയിൽ മതനിഷേധിക്ക് ആദ്യത്തേത് അനഭിമതമായേക്കാം. പക്ഷേ, രണ്ടാമത്തേതിനോട് അയാൾക്കു വിയോജിപ്പുണ്ടാവുകയില്ല. അല്ലാഹുവിനോടുള്ള കടമകൾ, ആരാധനാക്രമങ്ങളുമായി ബന്ധപ്പെട്ടവയാണ്. എല്ലാ മതങ്ങളിലും ഇതു സംബന്ധിച്ച നിർദ്ദേശ ചട്ടങ്ങൾ കാണാം. മനുഷ്യനോടുള്ള കർത്തവ്യങ്ങളെ സംബന്ധിച്ച് മതങ്ങളും മതേതര സമൂഹ സംവിധാനങ്ങളും ബോധവത്കരണം നടത്തുന്നുണ്ട്.മനുഷ്യകുലത്തോടുള്ള കടമകളെക്കുറിച്ച് ഇസ്‌ലാം ആഴത്തിലും വിശദമായും നിർദ്ദേശങ്ങൾ നൽകുന്നു. അവ മുഴുവനുമായി പ്രതിപാദിക്കാൻ ഇവിടെ അവസരമില്ല. സമൂഹത്തിൽ സമാധാനവും ശാന്തിയും വളർത്തിയെടുക്കാനുതകുന്ന ഇസ്‌ലാമിന്റെ ചില അധ്യാപനങ്ങളെക്കുറിച്ച് മാത്രം പ്രതിപാദിക്കാം.

മറ്റുള്ള സമുദായങ്ങളുടെ വികാര വിചാരങ്ങളെ ആദരപൂർവ്വം പരിഗണിക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. ഇതിൽ മതവികാരങ്ങളും സാമൂഹ്യാചാരങ്ങളും പെടുന്നു. ഒരിക്കൽ നബി(സ) ഒരു മുസ്‌ലിമിനെതിരായി ജൂതനനുകൂലമായും നിലയുറപ്പിക്കുകയുണ്ടായി. മൂസാ(അ)യേക്കാൾ ഉയർന്ന പദവി അവസാന ശരീഅത്തിന്റെ വാഹകനായ മുഹമ്മദ് നബി(സ)ക്കുണ്ടെന്ന

മുസ്‌ലിമിന്റെ ശരിയായ വാദം അതു ജൂതമതവിശ്വാസിയുടെ വികാരം വ്രണപ്പെടുത്തുമെന്ന കാരണത്താൽ നബി (സ) അംഗീകരിക്കയുണ്ടായില്ല. പരിശുദ്ധ പ്രവാചകൻ(സ) ഈ വിധത്തിലാണ് മറ്റുള്ളവരുടെ വികാരങ്ങളെ മാനിച്ചതും സമൂഹത്തിൽ ശാന്തി നിലനിർത്തിയതും.

ഇസ്‌ലാമിന്റെ മറ്റൊരു മഹത്തായ അദ്ധ്യാപനം പാവങ്ങളുടെയും അവശവിഭാഗങ്ങളുടെയും അവകാശങ്ങൾ സംബന്ധിച്ചുള്ളതാണ്. അവശതകളനുഭവിക്കുന്ന വിഭാഗങ്ങളെ ഉദ്ധരിക്കുവാനുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങൾ അത് നിർദ്ദേശിക്കുന്നു. അവരെ സഹായിക്കുന്നതിൽ ഒരു തരത്തിലുള്ള സ്വാർത്ഥതാൽപര്യവും കാണിക്കരുതെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. നിർഭാഗ്യമെന്നു പറയട്ടെ, അവശരെ സഹായിക്കുന്ന പല പദ്ധതികളും ഇന്ന് അവരെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. പലിശയിൽ അധിഷ്ഠിതമായ വായ്പാ പദ്ധതികൾ ചൂഷണോപാധികളായി വർത്തിക്കുന്നു. ഉദാഹരണത്തിന്, വിദ്യാർഥികൾക്ക് അവരുടെ വിദ്യാഭ്യാസച്ചെലവ് നേരിടാൻ വായ്പ നൽകുന്ന സംവിധാനങ്ങളും വ്യാപാരം തുടങ്ങുവാനും നടത്തിക്കൊണ്ടുപോകാനും ധനസഹായവുമായി വരുന്ന സ്ഥാപനങ്ങളും ഇന്ന് നിലവിലുണ്ട്. ഈ വായ്പകൾ തിരിച്ചടക്കാൻ വർഷങ്ങൾ തന്നെ വേണ്ടിവരുന്നു. നീണ്ട കാലത്തെ അധ്വാനത്തിനു ശേഷവും സാമ്പത്തിക പ്രതിസന്ധിയുടെ ആഗമനത്തോടെ പാവപ്പെട്ടവരുടെ സാമ്പത്തിക നിലവാരം പരിതാപകരമായിത്തന്നെ തുടർന്നു പോകുന്നു. കടബാധ്യതകൾ അവരെ അലട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മൾ ഇതു കണ്ടും കേട്ടും കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ പല ഭാഗങ്ങളും കടുത്ത സാമ്പത്തിക ഞെരുക്കത്തിലാണുള്ളത്.

ഇസ്‌ലാമിനെതിരെ സാധാരണ ഉന്നയിക്കാറുള്ള മറ്റൊരാരോപണം, അത് സ്ത്രീകൾക്ക് തുല്യത നൽകുകയോ നീതിപൂർവ്വം അവരോട് പെരുമാറുകയോ ചെയ്യുന്നില്ലെന്നുള്ളതാണ്. ഈ ആരോപണം അടിസ്ഥാനരഹിതമാകുന്നു. ഇസ്‌ലാം സ്ത്രീകൾക്ക് അഭിമാനബോധവും അന്തസ്സും നൽകിയിരിക്കുകയാണ്. സ്ത്രീയെ പുരുഷന്റെ ജംഗമസ്വത്തായി മാത്രം കരുതിയിരുന്ന ഒരു കാലഘട്ടത്തിലാണ് ഭർത്താവിനെ വിവാഹ മോചനം ചെയ്യാനുള്ള അവകാശം ഇസ്‌ലാം അവർക്ക് നൽകുന്നത്. കഴിഞ്ഞ ശതാബ്ദത്തിൽ മാത്രമാണ് വികസിത രാജ്യങ്ങളിൽ സ്ത്രീക്ക് ഇത്തരം അവകാശങ്ങൾ ലഭിച്ചു തുടങ്ങിയതെന്ന കാര്യം ഓർക്കുക. സ്ത്രീകൾക്ക് യാതൊരു വിധ നിലയും വിലയും ഇല്ലാതിരുന്ന കാലത്താണ് ഇസ്‌ലാം സ്ത്രീക്ക് സ്വത്തവകാശം നൽകിയത്. ഈ അവകാശവും യൂറോപ്പിൽ സ്ത്രീക്കു ലഭിക്കുന്നത് അടുത്തകാലത്തു മാത്രമാണ്.

അയൽവാസികളുടെ അവകാശങ്ങളെക്കുറിച്ചു വ്യക്തമായ മാർഗ്ഗരേഖക ളാണ് വിശുദ്ധ ഖുർആൻ നൽകുന്നത്. അയൽവാസി നിങ്ങളുടെ അടുത്ത വീട്ടുകാരൻ മാത്രമല്ല, നിങ്ങളുടെ അടുത്തിരിക്കുന്ന ആളും നിങ്ങളുടെ ചുറ്റു മുള്ള 40 വീട്ടുകാരും നിങ്ങളുടെ അയൽവാസികളാകുന്നു. നിങ്ങളുടെ ഒപ്പം സഞ്ചരിക്കുന്ന ആളും അയൽവാസിയത്രെ. അവരും ശ്രദ്ധിക്കപ്പെടേണ്ടതു ണ്ട്. അയൽവാസിക്ക് പിന്തുടർച്ചാവകാശം പോലും നൽകപ്പെട്ടേക്കുമോ എന്ന് നബി(സ)ക്ക് തോന്നുമാറ് അയൽവാസികളുടെ അവകാശങ്ങളെ ക്കുറിച്ചു ഇസ്‌ലാം എടുത്തു പറയുന്നുണ്ട്. ആരുടെ അടുക്കൽ അയാളുടെ അയൽക്കാരൻ സുരക്ഷിതനല്ലയോ അയാൾ മുസ്‌ലിമല്ലെന്നു പോലും തിരു നബി(സ) പ്രസ്താവിക്കുകയുണ്ടായി.

സമൂഹത്തിൽ താഴെ തട്ടിൽ കിടക്കുന്ന അശരണരെയും ദരിദ്രരെയും ഉന്ന തിയിലേക്ക് നയിക്കാൻ എല്ലാവരും കൂട്ടായി ശ്രമിക്കണമെന്നത് ഇസ്‌ലാമിന്റെ മറ്റൊരു പാഠമാകുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഈ പാഠങ്ങൾ പ്ര വൃത്തിപഥത്തിലേക്ക് കൊണ്ടുവന്നുകൊണ്ട് ലോകത്തിലെ അവികസിത രാജ്യങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചിരിക്കുന്നു. അർഹരായ വിദ്യാർഥി കൾക്ക് ഉപരിപഠനത്തിനായി സ്കോളർഷിപ്പുകളും നൽകി വരുന്നു.

എല്ലാ പ്രതിജ്ഞകളും ഉടമ്പടികളും കണിശമായും പാലിച്ചിരിക്കേണ മെന്നത് ഇസ്‌ലാമിന്റെ വേറൊരു കൽപനയാകുന്നു. വ്യക്തിബന്ധങ്ങളിലും രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധങ്ങളിലും ഇതു ബാധകമാണ്. ഇതി നെപ്പറ്റി ഞാൻ പറഞ്ഞു കഴിഞ്ഞു.

ഇസ്‌ലാം അനുകമ്പയുടെയും ദയാപരതയുടെയും മതമാണെന്നു വ്യക്ത മാക്കുന്ന ചില കാര്യങ്ങൾ മാത്രമേ ഞാൻ സ്പർശിച്ചിട്ടുള്ളൂ. ഇസ്‌ലാം എന്താണെന്നു മനസ്സിലാക്കാത്തവരാണ് അതിനെതിരെ അടിസ്ഥാനര ഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ പ റഞ്ഞതു പോലെ, ഈ കാലഘട്ടത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശമാണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഒരു ന്യൂനപക്ഷം ആവർത്തിച്ചുകൊണ്ടിരിക്കുന്ന അനിസ്‌ലാമിക ചെയ്തി കളെ അടിസ്ഥാനമാക്കി ഇസ്‌ലാമിനെ വിമർശിക്കുന്നവരോട് എനിക്കൊര ഭ്യർത്ഥനയുണ്ട്. നിങ്ങൾ ദുഷ്കൃത്യങ്ങൾ ചെയ്യുന്നവരെ അധിക്ഷേപിക്കുക. അവരുടെ ചെയ്തികളെ അവലംബമാക്കി ഇസ്‌ലാമിനെതിരെ ആരോപണ ങ്ങൾ ഉന്നയിക്കാതിരിക്കുക.

നിങ്ങൾ ഇസ്‌ലാമികാദ്ധ്യാപനങ്ങളെ, ജർമ്മനിക്കോ മറ്റേതെങ്കിലും രാജ്യത്തിനോ ഭീഷണിയായി കാണരുത്. ഒരു മുസ്‌ലിമിന് ജർമ്മൻ സമൂ ഹവുമായി ഇണങ്ങിച്ചേരാൻ സാധിക്കുമോ ഇല്ലയോ എന്ന കാര്യത്തിൽ നി

ങ്ങൾ വേവലാതിക്കൊള്ളരുത്. ഞാൻ വ്യക്തമാക്കിയ പോലെ, നല്ല കാര്യങ്ങൾ എവിടെക്കണ്ടാലും അത് അംഗീകരിക്കുന്ന മതമാണ് ഇസ്‌ലാം. അതുകൊണ്ടു ഏതൊരു സമൂഹത്തിലും നന്മ ഉൾക്കൊണ്ടുകൊണ്ട് മുസ്‌ലിംകൾ ഇണങ്ങിച്ചേരും. ഇതിനെതിരായി വല്ലവരും പ്രവർത്തിക്കുകയാണെങ്കിൽ അയാൾ ഒരു നാമമാത്ര മുസ്‌ലിം ആയിരിക്കുകയേ ഉള്ളൂ. സദാചാരവിരുദ്ധമായ കൃത്യങ്ങൾ അനുഷ്ഠിക്കാനോ മാന്യമായ ജീവിതം നയിക്കുവാൻ വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചിരിക്കുന്ന തത്ത്വങ്ങൾ നിരാകരിക്കാനോ ആവശ്യപ്പെട്ടാൽ മാത്രമേ അവർ നിങ്ങളോട് വിയോജിക്കുകയുള്ളൂ. പക്ഷേ, ആ വക കാര്യങ്ങൾ ഉദ്ഗ്രഥനവുമായി ബന്ധപ്പെട്ടവയല്ല. വ്യക്തിയുടെ മതസ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണത്.

മതസ്വാതന്ത്ര്യ ധ്വംസനം മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന കാര്യമല്ല. എല്ലാ ജനവിഭാഗങ്ങളും അതിനെതിരെ അണിനിരക്കുകയും മതവിശ്വാസസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഭരണകൂടങ്ങൾക്കെതിരെ തങ്ങളുടെ പ്രതിഷേധ ശബ്ദം ഉയർത്തേണ്ടതുമാണ്. ജർമ്മനിയാകട്ടെ, മറ്റേതു രാഷ്ട്രവുമാകട്ടെ, അവിടങ്ങളിൽ കുടിയേറിപ്പാർത്തിരിക്കുന്ന ജനവിഭാഗങ്ങളുടെ നേരെ സഹിഷ്ണുതയോടും ബഹുമാനത്തോടും കൂടി പെരുമാറിക്കൊണ്ട് അവരുടെ വികാരങ്ങൾ മാനിക്കുമാറാകട്ടെ എന്ന് ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു. അന്യോന്യ സ്നേഹവും ആദരവും പാലിച്ചുകൊണ്ട് അവർ സമാധാനത്തിന്റെ വക്താക്കളായി ഭവിക്കട്ടെ. ലോകത്ത് സ്ഥായിയായ സമാധാനവും സുരക്ഷിതത്വവും സംസ്ഥാപിക്കാൻ ഇതായിരിക്കും മാർഗ്ഗം. സഹിഷ്ണുതാരാഹിത്യം ലോകത്തെ നയിച്ചുകൊണ്ടിരിക്കുന്ന നാശത്തിന്റെ വഴികളിൽ നിന്നുമുള്ള മോചനമായിരിക്കണം എല്ലാവരുടെയും ലക്ഷ്യം.

ഭയാനകമായ നാശം നമ്മുടെ മേൽ പതിക്കാതിരിക്കാൻ ഓരോ രാജ്യവും ഓരോ വ്യക്തിയും തന്നെ അവർ മതവിശ്വാസികളോ അല്ലാത്തവരോ ആകട്ടെ, ഏറെ സൂക്ഷ്മതയോടെ കാലടികൾ വെക്കേണ്ടിയിരിക്കുന്നു. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാൻ ഈ ഭൂമുഖത്ത് ജീവിക്കുന്ന ഓരോ ആൾക്കും സാധ്യമാകുമാറാകട്ടെ. ഒടുവിലായി ഇന്നു ഇവിടെ വന്നു ഞാൻ പറഞ്ഞ കാര്യങ്ങൾ ശ്രവിക്കാനും ശ്രദ്ധിക്കുവാനും സന്മനസ്സ് കാട്ടിയ നിങ്ങളോരോരുത്തർക്കും ഞാൻ ഒരിക്കൽ കൂടി നന്ദി പറയുന്നു. അല്ലാഹു നിങ്ങളെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ – ഏറെ നന്ദി.

**വിവർത്തനം: പ്രൊഫസർ എം.മുഹമ്മദ്**



# ഇസ്‌ലാം ശാന്തിയുടെയും അനുകമ്പയുടെയും മതം

---

**ഹൗസ് ഓഫ് പാർലിമെന്റ്**
**ലണ്ടൻ, യു.കെ, 2013**








The Deputy Prime Minister, Rt Hon Nick Clegg in discussion with Ḥaḍrat Khalīfatul-Masīḥ V[aba], House of Commons, London, 11th June 2013



The Home Secretary, Rt Hon Theresa May MP with Ḥaḍrat Khalīfatul-Masīḥ V[aba]









Ḥaḍrat Khalīfatul-Masīḥ V[aba] received at the House of Commons by Rt Hon Ed Davey MP
London, 11th June 2013

Rt Hon Ed Davey MP escorts Ḥaḍrat Khalīfatul-Masīḥ V[aba] through Westminster Hall, House of Commons, London, 11th June 2013



# ആമുഖം

അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോള അദ്ധ്യക്ഷനായ ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അഞ്ചാമൻ, (അല്ലാഹു അദ്ദേഹത്തിന്റെ സഹായിയാകുമാറാകട്ടെ)
യു.കെ യിലെ അഹ്മദിയ്യാ സമൂഹത്തിന്റെ ശതവാർഷികാഘോഷങ്ങളുടെ ഭാഗമായി 2013 ജൂൺ 11 ന് ലണ്ടനിലെ ഹൗസ് ഓഫ് പാർലമെന്റിൽ വെച്ച് നടന്ന പ്രത്യേകപരിപാടിയിൽ പങ്കെടുത്തു കൊണ്ട് പ്രഭാഷണം നിർവ്വഹിക്കുകയുണ്ടായി.
ഈ ശതവാർഷികാഘോഷ പരിപാടിയിൽ 68 വിശിഷ്ട വ്യക്തികൾ സംബന്ധിക്കുകയുണ്ടായി. അവരിൽ 30 പാർലമെന്റ് അംഗങ്ങളും പ്രഭുസഭയിലെ 12 അംഗങ്ങളും 6 ക്യാബിനറ്റ് മന്ത്രിമാരും 2 മന്ത്രിമാരും ഉൾപ്പെടുന്നു. ബി.ബി.സി, സ്കൈ ടി.വി, ഐ.ടി.വി തുടങ്ങി വിവിധ മാധ്യമ പ്രസ്ഥാനങ്ങളുടെ പ്രതിനിധികൾ പരിപാടി റിപ്പോർട്ട് ചെയ്യുവാൻ എത്തിയിരുന്നു. പരിപാടിയിൽ പങ്കെടുത്തുകൊണ്ട് തങ്ങളുടെ സാന്നിധ്യമറിയിച്ച മറ്റു പ്രമുഖർ ഇവരായിരുന്നു.
Secretary of State for Energy and Climate Change The Rt Hon. Ed Davey MP, the Deputy Prime Minister The Rt Hon. Nick Clegg MP, the Home Secretary The Rt Hon. Theresa May MP, the Shadow Foreign Secretary The Rt Hon. Douglas Alexander MP, the Chairman of the Home Affairs Select Committee Rt Hon. Keith Vaz MP and Member of Parliament for Mitcham and Morden Siobhain McDonaugh MP.

## *ഇസ്‌ലാം: ശാന്തിയുടെയും അനുകമ്പയുടെയും മതം*

*ബിസ്മില്ലാഹി റഹ്മാനി റഹീം* – പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

വിശിഷ്ട അതിഥികളേ, *അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു.* അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും നിങ്ങളിലേവരിലും ഉണ്ടാകട്ടെ.

യു.കെ.യിലെ അഹ്മദിയ്യാ മുസ്‌ലിം സമൂഹം ശതവാർഷിക ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ, അഹ്മദി മുസ് ലിംകളുമായുള്ള തങ്ങളുടെ അടുത്ത ബന്ധവും സൗഹൃദവും പ്രകടിപ്പിക്കാനുള്ള മാർഗ്ഗമെന്ന നിലയിൽ ഈ പാർലമെന്റ് ഹൗസിൽ ഇത്തരമൊരു വേദിയൊരുക്കിയ ഞങ്ങളുടെ സുഹൃത്തുക്കൾക്ക് ഞാനേറ്റവുമാദ്യം നന്ദി പറയുന്നു. അതിനോടൊപ്പം, ഇവിടെ എത്തിച്ചേർന്നിട്ടുള്ള എല്ലാ മാന്യ അതിഥികൾക്കും ഞാൻ നന്ദി പറയുന്നു. നിങ്ങളിവിടെ സന്നിഹിതരായിക്കൊണ്ട്, ഈ പരിപാടിയുടെ വിജയവും പ്രയോജനവും ഉറപ്പ് വരുത്തുകയാണ് ചെയ്യുന്നത്. നിങ്ങളിലേറിയ പേരും മറ്റ് യാതൊരു ചുമതലകളും ബാധ്യതകളുമില്ലാതെയാണ് ഇവിടെ ഇരിക്കുന്നതെന്നതിൽ എനിക്ക് സന്തോഷമുണ്ട്.

നിങ്ങളുടെ ഈ പെരുമാറ്റത്തിന് പരസ്യമായി നന്ദിയും അഭിനന്ദനവും ചൊരിയുന്നതു കൂടാതെ ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഈ മനോഹ

രവും പ്രൗഢവുമായ സൗധത്തിനകത്ത് പ്രവർത്തിക്കുന്ന എല്ലാ ഭരണവകുപ്പുകൾക്കും വ്യക്തികൾക്കും ഈ രാജ്യത്തേയും ഇവിടുത്തെ ജനങ്ങളെയും സേവിക്കാനുള്ള അവകാശം ശരിയായ നിലയിൽ നിർവഹിക്കാൻ കഴിയട്ടെ എന്നാണ്. ഇതെന്റെ ആത്മാർഥമായ പ്രതീക്ഷയും പ്രാർഥനയും കൂടിയാണ്. നീതിപൂർവ്വം പ്രവർത്തിക്കുകയും, അങ്ങനെ എല്ലാ കക്ഷികൾക്കും പ്രയോജനപ്രദമായ രീതിയിൽ തീരുമാനങ്ങളെടുക്കാനും മറ്റു രാജ്യങ്ങളുമായി നല്ല ബന്ധം പരിപോഷിപ്പിക്കുന്നതിന് ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കാനും ഇവർക്ക് കഴിയട്ടെ എന്ന് ഞാൻ പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈയൊരു സമീപനം കൈകൊള്ളുകയാണെങ്കിൽ, സ്നേഹത്തിന്റെയും അടുപ്പത്തിന്റെയും സാഹോദര്യത്തിന്റെയും ഏറ്റവും മികച്ച ഫലങ്ങളനുഭവിക്കാനും സമാധാനത്തിന്റെയും ഐശ്വര്യത്തിന്റെയും യഥാർത്ഥ അഭയസ്ഥാനമായിത്തീരുന്നതിലേക്ക് ലോകത്തെ നയിക്കുവാനും കഴിയും.

എന്റെ ഈ അഭിലാഷവും പ്രാർത്ഥനയും എല്ലാ അഹ്മദികളും പങ്കുവെക്കുന്നു. കാരണം, സ്വരാജ്യത്തോടും പൊതുവെ മനുഷ്യവംശത്തോടും അഗാധമായ സ്നേഹമുണ്ടാവേണ്ടത് അനിവാര്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. തീർച്ചയായിട്ടും സ്വരാജ്യസ്നേഹം വിശ്വാസത്തിന്റെ സർവ്വപ്രധാന ഘടകമായാണ് അഹ്മദികൾ വിശ്വസിക്കുന്നത്. കാരണം ഇതു തന്നെയാണ് ഇസ്‌ലാമിന്റെ സ്ഥാപകൻ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) സുനിശ്ചിതമായി നിർദ്ദേശിച്ചതും പഠിപ്പിച്ചതും. അതിനാൽ, ബ്രിട്ടീഷ് പൗരനായ ഓരോ അഹ്മദിയും, അവൻ ഇവിടെ യു.കെയിൽ തന്നെ ജനിച്ചതോ അല്ലെങ്കിൽ വിദേശത്തു നിന്ന് ഇവിടേക്ക് കുടിയേറിപ്പാർത്തതോ ആവട്ടെ, ഈ രാജ്യത്തോട് പൂർണ്ണമായും കൂറു പുലർത്തുന്നവനും, ഇതിനോട് ആത്മാർത്ഥസ്നേഹമുള്ളവനുമായിരിക്കുമെന്ന് ഞാനിവിടെ സുവ്യക്തമാക്കുകയാണ്. ഈ മഹത്തായ രാജ്യത്തിന്റെ പുരോഗതിയും സമൃദ്ധിയും മാത്രമാണ് അവർ ആഗ്രഹിക്കുന്നത്.

യു.കെ യിൽ താമസിക്കുന്ന മറ്റു രാജ്യങ്ങളിൽ നിന്നുള്ള ജനങ്ങളുടെ എണ്ണമിന്ന് ഗണനീയമായ തോതിലാണുള്ളത്. രാജ്യത്തെ ആകെ ജനസംഖ്യയുടെ 14–15% ഈ വിഭാഗക്കാരാണെന്നാണ് കണക്കാക്കപ്പെടുന്നത്.

കുടിയേറ്റ ജനതയെ രാജ്യത്തിലെ അംഗങ്ങളെന്ന നിലയിൽ സ്വീകരിക്കുകയും ബ്രിട്ടന്റെ സാമൂഹികഘടനയുടെ ഭാഗമായിത്തീരാൻ അനുവദിക്കുകയും ചെയ്തുകൊണ്ട് തദ്ദേശീയ ബ്രിട്ടീഷ് ജനത പ്രദർശിപ്പിച്ച ഹൃദയവിശാലതയുടെയും സഹിഷ്ണുതയുടെയും മഹത്തായ ഗുണങ്ങളൊന്നു പരാമർശിക്കാതെ, അവയെയൊന്നു പ്രകീർത്തിക്കാതെ എനിക്കൊരല്പം

പോലും തുടരാനാവില്ല. ഈയൊരു അർത്ഥത്തിൽ, രാജ്യത്തിനോട് കൂറുള്ള പൗരന്മാരാണ് തങ്ങളെന്ന് തെളിയിക്കേണ്ട ധാർമ്മിക ഉത്തരവാദിത്വം ഇവിടെ സ്ഥിരതാമസമാക്കാനായി എത്തിയ ജനതയുടെ മേലുള്ള കടമയായി മാറുന്നു. എല്ലാ വിധത്തിലുള്ള കുഴപ്പങ്ങളെയും കലഹങ്ങളെയും നിയന്ത്രിക്കാനുള്ള ഗവൺമെന്റിന്റെ പരിശ്രമങ്ങളെ അവർ നിർബന്ധമായും പിന്താങ്ങേണ്ടതാണ്. അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തെ സംബന്ധിച്ചിടത്തോളം, അവരേതു രാജ്യത്ത് വസിച്ചാലും ഈയൊരു തത്ത്വത്തിനനുസരിച്ചേ പ്രവർത്തിക്കുകയുള്ളൂ.

നിങ്ങൾക്കറിവുള്ളത് പോലെ, യു.കെ യിലെ അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനമിപ്പോൾ അതിന്റെ ശതവാർഷിക ജൂബിലിയാഘോഷിക്കുകയാണ്. അഹ്മദിയ്യാ സമൂഹത്തിലെ അംഗങ്ങൾ തങ്ങളുടെ രാജ്യത്തിനോട് കൂറു പുലർത്തുന്നതിനുള്ള ആവശ്യകോപാധികൾ എല്ലായ്പ്പോഴും പൂർത്തീകരിച്ചിട്ടുണ്ട്. അവർ എല്ലാ തരത്തിലുള്ള തീവ്രവാദത്തിന്റെയും, വിപ്ലവത്തിന്റെയും കുഴപ്പത്തിന്റെയും അപകടം പൂർണ്ണമായി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഈയൊരു വസ്തുതയ്ക്ക് കഴിഞ്ഞ നൂറ് വർഷങ്ങൾ തെളിവും സാക്ഷിയുമാണ്. അഹ്മദിയ്യാ സമൂഹം യഥാർത്ഥ ഇസ്‌ലാമിക മതസമൂഹമാണെന്ന പൂർണ്ണ യാഥാർത്ഥ്യമാണ് സത്യത്തിൽ ഈ കൂറും സ്നേഹവും നിറഞ്ഞ സമീപനത്തിനുള്ള അടിസ്ഥാനകാരണം. ഞങ്ങൾ ഇസ്‌ലാമിന്റെ ശുദ്ധവും, വസ്തുതാപരവും സമാധാനപൂർണ്ണവുമായ അധ്യാപനങ്ങൾ തുടർച്ചയായി ലോകജനതയ്ക്ക് പരിചയപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. മാത്രമല്ല, എല്ലായ്പ്പോഴും ഈ അധ്യാപനങ്ങൾ യഥാർത്ഥ ഇസ്‌ലാമായി അംഗീകരിക്കപ്പെടുന്നതിന് വേണ്ടി ഞങ്ങൾ പ്രയത്നിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ ഞങ്ങളുടെ സമുദായം പ്രത്യേകമായിത്തന്നെ നിൽക്കുന്നു.

ആമുഖമായി ഇത്രയും പറഞ്ഞുകൊണ്ട്, ഞാനെന്റെ വിഷയത്തിലേക്ക് കടക്കുകയാണ്. ഞങ്ങളുടെ സമുദായം സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും പതാകവാഹകരാണ്. അതുകൊണ്ടാണ് "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്" എന്നത് ഞങ്ങളുടെ മുദ്രാവാക്യമായത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അതിന്റെ ശാന്തിയുടെയും സാഹോദര്യത്തിന്റെയും സന്ദേശത്തെ നേരിട്ട് ഇസ്‌ലാമുമായി ബന്ധപ്പെടുത്തുമ്പോൾ, ഞങ്ങളുമായി പരിചയമോ അടുത്ത ബന്ധമോ ഉണ്ടെങ്കിൽ പോലും അമുസ്‌ലിംകളായ പലരും വളരെയധികം ആശ്ചര്യം പ്രകടിപ്പിക്കാറുണ്ട്. ഇസ്‌ലാമിക പണ്ഡിതരെന്നു വിളിക്കപ്പെടുന്ന മറ്റു പലരുടെയും സംഘടനകളുടെയും വാക്കും പ്രവൃത്തിയും അവർ പ്രചരിപ്പിക്കുന്ന സന്ദേശവും പൂർണ്ണമായും വ്യത്യസ്തരീതിയിലുള്ളതെന്നതാണ് അവരുടെ അത്

ഭൂതത്തിനും ഞെട്ടലിനും കാരണം. ഈ വ്യത്യാസം വിശദമാക്കാനായി ഞാനൊരു കാര്യമിവിടെ വ്യക്തമാക്കുകയാണ്. അതായത്, ഇക്കാലഘട്ടത്തിൽ "വാളുകൊണ്ടുള്ള ജിഹാദ്" എന്ന ഹിംസാത്മകമായ ആശയം പൂർണ്ണമായും തെറ്റാണെന്നും അത് നിരാകരിക്കപ്പെടേണ്ടതാണെന്നുമാണ് അഹ്മദി മുസ്‌ലിംകൾ വിശ്വസിക്കുന്നത്. എന്നാൽ മറ്റു മുസ്‌ലിം പണ്ഡിതർ ഈ ആശയം പ്രചരിപ്പിക്കുകയോ അല്ലെങ്കിൽ ആചരിക്കുകയോ ചെയ്യുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മുസ്‌ലിംകൾക്കിടയിൽ ഭീകരവാദ തീവ്രവാദ സംഘടനകൾ ഉയർന്നു വരുന്നതിൽ അവരുടെ ഇത്തരം വിശ്വാസങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഇതിലൂടെ ചില സംഘങ്ങൾ മാത്രമല്ല ഉയർന്നുവരുന്നത്. മറിച്ച് ചില വ്യക്തികൾ ഇത്തരം അബദ്ധജടിലവിശ്വാസങ്ങൾക്കനുസൃതമായി പ്രവർത്തിച്ചുകൊണ്ട് സാഹചര്യത്തിന്റെ ആനുകൂല്യമെടുക്കുന്നത് നമുക്ക് കാണാൻ കഴിയും. തീർച്ചയായും, ലണ്ടനിലെ തെരുവിൽ വെച്ച് നടന്ന നിഷ്കളങ്കനായ ബ്രിട്ടീഷ് സൈനികന്റെ മൃഗീയമായ കൊലപാതകം അടുത്ത കാലത്തുണ്ടായ ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഈയൊരു ആക്രമണത്തിന് ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളുമായി പുലബന്ധം പോലുമില്ല. അതിനേക്കാളുപരിയായി, ഇത്തരം പ്രവൃത്തികളെ ഇസ്‌ലാമികാധ്യാപനങ്ങൾ ശക്തമായി അപലപിക്കുകയാണ് ചെയ്യുന്നത്. മുസ്‌ലിം നാമധാരികൾ തങ്ങളുടെ രഹസ്യ അജണ്ടയുടെ ഭാഗമായി പ്രാവർത്തികമാക്കുന്ന ദുർവ്യാഖ്യാനം ചെയ്ത ഇസ്‌ലാമിക അധ്യാപനങ്ങളും ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളും തമ്മിലുള്ള വ്യത്യാസത്തെ കൃത്യമായി വെളിവാക്കുകയാണ് ഇത്തരം ദുഷ്പ്രവൃത്തികൾ ചെയ്യുന്നത്. ഞാനിത് കൂടി പറയാനാഗ്രഹിക്കുകയാണ്, അതായത് ശരിയായ നിലയിലുള്ള പ്രതികരണങ്ങളായിരുന്നില്ല തദ്ദേശീയഗ്രൂപ്പുകളുടേത്. അതിന് സമൂഹത്തിലെ സമാധാനാവസ്ഥയെ തകർക്കാനേ കഴിയുമായിരുന്നുള്ളൂ.

ഇസ്‌ലാമിക അധ്യാപനങ്ങളെന്നു കരുതി ഞങ്ങൾ വിശ്വസിക്കുന്നവ ശരിയാണെന്നതിനുള്ള ഞങ്ങളുടെ ന്യായവാദങ്ങളെ പിന്തുണക്കുവാൻ എന്ത് തെളിവാണ് ഉള്ളത് ? ഇസ്‌ലാമിനെതിരെ മതയുദ്ധം നടത്തുമ്പോൾ മാത്രമാണ് ആയുധപ്രയോഗം അഥവാ ബലപ്രയോഗം അനുവദനീയമാകുകയെന്നത് അടിവരയിട്ട് മനസ്സിലാക്കേണ്ടതാണ്.

സമകാലിക ലോകത്ത് മതത്തിന്റെ അടിസ്ഥാനത്തിൽ, ഏതെങ്കിലും ഒരു രാജ്യമോ, മതമോ ആരും തന്നെ ഇസ്‌ലാമിനെതിരെ ഭൗതികമായ യുദ്ധമോ ആക്രമണമോ അഴിച്ചു വിടുന്നില്ല. അതിനാൽ, മതത്തിന്റെ പേരിൽ മുസ്‌ലിംകൾ മറ്റാരെയെങ്കിലും ആക്രമിക്കുന്നത് ഒരു തരത്തിലും നീതികരിക്കാൻ

കഴിയില്ല. കാരണം ഇത് വ്യക്തമായും ഖുർആനിക അധ്യാപനങ്ങളുടെ ഉല്ലംഘനമാകുന്നു.

വിശുദ്ധഖുർആൻ ബലപ്രയോഗത്തിന് അനുവാദം തരുന്നത് ഇസ്ലാമിനെതിരായി യുദ്ധം ചെയ്യുകയോ ആയുധമെടുക്കുകയോ ചെയ്യുന്നവർക്കെതിരെ മാത്രമാണ്. മറ്റൊരു പ്രധാന വിഷയം, ഒരു രാജ്യത്തെ പൗരൻ, തന്റെ രാജ്യത്തിനോ രാജ്യവാസികൾക്കോ അപകടം വരുത്തുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അയാളുടെ പ്രവൃത്തി വ്യക്തമായും ഇസ്ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്നുള്ളതാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞിരിക്കുന്നത് ആരാണോ നിഷ്കളങ്കനായ ഒരു മനുഷ്യന്റെ ചോര ചിന്തുന്നത് അവൻ മുസ്ലിമല്ല എന്നാണ്. അത്തരക്കാരെ ദുർബല വിശ്വാസികളും പാപികളുമായാണ് അദ്ദേഹം കണക്കാക്കിയിരുന്നത്.

ഇസ്ലാമികദർശനത്തിന്റെ മറ്റു വീക്ഷണങ്ങളെ കുറിച്ച് നമുക്ക് നോക്കാം. ശരിക്കും എന്തുമാത്രം ബോധദീപ്തവും ശുദ്ധവുമാണ് ഇസ്ലാമിക അധ്യാപനങ്ങളെന്ന് അവ സാക്ഷ്യപ്പെടുത്തുന്നു. യഥാർത്ഥ ഇസ്ലാമിക അധ്യാപനങ്ങളെ യാതൊരു വിധത്തിലും പ്രതിനിധീകരിക്കാത്ത രീതിയിലാണ് മുസ്ലിം ഗ്രൂപ്പുകളെന്ന് അവകാശപ്പെടുന്നവ ഇസ്ലാമിനെ ജനമധ്യത്തിൽ അവതരിപ്പിക്കുന്നത്. ഞാനിതിനെ കുറിച്ച് നിങ്ങളോട് വിശദീകരിക്കുന്നതാണ്. വിദ്വേഷം നിറഞ്ഞ തങ്ങളുടെ പ്രവർത്തനങ്ങളെ നീതികരിക്കാൻ ഇസ്ലാമിന്റെ നാമം തെറ്റായ നിലയിലുപയോഗിച്ചുകൊണ്ട്, തങ്ങളുടെ നിക്ഷിപ്ത താത്പര്യങ്ങളെ സഫലീകരിക്കുകയെന്ന ഒരേയൊരു ആഗ്രഹത്തോടെയുള്ളവയാണ് അവയുടെ ചെയ്തികളെന്ന് നിങ്ങൾക്കപ്പോൾ വ്യക്തമാവും.

മതസഹിഷ്ണുതയുടെ പ്രാധാന്യത്തിന് ഇസ്ലാം നല്കുന്നത്ര ഉയർന്ന നിലവാരത്തിലുള്ള പ്രാമുഖ്യം മറ്റെവിടെയെങ്കിലും കണ്ടെത്തുക അസാധ്യമാണ്. മറ്റ് മതങ്ങൾ തെറ്റാണെന്ന് സ്ഥാപിക്കപ്പെടുന്നത് വരെ സ്വന്തം മതത്തിന്റെ സത്യത സ്ഥാപിക്കാനാവില്ലെന്ന് വിശ്വസിക്കാനാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നത്. എന്നാൽ ഇതിൽ നിന്നും തികച്ചും വിഭിന്നമായ സമീപനമാണ് ഇസ്ലാമിന്റേത്. എന്തുകൊണ്ടെന്നാൽ, ഇസ്ലാം മനുഷ്യരാശിയ്ക്കായി അയക്കപ്പെട്ട സത്യമതമാണെന്നിരിക്കെ, ദൈവം എല്ലാ ജനതകളിലേക്കും ദേശങ്ങളിലേക്കും പ്രവാചകന്മാരെ അയച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യത്തെ കുറിച്ചും അത് അധ്യാപനം നല്കുന്നു. ഇത് വ്യക്തമായും വിശുദ്ധഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകന്മാരെല്ലാവരും അയക്കപ്പെട്ടത് സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും അധ്യാപനങ്ങളുമായിട്ടാണെന്നും, അതിനാൽ യഥാർത്ഥ മുസ്ലിംകളെല്ലാം തന്നെ നിർബന്ധമായും അവരെ അംഗീകരിക്കണമെന്നും അല്ലാഹു പറയുന്നു. ഇസ്ലാം ചെയ്യുന്നത് പോലെ, മറ്റൊ

രു മതവും ഇത്ര തുറന്ന മനസ്സോടെ, സന്തോഷത്തോടെ ഓരോ വിശ്വാസ സംഹിതയെയും, ഓരോ ദേശത്തെയും പ്രകീർത്തിക്കുന്നില്ല. ഇത്, എല്ലാ ജന തകളിലേക്കും രാജ്യങ്ങളിലേക്കും പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്നും ഒരിക്കലും തന്നെ അവരെ വ്യാജന്മാരായി കണക്കാക്കരുതെന്നും മുസ്‌ലിം കൾ വിശ്വസിക്കുന്നത് കൊണ്ടാണ്. അതിനാൽ ഒരിക്കലും തന്നെ മുസ്‌ലിം കൾക്ക് ദൈവത്തിൽ നിന്നുള്ള പ്രവാചകരിലാരെയും അവമതിക്കാനോ, പരി ഹസിക്കാനോ, അധിക്ഷേപിക്കാനോ കഴിയില്ലെന്നു മാത്രമല്ല ഏതെങ്കിലും മതാനുയായിയുടെ വികാരങ്ങളെ വ്രണപ്പെടുത്തുക പോലും സാധ്യമല്ല.

എന്നാൽ, ഇതിന് ഘടകവിരുദ്ധമായ നിലപാടാണ് ചില അമുസ്‌ലിംകളു ടേതെന്നത് ഖേദകരമാണ്. ഇസ്‌ലാമിന്റെ സ്ഥാപകരെ വേദനിപ്പിക്കുന്ന രീതി യിൽ അപഹസിക്കുന്നതിനോ ദുരാരോപണമുന്നയിക്കുന്നതിനോ ലഭിക്കുന്ന ഒരവസരവും അവർ വിനിയോഗിക്കാതിരിക്കുന്നില്ല. അങ്ങനെ മുസ്‌ലിംകളു ടെ വികാരങ്ങളെ ഗുരുതരമായ രീതിയിൽ വ്രണപ്പെടുത്തുകയാണ് അവർ ചെയ്യുന്നത്. സത്യമായിട്ടും ഞങ്ങളാഗ്രഹിക്കുന്നത് മതസഹിഷ്ണുതയും പ രസ്പരധാരണയുമാണ്. ഇതിനു കാരണം ഞങ്ങൾ പുലർത്തുന്ന വിശ്വാസമാ ണ്. നിർഭാഗ്യവശാൽ ചില പ്രതിലോമ ശക്തികൾ മുസ്‌ലിം വികാരത്തെ തൊട്ടുകളിക്കുന്നു. മുസ്‌ലിംകളെന്നു വിളിക്കപ്പെടുന്നവർ ഇതിൽ പ്രകോ പിതരാകുകയും പൂർണ്ണമായും തെറ്റായ, ഉത്തരവാദിത്വരഹിതമായ രീതി യിൽ പ്രതികരിക്കുകയും ചെയ്യുന്നു. അവരുടെ ഈ പ്രതികരണത്തിനും തിരിച്ചടിക്കും യഥാർത്ഥ ഇസ്‌ലാമിക അധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ല. എന്നാൽ എത്ര പ്രകോപിതനായാലും ഇത്തരം നിഷേധാത്മകരീതിയിൽ ഒരഹ്മദി മുസ്‌ലിം പ്രതികരിക്കുന്നത് നിങ്ങൾക്കൊരിക്കലും തന്നെ കണ്ടെ ത്താൻ കഴിയില്ലയെന്നത് തീർച്ചയാണ്.

ഇസ്‌ലാമിന്റെ സ്ഥാപകരും (സ) വിശുദ്ധ ഖുർആനും തീവ്രവാദത്തിന്റെ പാഠങ്ങൾ നൽകിയെന്നും ഇസ്‌ലാമിക സന്ദേശപ്രചാരണത്തിന് ബലപ്ര യോഗം പ്രോത്സാഹിപ്പിച്ചെന്നുമാണ് അവർക്കെതിരെ ഉയർത്തപ്പെടുന്ന മറ്റൊരു ഗുരുതര ആരോപണം. ഈയൊരാരോപണം വിലയിരുത്താനും യാ ഥാർത്ഥ്യമറിയാനും നമുക്ക് വിശുദ്ധ ഖുർആൻ നോക്കാം. സർവ്വശക്തനായ അല്ലാഹു പറയുന്നു.

**'നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനേ. (പക്ഷേ, അവൻ നിർബന്ധിക്കുന്നില്ല) എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിനായി നീ അവ രെ നിർബന്ധിക്കുകയോ'! (10:100)**

ഈ വചനം വ്യക്തമായും പ്രസ്താവിക്കുന്നത് സർവ്വശക്തികളുടെയും ഉടമസ്ഥനായ ദൈവത്തിന് എല്ലാ ജനങ്ങളെയും കൊണ്ട് ഒരേ മതം തന്നെ സ്വീകരിപ്പിക്കുവാൻ അനായാസേന കഴിയുമായിരുന്നുവെന്നാണ്. എന്നാൽ അവനതിനു പകരം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമാണ് മനുഷ്യർക്ക് നല്കിയത് – വിശ്വസിക്കുകയോ, വിശ്വസിക്കാതിരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം.

ദൈവം മനുഷ്യകുലത്തിന് ഈയൊരു തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നല്കിയിട്ടുണ്ടെങ്കിൽ പിന്നെയാരെയെങ്കിലും മുസ്‌ലിമാക്കാനായി നിർബന്ധമോ ബലപ്രയോഗമോ ചെലുത്താൻ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) നോ അദ്ദേഹത്തിന്റെ ഏതെങ്കിലുമൊരു അനുയായിക്കോ എങ്ങനെയാണ് കഴിയുക? സർവ്വശക്തനായ ദൈവം വിശുദ്ധഖുർആനിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

**പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ......(18:30)**

ഇതാണ് ഇസ്‌ലാമിന്റെ യാഥാർത്ഥ്യം. ഇതാണതിന്റെ യഥാർത്ഥ അധ്യാപനം. ഒരുവന്റെ ഹൃദയമഭിലഷിക്കുന്നുവെങ്കിൽ അവന് ഇസ്‌ലാം ആശ്ലേഷിക്കാൻ തടസ്സമില്ല എന്നാൽ ഇനിയവന്റെ ഹൃദയമഭിലഷിക്കുന്നില്ലെങ്കിൽ അവനതു നിരാകരിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. അതുകൊണ്ട് തന്നെ ഇസ്‌ലാം പൂർണ്ണമായും ബലപ്രയോഗത്തിനും തീവ്രവാദത്തിനുമെതിരാണ്. എന്നല്ല അത് ശുപാർശ ചെയ്യുന്നത് സമൂഹത്തിന്റെ എല്ലാ തലങ്ങളിലുള്ള സ്നേഹവും സൗഹാർദ്ദവുമാണ്. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അക്രമവും ബലപ്രയോഗവും പഠിപ്പിക്കുകയെന്നത് അസാധ്യമാണ്. കാരണം 'ഇസ്‌ലാം' എന്നതിന്റെ അർത്ഥം തന്നെ സമാധാനത്തിൽ ജീവിക്കുക, സമാധാനം മറ്റുള്ളവർക്ക് പ്രദാനം ചെയ്യുക എന്നതാണ്. എന്നിരുന്നാലും ഞങ്ങളുടെ മതവികാരം അപഹസിക്കപ്പെടുമ്പോൾ ഞങ്ങളിൽ അത് കടുത്ത ദുഃഖവും വേദനയുമുണ്ടാക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) നെ അവമതിക്കുന്ന എന്തെങ്കിലും കേട്ടാലതു ഞങ്ങളുടെ ഹൃദയത്തിലേക്കു തുളഞ്ഞുകയറി മുറിവുണ്ടാക്കുന്നു.

ഇസ്‌ലാമിന്റെ പരിശുദ്ധസ്ഥാപകരാണു (സ) ഞങ്ങളുടെ ഹൃദയത്തിൽ ദൈവത്തിനോടും അവന്റെ സൃഷ്ടികളോടും സ്നേഹമുണ്ടാക്കിയത്. അദ്ദേഹമാണ് ഞങ്ങളുടെ ഹൃദയത്തിൽ എല്ലാ മതങ്ങളോടും മാനവരാശിയോ

ടും സ്നേഹവും ബഹുമാനവും ഉറപ്പിക്കുകയും രൂഢമൂലമാക്കുകയും ചെയ്തത്. ഇസ്ലാമിന്റെ സമാധാന പൂർണ്ണമായ അധ്യാപനങ്ങൾക്ക് പ്രവാചകൻ(സ) ന്റെ എതിരാളികളുടെ പ്രതികരണത്തേക്കാൾ എന്ത് വലിയ തെളിവാണുണ്ടാകുക?

ഇസ്ലാമിന്റെ സന്ദേശം എതിരാളികൾക്ക് എത്തിക്കുകയും അവരെ ഉപദേശിച്ചുകൊണ്ട് ഇസ്ലാമിൽ ചേരാൻ ക്ഷണിക്കുകയും ചെയ്ത പ്രവാചകൻ (സ) എന്തെങ്കിലും ക്രൂരകൃത്യമോ, ദുഷ്ചെയ്തികൾ നിറഞ്ഞ പാതകമോ ചെയ്യാൻ ആവശ്യപ്പെട്ടുവെന്ന് അവർ പറഞ്ഞില്ല. പകരമവർ പറഞ്ഞത് പ്രവാചകന്റെ(സ) ഉപദേശം സ്വീകരിക്കുകയാണെങ്കിൽ അവരുടെ സമ്പത്തും പദവിയും അന്തസ്സുമൊക്കെ ജനങ്ങൾ അപകടപ്പെടുത്തുകയോ അല്ലെങ്കിൽ കൈവശപ്പെടുത്തുകയോ ചെയ്യുമെന്നാണ്. കാരണം പ്രവാചകൻ (സ) ഊന്നൽ കൊടുത്തത് സമാധാനത്തിനും സൗഹാർദത്തിനും മാത്രമായിരുന്നു. ഇസ്ലാം മതം സ്വീകരിച്ചുകൊണ്ട് സമാധാനം കൈകൊള്ളുകയാണെങ്കിൽ ചുറ്റുമുള്ള ജനങ്ങളോ ഗോത്രങ്ങളോ അല്ലെങ്കിൽ രാജ്യങ്ങൾ തന്നെയും അവരെ നശിപ്പിച്ചേക്കുമെന്ന ഭയത്തെയാണ് അവരേറ്റു പറഞ്ഞത്. ചുരുക്കത്തിൽ, ഇസ്ലാം അക്രമത്തിന് ശുപാർശയോ വാളുയർത്തി യുദ്ധം ചെയ്യാൻ മുസ്ലിംകൾക്ക് ആഹ്വാനമോ നല്കിയിട്ടുണ്ടാ യിരുന്നെങ്കിൽ, വ്യക്തമായും ഇത്തരത്തിലുള്ളൊരു ന്യായീകരണം അവിശ്വാസികൾ നല്കുമായിരുന്നില്ല. ഇസ്ലാമാശ്ലേഷിക്കുന്നതിൽ നിന്നും തങ്ങളെ തടഞ്ഞത്, അതിന്റെ സമാധാന അധ്യാപനങ്ങൾ പ്രാവർത്തികമാക്കിയാൽ ഭൗതികരായ ആളുകളുടെ കയ്യാൽ തങ്ങൾ നശിപ്പിക്കപ്പെടുമോയെന്ന ഭയമായിരുന്നുവെന്ന് അവർ പറയുമായിരുന്നില്ല.

സർവ്വശക്തനായ ദൈവത്തിന്റെ ഗുണനാമങ്ങളിലൊന്ന് 'സലാം' എന്നാകുന്നുവെന്ന് വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു. അവൻ 'സമാധാനത്തിന്റെ ഉറവിടം' ആകുന്നു എന്നാണതിന്റെയർത്ഥം. തുടർന്നു പറയുന്നു, സത്യത്തിൽ ദൈവം സമാധാനത്തിന്റെ ഉറവിടമാകുന്നുവെങ്കിൽ അവനിൽ നിന്നുള്ള ശാന്തിയും സമാധാനവും ഒരു കൂട്ടം ജനങ്ങളിൽ മാത്രം പരിമിതപ്പെടുത്താതെ, അവന്റെ എല്ലാ സൃഷ്ടികളിലും, മനുഷ്യകുലത്തിനെയൊട്ടാകെയും തന്നെ വലയം ചെയ്യും.

ദൈവത്തിൽ നിന്നുള്ള സമാധാനം കുറച്ചാളുകളെ സംരക്ഷിക്കാനായി മാത്രം രൂപകല്പന ചെയ്തതായിരുന്നുവെങ്കിൽ, പിന്നെ അവൻ മുഴുലോകത്തിനുമായുള്ള ദൈവമാണെന്ന് പറയാൻ കഴിയില്ല. ഇതിനു ഉത്തരം സർവ്വശക്തനായ അല്ലാഹു വിശുദ്ധ ഖുർആനിൽ നല്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു;

**“അദ്ദേഹത്തിന്റെ (ഈ ദൂതൻ) വാക്കിനെ മുൻനിറുത്തി ഞാൻ സത്യം ചെയ്യുന്നു. എന്റെ നാഥാ ഇക്കൂട്ടർ വിശ്വസിക്കാത്ത ജനം തന്നെയാണ്. അതുകൊണ്ട് നീ അവർക്കു വിട്ടു വീഴ്ച്ച ചെയ്യുക. സമാധാനം എന്ന് പറയുക. പിന്നീട് അവരറിയും. (43:89,90)**

ഈ വാക്കുകൾ ചിത്രീകരിക്കുന്നത്, എല്ലാ മനുഷ്യർക്കുമുള്ള അനുകമ്പയുടെയും കാരുണ്യത്തിന്റെയും ഉറവിടമായിരുന്നു പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) കൊണ്ടുവന്ന അധ്യാപനങ്ങളെന്നാണ്. അങ്ങനെയവ മനുഷ്യരാശിയ്ക്കാകമാനമുള്ള സമാധാനത്തിന്റെ മാർഗ്ഗമായി മാറി. പരിശുദ്ധപ്രവാചകന്റെ(സ) സമാധാനസന്ദേശത്തിനു മറുപടിയായി അദ്ദേഹത്തിന്റെ എതിരാളികൾ അദ്ദേഹം കൊണ്ടുവന്ന അധ്യാപനങ്ങളെ നിരാകരിക്കുക മാത്രമല്ല ചെയ്തത്, അവരദ്ദേഹത്തെ പരിഹസിക്കുകയും അപമാനിക്കുകയും കൂടി ചെയ്തു. തീർച്ചയായും, അതിനുമപ്പുറം കടന്നുകൊണ്ട് കടുത്ത ശത്രുതയാൽ അവരദ്ദേഹത്തെ എതിർക്കുകയും കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കുകയും ചെയ്തു. എന്നാൽ ഇതിനെല്ലാമുപരിയായി പരിശുദ്ധപ്രവാചകൻ (സ) ദൈവത്തിനു മുമ്പിൽ ഇങ്ങനെ യാചിച്ചു, ഞാനവർക്ക് സമാധാനം നല്കാനാഗ്രഹിച്ചു, പക്ഷെ അവരെനിക്കു സമാധാനം നല്കുന്നില്ലെന്നു മാത്രമല്ല എന്നിൽ കടുത്ത ദുഃഖവും വേദനയും അടിച്ചേൽപ്പിക്കാൻ അവർ കഠിനമായി ശ്രമിക്കുകയും ചെയ്യുന്നു.

ഇതിനു പ്രത്യുത്തരമായി, അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു, അവരെന്തൊക്കെ ചെയ്താലും നീയത് അവഗണിച്ചുകൊണ്ട് അവരിൽ നിന്നും വിട്ടു നിൽക്കുക. ലോകത്ത് സമാധാനം വ്യാപിപ്പിക്കുകയും അത് സ്ഥാപിക്കുകയും ചെയ്യുക എന്നതു മാത്രമാണ് നിന്റെ നിയുക്ത കൃത്യം. അവരുടെ വിദ്വേഷത്തിനും അതിക്രമങ്ങൾക്കുമെതിരെ നിങ്ങളുടെ മേൽ സമാധാനമുണ്ടാവട്ടെയെന്ന് ആശംസ പറഞ്ഞുകൊണ്ട് നീ പ്രതികരിക്കുക. എന്നിട്ട് അവരോട് പറയുക. നിങ്ങൾക്ക് സമാധാനം നീ കൊണ്ടുവന്നിരിക്കുന്നുവെന്ന്.

ഇപ്രകാരം, പരിശുദ്ധപ്രവാചകൻ തന്റെ ജീവിതം മുഴുവനും ലോകത്ത് സമാധാനം വ്യാപിപ്പിക്കാനായി വിനിയോഗിച്ചു. അതായിരുന്നു അദ്ദേഹത്തിന്റെ ഉന്നതമായ ദൗത്യം. തീർച്ചയായും, തീവ്രവാദത്തിന്റെ അധ്യാപനങ്ങളൊന്നും തന്നെ അദ്ദേഹം കൊണ്ടുവന്നില്ലയെന്ന് ലോകജനത തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഒരു നാൾ വരിക തന്നെ ചെയ്യും. അന്ന് അവർ അദ്ദേഹം കൊണ്ടുവന്നത് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അനുകമ്പയുടെയും സന്ദേശമായിരുന്നുവെന്ന് തിരിച്ചറിയും. എന്നു തന്നെ

യല്ല, ഈ മഹാനായ ദൂതന്റെ അനുയായികൾ അതേ സ്നേഹത്തിന്റെ രീതിയിൽ, അതിക്രമങ്ങളോടും അനീതികളോടും പ്രതികരിക്കുകയാണെങ്കിൽ പിന്നെ ഇസ്ലാമിന്റെ പ്രൗഢോജ്ജ്വലമായ അധ്യാപനങ്ങൾക്കെതിരെ ആക്ഷേപമുന്നയിക്കുന്നവർക്ക് അതിന്റെ സത്യതയും സൗന്ദര്യവും ഒരുനാൾ ബോധ്യപ്പെടുമെന്നതിൽ യാതൊരു സംശയവുമില്ല.

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പിന്തുടരുന്നതും ആശ്രയിക്കുന്നതും ഈ അധ്യാപനങ്ങളെയാണ്. പരസ്പരധാരണയുടെയും സഹിഷ്ണുതയുടെയും അനുകമ്പയുടെയും ഈ അധ്യാപനങ്ങളാണ് ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നതും. തീവ്രവും ഭയാനകവുമായ ക്രൂരതകളും പീഡനങ്ങളും വർഷങ്ങളോളം നേരിട്ടതിനു ശേഷം മക്കയുടെ തെരുവുകളിലേക്ക് വിജയശ്രീലാളിതനായി തിരിച്ചു ചെന്ന പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) പ്രാവർത്തികമാക്കി കാണിച്ച ദയയുടെയും മനുഷ്യസ്നേഹത്തിന്റെയും സമാനതകളില്ലാത്ത, ചരിത്രപ്രാധാന്യമുള്ള മാതൃകയാണ് ഞങ്ങൾ പിന്തുടരുന്നത്. വർഷങ്ങളോളം, അദ്ദേഹത്തിനും അനുയായികൾക്കും ഏറ്റവും അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണവും വെള്ളവും ലഭിക്കുന്നത് പോലും നിഷേധിക്കപ്പെട്ടു. അങ്ങനെ അവർക്ക് ദിവസങ്ങളോളം പട്ടിണിയുടെ അവസ്ഥയിൽ കഴിച്ചു കൂട്ടേണ്ടിവന്നു. അദ്ദേഹത്തിന്റെ ധാരാളം അനുയായികൾ അക്രമിക്കപ്പെട്ടു. ചിലരാകട്ടെ, ഒരാൾക്ക് സങ്കല്പ്പിക്കാൻ പോലും കഴിയാത്ത വിധത്തിൽ, ഏറ്റവും ക്രൂരവും അപരിഷ്കൃതവുമായ രീതിയിൽ കൊല്ലപ്പെട്ടു. അവർ ആരെയും വെറുതെ വിട്ടില്ല. (മുസ്ലിം വയോധികരും മുസ്ലിം സ്ത്രീകളും മുസ്ലിം കുട്ടികളുമൊക്കെ ഏറ്റവും മൃഗീയവും ദയാരഹിതവുമായ രീതിയിൽ കൈകാര്യം ചെയ്യപ്പെട്ടു.) എന്നിട്ടും പരിശുദ്ധ പ്രവാചകൻ(സ) വിജയിച്ചു കൊണ്ട് മക്കയിൽ തിരിച്ചെത്തുമ്പോൾ അദ്ദേഹം പ്രതികാരത്തിന് തുനിഞ്ഞില്ല. അതിനുപകരം അദ്ദേഹമിങ്ങനെ പ്രഖ്യാപിച്ചു: “നിങ്ങളിലാർക്കുമിന്ന് ഒരു ശിക്ഷയുമുണ്ടാകുന്നതല്ല. എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങൾക്ക് പൊറുത്തു നല്കിയിരിക്കുന്നു. ഞാൻ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൂതനാകുന്നു. സമാധാനത്തിന്റെ ഉറവിടമായിത്തീരുകയെന്ന ദൈവികഗുണനാമത്തെ കുറിച്ച് ഏറ്റവുമധികം അറിവെനിക്കുണ്ട്. അവനാണ് സമാധാനം നല്കുന്നവൻ. അതിനാൽ, നിങ്ങളുടെ കഴിഞ്ഞ കാല അതിക്രമങ്ങളൊക്കെയും ഞാൻ പൊറുത്തിരിക്കുന്നു. ഞാൻ നിങ്ങൾക്ക് സമാധാനവും സുരക്ഷയും ഉറപ്പുതരുന്നു. നിങ്ങൾക്ക് മക്കയിൽ തന്നെ തുടരാം. സ്വതന്ത്രമായി നിങ്ങളുടെ മതമാചരിക്കുകയും ചെയ്യാം. ഒരു തരത്തിലും, നിങ്ങളിലാരും നിർബന്ധിക്കപ്പെടുകയോ ബലപ്രയോഗത്തിന് വിധേയമാകുകയോ ചെയ്യില്ല.”

മുസ്ലിംകൾക്കെതിരെയുള്ള അതിക്രമത്തിൽ എല്ലാ പരിധികളും ലംഘിച്ചെന്നറിയാവുന്നത് കൊണ്ട്, കടുത്ത അവിശ്വാസികളിൽ ചിലർ ശിക്ഷയെ ഭയന്ന് മക്കയിൽ നിന്ന് ഒളിച്ചോടിയിട്ടുണ്ടായിരുന്നു. എന്നാൽ, സമാധാനത്തിന്റെയും സൗഹാർദത്തിന്റെയും ഈ അതുല്യപ്രകടനത്തിനും ദയയുടെയും അനുകമ്പയുടെയും ഈ നിസ്തുലകൃത്യത്തിനും സാക്ഷികളായ, ആ അവിശ്വാസികളുടെ ബന്ധുജനങ്ങൾ അവർക്ക് തിരിച്ചുവരാനായി സന്ദേശമയച്ചു. സമാധാനവും സുരക്ഷയുമല്ലാതെ മറ്റൊന്നും തന്നെ പ്രവാചകൻ (സ) വാഗ്ദാനം ചെയ്തിട്ടില്ലെന്ന് അവർ അറിയിക്കപ്പെട്ടു. അങ്ങനെ അവർ മക്കയിൽ തിരിച്ചെത്തി, നേരത്തെ ഇസ്ലാമിന്റെ ഏറ്റവും ദൃഢനിശ്ചയമുള്ള എതിരാളികളായിരുന്ന അവർ പരിശുദ്ധ പ്രവാചകന്റെ ഔദാര്യവും കാരുണ്യവും സ്വയം കണ്ടറിഞ്ഞപ്പോൾ, സ്വതന്ത്ര ഇച്ഛാശക്തിയിൽ ഇസ്ലാം സ്വീകരിച്ചു.

ഞാൻ പറഞ്ഞത് രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിന്റെ ഒരു ഭാഗമാണ്. ഭൂരിപക്ഷ അമുസ്ലിം ചരിത്രകാരന്മാരും, ഓറിയന്റലിസറ്റുകളും ഇതിന്റെ സത്യത സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതാണ് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ. ഇതായിരുന്നു പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന്റെ മഹനീയ മാതൃക. അതിനാൽ, ഇസ്ലാമിനെയും അതിന്റെ സ്ഥാപകരെയും അക്രമികളായി ലേബലൊട്ടിക്കുന്നതും, അത്തരത്തിലുള്ള ആക്ഷേപങ്ങൾ അവർക്കെതിരെ ഉയർത്തുന്നതും ക്രൂരമായ അനീതിയാണ്. ഇത്തരത്തിലുള്ള തെറ്റായ ആരോപണങ്ങൾ എവിടെയെങ്കിലുമുണ്ടായാൽ, അത് ഞങ്ങളുടെ മനസ്സിനെ ആഴത്തിൽ നോവിക്കുന്നതാണെന്നതിൽ യാതൊരു സംശയവുമില്ല.

ഇന്ന് യഥാർത്ഥവും സമാധാനപരവുമായ ഇസ്ലാമിക അധ്യാപനങ്ങൾ പിന്തുടരുന്നതും അതനുസരിച്ച് ജീവിക്കുന്നതും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്ന ഞങ്ങളുടെ സമൂഹം മാത്രമാണെന്ന് ഞാൻ ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്. വിദ്വേഷം നിറഞ്ഞ ദുഷ്ചെയ്തികൾ ആസൂത്രണം ചെയ്യുന്ന തീവ്രവാദ സംഘടനകൾക്കോ വ്യക്തികൾക്കോ എന്തു തന്നെയായാലും ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ലെന്ന് ഒരിക്കൽ കൂടി പറയാനാഗ്രഹിക്കുകയാണ് ഞാൻ.

വ്യക്തികളുടെയോ ഗ്രൂപ്പുകളുടെയോ നിക്ഷിപ്ത താത്പര്യങ്ങൾ മതാധ്യാപനങ്ങളുടെ മേൽ ചാർത്താതിരിക്കുകയാണ് യഥാർത്ഥ നീതിക്കാവശ്യം വേണ്ടത്. അത്തരം പ്രവൃത്തികൾ ഏതെങ്കിലും ഒരു മതത്തേയോ അതിന്റെ സ്ഥാപകരെയോ പക്ഷപാതപൂർണ്ണമായ രീതിയിൽ വിമർശിക്കുന്നതിനുള്ള ഒഴിവ് കഴിവായി ഉപയോഗിക്കരുത്. ആഗോളസമാധാനവും സൗഹാർദവും ഉറപ്പാക്കുന്നതിനുള്ള പരിശ്രമത്തിൽ എല്ലാ ജനങ്ങളും, അന്യോന്യവും,

എല്ലാ മതങ്ങളോടും പരസ്പര ബഹുമാനം പ്രകടിപ്പിക്കേണ്ടതാണ്. ഇത് ഇക്കാലഘട്ടത്തിന്റെ അടിയന്തിര ആവശ്യമാണ്. ഇതിനു ബദലുകളെല്ലാം തന്നെ ഞെട്ടിപ്പിക്കുന്നവയാണ്.

ലോകമിന്ന് ആഗോള ഗ്രാമമായി മാറിയിരിക്കുകയാണ്. അതിനാൽ സമാധാന പ്രചാരണത്തിനായി ഒന്നിച്ചു നിൽക്കുന്നതിനുള്ള പരാജയവും പരസ്പരബഹുമാനത്തിന്റെ കുറവും ഒരു പ്രദേശത്തെയോ നഗരത്തെയോ രാജ്യത്തെയോ മാത്രമല്ല അപായപ്പെടുത്തുക മറിച്ച്, യഥാർത്ഥത്തിലത് മുഴുലോകത്തിന്റെയും സമ്പൂർണ്ണ നാശത്തിലേക്കായിരിക്കും ആത്യന്തികമായി നയിക്കുക.

കഴിഞ്ഞ രണ്ട് ലോകമഹായുദ്ധങ്ങൾ മൂലമുണ്ടായ ഞെട്ടിപ്പിക്കുന്ന സമ്പൂർണ്ണ നാശത്തെകുറിച്ച് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ചില രാജ്യങ്ങളുടെ പ്രവർത്തനങ്ങൾ കാരണമിന്ന് ചക്രവാളത്തിൽ മറ്റൊരു ലോകയുദ്ധത്തിന്റെ ലക്ഷണങ്ങൾ കാണപ്പെടുന്നു.

ഒരു ലോകമഹായുദ്ധമിന്ന് പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ അതിന്റെ ദൂരവ്യാപകവും വിനാശകരവുമായ പ്രത്യാഘാതങ്ങൾ പാശ്ചാത്യലോകത്തെയും ആഴത്തിൽ ബാധിക്കുന്നതായിരിക്കും. അത്തരത്തിലുള്ള സമ്പൂർണ്ണ നാശത്തിൽ നിന്നു നമുക്ക് നമ്മെ രക്ഷിക്കാം. യുദ്ധത്തിന്റെ ദുരിതാനുഭവങ്ങളിൽ നിന്നും സംഹാരാത്മകമായ പ്രത്യാഘാതങ്ങളിൽ നിന്നും നമുക്ക് ഭാവി തലമുറയെ രക്ഷിക്കാം. ഏറ്റവും ഭീതിജനകമായ യുദ്ധം ആണവയുദ്ധം തന്നെയായിരിക്കുമെന്നത് വ്യക്തമാണ്. തീർച്ചയായും, ഏതു രീതിയിലാണോ ലോകമിന്നു മുന്നോട്ടു പോകുന്നത് അതിലൊരു ആണവയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുള്ള എല്ലാ അപകടസാധ്യതയും കാണപ്പെടുന്നുണ്ട്. അത്തരത്തിലുള്ളൊരു പരിണതഫലം തടയുന്നതിനായി നാം നീതിയും, സ്വഭാവദാർഢ്യതയും, സത്യസന്ധതയും കൈകൊള്ളണം. ലോകസമാധാനം തകർക്കാനാഗ്രഹിക്കുന്ന, വിദ്വേഷം പരത്താനാഗ്രഹിക്കുന്ന ഗ്രൂപ്പുകളെ തടയുകയും അടിച്ചമർത്തുകയും ചെയ്യാൻ ഒന്നിച്ചണിചേരണം.

ഈ ഉദ്യമത്തിൽ നിഷ്കപടവും നീതിപൂർവ്വവുമായ നിലയിൽ ലോകത്തിലെ പ്രബല ശക്തികൾക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും ശരിയാംവണ്ണം നിർവഹിക്കാൻ സർവ്വശക്തനായ ദൈവം സാധ്യമാക്കിത്തീർക്കട്ടെ. ഇതെന്റെ പ്രതീക്ഷയും പ്രാർത്ഥനയുമാണ്. ആമീൻ. ഉപസംഹരിക്കുന്നതിനു മുമ്പായി, ഇതിൽ പങ്കെടുക്കാനായി പരിശ്രമിക്കുകയും സമയം കണ്ടെത്തുകയും ചെയ്ത നിങ്ങളെല്ലാവർക്കും ഞാൻ ഒരിക്കൽ കൂടി നന്ദി പറയുന്നു. ദൈവം നിങ്ങളെയനുഗ്രഹിക്കട്ടെ. നന്ദി.

**വിവർത്തനം: മുഹമ്മദ് സഫ്‌വാൻ**



# ലോകസമാധാനം
# കാലഘട്ടത്തിന്റെ നിർണ്ണായക ആവശ്യം

---

**ന്യൂസിലന്റ് ദേശീയ പാർലമെന്റ്**
**വെല്ലിംഗ്ടൺ, ന്യൂസിലന്റ്, 2013**







Hon Kanwaljit Singh Bakshi (MP) receiving the HolyQur'an from Ḥaḍrat Khalīfatul-Masīḥ V[aba]



Iranian ambassador Seyed Majid Tafreshi Khameneh meeting Ḥaḍrat Khalīfatul-Masīḥ V[aba]



Det. Rakesh Naidoo meeting Ḥaḍrat Khalīfatul-Masīḥ V[aba] in representation of the Commissioner of Police New Zealand







Ḥaḍrat Khalīfatul-Masīḥ V[aba] delivering the keynote address at the Grand Hall, in the New Zealand Parliament. 4th Nov 2013



# ആമുഖം

അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോളനേതാവ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അഞ്ചാമൻ, 2013 നവംബർ 4 ന് വെല്ലിംഗ്ടണിൽ സ്ഥിതി ചെയ്യുന്ന ന്യൂസിലന്റിന്റെ ദേശീയ പാർലമെന്റിൽ ചരിത്രപ്രധാന പ്രഭാഷണം നിർവ്വഹിക്കുകയുണ്ടായി. പാർലമെന്റംഗങ്ങൾ, വിവിധ രാജ്യങ്ങളിലെ സ്ഥാനപതികൾ, വിദ്യാഭ്യാസ വിപക്ഷണർ തുടങ്ങി ഒരു കൂട്ടം വിശിഷ്ട അതിഥികളുടെ സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് വാഗ്ദത്ത മസീഹിന്റെ ഖലീഫ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വർദ്ധിച്ചു വരുന്ന സംഘർഷങ്ങളുടെയും കലഹങ്ങളുടെയും പശ്ചാത്തലത്തിൽ ലോക സമാധാനം ശക്തിപ്പെടുത്താനുള്ള മാർഗ്ഗമെന്ന നിലയിൽ നീതിപൂർവ്വമായ പ്രവർത്തനങ്ങളുടെ അടിയന്തര ആവശ്യത്തെകുറിച്ച് സംസാരിക്കുകയുണ്ടായി. ഖലീഫ തിരുമനസ്സിന്റെ മുഖ്യ പ്രഭാഷണത്തിനു ശേഷം മറ്റ് വിശിഷ്ട വ്യക്തികളും സദസ്സിനെ സംബോധനം ചെയ്തു. ഖലീഫ തിരുമനസ്സ് ഹദ്റത് മിർസാ മസ്റൂർ അഹ്മദിനെ ന്യൂസ്‌ലന്റിന്റെ പാർലമെന്റിൽ വെച്ച് സ്വീകരിക്കുവാനും അദ്ദേഹത്തിന്റെ വിവേകജ്ഞാനം നിറഞ്ഞ വാക്കുകളും ചിന്തകളും ശ്രവിക്കാനും കഴിഞ്ഞത് ഞങ്ങളുടെ വിശേഷ ഭാഗ്യമാകുന്നു എന്ന് കൻവൽജിത്ത് സിംഗ് ബക്ഷി എം.പി പറയുകയുണ്ടായി. ന്യൂസിലന്റ് പാർലമെന്റിലേക്ക് ഹുസൂർ തിരുമനസ്സിനെ സ്വാഗതം ചെയ്യുന്നത് സന്തോഷമുള്ള കാര്യമാണ്. ഒരു രാജ്യത്തെ പൗരനെന്ന നിലയിലുള്ള അഹ്മദികളുടെ ജീവിതവും സമാധാനത്തിന്റെ സന്ദേശം പ്രയോഗവത്കരിക്കുന്ന അവ

രുടെ രീതിയും എന്നിൽ വളരെയധികം മതിപ്പുളവാക്കിയിട്ടുള്ളതാണെന്ന് ഡോ.രാജൻ പ്രസാദ്.എം.പി പറഞ്ഞു. പരിപാടിയുടെ അവസാനം ഇറാൻ, ഇസ്രയേൽ സ്ഥാനപതികളുൾപ്പെടെ വിവിധ വിശിഷ്ട വ്യക്തികളുമായി കൂടിക്കാഴ്ച്ച നടത്തി. അതിനു ശേഷം കൻവൽജിത്ത് സിംഗ് ബക്ഷി എം.പി ക്ക് ഒപ്പം പാർലമെന്റ് ചുറ്റിക്കാണുവാനുള്ള അവസരവും ലഭിച്ചു.

## *ലോക സമാധാനം*
## *കാലഘട്ടത്തിന്റെ നിർണ്ണായക ആവശ്യം*

*ബിസ്മില്ലാഹി റഹ്മാനി റഹീം* – പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

വിശിഷ്ട അതിഥികളേ, *അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു.* അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും നിങ്ങളിലേവരിലും ഉണ്ടാകട്ടെ.

ഇവിടെ ഈ പരിപാടി സംഘടിപ്പിക്കുകയും, നിങ്ങളെ ഇന്ന് അഭിസംബോധന ചെയ്യുവാൻ എനിക്ക് അവസരം നൽകുകയും ചെയ്ത ഇതിന്റെ സംഘാടകരോട്, പ്രത്യേകിച്ച് കൻവൽജിത്ത് സിംഗ് ബക്ഷിക്ക്, നന്ദി പറയുവാൻ ആദ്യമെ തന്നെ ഞാനീ അവസരമെടുക്കുകയാണ്. രണ്ടാമതായി, എന്റെ വാക്കുകൾ ശ്രവിക്കാനായി ഇവിടെ എത്തിച്ചേർന്നിട്ടുള്ള എല്ലാവരോടും നന്ദി പറയുന്നു.

തീർച്ചയായും, രാഷ്ട്രപുരോഗതി ലക്ഷ്യമാക്കിയുള്ള നിയമനിർമ്മാണത്തിനാവശ്യമായ പദ്ധതികളും നയങ്ങളും ചർച്ച ചെയ്യുന്നതിനായി വിവിധ രാഷ്ട്രീയപ്രസ്ഥാനങ്ങളെ പ്രതിനിധാനം ചെയ്യുന്നവരും പാർലമെന്റ് അംഗങ്ങളും ഈ പാർലമെന്റ് ഹൗസിൽ പതിവായി സമ്മേളിക്കാറുണ്ട്. ഇതിനുപുറമേ, ധാരാളം മതേതര–ഭൗതിക നേതാക്കൾ അവരുടെ അറിവിന്റെയും വൈദഗ്ദ്ധ്യത്തിന്റെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഇവിടെ

വച്ച് നിങ്ങളെ സംബോധന ചെയ്തിട്ടുണ്ടാകുമെന്നും തീർച്ചയാണ്. എന്നാൽ, ഒരു മതസമൂഹത്തിന്റെ നേതാവ്, പ്രത്യേകിച്ചും ഒരു മുസ്‌ലിം നേതാവ്, നിങ്ങളെ അഭിസംബോധന ചെയ്തിട്ടുണ്ടാവുക വളരെ അപൂർവ്വമായിരിക്കാം. അതുകൊണ്ട് തന്നെ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയെന്നത് ഒരേയൊരു ലക്ഷ്യമാക്കിയിട്ടുള്ള, തികച്ചും ഇസ്‌ലാമികപ്രസ്ഥാനമായ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോളാദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങളെ സംബോധന ചെയ്യുവാനുള്ള അവസരമെനിക്ക് നൽകിയത്, നിങ്ങളുടെ വിശാലമനസ്കതയ്ക്കും ഉയർന്ന നിലവാരത്തിലുള്ള സഹിഷ്ണുതയ്ക്കും തെളിവാകുന്നു. അതിനാൽ നിങ്ങളുടെ ഈ അനുകമ്പയാർന്ന പെരുമാറ്റത്തിന് നന്ദി പറയുകയെന്നത് എന്റെ കടമയും ഉത്തരവാദിത്വവുമാണ്.

നന്ദി പറഞ്ഞുകൊണ്ട് പ്രഭാഷണത്തിന്റെ പ്രധാന ഭാഗത്തിലേക്ക് ഞാൻ കടക്കുകയാണ്. ഇസ്‌ലാമിന്റെ മനോഹര അധ്യാപനങ്ങളെ കുറിച്ച് ചില കാര്യങ്ങൾ ഞാൻ നിങ്ങളോട് പറയുന്നതാണ്. കൂടാതെ എന്റെ അഭിപ്രായത്തിൽ, കാലഘട്ടത്തിന്റെ നിർണ്ണായക ആവശ്യമായ ലോകസമാധാനസ്ഥാപനമെന്ന വിഷയത്തെ കുറിച്ചും നിങ്ങളുമായി സംവദിക്കുന്നതായിരിക്കും. ഒരു മതേതര കാഴ്ച്ചപ്പാടിൽ നിന്നുകൊണ്ട് നിങ്ങളിൽ പലരും അതായത്, രാഷ്ട്രീയ പ്രവർത്തകർ വ്യക്തിപരമായ നിലയിലും ഭരണകൂടം കൂട്ടായ നിലയിലും സമാധാന സ്ഥാപനത്തിനായുള്ള പരിശ്രമങ്ങൾ നടത്തി വരുന്നു. നല്ല ഉദ്ദേശത്താൽ പ്രചോദിതമായ നിങ്ങളുടെ ശ്രമങ്ങളിൽ കുറച്ചൊക്കെ വിജയിച്ചിട്ടുണ്ടാകും. കൂടാതെ, കഴിഞ്ഞ കാലങ്ങളിൽ സമാധാനപരവും, സൗഹാർദവുമായ ലോകത്തെ സൃഷ്ടിക്കാനുള്ള മാർഗ്ഗങ്ങളെകുറിച്ച് മറ്റ് പ്രബല ലോകശക്തികൾക്ക് നിങ്ങളുടെ ഭരണകൂടം ഉപദേശം നല്കിയിട്ടുമുണ്ടാകാം.

സമകാലികലോകമിന്ന് വലിയ തോതിൽ ഉത്കണ്ഠക്ക് കാരണമായ ആപത്കരവും സന്നിഗ്ദ്ധവുമായ അവസ്ഥയിലും പരിത:സ്ഥിതിയിലുമാണുള്ളതെന്നതിൽ യാതൊരു സംശയവുമില്ല. വലിയ ചില സംഘർഷങ്ങളിന്ന് നടന്നു കൊണ്ടിരിക്കുന്നത് അറബ് ലോകത്താണെന്നിരിക്കെ, അത്തരം സംഘർഷങ്ങൾ അത് നടക്കുന്ന പ്രദേശത്ത് മാത്രം ഒതുങ്ങിനിൽക്കുന്നതല്ല എന്നത് വിവേകബുദ്ധിയുള്ള ഏതൊരു വ്യക്തിക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ഒരു രാജ്യത്തെ ഭരണകൂടവും അവിടത്തെ ജനങ്ങളും തമ്മിലുള്ള സംഘർഷത്തിന് വലിയൊരു അന്തർദേശീയ യുദ്ധമായി പരിണമിക്കാൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല. നാം ആദ്യമേ തന്നെ പ്രബല ലോക ശക്തികൾ രണ്ട് ശാക്തിക ചേരികളായി മാറുന്നത് കണ്ടു.

ഒരു ശാക്തികചേരി സിറിയൻ ഭരണകൂടത്തെ സഹായിക്കുമ്പോൾ മറ്റേത് വിമത ശക്തികളെ പിന്താങ്ങുന്നു. ഈ സ്ഥിതി വിശേഷം മുസ്‌ലിം രാജ്യങ്ങൾക്കുള്ള ഗൗരവമാർന്ന അപായ മുന്നറിയിപ്പ് മാത്രമല്ല, മറിച്ച് ഇത്, വ്യക്തമായും മറ്റ് ലോക രാഷ്ട്രങ്ങൾക്കും കൂടിയുള്ള വലിയൊരു അപകട ഭീഷണിയുടെ ഉറവിടം കൂടിയാണ്.

കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന രണ്ട് ലോക മഹായുദ്ധങ്ങളുടെ തീവ്ര ഹൃദയവേദനയുണർത്തുന്ന അനുഭവങ്ങൾ നാമൊരിക്കലും മറക്കരുത്. ഇവ കാരണമുണ്ടായ, പ്രത്യേകിച്ച് രണ്ടാം ലോകമഹായുദ്ധം മൂലമുണ്ടായ സമ്പൂർണ്ണ നാശം മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധത്തിലായിരുന്നു. വെറും സാധാരണ ആയുധങ്ങൾ ഉപയോഗിച്ച് ജനസാന്ദ്രതയേറിയതും അഭിവൃദ്ധിപെട്ടതുമായ നഗരങ്ങളെയും പട്ടണങ്ങളെയും നിശ്ശേഷം തകർത്തുകൊണ്ട് അവയെ പൂർണ്ണമായ നാശത്തിന് വിട്ടുകൊടുത്തു. ലക്ഷോപലക്ഷം ജനങ്ങൾ കൊല്ലപ്പെടുകയുണ്ടായി. കൂടാതെ, പൂർണ്ണ അർത്ഥത്തിലുള്ള തകർത്തുതരിപ്പണമാക്കൽ ചടങ്ങിന് ലോകം സാക്ഷ്യം വഹിച്ചത് രണ്ടാം ലോക മഹായുദ്ധകാലത്തായിരുന്നു. ജപ്പാനെതിരെ ആറ്റം ബോംബ് പ്രയോഗി ച്ചപ്പോളുണ്ടായ ഉന്മൂലനം എത്തരത്തിലുള്ളതായിരുന്നു വെച്ചാൽ അതിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് കേൾക്കുന്ന വ്യക്തി കേട്ട മാത്രയിൽ തന്നെ പേടിച്ച് നടുങ്ങി വിറച്ചു പോകുമായിരുന്നു. അവിടെ സംഭവിച്ച ഭീതിപ്പെടുത്തുന്ന സമ്പൂർണ്ണ നശീകരണത്തിനെ മതിയായ നിലയിൽ ഓർമ്മപ്പെടുത്തുന്നവയാണ് ഹിരോഷിമയിലെയും നാഗസാക്കിയിലേയും മ്യൂസിയങ്ങൾ.

രണ്ടാം ലോകമഹായുദ്ധകാലത്ത് ഏകദേശം 70 ദശലക്ഷത്തോളം ആളുകൾ മരിക്കുകയുണ്ടായി. അതിൽ 40 ലക്ഷത്തോളം പേർ സാധാരണ ജനങ്ങളായിരുന്നു. ഇങ്ങനെ സായുധ സൈനികരെക്കാൾ സാധാരണ ജനങ്ങളായിരുന്നു ജീവനധികം ബലികൊടുത്തത്. മാത്രമല്ല, യുദ്ധത്തിന്റെ അനന്തരഫലങ്ങൾ ഭയപ്പെടുത്തുന്നവയായിരുന്നു. യുദ്ധാനന്തര മരണ സംഖ്യ ദശലക്ഷക്കണക്കായി വർദ്ധിച്ചു. അണുബോംബുകൾ ഉപയോഗിച്ചതിനു ശേഷം വർഷങ്ങളോളം ചോരക്കുഞ്ഞുങ്ങളിൽ പോലും അതിദാരുണമായ വൈകല്യത്തിന്റെ ആഘാതമേൽപ്പിച്ചുകൊണ്ട് ആണവ വികിരണ പ്രസരണം തുടർന്നു കൊണ്ടിരുന്നു.

സമകാലിക ലോകത്ത്, നിസ്സാര കാരണത്തിന് പോലും വെടിയുതിർക്കാൻ തയ്യാറായി നിൽക്കുന്ന നേതാക്കന്മാരുള്ള ചെറുരാഷ്ട്രങ്ങൾ പോലും ആണവായുധങ്ങൾ കൈവശമാക്കാനായി മുന്നോട്ട് വരുന്നു. അവർക്ക് അവരുടെ പ്രവർത്തനങ്ങളുടെ വിനാശകരമായ പ്രത്യാഘാതങ്ങളെ കുറിച്ച് ഒരു തരിമ്പ് പോലും ശ്രദ്ധയില്ലയെന്നു വേണം കരുതാൻ.

ഒരാണവയുദ്ധമിന്ന് പൊട്ടിപ്പുറപ്പെടുന്നതിനെ കുറിച്ച് നാം സങ്കല്പ്പിക്കുകയാണെങ്കിൽ, അത് വരച്ചിടുന്ന ചിത്രം ഏതൊരു വ്യക്തിയെയും പിടിച്ചു കുലുക്കുകയും നിശ്ശേഷം സംഭീതനാക്കുകയും ചെയ്യും. രണ്ടാം ലോക മഹായുദ്ധത്തിൽ പ്രയോഗിച്ചവയേക്കാൾ പതിന്മടങ്ങ് ശക്തിയുള്ള അണുബോംബുകളിന്ന് ചെറുരാജ്യങ്ങൾ പോലും കൈവശമാക്കിയിട്ടുണ്ട്. ലോകത്ത് സമാധാനം നിലനിന്നുകാണാൻ ആഗ്രഹിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് വലിയൊരു ഉത്കണ്ഠക്ക് കാരണമാകാനേ അസ്ഥിരതയുടെയും സംഘർഷത്തിന്റെയും ഈ കാലാവസ്ഥയ്ക്ക് കഴിയൂ.

ഒരു വശത്ത് സമാധാനം സ്ഥാപിക്കുന്നതിനെ കുറിച്ച് സംസാരിക്കുകയും മറുവശത്ത് തൻപ്രമാണിത്തത്തിന്റെയും അഹങ്കാരത്തിന്റെയും തിരുശീല കൊണ്ട് പൊതിഞ്ഞ്, തങ്ങളുടെ തന്നെ സ്വാർത്ഥപരമായ പ്രവർത്തനങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന ദയനീയ കാഴ്ചയാണ് ആനുകാലിക ലോകത്തിന്റേത്. ലോകത്തിലെ പ്രബല ഭരണകൂടങ്ങളൊക്കെത്തന്നെയും, തങ്ങളുടെ മേധാവിത്വവും ശക്തിയും സ്ഥാപിക്കുന്നതിനായി സാധ്യമായ എല്ലാ പരിശ്രമങ്ങൾക്കും തയ്യാറാകുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം എന്നെന്നും നിലനിൽക്കുന്ന സമാധാനം ലോകത്ത് സംജാതമാക്കാനും ഭാവിയിൽ യുദ്ധമില്ലാതാക്കാനുമായി ഐക്യരാഷ്ട്ര സംഘടന എന്ന പേരിൽ ഒരു സംഘടനക്ക് ലോക രാജ്യങ്ങൾ കൂട്ടായി രൂപം കൊടുത്തു. എന്നാൽ സർവ്വരാജ്യസഖ്യം അതിന്റെ ലക്ഷ്യപൂർത്തീകരണത്തിൽ ദയനീയമായി പരാജയപ്പെട്ടതു പോലെ ഐക്യരാഷ്ട്രസംഘടനയുടെ അന്തസ്സും ബഹുമതിയും ദിനേന കുറഞ്ഞു വരുന്നതായി കാണപ്പെടുന്നു.

നീതി നടപ്പിൽ വരുത്തുന്നതിനുള്ള ആവശ്യകോപാധികൾ പൂർത്തീകരിക്കപ്പെടുന്നില്ലെങ്കിൽ, പിന്നെ സമാധാന സ്ഥാപനത്തിനായി എത്ര സംഘടനകൾ രൂപീകരിക്കപ്പെട്ടുവെന്നതിൽ യാതൊരു പ്രസക്തിയുമില്ല. അവരുടെ ശ്രമങ്ങളൊക്കെത്തന്നെയും ഫലശൂന്യമാണെന്ന് തെളിയും.

സർവ്വരാജ്യ സഖ്യത്തിന്റെ പരാജയത്തെ കുറിച്ച് ഞാനിപ്പോൾ സൂചിപ്പിച്ചതേയുള്ളൂ. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം, ലോകസമാധാനം കാത്തു സംരക്ഷിക്കുകയെന്ന ഒറ്റ ലക്ഷ്യത്തോടെയാണിത് രൂപം കൊണ്ടത്. എന്നിരുന്നാലും, ഒട്ടേറെ തകർത്തു തരിപ്പണമാക്കലിനും നാശത്തിനും കാരണമായ രണ്ടാം ലോകമഹായുദ്ധത്തിന്റെ ശക്തിയേറിയ തുടക്കത്തെ തടഞ്ഞു നിർത്താൻ അതിനു കഴിഞ്ഞില്ല. യുദ്ധഫലമായുണ്ടായ അത്യാഹി തം ന്യൂസ്ലന്റിനും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. 11,000 ആളുകൾ കൊല്ലപ്പെട്ടതായി പറയപ്പെടുന്നു. യഥാർത്ഥത്തിൽ അവരെല്ലാവരും സായുധ സേനയിലെ അംഗങ്ങളായിരുന്നു. യുദ്ധത്തിന്റെ കേന്ദ്രബിന്ദുവിൽ നിന്നും ന്യൂസ്ലന്റ്

വളരെ അകലെയായതിനാൽ ഇവിടത്തെ സാധാരണ ജനങ്ങൾക്ക് അത്യാഹിതം അധികം നേരിടേണ്ടി വന്നില്ല. എന്നാലും, ഞാൻ മുമ്പ് പരാമർശിച്ച പോലെ, യുദ്ധത്തിൽ പൊതുവെ കൊല്ലപ്പെട്ടത് സൈനികരെക്കാൾ നിഷ്കളങ്കരായ സാധാരണ മനുഷ്യരായിരുന്നു. യാതൊരു കുറ്റവും ചെയ്യാത്ത അനവധി സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിഷ്കളങ്കരായ സാധാരണ ജനതയെ വകതിരിവില്ലാതെ കൊന്നൊടുക്കിയത് നിങ്ങളൊന്നു സങ്കല്പ്പിച്ചു നോക്കൂ! ഇക്കാരണം കൊണ്ട് തന്നെ, യുദ്ധത്തിനോടുള്ള സഹജമായ വെറുപ്പ്, ഈ യുദ്ധത്തിന്റെ കെടുതികൾ നേരിട്ട് ഗ്രസിച്ച രാജ്യങ്ങളിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. തീർച്ചയായും, സ്വന്തം ദേശത്തെ സ്നേഹിക്കേണ്ടത് ആവശ്യമായ കാര്യമാണ്. സ്വരാജ്യം എപ്പോഴെങ്കിലും ആക്രമിക്കപ്പെടുമ്പോൾ, അതിന്റെ പ്രതിരോധത്തിനായി എല്ലാ തരത്തിലുള്ള ത്യാഗങ്ങൾക്കും തയ്യാറായിക്കൊണ്ട് രാജ്യത്തെ സ്വതന്ത്രമാക്കുകയെന്നത് ഒരു പൗരന്റെ കടമയാണ്. എന്നാൽ, നയതന്ത്രത്തിലൂടെയും ചർച്ചയിലൂടെയും സൗഹാർദവും സമാധാനപരവുമായി സംഘർഷം പരിഹരിക്കപ്പെടുമെങ്കിൽ പിന്നെ അനാവശ്യമായി ഒരാൾ പ്രാണഹത്യയെയും മരണത്തെയും ക്ഷണിച്ചുവരുത്തരുത്. പഴയകാലയുദ്ധങ്ങളിൽ സൈനിക അത്യാഹിതമായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. സാധാരണ ജനതയുടെ നഷ്ടം പരിമിതമായ തോതിൽ മാത്രമായിരുന്നു. എന്നാൽ ഇന്നത്തെ യുദ്ധോപാധികളിൽ ആകാശത്തു നിന്നുള്ള ബോംബുവർഷവും, വിഷവാതകപ്രയോഗവും, രാസായുധങ്ങളും ഉൾപ്പെടുന്നു. മാത്രമല്ല, ഞാൻ നേരത്തെ പറഞ്ഞപോലെ, ഉപയോഗിക്കാൻ സാധ്യതയുള്ള ആയുധങ്ങളിൽ വെച്ച് ഏറ്റവും ഭയപ്പെടേണ്ട ആയുധമായ അണുബോംബും അതിൽ ഉൾപ്പെടുന്നു. തത്ഫലമായി പഴയകാലയുദ്ധങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഇന്നത്തെ യുദ്ധങ്ങൾ. അവ ഭൂമുഖത്തു നിന്നും മനുഷ്യവംശത്തെ പൂർണ്ണമായും തുടച്ചു നീക്കാൻ തക്ക ശക്തിയുള്ളവയാണ്. ഈയൊരു സന്ദർഭത്തിൽ, സമാധാന സ്ഥാപനത്തെ പറ്റിയുള്ള വിശുദ്ധ ഖുർആന്റെ മനോഹരമായ ഒരു അദ്ധ്യാപനം നിങ്ങളുടെ മുമ്പാകെ ഞാൻ വെക്കട്ടെ.

വിശുദ്ധ ഖുർആൻ പറയുന്നു.

**"നല്ലതും ചീത്തതും സമമാവുകയില്ല. അതിനാൽ, ഏറ്റവും നല്ലതേതോ അതുകൊണ്ട് (ചീത്തയെ) തടയുക. അപ്പോൾ നീയുമായി ശത്രുതയിൽ കഴിഞ്ഞു കൂടുന്നവൻ പെട്ടെന്നൊരാത്മ മിത്രമെന്ന പോലെ ആയിത്തീരുന്നു." (41:35)**

ഏതെങ്കിലും വിധത്തിൽ ശത്രുതയോ വെറുപ്പോ ഉണ്ടെങ്കിൽ, ആശയവിനിമയത്തിനുള്ള മാർഗ്ഗം തുറന്നുകൊണ്ട്, സംവാദത്തിലൂടെ, സംഭാഷണത്തി

ലൂടെ അവ പരിഹരിച്ച് അനുരഞ്ജിപ്പിലെത്തണമെന്ന് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നു. അനുകമ്പയോടെയും വിവേകത്തോടെയുമുള്ള ഒരാളുടെ സംസാരത്തിന് ക്രിയാത്മകവും, സ്നേഹമുണർത്തുന്നതുമായ മതിപ്പ് ശ്രോതാവിന്റെ ഹൃദയത്തിൽ ഉണ്ടാക്കാൻ കഴിയും. അത് വിദ്വേഷവും വെറുപ്പും ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗം കൂടിയുമാണ്.

നിസ്സംശയം നമ്മുടെ വിശ്വാസം ഈ യുഗത്തിലെ ഏറ്റവും ഉത്പതിഷ്ണുക്കളും നാഗരികവുമായ സമൂഹം നമ്മുടേതാണെന്നാണ്. നാം വിവിധ അന്തർദേശീയ ധർമ്മസ്ഥാപനങ്ങൾക്കും, സംഘടനകൾക്കും രൂപം കൊടുത്തിട്ടുണ്ട് അവ കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസമേഖലയിലോ അല്ലെങ്കിൽ അമ്മമാരുടെ ആരോഗ്യ സംരക്ഷണ മേഖലയിലോ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. അതുപോലെ, മനുഷ്യാനുകമ്പയുടേയും സഹാനുഭൂതിയുടേയും ഫലമായി മറ്റനേകം ധർമ്മസ്ഥാപനങ്ങൾ സ്ഥാപിക്കപെട്ടിട്ടുണ്ട്. ഇതെല്ലാം ചെയ്തിട്ടുള്ള നാം പര്യാലോചന നടത്തുകയും, കാലത്തിന്റെ അടിയന്തര ആവശ്യത്തിലേക്ക് ശ്രദ്ധ കൊടുക്കുകയും വേണം. പൂർണ്ണമായും തകർത്തു തരിപ്പണമാക്കുന്ന സംഹാരത്തിൽ നിന്ന് നമ്മളെയും മറ്റുള്ളവരെയും എങ്ങനെ രക്ഷപ്പെടുത്താൻ കഴിയുമെന്നതിനെ കുറിച്ചും ചിന്തിക്കണം. ആറേഴ് ദശകങ്ങൾക്ക് മുമ്പുള്ള ലോകവുമായി താരതമ്യപ്പെടുത്തുമ്പോൾ അകലങ്ങളില്ലാത്ത വിധമൊന്നായി മാറിയ ലോകമാണിന്നുള്ളതെന്ന കാര്യം നാ മോർക്കണം. അറുപത് എഴുപത് വർഷങ്ങൾക്ക് മുമ്പ് ഏഷ്യയിൽ നിന്നും യൂറോപ്പിൽ നിന്നും വളരെയകന്നു കിടക്കുന്നു ഒരു വിദൂര രാജ്യമായിരുന്നു ന്യൂസിലന്റ്. എന്നാൽ ഇന്ന് ഒരാഗോള പൊതു സമൂഹത്തിന്റെ അവിഭക്ത ഭാഗമാണീ രാജ്യം. അതിനാൽ തന്നെ, ഒരു യുദ്ധാവസ്ഥയിൽ, ഒരു രാജ്യവും ഒരു ദേശവും സുരക്ഷിതമായിരിക്കില്ല.

നിങ്ങളുടെ നേതാക്കന്മാരും രാഷ്ട്രീയക്കാരുമാണ് രാജ്യത്തിന്റെ രക്ഷാപാലകർ. അവരാണ് രാജ്യത്തിന്റെ സുരക്ഷക്കും അഭിവൃദ്ധിക്കും തുടർച്ചയായ പുരോഗതിക്കും ഉത്തരവാദികൾ. തദ്ദേശീയയുദ്ധങ്ങളിൽ നിന്നാണ് തകർത്തു തരിപ്പണമാക്കുന്ന സമ്പൂർണ്ണവിനാശത്തിന്റെ കെടുതികൾ വിശാല മേഖലകളിലേക്ക് വ്യാപിക്കുന്നതെന്ന നിർണ്ണായക വസ്തുത മനസ്സിലവർ ഓർമ്മ വെക്കേണ്ടത് അത്യന്ത്യാപേക്ഷിതമാണ്. ഈയടുത്ത് ലോകത്തിലെ പ്രബലശക്തികൾക്ക് ദൈവം ബുദ്ധിയും വിവേകവും നൽകിയെന്നതിൽ നാം ദൈവത്തിനോട് നന്ദി പറയണം. അതുകൊണ്ട്, സംഭവിക്കാനിടയുണ്ടായിരുന്ന സമ്പൂർണ്ണ നാശത്തെ തടയുന്നതിനായി യുദ്ധം തടഞ്ഞു നിർത്തേണ്ടതിനുള്ള നടപടികളെടുക്കണമെന്നവർക്ക് മനസ്സിലായി.

ഏറ്റവും പ്രസക്തമായത്, സിറിയയെ ആക്രമിക്കുന്നതിൽ നിന്നും ലോകത്തിലെ മറ്റു ചില പ്രധാന ശക്തികളെ പിന്തിരിപ്പിക്കുന്നതിനായി റഷ്യൻ പ്രസിഡന്റ് നടത്തിയ ശ്രമങ്ങളാണ്. എല്ലാ രാജ്യങ്ങളോടും അവ ചെറുതോ വലുതോ ആവട്ടെ, ഒരേ പോലെ പെരുമാറണമെന്ന് അദ്ദേഹം വ്യക്തമാക്കി. നീതി നടപ്പിൽ വരുത്തുന്നതിനുള്ള ആവശ്യകോപാധികൾ പൂർത്തീകരിക്കപ്പെടുന്നില്ലയെങ്കിൽ, മറ്റു രാജ്യങ്ങൾ ഏകപക്ഷീയമായി യുദ്ധത്തിനിറങ്ങുകയാണെങ്കിൽ, സർവ്വരാജ്യസഖ്യത്തിന്റെ അതേ ദുഃഖകരമായ ഗതി തന്നെയായിരിക്കും ഐക്യരാഷ്ട്രസംഘടനയ്ക്കുമുണ്ടാവുകയെന്നും അദ്ദേഹം പറഞ്ഞു. ഈ വിശകലനത്തിൽ അദ്ദേഹം പൂർണ്ണമായും ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

അദ്ദേഹത്തിന്റെ എല്ലാ നയങ്ങളെയും ഞാൻ പിന്താങ്ങുന്നില്ലെങ്കിലും, വിവേകപൂർണ്ണമായ വാക്കുകൾ സ്വീകരിക്കപ്പെടേണ്ടതു തന്നെയാണ്. അദ്ദേഹം ഒരു പടികൂടി കടന്നുകൊണ്ട് നിഷേധാധികാരം പ്രയോഗിക്കാനുള്ള യു.എൻ രക്ഷാസമിതിയിലെ അഞ്ച് സ്ഥിരാംഗങ്ങൾക്കുള്ള അധികാരം എന്നെന്നേക്കുമായി ഇല്ലാതാക്കണമെന്നും അത് യഥാർത്ഥത്തിലുള്ള നീതിയും തുല്യതയും എല്ലാ രാഷ്ട്രങ്ങൾക്കിടയിലും നടപ്പിലാക്കുമെന്നും കൂടി പറഞ്ഞിരുന്നെങ്കിൽ എന്നു മാത്രമാണ് ഞാനാശിച്ചു പോകുന്നത്.

കഴിഞ്ഞ വർഷം, വാഷിങ്ടൺ ഡി.സി യിലെ ക്യാപിറ്റോൾ ഹില്ലിൽ ഒരു പ്രഭാഷണം നടത്തുവാനുള്ള അവസരം എനിക്ക് ലഭിക്കുകയുണ്ടായി. ധാരാളം സെനറ്റേഴ്സ്, കോൺഗ്രസ് അംഗങ്ങൾ, നയരൂപീകരണ വിദഗ്ദർ, വ്യത്യസ്ത മേഖലകളിൽ നിന്നുള്ള അനേകം വിദ്യാസമ്പന്നരായ വ്യക്തികൾ, ഇവരൊക്കെയടങ്ങുന്ന വലിയൊരു സദസ്സായിരുന്നു അവിടെയുണ്ടായിരുന്നത്. എല്ലാ കക്ഷികളും, എല്ലാ ജനങ്ങളും ഒരുപോലെ പരിഗണിക്കപ്പെടുമ്പോൾ മാത്രമാണ് നീതിയുടെ ആവശ്യകോപാധികൾ പൂർത്തീകരിക്കപ്പെടുകയുള്ളൂവെന്ന് ഞാനവരോട് വ്യക്തമാക്കി. വലുതും ചെറുതുമായ, സമ്പന്നരും ദരിദ്രരുമായ രാജ്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾക്ക് വലിയൊരു പ്രാമുഖ്യം നിങ്ങൾ കൊടുക്കുകയാണെങ്കിൽ, നിഷേധാധികാരം പ്രയോഗിക്കാനുള്ള അവകാശത്തിലെ അനീതി നിലനിർത്താൻ നിങ്ങളാഗ്രഹിക്കുകയാണെങ്കിൽ അസ്വസ്ഥതയും ഉത്കണ്ഠയും നിസ്സംശയമായും വർദ്ധിക്കും. തീർച്ചയായും, ഇത്തരം ഉത്കണ്ഠകൾ തങ്ങളുടെ മുഖം ലോകത്ത് നേരത്തെ തന്നെ കാണിച്ചു തുടങ്ങിയിട്ടുണ്ട്.

അതിനാൽ, ആഗോള മുസ്‌ലിം സമൂഹത്തിന്റെ നേതാവ് എന്ന നിലയിൽ, സമാധാനം ഉറപ്പു വരുത്തുന്നതിലേക്ക് ലോകത്തിന്റെ ശ്രദ്ധയെ ക്ഷണിക്കുകയെന്നത് എന്റെ കർത്തവ്യമാകുന്നു. ഞാൻ ഇതിനെ എന്റെ ധാർമ്മിക

ബാധ്യതയായി കണക്കാക്കാൻ കാരണം ഇസ്ലാം എന്നതിന്റെ അർത്ഥം തന്നെ സമാധാനം സുരക്ഷ എന്നാകുന്നു. ചില മുസ്ലിം രാജ്യങ്ങൾ തീവ്ര വാദത്തിന്റെ വിദ്വേഷം നിറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതൊരിക്കലും തന്നെ ഇസ്ലാമിക അധ്യാപനങ്ങൾ കലാപങ്ങൾക്കും കുഴപ്പങ്ങൾക്കും പ്രോത്സാഹനം നല്കുന്നുവെന്ന അന്തിമ തീരുമാനത്തിലേക്ക് നിങ്ങളെ നയിക്കരുത്.

വിശുദ്ധ ഖുർആനിലെ ഒരു വചനമിപ്പോൾ ഞാൻ ഉദ്ധരിച്ചതേയുള്ളൂ. സമാധാനമെങ്ങനെ സ്ഥാപിക്കണമെന്ന പാഠമതിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. എന്നു തന്നെയുമല്ല കൂടാതെ, ഇസ്ലാമിന്റെ സ്ഥാപകനായ പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) തന്റെ അനുയായികൾ എല്ലായ്പ്പോഴും സമാധാനത്തിന്റെ സന്ദേശം വ്യാപിപ്പിക്കണമെന്നർത്ഥത്തിൽ 'സലാം' പറയുവാൻ തന്റെ അനുചരരെ പഠിപ്പിക്കുകയുണ്ടായി. അദ്ദേഹം എല്ലാ അമുസ്ലിംകൾക്കും, അവർ ജൂതരോ, ക്രിസ്ത്യാനികളോ, മറ്റേതെങ്കിലും മതവിശ്വാസക്കാരോ ആയിക്കൊള്ളട്ടെ അവർക്കെല്ലാം തന്നെ സമാധാനമുണ്ടാവാൻ പ്രാർത്ഥിക്കാറുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ അനുഗ്രഹീത ജീവിതത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

ദൈവസൃഷ്ടിയുടെ ഭാഗമാണ് എല്ലാ മനുഷ്യരുമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്തത്. മാത്രമല്ല, ദൈവത്തിന്റെ ഗുണനാമങ്ങളിലൊന്ന് 'സമാധാനത്തിന്റെ ഉറവിടം' എന്നുമാണ്. അതിനാൽ മനുഷ്യകുലത്തിനാകമാനം ശാന്തിയും സുരക്ഷയും അദ്ദേഹം ആഗ്രഹിച്ചു.

സമയകുറവ് മൂലം സമാധാനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഇസ്ലാമിക അധ്യാപനങ്ങളിൽ ചിലത് മാത്രമാണ് ഞാനിവിടെ പരാമർശിച്ചതെന്ന കാര്യം സ്പഷ്ടമാക്കട്ടെ. യഥാർത്ഥത്തിൽ, എല്ലാ മനുഷ്യരുടേയും സമാധാനത്തിനും സുരക്ഷയ്ക്കും വാദിക്കുന്ന അധ്യാപനങ്ങളും ആജ്ഞകളും കൊണ്ട് നിറഞ്ഞതാണ് വിശുദ്ധ ഖുർആൻ. നീതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് വിശുദ്ധ ഖുർആന് എന്താണ് പറയുവാനുള്ളത്? 5ാം അധ്യായത്തിൽ 9 ാം വചനത്തിൽ അല്ലാഹു പറയുന്നു;

**'വിശ്വസിച്ചവരെ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ (എപ്പോഴും) നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്താണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷമമായി അറിവുള്ളവനാണ്'**

ഇപ്രകാരം ഈ വചനത്തിലൂടെ നീതിയുടെ ഏറ്റവും ഉന്നതവും സാധ്യമായതുമായ നിലവാരം വിശുദ്ധ ഖുർആൻ വരച്ചു കാട്ടുന്നു. മുസ്‌ലിംകൾ എന്നു സ്വയം വിളിക്കുകയും എന്നിട്ട് പൈശാചികവും മൃഗീയവുമായി പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് വിശുദ്ധ ഖുർആനിലെ ഈ കല്പന യാതൊരു വിധത്തിലുള്ള പ്രസക്തിയും നല്കുന്നില്ല. ഇസ്‌ലാമിനെ അക്രമത്തിന്റെയും തീവ്രവാദത്തിന്റെയും മതമായി കണക്കാക്കുന്ന അല്ലെങ്കിൽ അങ്ങനെ വരച്ചുകാട്ടാൻ ആഗ്രഹിക്കുന്നവർക്കും ഈ കല്പന യാതൊരു വിധത്തിലുള്ള വിമർശനത്തിനുമിട നൽകുന്നില്ല. വിശുദ്ധ ഖുർആൻ ഏറ്റവും മാതൃകായോഗ്യമായ നിലവാരത്തിലുള്ള നീതിയും നിഷ്പക്ഷതയും സ്ഥാപിക്കുന്നു. നീതിമാനാകുക എന്നു മാത്രമല്ല അതു പറയുന്നത്, മറിച്ച് യഥാർത്ഥത്തിൽ തുല്യതയ്ക്കു വേണ്ടി ഏതറ്റം വരെയത് വാദിക്കുന്നു വെച്ചാൽ, അത് ഇപ്രകാരം വിവരിക്കുന്നു.

**"വിശ്വസിച്ചവരെ, നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും അയാൾ (ആ കക്ഷി) ധനികനോ, ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും (അനുകമ്പ കാണിക്കാൻ നിങ്ങളേക്കാൾ) കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേഛയെ പിൻപറ്റരുത്. നിങ്ങൾ നീതിപാലിക്കുന്നതിനു വേണ്ടിയാണിത്. നിങ്ങൾ (സത്യം) മറച്ചുവെയ്ക്കുകയോ (അത് വെളിപ്പെടുത്താതെ) പിൻമാറുകയോ ചെയ്താൽ (ഓർക്കുക) അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാണ്" (41:136)**

നീതിയുടെ ഇത്തരത്തിലുള്ള തത്ത്വദീക്ഷ നിറഞ്ഞ നിലവാരത്തിനാ ണ് ലോകത്ത്, അതായത്, സമൂഹത്തിന്റെ താഴെക്കിടയിൽ നിന്നും അന്തർദേശീയ പ്രവർത്തനമേഖലവരെ സമാധാനം സ്ഥാപിക്കാൻ കഴിയുക. ഇസ്‌ലാമിന്റെ പരിശുദ്ധ സ്ഥാപകർ ഹ : മുഹമ്മദ് (സ) ഈ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും അത് ലോകത്തിന്റെ കോണായ കോണുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തെന്ന സത്യത്തിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ഈ യുഗത്തിൽ, പ്രവാചകൻ (സ)യുടെ യഥാർത്ഥ അനുയായിയായ അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനത്തിന്റെ സ്ഥാപകർ ഹദ്റത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ഈ അധ്യാപനത്തെ പ്രചരിപ്പിക്കുകയും അതിനായ് പോരാടുകയും ചെയ്തു. മാത്രമല്ല സമാധാനപ്രചരണത്തിന് തന്റെ അനുയായികളെ ഉപദേശിക്കുകയും ചെയ്തു. കൂടാതെ, ദൈവത്തിനോടും

അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ പൂർത്തീകരിക്കുന്നതിലേക്ക് ലോകത്തിന്റെ ശ്രദ്ധയെ ക്ഷണിക്കാൻ തന്റെ അനുയായികളെ ഉപദേശിച്ചു.

ഇക്കാരണം കൊണ്ടാണ് അഹ്മദിയ്യാ സമൂഹം നീതിയുടെ ഏറ്റവും മികച്ച നിലവാരം സ്ഥാപിക്കുന്നതിന്റെയും, ദൈവത്തിനോടും, അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ പൂർത്തീകരിക്കുന്നതിന്റെയും നിർണായ ആവശ്യത്തെകുറിച്ച് എല്ലാ ജനതയോടും ശക്തമായി ഊന്നിപ്പറയുന്നത്. മതമോ, വിശ്വാസമോ കണക്കിലെടുക്കാതെ, നമ്മളിലോരോരുത്തരും പരസ്പര കടമകൾ പൂർത്തീകരിക്കുന്നതിലേക്ക് മനസ്സിരുത്തണമെന്നാണ് എന്റെ പ്രാർത്ഥന. അങ്ങനെയായാൽ, ഈ ലോകത്തിനു സമാധാനത്തിന്റെയും ഐക്യത്തിന്റെയും അഭയസ്ഥാനമായി മാറാൻ കഴിയും.

ഞാനീ വാക്കുകളോടെ എന്റെ പ്രഭാഷണം ഇവിടെ ഉപസംഹരിക്കുകയാണ്. എന്നെ ക്ഷണിച്ചതിനും, എന്റെ വാക്കുകൾ ശ്രവിക്കാനായി ഇവിടെ എത്തിച്ചേർന്നതിനും എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറയുന്നു.

**വിവർത്തനം: മുഹമ്മദ് സഫ്‌വാൻ**

# ലോകനേതാക്കന്മാർക്കുള്ള കത്തുകൾ

വിവർത്തനം:

കെ.വി.ഹസ്സൻകോയ
ആരിഫ് മുഹമ്മദ്
മുഹമ്മദ് സഫ്വാൻ

# ആദരണീയനായ
# പോപ്പ് ബെനഡിക്ട്
# പതിനാറാമനുള്ള കത്ത്

بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو الناصر

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

16 Gressenhall Road
Southfields, London
SW18 5QL, UK

31 October 2011

ആദരണീയനായ പോപ്പ് ബെനഡിക്ട് പതിനാറാമൻ,

സർവ്വശക്തനായ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും താങ്കളുടെ മേൽ ഉണ്ടാകുമാറാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ആഗോള അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ആത്മീയ നേതാവെന്ന നിലയിൽ വിശുദ്ധഖുർആന്റെ ഈ സന്ദേശം ഞാൻ താങ്കളെ അറിയിക്കുകയാണ്: 'പറയുക, ഓ ഗ്രന്ഥാനുസാരികളേ! ഞങ്ങൾക്കും നി ങ്ങൾക്കും ഇടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക്- അല്ലാഹുവല്ലാതെ നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിനു പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ള തത്ത്വത്തിലേക്ക്) - വരുക.' (3:65)

ഇസ്ലാം ലോക ഭീഷണിയുടെ നിഴലിലാണിപ്പോൾ.നിന്ദ്യമായ പല ആരോപണങ്ങൾക്കും അത് കുറിമാനമായിക്കൊണ്ടിരിക്കുന്നു. ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെക്കുറിച്ച് വിശകലനം ചെയ്യാതെയാണ് പലരും ആരോപണങ്ങൾ ഉന്നയിക്കുന്നത്. നിർഭാഗ്യവശാൽ, ചില മുസ്ലിം സംഘടനകൾ പോലും സ്ഥാപിത താൽപര്യങ്ങൾക്കായി ഇസ്ലാമിനെ വളരെ മോശമായി ചിത്രീകരിച്ചിട്ടുണ്ട്. തത്ഫലമായി പാശ്ചാത്യരിലും അമുസ്ലിം രാജ്യങ്ങളിലും ജന ഹൃദയങ്ങളിൽ മുസ്ലിംകളോടുള്ള അവിശ്വാസം വർധിച്ചു വരികയാണ്. എത്രത്തോളമെന്നാൽ, ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയവർ പോലും ഇസ്ലാം മതസ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്നബി(സ) ക്കെതിരിൽ അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിക്കുന്നു.

മനുഷ്യനെ ദൈവത്തോടടുപ്പിക്കുകയും മാനവീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്നതാണ് മതങ്ങളുടെയെല്ലാം ആത്യന്തിക ലക്ഷ്യം. മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചു പറിക്കണമെന്നോ അവരോട് ക്രൂരമായി പെരുമാറണമെന്നോ മതഗുരുക്കൻമാരാരും തന്നെ തങ്ങളുടെ അനുയായികളെ പഠിപ്പിച്ചിട്ടില്ല. ആയതിനാൽ, വഴിപിഴച്ച ഒരു ചെറിയ വിഭാഗം മുസ്ലിംകളുടെ പ്രവർത്തനങ്ങളെ ഇസ്ലാമിനെയും അതിന്റെ ദിവ്യസ്ഥാപകരെയും അവഹേളിക്കാനുള്ള ഒഴികഴിവായി കാണരുത്. എല്ലാ മതഗുരുക്കൻമാരെയും ബഹുമാനി

ക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഈസാനബി ഉൾപ്പെടെ, ബൈബിളിലും ഖുർആനിലും പരാമർശിക്കപ്പെട്ട എല്ലാ പ്രവാചകൻമാരിലും വിശ്വസിക്കാൻ ഒരു മുസ്‌ലിം കൽപിക്കപ്പെട്ടിരിക്കുന്നതും ഇക്കാരണത്താലാണ്. ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ വിനീത സേവകരാണ് ഞങ്ങൾ. അതുകൊണ്ടു തന്നെ ആ ദിവ്യാത്മാവിന് നേരെയുള്ള അധിക്ഷേപം ഞങ്ങളെ തീർത്തും ദുഃഖിപ്പിച്ചിരിക്കുകയാണ്. പക്ഷേ, ആ ദിവ്യാത്മാവിന്റെ ഉൽകൃഷ്ട ഗുണങ്ങൾ ലോകത്തിന് നിരന്തരം സമർപ്പിച്ചുകൊണ്ടും വിശുദ്ധ ഖുർആന്റെ മനോഹരങ്ങളായ അധ്യാപനങ്ങൾ ലോകത്ത് വെളിപ്പെടുത്തിയുമാണ് ഞങ്ങൾ പ്രതികരിക്കുന്നത്.

ഒരാദർശത്തിൽ വിശ്വസിക്കുന്ന ഒരുവൻ ശരിയായ രീതിയിൽ അതനുസരിച്ചു ജീവിക്കുന്നില്ലെങ്കിൽ അതിന് കുറ്റക്കാരൻ ആ വ്യക്തി തന്നെയാണ്; ആദർശമല്ല. ഇസ്‌ലാം എന്ന പദത്തിനർത്ഥം സമാധാനം, സ്നേഹം, സുരക്ഷ എന്നിങ്ങനെയാണ്. മതത്തിൽ യാതൊരു ബലപ്രയോഗവും ഇല്ലെന്നാണ് വിശുദ്ധഖുർആൻ വ്യക്തമായും അനുശാസിക്കുന്നത്. വിശുദ്ധഖുർആൻ ആദ്യം മുതൽ അവസാനം വരെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രഞ്ജിപ്പിന്റെയും ത്യാഗമനോഭാവത്തിന്റെയും പാഠങ്ങളാണ് നൽകുന്നത്. ദയഭക്തി അവലംബിക്കാത്തവൻ ദൈവത്തിൽ നിന്നും ദൂരപ്പെട്ടവനാണെന്നും ഇസ്‌ലാമുമായി അവന് യാതൊരു ബന്ധവുമില്ലെന്നും ആ ദിവ്യഗ്രന്ഥം പ്രസ്താവിക്കുന്നു. ആയതിനാൽ, ഇസ്‌ലാമിനെ, അത് രക്തചൊരിച്ചിലിന്റെയും തീവ്രവാദത്തിന്റെയും മതമായി ആരെങ്കിലും ചിത്രീകരിക്കുന്നുണ്ടെങ്കിൽ അതിന് യഥാർത്ഥ ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല.

യഥാർത്ഥ ഇസ്‌ലാമിനെ മാത്രമാണ് അഹ്മദിയ്യാ പ്രസ്ഥാനം പ്രയോഗവത്കരിക്കുന്നത്. ദൈവത്തിന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ടാണ് അവർ പ്രവർത്തിക്കുന്നതും. ചർച്ചിനോ മറ്റേതെങ്കിലും ആരാധനാലയത്തിനോ സുരക്ഷ ആവശ്യമായി വരുന്ന പക്ഷം അവരോടൊപ്പം തോളോടു തോൾ ചേർന്ന് പ്രവർത്തിക്കുന്നവരായി അവർ ഞങ്ങളെ കണ്ടെത്തുന്നതാണ്. പള്ളികളിൽ നിന്നും മുഴങ്ങുന്ന സന്ദേശം ഇതു മാത്രമാണ്; "അല്ലാഹു വലിയവനാണ്, ആരാധക്കർഹൻ അവനല്ലാതെ മറ്റാരുമില്ല, മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാകുന്നു എന്നു ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു."

തങ്ങൾ ബുദ്ധിശാലികളും വിദ്യാസമ്പന്നരും സ്വതന്ത്രരുമായതിനാൽ മതഗുരുക്കൻമാരെ അവഹേളിക്കുകയും അധിക്ഷേപിക്കുകയും ആവാമെന്ന ചിലയാളുകളുടെ വിചാരമാണ് ലോകസമാധാനം തകർത്തു കളയുന്നതിൽ മുഖ്യപങ്ക് വഹിച്ചത്. സമൂഹത്തിൽ ശാന്തി നിലനിർത്തുന്നതിനായി മനുഷ്യഹൃദയത്തിൽ നിന്ന് ശത്രുതാ മനോഭാവം ഇല്ലായ്മ ചെയ്യുകയും സഹിഷ്ണുതയുടെ നിലവാരം ഉയർത്തുകയും ചെയ്യേണ്ടത് അനുപേക്ഷണീയമാണ്. നാം അന്യോന്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പ്രവാചകരുടെ മാന്യതയ്ക്കായി നിലകൊള്ളേണ്ട സമയമാണിത്. ലോകം അശാന്തിയിലൂടെയും അസ്വസ്ഥതകളിലൂടെയുമാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ചുറ്റുപാട് സൃഷ്ടിച്ച് ഭയവും ഉത്കണ്ഠയും മാറ്റിനിർത്തുകയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും

സന്ദേശം നമുക്കു ചുറ്റും വ്യാപിപ്പിക്കുകയും മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധം ഐക്യത്തിന്റെ അതിമഹത്തായ വിഹായസ്സിൽ വിഹരിക്കാൻ പഠിക്കുകയും മാനവിക മൂല്യങ്ങൾ അംഗീകരിക്കുകയും ചെയ്യുക എന്നതാണ് ഈ അവസ്ഥ നമ്മോട് ആവശ്യപ്പെടുന്നത്.

ഇന്ന് ലോകത്ത് ചെറിയ തോതിലുള്ള യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതേ സമയം, വൻശക്തികൾ മറ്റു രാജ്യങ്ങളിൽ സമാധാന സംസ്ഥാപനത്തിനുള്ള യത്നത്തിലാണെന്നു വാദിക്കുകയും ചെയ്യുന്നു. പുറമേ നമ്മോടൊന്നു പറയപ്പെടുന്നുവെങ്കിലും അരങ്ങിന് പിന്നിൽ രഹസ്യമായി അവരുടെ നയങ്ങളും മുൻഗണനകളുമാണ് നിവർത്തിക്കപ്പെടുന്നതെന്നത് ഇന്നാർക്കും അറിയാത്തതല്ല. ഈ അവസ്ഥയിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ സാധിക്കുമോ എന്നതാണ് പ്രശ്നം. വളരെ വ്യസനത്തോടെത്തന്നെ പറയട്ടെ, ലോകത്തെ സമകാലിക സംഭവങ്ങൾ ഒന്നെടുത്തു നിരീക്ഷിച്ചാൽ, മറ്റൊരു ലോകമഹായുദ്ധത്തിനുള്ള അസ്തിവാരം നേരത്തെ തന്നെ ഇട്ടിരിക്കുന്നതായി കാണാം. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം നീതിയിലധിഷ്ഠിതമായ മാർഗ്ഗമവലംബിച്ചിരുന്നുവെങ്കിൽ, യുദ്ധത്തിന്റെ എരിതീയിലേക്ക് വീണ്ടുമെത്തിച്ച സമകാലിക സംഭവങ്ങൾക്ക് നാം സാക്ഷിയാകുമായിരുന്നില്ല. ഇതിന്റെ അനന്തരഫലമെന്നോണം, ധാരാളം രാജ്യങ്ങൾ അണ്വായുധം ആർജ്ജിച്ചിരിക്കുകയാണ്. ശത്രുതയും വിദ്വേഷവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. നാശത്തിന്റെ വക്കിലെത്തിയിരിക്കുകയാണ് ലോകം. വൻ ദുരന്തങ്ങളുണ്ടാക്കുന്ന ഈ ആയുധങ്ങളുടെ സ്ഫോടനമുണ്ടായാൽ, തങ്ങൾക്കേൽപ്പിച്ച ഈ അപരിഹാര്യ വൈകല്യത്തിന് ഭാവി തലമുറ ഒരിക്കലും നമുക്ക് മാപ്പു തരില്ല. ലോകം സ്രഷ്ടാവിന്റെയും സൃഷ്ടികളുടെയും അവകാശങ്ങളിലേക്ക് ശ്രദ്ധ തിരിക്കാൻ ഇനിയും വൈകിയിട്ടില്ല.

ലോകത്തിന്റെ പുരോഗതിയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനെക്കാൾ അതിനെ നാശത്തിൽ നിന്നും രക്ഷിക്കേണ്ടുന്ന പരിശ്രമങ്ങൾക്ക് ആക്കം കൂട്ടുകയാണ് അനിവാര്യവും അതിപ്രധാനവും ആയ കാര്യമെന്ന് ഞാൻ വിശ്വസിക്കുന്നു. മനുഷ്യൻ അവന്റെ സ്രഷ്ടാവിനെ തിരിച്ചറിഞ്ഞേ പറ്റൂ. എന്തുകൊണ്ടെന്നാൽ, മനുഷ്യസമുദായത്തിന്റെ അതിജീവനത്തിന് ജാമ്യമാകാൻ അതിലൂടെ മാത്രമേ കഴിയൂ. അല്ലാത്തപക്ഷം, ലോകം ദ്രുതഗതിയിൽ ആത്മനാശത്തിലേക്ക് വഴിപ്പെടുന്നതാണ്.

സമാധാനം വിജയകരമായി സ്ഥാപിക്കാൻ യഥാർത്ഥത്തിൽ മനുഷ്യൻ ഇന്നാഗ്രഹിക്കുന്നുവെങ്കിൽ മറ്റുള്ളവരെ പഴിചാരുന്നതിന് പകരം തന്റെയുള്ളിൽ തന്നെയുള്ള ചെകുത്താനെ നിയന്ത്രിക്കുകയാണ് വേണ്ടത്. എല്ലാ തിന്മകളും വർജ്ജിച്ചു കൊണ്ടവൻ നീതിയുടെ ഒന്നാം തരം മാതൃക കാഴ്ച വെക്കട്ടെ. ഞാൻ വീണ്ടും വീണ്ടും ലോകത്തെ ഓർമ്മിപ്പിക്കുകയാണ്, മറ്റുള്ളവരോടുള്ള അതിരുകവിഞ്ഞ ശത്രുത മാനവിക മൂല്യങ്ങളെ പൂർണ്ണമായും അപഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇതവരെ നാശത്തിലേക്കേ നയിക്കൂ.

താങ്കളുടെ അഭിപ്രായം ലോകത്ത് സ്വാധീനം ചെലുത്തുന്നതാണല്ലോ. അതുകൊണ്ട് ദൈവം സ്ഥാപിച്ച പ്രകൃതി സന്തുലനത്തിന് വിഘാതം സൃഷ്ടിക്കുക വഴി ഉന്മൂല നാശത്തിലേക്കാണ്

അവരുടെ പോക്കെന്ന് ലോകത്തെ മുഴുവൻ അറിയിക്കുവാൻ ഞാൻ താങ്കളെ ഉദ്ബോധിപ്പിക്കുന്നു. ഈ സന്ദേശം, മുമ്പത്തെക്കാളുപരി വിപുലവും വിശാലവും കൂടുതൽ പ്രാമുഖ്യത്തോടും കൂടി എത്തിക്കേണ്ടതുണ്ട്.

ലോകത്തുള്ള മതങ്ങൾക്കെല്ലാം തന്നെ സൗഹാർദ്ദത്തിന്റെ ആവശ്യമാണുള്ളത്. സ്നേഹവും സാഹോദര്യവും സംജാതമാക്കുകയാണ് ഭൂമിയിലെ ജനങ്ങൾക്കാവശ്യം.

നാമെല്ലാവരും നമ്മുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കുകയും സ്നേഹവും സമാധാനവും സ്ഥാപിക്കുകയും ലോകസ്രഷ്ടാവിനെ തിരിച്ചറിയുന്നതിൽ ഭാഗഭാക്കാവുകയും ചെയ്യുന്നവരാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഈ നാശത്തിൽ നിന്നും രക്ഷിക്കാൻ ഞങ്ങൾ എപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കുന്നു. നമ്മെ കാത്തിരിക്കുന്ന നാശത്തിൽ നിന്നും ദൈവം നമ്മെ രക്ഷിക്കട്ടെ.

ആത്മാർത്ഥതയോടെ,



**മിർസാ മസ്റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവൻ

# ഇസ്രയേൽ പ്രധാനമന്ത്രിക്കുള്ള കത്ത്

وَاجْعَلْ لِيْ مِنْ لَدُنْكَ سُلْطٰنًا نَصِيْرًا
اِنَّا فَتَحْنَا لَكَ فَتْحًا مُّبِيْنًا

بسم الله الرحمن الرحیم
نَحْمَدُهٗ وَ نُصَلِّیْ عَلٰی رَسُوْلِهِ الْکَرِیْمِ
وعلیٰ عبدہِ المسیح الموعود
خدا کے فضل اور رحم کے ساتھ
ھوالنّاصر

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

16 Gressenhall Road
Southfields, London
SW18 5QL, UK

His Excellency
Mr Benjamin Netanyahu
Prime Minister of Israel
Jerusalem

26 February 2012

ബഹുമാന്യരായ പ്രധാനമന്ത്രി,

ഇസ്രായേൽ പ്രസിഡന്റ് ഷിമോൻ പെരസിന് ഈയിടെ ഞാനൊരു കത്തയച്ചിരുന്നു. ലോകത്ത് ഉയിർകൊള്ളുന്ന അപകടാവസ്ഥയായിരുന്നു പ്രതിപാദ്യവിഷയം. ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുടെ വെളിച്ചത്തിൽ താങ്കൾക്കും സന്ദേശമയക്കേണ്ടത് അനിവാര്യമാണെന്ന് എനിക്ക് തോന്നി. കാരണം, താങ്കൾ ഒരു രാജ്യത്തിന്റെ ഭരണത്തലവനാണല്ലോ.

പ്രവാചകത്വവും ദിവ്യവെളിപാടുമായി അടുത്ത ബന്ധം പുലർത്തുന്ന ഒരു ചരിത്രക്രമമാണ് താങ്കളുടെ രാജ്യത്തിനുള്ളത്. ഇസ്രായിൽ സന്തതികളിലെ പ്രവാചകൻമാർ തങ്ങളുടെ നാടിന്റെ ഭാവിയെപ്പറ്റി വളരെ വ്യക്തമായ പ്രവചനങ്ങൾ ചെയ്തിട്ടുണ്ട്. ആ പ്രവാചകൻമാരെ ധിക്കരിച്ചതിന്റെയും അവരുടെ പ്രവചനങ്ങളെ അവഗണിച്ചതിന്റെയും ഫലമായി ഇസ്രായിൽ സന്തതികൾക്ക് കഷ്ടതകളും ക്ലേശങ്ങളും സഹിക്കേണ്ടി വന്നിട്ടുമുണ്ട്. താങ്കളുടെ രാജ്യത്തെ നേതാക്കൾ മുൻകാല പ്രവാചകൻമാരെ അനുസരിക്കുന്നതിൽ ഉറച്ചു നിന്നിരുന്നെങ്കിൽ പലവിധ വിപത്തുകളിൽ നിന്നും വിനാശത്തിൽ നിന്നും രക്ഷിക്കപ്പെട്ടേനെ. ആകയാൽ, പ്രവാചകൻമാരുടെ പ്രവചനങ്ങളിലേക്കും നിർദ്ദേശങ്ങളിലേക്കും ശ്രദ്ധ തിരിക്കാൻ മറ്റെല്ലാവരെക്കാളും കൂടുതൽ ബാധ്യസ്ഥൻ താങ്കളാണ്. ഹ:മുഹമ്മദ് നബി(സ)യുടെ ദാസനായി അയക്കപ്പെട്ട വാഗ്ദത്ത മസീഹും മഹ്ദിയുമായ വ്യക്തിയുടെ ഖലീഫ എന്ന നിലയ്ക്കാണ് ഞാൻ താങ്കളെ സംബോധന ചെയ്യുന്നത്. ഇസ്രായേൽ സന്തതികളുടെ സഹോദരൻമാരിൽ നിന്ന് മൂസാനബിക്ക്(അ) സദൃശനായിക്കൊണ്ട് ലോകത്തിനൊട്ടാകെ കാരുണ്യമായി അവതരിച്ച പ്രവാചകനായിരുന്നു ഹ: മുഹമ്മദ് നബി(സ). (ആവർത്തനം: 18:18) അതുകൊണ്ടു തന്നെ, ദിവ്യസന്ദേശത്തെ സംബന്ധിച്ച് താങ്കളെ ഉണർത്തുക എന്നത് എന്റെ കർത്തവ്യമാണ്. ദൈവിക ക്ഷണത്തിന് കാതോർക്കുകയും, അത്യുന്നതനും ആകാശഭൂമികളുടെ സ്രഷ്ടാവുമായ ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളിലടങ്ങിയ വിജയകരമായ പാത കണ്ടെത്തുകയും ചെയ്യുന്നവരിലായിരിക്കും താങ്കളെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

താങ്കൾ ഇറാനെ ആക്രമിക്കാൻ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണെന്ന വാർത്ത ഞങ്ങൾ കേൾക്കുന്നു. ഒരു ലോക മഹായുദ്ധത്തിന്റെ പരിണതഫലം താങ്കളുടെ തന്നെ മുമ്പിലുണ്ടല്ലോ. കഴിഞ്ഞ ലോക മഹായുദ്ധത്തിൽ ലക്ഷക്കണക്കിന് മറ്റു ജനങ്ങളോടൊപ്പം ആയിരക്കണക്കിന് ജൂതൻമാരുടെ ജീവിതങ്ങളും പാഴായിപ്പോയിരുന്നു. രാജ്യത്തെ ജനങ്ങളെ സംരക്ഷിക്കുക എന്നത് പ്രധാനമന്ത്രി എന്ന നിലയിൽ താങ്കളുടെ കടമയാണ്. ലോക മഹായുദ്ധം കേവലം രണ്ടു രാജ്യങ്ങൾ തമ്മിലല്ല, മറിച്ച്, രാജ്യങ്ങൾ ഗ്രൂപ്പുകളായി ചേരിതിരിഞ്ഞു നിൽക്കുമെന്നാണ് ലോകത്തെ സമകാലിക സംഭവങ്ങൾ സൂചിപ്പിക്കുന്നത്. ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുമെന്ന ഭീഷണി എത്രയും ഗൗരവമേറിയതാണ്. മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും ജൂതൻമാരുടെയും എല്ലാം ജീവൻ അപകടത്തിലാണ്. അത്തരമൊരു യുദ്ധമുണ്ടായാൽ മനുഷ്യനാശത്തിന്റെ ശൃംഖലാ പ്രതിപ്രവർത്തനത്തിലായിരിക്കും അത് ചെന്നവസാനിക്കുക. ഈ ദുരന്തം ഭാവിതലമുറയെക്കൂടി ബാധിക്കുന്നതാണ്. അവരെ ജന്മവൈകല്യങ്ങളോ അംഗവൈകല്യങ്ങളോ ഉള്ളതാക്കിത്തീർക്കും. കാരണം, അണ്വായുധം കൊണ്ടുള്ള പോരാട്ടമായിരിക്കും അതെന്നത് തീർച്ചയാണ്.

ആയതിനാൽ, ലോകത്തെ മഹായുദ്ധത്തിലേക്ക് ആനയിക്കുന്നതിനു പകരം അതിനെ ആഗോള ദുരന്തത്തിൽ നിന്നും രക്ഷിക്കാൻ ആവതും പരിശ്രമിക്കണമെന്നാണ് ഞാൻ താങ്കളോട് അപേക്ഷിക്കുന്നത്. ശക്തികൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം ചർച്ചകൾ കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുക. ഭാവി തലമുറയ്ക്ക് വൈകല്യങ്ങളും ന്യൂനതകളും സമ്മാനിക്കുന്നതിന് പകരം അവർക്ക് ശോഭനമായ ഭാവി പ്രദാനം ചെയ്യുന്നതിന് വേണ്ടി ശ്രമിക്കുക. താങ്കളുടെ അധ്യാപനങ്ങളുടെ ചില ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ എന്റെ വീക്ഷണങ്ങൾ വിശദീകരിക്കാൻ ഞാൻ ശ്രമിക്കാം. ആദ്യത്തെ ഉദ്ധരണി സബൂറിൽ നിന്നുള്ളതാണ്.

'ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം നീ മുഷിയരുത്. നീതികേട് ചെയ്യുന്നവരോട് അസൂയപ്പെടുകയുമരുത്. അവർ പുല്ലുപോലെ വേഗത്തിൽ ഉണങ്ങി പച്ചച്ചെടിപോലെ വാടിപ്പോകുന്നു. യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക. ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽത്തന്നെ രക്ഷിച്ചു കൊൾക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും. നിന്റെ വഴി യാഹോവയെ ഭരമേല്പിക്ക, അവനിൽ തന്നെ ആശ്രയിക്ക, അവൻ അതു നിർവഹിക്കും. അവൻ നിന്റെ നീതിയെ പ്രഭാതം പോലെയും നിന്റെ ന്യായത്തെ മദ്ധ്യാഹ്നം പോലെയും പ്രകാശിപ്പിക്കും. യഹോവയുടെ മുമ്പാകെ മിണ്ടാവാതെയിരുന്ന് അവന്നായി പ്രത്യാശിക്ക. കാര്യസാധ്യം പ്രാപിക്കുന്നവനെയും ദുരുപായം പ്രയോഗിക്കുന്നവനെയും കുറിച്ച് നീ മുഷിയരുത്. കോപം കളഞ്ഞു, ക്രോധം ഉപേക്ഷിക്ക. മുഷിഞ്ഞുപോവരുത്. അതു ദോഷത്തിനു ഹേതുവാകയേയുള്ളൂ. ദുഷ്പ്രവൃത്തിക്കാർ ചോദിക്കപ്പെടും; യഹോവയെ പ്രത്യാശിക്കുന്നവനോ ഭൂമിയെ കൈവശമാക്കും. സമാധാന സമൃദ്ധിയിൽ അവർ ആനന്ദിക്കും.' (സബൂർ 37:1-11)

അതുപോലെ തൗറാത്തിലും നമുക്ക് കാണാം.

"നിന്റെ സഞ്ചിയിൽ തൂക്കം ഏറിയതും കുറഞ്ഞതുമായ രണ്ടുതരം പടി ഉണ്ടാവരുത്. നിന്റെ വീട്ടിൽ മുറുക്കവും ഇളപ്പവുമായ രണ്ടു തരം പടി ഉണ്ടാകരുത്. നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നീ ദീർഘായുസ്സോടെ ഇരിക്കേണ്ടതിന് നിന്റെ പടി ഒത്തതും ന്യായ മായതുമായിരിക്കണം. ഈ വകയിൽ അന്യായം ചെയ്യുന്നവനൊക്കെയും നിന്റെ ദൈവമായ യഹോവക്ക് വെറുപ്പാകുന്നു." (ആവർത്തനം 25: 13-16)

ആയതിനാൽ, ലോക നേതാക്കൾ, പ്രത്യേകിച്ചും താങ്കൾ, ബലപ്രയോഗത്തിലൂടെയുള്ള ഭരണം അവസാനിപ്പിക്കേണ്ടതും ദുർബലരെ പീഡിപ്പിക്കുന്നതിൽ നിന്നും പിൻമാറേണ്ടതു മാണ്. പകരം, സമാധാനത്തിനും നീതിയ്ക്കും വേണ്ടി പ്രയത്നിക്കുക. അങ്ങനെ ചെയ്യുക വഴി താങ്കൾ സ്വയം സമാധാനത്തിലാവുകയും ശക്തിയാർജ്ജിക്കുകയും ചെയ്യുന്നതോ ടൊപ്പം ലോക സമാധാനവും സ്ഥാപിക്കപ്പെടുന്നതാണ്.

താങ്കളും മറ്റു നേതാക്കളും എന്റെ സന്ദേശം ഗ്രഹിക്കുകയും തങ്ങളുടെ പദവിയും ഉത്ത രവാദിത്തങ്ങളും തിരിച്ചറിയുകയും ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയും ചെയ്യട്ടെ എന്ന താണ് എന്റെ പ്രാർത്ഥന.

ആത്മാർത്ഥതയോടെ,



**മിർസാ മസ്റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവൻ

# ഇറാൻ പ്രസിഡണ്ടിനുള്ള കത്ത്

بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو الناصر

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

16 Gressenhall Road
Southfields, London
SW18 5QL, UK

His Excellency
President of the Islamic Republic of Iran
Mahmoud Ahmadinejad
Tehran

7 March 2012

പ്രിയപ്പെട്ട മി. പ്രസിഡന്റ്

അസ്സലാമു അലൈക്കും, വറഹ്മത്തുല്ലാഹി വബറക്കാത്തുഹു

ഇറാന്റെ പ്രസിഡന്റായ താങ്കൾക്ക്, ലോകത്ത് വെളിപ്പെട്ടുകൊണ്ടിരിക്കുന്ന അപകടകരമായ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഒരു കത്തെഴുതണമെന്ന് എനിക്കു തോന്നി. തന്റെ രാഷ്ട്ര ത്തിന്റെ ഭാവിയെയും ലോകത്തെ മൊത്തത്തിലും ബാധിക്കുന്ന തീരുമാനങ്ങളെടുക്കാൻ അധികാരമുള്ള ആളുമാണല്ലോ താങ്കൾ. വലിയ പ്രക്ഷോഭവും പ്രക്ഷുബ്ധതയുമാണ് ഇന്ന് ലോകത്തുള്ളത്. ചില സ്ഥലങ്ങളിൽ ചെറിയ തോതിലുള്ള സമര പോരാട്ടങ്ങളാണ് പൊട്ടിപ്പു റപ്പെട്ടിട്ടുള്ളതെങ്കിൽ, മറ്റു സ്ഥലങ്ങളിൽ വൻശക്തികളുടെ സമാധാന സംസ്ഥാപനത്തിന്റെ നാടകീയ രംഗങ്ങൾ അരങ്ങേറുന്നു. ഓരോ രാഷ്ട്രവും മറ്റു രാഷ്ട്രങ്ങളെ സഹായിക്കാനോ എതിർക്കാനോ ഉള്ള സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. പക്ഷേ, നീതി തത്ത്വങ്ങൾ നി വർത്തിക്കപ്പെടുന്നില്ല. വ്യസനപൂർവ്വം പറയട്ടെ, സമകാലിക സംഭവങ്ങളെ നാം അവധാന പൂർവ്വം നിരീക്ഷിക്കുന്ന പക്ഷം മറ്റൊരു ലോക മഹായുദ്ധത്തിനു വേണ്ടിയുള്ള അടിത്തറ നേരത്തെ തന്നെ പാകപ്പെട്ടിട്ടുള്ളതായി കാണാം. ചെറുതും വലുതുമായ രാഷ്ട്രങ്ങൾക്ക് അണ്വായുധങ്ങളുമുള്ളതിനാൽ എതിർപ്പും വിദ്വേഷവും വർധിച്ചുകൊണ്ടിരിക്കുന്നു. ഈ ദുർഘട സന്ധിയിൽ ഒരു മൂന്നാം ലോകമഹായുദ്ധമാണ് നമ്മുടെ മുന്നിൽ തെളിഞ്ഞു വരു ന്നത്. മറ്റു രാഷ്ട്രങ്ങൾ അണ്വായുധം കൈവശം വെച്ചിരിക്കുന്ന സ്ഥിതിക്ക് ഇനിയൊരു മൂന്നാം ലോക മഹായുദ്ധം അണുബോംബ് ഉപയോഗിച്ചായിരിക്കുമെന്ന കാര്യം താങ്കൾക്ക് നന്നായി അറിയുമല്ലോ. ഇതിന്റെ പര്യവസാനം ദുരന്തപൂർണ്ണമായിരിക്കും. ഇത്തരത്തിലുള്ള പോരാട്ടങ്ങളുടെ ദീർഘകാല സ്വാധീനം അംഗവൈകല്യങ്ങളും ന്യൂനതകളുമുള്ള തലമു റക്ക് ജന്മം കൊള്ളാൻ വഴിയൊരുക്കും.

സർവ്വലോകങ്ങൾക്കും കാരുണ്യമായവതരിച്ച്, ലോകത്ത് സമാധാനം സ്ഥാപിക്കാനായി നി

യോഗിതനായ ഹ: മുഹമ്മദ് നബി (സ) യുടെ അനുയായികളെന്ന നിലയിൽ ലോകത്തിന് ഇത്തരമൊരു ദുരനുഭവമുണ്ടാക്കാൻ നമുക്കാഗ്രഹിക്കാൻ സാധ്യമല്ലെന്നാണെന്റെ വിശ്വാസം. മൂന്നാം ലോക മഹായുദ്ധം തടയാൻ ലോകത്തെ പ്രബല ശക്തി എന്ന നിലയിൽ മുഖ്യ പങ്കു വഹിക്കണമെന്ന് ഞാനപേക്ഷിക്കുന്നതും ഇതു കൊണ്ടാണ്. വൻശക്തികൾ ഇരട്ടത്താപ്പ് നയമാണ് അനുവർത്തിക്കുന്നതെന്നത് അനിഷേധ്യമാണ്. അവരുടെ അനീതി കാരണം അസ്വസ്ഥതയും കുഴപ്പവും ലോകത്താകമാനം വ്യാപിച്ചിരിക്കുന്നു. എന്നിരുന്നാലും, ചില മുസ്‌ലിം സംഘടനകൾ സമുചിതമല്ലാത്തതും ഇസ്‌ലാമികാധ്യാപനങ്ങൾക്കെതിരുമായ പ്രവർത്തനങ്ങൾ ചെയ്യുന്നുവെന്ന വസ്തുത അവഗണിച്ചുകൂടാ. വൻശക്തികൾ, ദരിദ്ര മുസ്‌ലിം രാജ്യങ്ങളെ മുതലെടുത്തു കൊണ്ട് തങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്കായി ഇതിനെ ഒരു ഒഴികഴിവായി ഉപയോഗിച്ചിരിക്കുന്നു. താങ്കളുടെ പരിശ്രമങ്ങളും പ്രവർത്തനങ്ങളും ഒരു മൂന്നാം ലോകമഹായുദ്ധത്തിൽ നിന്നും ലോകത്തെ രക്ഷിക്കുന്നതിലേക്ക് കേന്ദ്രീകരിക്കണമെന്ന് ഞാനൊരിക്കൽ കൂടി അപേക്ഷിച്ചുകൊള്ളുന്നു. ഒരു രാഷ്ട്രത്തോടുള്ള ശത്രുത അതിനോട് നീതി നിർവഹിക്കുന്ന കാര്യത്തിൽ നിങ്ങളെ തടയരുതെന്നാണ് വിശുദ്ധ ഖുർആൻ മുസ്‌ലിംകളെ പഠിപ്പിക്കുന്നത്.

സുറ: മാഇദയിൽ അല്ലാഹു പറയുന്നു:

"പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെക്കുന്നതിന് ഒരു ജനതയോടുള്ള വെറുപ്പ്(അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു." (5:9)

അതുപോലെ അതേ അദ്ധ്യായത്തിൽ അല്ലാഹു മുസ്‌ലിംകളോട് ഇപ്രകാരം കല്പിക്കുന്നു.

"ആകയാൽ, വെറും ശത്രുതയുടെയും വിദ്വേഷത്തിന്റെയും പേരിൽ മറ്റൊരു രാജ്യത്തെ എതിർക്കരുത്." ഇസ്രായേൽ അതിരു വിട്ട് പ്രവർത്തിച്ചിട്ടുണ്ടെന്നും ഇറാനെ അത് നോട്ടമിട്ടുകൊണ്ടിരിക്കുകയാണെന്നതും ശരിയാണ്. ഏതെങ്കിലും രാഷ്ട്രം താങ്കളുടെ രാഷ്ട്രത്തെ ആക്രമിക്കാൻ വന്നാൽ അതിനെ തടുക്കാനുള്ള അവകാശവും താങ്കൾക്കുണ്ട്. എന്നിരുന്നാലും, ഭിന്നതകൾ കഴിവതും നയപരിപാടികളിലൂടെയും കൂടിയാലോചനകളിലൂടെയും ആണ് പരിഹരിക്കേണ്ടത്. ശക്തി ഉപയോഗിക്കാതെ, ഭിന്നതകൾ ചർച്ചയിലൂടെ പരിഹരിക്കാൻ ശ്രമിക്കണമെന്നാണ് താങ്കളോട് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇക്കാലത്ത് നബി(സ)യുടെ യഥാർത്ഥ ദാസനായി വന്ന, താൻ മസീഹും മഹ്ദിയുമാണെന്നു വാദിച്ച ദൈവനിയോഗിതന്റെ അനുയായിയായ കാരണത്താലാണ് ഞാൻ ഈ അഭ്യർത്ഥന നടത്തുന്നത്. മനുഷ്യരാശിയെ ദൈവത്തോട് അടുപ്പിക്കുകയും നമ്മുടെ ഗുരുവും മാർഗ്ഗദർശിയുമായ

ഹ: മുഹമ്മദ്(സ) കൽപിച്ച പ്രകാരമുള്ള അവകാശങ്ങൾ ജനങ്ങൾക്ക് പതിപ്പിച്ചു നൽകുകയും ചെയ്യുക എന്നതാണ് ആ മഹാത്മാവിന്റെ ദൗത്യം. ഈ മനോഹര അദ്ധ്യാപനം മനസ്സിലാക്കാൻ മുസ്‌ലിം ഉമ്മത്തിന് സർവ്വശക്തനായ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

വസ്സലാം,

ആത്മാർത്ഥതയോടെ,



**മിർസാ മസ്റൂർ അഹ്മദ്**

ഖലീഫത്തുൽ മസീഹ് V

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ

# അമേരിക്കൻ പ്രസിഡണ്ടിനുള്ള കത്ത്

واجعل لي من لدنك سلطانا نصيرا
انا فتحنا لك فتحا مبينا
MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هوالناصر

16 Gressenhall Road
Southfields, London
SW18 5QL, UK

President Barack Obama
President of the United States of America
The White House
1600 Pennsylvania Avenue NW
Washington D.C.

08 March 2012

പ്രിയപ്പെട്ട മി. പ്രസിഡന്റ്,

ലോകത്തിലെ അതിശക്ത രാജ്യമായ അമേരിക്കയുടെ പ്രസിഡന്റും, തന്റെ രാജ്യത്തിന്റെ, ലോകത്തിന്റെ തന്നെയും ഭാഗധേയം നിർണയിക്കാൻ കെൽപ്പുള്ള വ്യക്തിയുമാണ് താങ്കളെന്നതു കൊണ്ടും ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭ്രമജനകമായ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ ഒരു കത്തെഴുതണമെന്ന് എനിക്ക് തോന്നി.

പ്രക്ഷുബ്ധവും അസ്വസ്ഥജനകവുമായ അവസ്ഥയിലൂടെയാണ് ലോകം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും ആഭ്യന്തര യുദ്ധങ്ങൾ പൊട്ടിപുറപ്പെട്ടിരിക്കുന്നു. സംഘർഷബാധിത പ്രദേശങ്ങളിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളിൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ നിർഭാഗ്യവശാൽ വൻശക്തികൾക്കായില്ല. ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തെ സഹായിക്കാനോ എതിർക്കാനോ ഉള്ള യജ്ഞത്തിലേർപ്പെട്ടിരിക്കുന്നതായാണ് ലോകത്തെയാകമാനം നാം കാണുന്നത്. നീതി തത്ത്വങ്ങൾ എവിടെയും പാലിക്കപ്പെടുന്നില്ല.

മറ്റൊരു ലോക മഹായുദ്ധത്തിനുള്ള അടിത്തറ നേരത്തെ തന്നെ പാകപ്പെട്ടിട്ടുണ്ടെന്നാണ് ലോകത്തെ വർത്തമാന കാല സംഭവങ്ങൾ നിരീക്ഷിക്കുമ്പോൾ കാണാൻ സാധിക്കുന്നത്. ഇതെത്രയും വ്യസനകരമാണ്. ചെറുതും വലുതുമായ പല രാഷ്ട്രങ്ങൾക്കും അണ്വായുധം ഉള്ളതിനാൽ വിരോധവും എതിർപ്പും അവർക്കിടയിൽ വർധിച്ചു കൊണ്ടിരിക്കുന്നു. ഇത്തരമൊരു വിപൽ സന്ധിയിൽ ഏതാണ്ടൊരു മൂന്നാം ലോക മഹായുദ്ധമാണ് നമ്മുടെ മുന്നിൽ തെളിഞ്ഞു വരുന്നത്. അത് തീർച്ചയായും അണുബോംബ് ഉപയോഗിച്ചുള്ള യുദ്ധമായിരിക്കും. ആകയാൽ, ദാരുണമായ നാശത്തിലേക്ക് ലോകം പാഞ്ഞടുക്കുന്നതായാണ് നമുക്ക് കാണാൻ സാധിക്കുന്നത്. രണ്ടാം ലോകമഹായുദ്ധാനന്തരം നീതിയിലധിഷ്ഠിതമായ മാർഗ്ഗം അവലംബിച്ചിരുന്നുവെങ്കിൽ യുദ്ധത്തിന്റെ എരിതീയിലേക്കാനയിച്ച വർത്തമാനകാല സാഹചര്യം നാം കാണുമായിരുന്നില്ല.

രണ്ടാം ലോകമഹായുദ്ധത്തിനു വഴിയൊരുക്കിയ മുഖ്യ കാരണങ്ങൾ ലീഗ് ഓഫ് നാഷൻസിന്റെ പരാജയവും 1932ലെ സാമ്പത്തിക പ്രതിസന്ധിയുമായിരുന്നെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയും 1932ലേതുമായി സാമ്യമുണ്ടെന്നാണ് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നത്.

ചെറുരാഷ്ട്രങ്ങളെ യുദ്ധത്തിലേക്ക് നയിക്കുന്നത് രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങളാണ്. അതുമൂലം അസംതൃപ്തിയും സർവ്വത്ര വ്യാപിക്കുന്നു. ഒടുവിൽ മറ്റു ചില ശക്തികൾ ഭരണസംവിധാനം നിയന്ത്രിക്കാൻ ഇടവരികയും അവരതിനെ ലോകമഹായുദ്ധത്തിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും. ചെറിയ രാജ്യങ്ങളിലെ സംഘർഷങ്ങൾ രാഷ്ട്രീയത്തിലൂടെയും നയപരിപാടികളിലൂടെയും പരിഹരിക്കാൻ സാധ്യമായില്ലെങ്കിൽ പുതിയ ചേരികളും ഗ്രൂപ്പുകളുമാകാൻ അത് കാരണമാവും. അത് ഒരു മൂന്നാം ലോകമഹായുദ്ധത്തിലേക്കായിരിക്കും വഴിയൊരുക്കുക. അതുകൊണ്ട് ലോകത്തെ ഈ നാശത്തിൽ നിന്നും രക്ഷിക്കേണ്ട ശ്രമങ്ങൾക്ക് ആക്കം കൂട്ടുക എന്നതാണ് വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനേക്കാൾ ആവശ്യമായിരിക്കുന്നതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മനുഷ്യൻ അവരുടെ സ്രഷ്ടാവായ ഏക ദൈവത്തെ തിരിച്ചറിയേണ്ടത് എത്രയും ആവശ്യമാണ്. എന്നാൽ മാത്രമേ അവരുടെ നിലനിൽപ് സാധ്യമാകൂ. അല്ലാത്ത പക്ഷം, ലോകം ദ്രുതഗതിയിൽ നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കും. മറ്റു രാജ്യങ്ങളെ ശക്തിയുപയോഗിച്ച് അടിച്ചമർത്തുന്നതിനു പകരം നയപരിപാടികളും ചർച്ചയും പ്രയോഗവത്കരിക്കണമെന്നതാണ് എല്ലാ ലോകനേതാക്കളോടുമുള്ള എന്റെ അപേക്ഷ. സമാധാനം സ്ഥാപിക്കുന്ന കാര്യത്തിൽ അമേരിക്കയെ പോലുള്ള വൻശക്തിളെല്ലാം അവരുടെ പങ്ക് വഹിക്കേണ്ടതുണ്ട്. ചെറിയ രാഷ്ട്രങ്ങളുടെ പ്രവർത്തനങ്ങളെ ലോകത്തിന്റെ ഐക്യം താറുമാറാക്കുവാനുള്ള ഒഴികഴിവായി ഉപയോഗിക്കരുത്. ഇന്ന് അമേരിക്കയുടെയും മറ്റു വൻ ശക്തികളുടെയും പക്കൽ മാത്രമല്ല അണ്വായുധം ഉള്ളത്. മറിച്ച്, താരതമ്യേന ചെറിയ രാജ്യങ്ങൾ പോലും കൂട്ട നരഹത്യക്കുപയോഗിക്കുന്ന ഇത്തരം ആയുധങ്ങൾ കൈവശപ്പെടുത്തിയിരിക്കുകയാണ്. മുമ്പും പിമ്പും നോക്കാതെ നിസ്സാരകാരണത്തിനു പോലും ആയുധമെടുക്കാൻ മടിക്കാത്ത നേതാക്കളാണ് ആ രാജ്യങ്ങളിലുള്ളത്. ചെറുതും വലുതുമായ രാഷ്ട്രങ്ങൾ മൂന്നാം ലോക മഹായുദ്ധത്തിലേക്ക് ചെന്നടുക്കുന്നതിനെ തടയാൻ കഴിവതും ശ്രമിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഇതിൽ പരാജയപ്പെടുന്ന പക്ഷം ഈ യുദ്ധത്തിന്റെ ഭവിഷ്യത്ത് ഏഷ്യയിലെ ദരിദ്ര രാജ്യങ്ങളിലോ യൂറോപ്പിലോ, അമേരിക്കയിലോ ഒതുങ്ങുകയില്ലെന്ന കാര്യം നിസ്സന്ദേഹമാണ്. നമ്മുടെ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നത് ഭാവി തലമുറകളായിരിക്കും. ലോകത്തെവിടെയും കുട്ടികൾ ജനിക്കുന്നത് വൈകല്യത്തോടെയോ വൈരൂപ്യത്തോടെയോ ആയിരിക്കും. ലോകത്തെ ഇത്തരമൊരു ആഗോള ദുരന്തത്തിലെത്തിക്കുന്നതിന് അവർ തങ്ങളുടെ മുൻഗാമികൾക്ക് ഒരിക്കലും മാപ്പു തരില്ല. ആകയാൽ, നമ്മുടെ സ്ഥാപിത താൽപര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനു പകരം വരും തലമുറയുടെ ഭാവി കണക്കി

ലെടുക്കുകയും അവരുടെ ശോഭനമായ ഭാവിക്കു വേണ്ടി പരിശ്രമിക്കുകയുമാണ് വേണ്ടത്. സർവ്വശക്തനായ ദൈവം താങ്കൾക്കും മറ്റു ലോക നേതാക്കൾക്കും ഈ സന്ദേശം ഗ്രഹിക്കാനുള്ള പ്രാപ്തി നൽകുമാറാകട്ടെ.

ആത്മാർത്ഥതയോടെ,



**മിർസാ മസ്റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ

# കനഡാ പ്രധാനമന്ത്രിക്കുള്ള കത്ത്

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو الناصر

16 Gressenhall Road
Southfields, London
SW18 5QL, UK

Mr. Stephen Harper
Prime Minster of Canada
Ottawa, Ontario

08 March 2012

പ്രിയപ്പെട്ട പ്രധാനമന്ത്രി,

കാനഡയുടെ പ്രധാനമന്ത്രിയായ താങ്കൾക്ക് തന്റെ രാജ്യത്തിന്റെ ഭാവിയെ ബാധിക്കുന്ന തീരുമാനങ്ങളെടുക്കാൻ നിയമപരമായി അധികാരമുള്ളതിനാൽ ലോകത്ത് വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഭയാനകമായ സ്ഥിതിവിശേഷങ്ങളെ സംബന്ധിച്ച് കത്തെഴുതണമെന്ന് എനിക്ക് തോന്നി.

പ്രക്ഷുബ്ധവും അസ്വസ്ഥജനകവുമായ അവസ്ഥയിലൂടെയാണ് ലോകം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ചില സ്ഥലങ്ങളിൽ ആഭ്യന്തര യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. സംഘർഷ ബാധിത പ്രദേശങ്ങളിൽ സമാധാനം സ്ഥാപിക്കാൻ വൻശക്തികൾ ചെയ്ത ശ്രമങ്ങൾക്ക് നിർഭാഗ്യവശാൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ല. ഓരോ രാഷ്ട്രവും മറ്റു രാഷ്ട്രങ്ങളെ സഹായിക്കാനോ എതിർക്കാനോ ഉള്ള തത്രപ്പാടിലാണ്. നീതി തത്ത്വങ്ങൾ എവിടെയും പാലിക്കപ്പെടുന്നില്ല. മറ്റൊരു ലോകമഹായുദ്ധത്തിനുള്ള അടിത്തറ നേരത്തെ തന്നെ പാകപ്പെട്ടിട്ടുണ്ടെന്നാണ് വർത്തമാനകാല സംഭവങ്ങൾ നിരീക്ഷിക്കുമ്പോൾ നാം കാണുന്നത്.

ഇതെത്രയും വ്യസനകരമാണ്. ചെറുതും വലുതുമായ പല രാഷ്ട്രങ്ങൾക്കും അണ്വായുധം ഉള്ളതിനാൽ വിരോധവും എതിർപ്പും അവർക്കിടയിൽ വർധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരമൊരു വിപൽ സന്ധിയിൽ ഏതാണ്ടൊരു മൂന്നാം ലോകമഹായുദ്ധമാണ് നമ്മുടെ മുമ്പിൽ തെളിഞ്ഞു വരുന്നത്. അത് തീർച്ചയായും അണുബോംബ് ഉപയോഗിച്ചുള്ള യുദ്ധമായിരിക്കും. ആകയാൽ ദാരുണമായ നാശത്തിലേക്ക് ലോകം പാഞ്ഞടുക്കുന്നതായാണ് നമുക്ക് കാണാൻ സാധിക്കുന്നത്. രണ്ടാം ലോകമഹായുദ്ധാനന്തരം നീതിയിലധിഷ്ഠിതമായ മാർഗ്ഗമവലംബിച്ചിരുന്നുവെങ്കിൽ യുദ്ധത്തിന്റെ എരി തീയിലേക്കാനയിച്ച വർത്തമാനകാല സാഹചര്യം നാം കാണുമായിരുന്നില്ല.

രണ്ടാം ലോകമഹായുദ്ധത്തിന് വഴിയൊരുക്കിയ മുഖ്യ കാരണങ്ങൾ ലീഗ് ഓഫ് നേഷൻസിന്റെ പരാജയവും 1932ലെ സാമ്പത്തിക പ്രതിസന്ധിയുമായിരുന്നുവെന്ന് നമുക്കെ

ല്ലാവർക്കുമറിയാം. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിക്ക് 1932ലേതുമായി സാമ്യമുണ്ടെന്നാണ് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നത്. ചെറുരാഷ്ട്രങ്ങളെ യുദ്ധത്തിലേക്ക് നയിക്കുന്നത് രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങളാണ്. അതുമൂലം രാജ്യങ്ങളിൽ ആഭ്യന്തര കുഴപ്പങ്ങളും അസംതൃപ്തിയും സർവത്ര വ്യാപിക്കുന്നു. ഒടുവിൽ മറ്റു ചില ശക്തികൾ ഭരണസംവിധാനം നിയന്ത്രിക്കാൻ ഇടവരികയും അവരതിനെ ലോകമഹായുദ്ധത്തിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും. ചെറിയ രാജ്യങ്ങളിലെ സംഘർഷങ്ങൾ രാഷ്ട്രീയത്തിലൂടെയും നയപരിപാടികളിലൂടെയും പരിഹരിക്കാൻ സാധ്യമായില്ലെങ്കിൽ പുതിയ ചേരികളും ഗ്രൂപ്പുകളുമുണ്ടാകാൻ അത് കാരണമാവും. അത് ഒരു മൂന്നാം ലോകമഹായുദ്ധത്തിലേക്കായിരിക്കും വഴിയൊരുക്കുക. അതുകൊണ്ട് ലോകത്തെ ഈ നാശത്തിൽ നിന്നും രക്ഷിക്കേണ്ട ശ്രമങ്ങൾക്ക് ആക്കം കൂട്ടുക എന്നതാണ് വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെക്കാൾ ആവശ്യമായിരിക്കുന്നതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മനുഷ്യർ അവരുടെ സ്രഷ്ടാവായ ഏക ദൈവത്തെ തിരിച്ചറിയേണ്ടത് എത്രയും ആവശ്യമാണ്. എന്നാൽ മാത്രമേ അവരുടെ നിലനിൽപ് സാധ്യമാകൂ. അല്ലാത്തപക്ഷം ലോകം ദ്രുതഗതിയിൽ നാശത്തിലേക്ക് പോയ്ക്കൊണ്ടിരിക്കും. മറ്റു രാജ്യങ്ങളെ ശക്തിയുപയോഗിച്ച് അടിച്ചമർത്തുന്നതിനു പകരം നയപരിപാടികളും ചർച്ചയും പ്രയോഗവത്ക്കരിക്കണമെന്നതാണ് എല്ലാ ലോക നേതാക്കളോടുമുള്ള എന്റെ അപേക്ഷ. സമാധാനം സ്ഥാപിക്കുന്ന കാര്യത്തിൽ അമേരിക്കയെപ്പോലുള്ള വൻ ശക്തികളെല്ലാം അവരവരുടെ പങ്ക് വഹിക്കേണ്ടതുണ്ട്. ചെറിയ രാഷ്ട്രങ്ങളുടെ പ്രവർത്തനങ്ങളെ ലോകത്തിന്റെ ഐക്യം താറുമാറാക്കുവാനുള്ള ഒഴികഴിവായി ഉപയോഗിക്കരുത്. ഇന്ന് അമേരിക്കയുടെയും മറ്റു വൻശക്തികളുടെയും പക്കൽ മാത്രമല്ല അണ്വായുധമുള്ളത്. മറിച്ച്, താരതമ്യേന ചെറിയ രാജ്യങ്ങൾ പോലും കൂട്ട നരഹത്യക്കുപയോഗിക്കുന്ന ഇത്തരം ആയുധങ്ങൾ കൈവശപ്പെടുത്തിയിരിക്കുകയാണ്. മുമ്പും പിമ്പും നോക്കാതെ നിസ്സാര കാരണത്തിനു പോലും ആയുധമെടുക്കാൻ മടിക്കാത്ത നേതാക്കളാണ് ആ രാജ്യങ്ങളിലുള്ളത്. ചെറുതും വലുതുമായ രാഷ്ട്രങ്ങൾ ലോകമഹായുദ്ധത്തിലേക്ക് ചെന്നടുക്കുന്നതിനെ തടയാൻ കഴിവതും ശ്രമിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഇതിൽ പരാജയപ്പെടുന്ന പക്ഷം ഈ യുദ്ധത്തിന്റെ ഭവിഷ്യത്ത് ഏഷ്യയിലെ ദരിദ്രരാജ്യങ്ങളിലോ യൂറോപ്പിലോ അമേരിക്കയിലോ ഒതുങ്ങുകയില്ലെന്ന കാര്യം നിസ്സന്ദേഹമാണ്. നമ്മുടെ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നത് ഭാവി തലമുറകളായിരിക്കും. ലോകത്തെവിടെയും കുട്ടികൾ ജനിക്കുന്നത് വൈകല്യത്തോടെയോ വൈരൂപ്യത്തോടെയോ ആയിരിക്കും. ലോകത്തെ ഇത്തരമൊരു ആഗോള ദുരന്തത്തിലെത്തിച്ചതിന് അവർ തങ്ങളുടെ മുൻഗാമികൾക്ക് ഒരിക്കലും മാപ്പു തരില്ല. ആകയാൽ, നമ്മുടെ സ്ഥാപിത താല്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനു പകരം വരുംതലമുറയുടെ ഭാവി കണക്കിലെടുക്കുകയും അവരുടെ ശോഭനമായ ഭാവിക്കു വേണ്ടി പരിശ്രമിക്കുകയുമാണു വേണ്ടത്.

സർവ്വശക്തനായ ദൈവം താങ്കൾക്കും മറ്റു ലോക നേതാക്കൾക്കും ഈ സന്ദേശം ഗ്രഹിക്കുവാനുള്ള കഴിവ് നൽകുമാറാകട്ടെ.

ആത്മാർത്ഥതയോടെ,



**മിർസാ മസ്റൂർ അഹ്മദ്**

ഖലീഫത്തുൽ മസീഹ് V

ലോകവ്യാപകമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ

# സൗദി അറേബ്യയുടെ രാജാവിനുള്ള കത്ത്

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

بسم الله الرحمن الرحيم
نَحْمَدُهٗ وَ نُصَلِّی عَلٰی رَسُوْلِہِ الْکَرِیْمِ
وعلیٰ عبدہِ المسیح الموعود
خدا کے فضل اور رحم کے ساتھ
ھوالنّاصر

16 Gressenhall Road
Southfields, London
SW18 5QL, UK

Custodian of the Two Holy Places
King of the Kingdom of Saudi Arabia
Abdullah bin Abdul-Aziz Al Saud
Riyadh, Saudi Arabia

28 March 2012

ബഹുമാന്യരായ അബ്ദുല്ല രാജാവിന്,

*അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു*

ഇന്ന് ഞാനീ കത്തെഴുതുന്നത് ഒരു സുപ്രധാന കാര്യം താങ്കളുടെ മുന്നിൽ വെക്കണമെന്ന ഉദ്ദേശ്യത്തോടെയാണ്.

രണ്ടു പരിശുദ്ധ പട്ടണങ്ങളുടെ കാവൽക്കാരനെന്ന നിലയിലും സഊദി അറേബ്യയുടെ രാജാവെന്ന നിലയിലും മുസ്‌ലിം സമുദായത്തിൽ ഉന്നതമായ സ്ഥാനം അലങ്കരിക്കുന്ന ആളാണ് താങ്കൾ. മുസ്‌ലിംകൾ തങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമെന്നോണം സ്നേഹിക്കുന്ന രണ്ടു പുണ്യസ്ഥലങ്ങൾ മക്കയും മദീനയും താങ്കളുടെ രാജ്യത്താണ് സ്ഥിതി ചെയ്യുന്നത്. ആ രണ്ടു സ്ഥലങ്ങളും അവരുടെ ആത്മീയ ഔന്നത്യത്തിന്റെ കേന്ദ്രവും കൂടിയാണ്. അതു കൊണ്ടു തന്നെ വളരെ ബഹുമാനാദരങ്ങളോടെയാണ് മുസ്‌ലിംകൾ അവയെ നോക്കിക്കാണുന്നത്. ഇതിന്റെ വെളിച്ചത്തിൽ, എല്ലാ മുസ്‌ലിംകളും മുസ്‌ലിം ഗവൺമെന്റുകളും താങ്കൾക്ക് പ്രത്യേക സ്ഥാനം കൽപ്പിച്ചു തന്നിട്ടുണ്ട്. മുസ്‌ലിം സമുദായത്തെ ശരിയായ ദിശയിൽ നയിക്കണമെന്നതോടൊപ്പം മുസ്‌ലിം രാജ്യങ്ങളിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ഒരു പരിത:സ്ഥിതി ഉണ്ടാക്കിയെടുക്കാനായി ശ്രമിക്കണമെന്നാണ് ആ പദവി ആവശ്യപ്പെടുന്നത്. മുസ്‌ലിംകളെ رُحَمَآءُ بَيۡنَهُمۡ പരസ്പരം കാരുണ്യത്തോടെ വർത്തിക്കുക

എന്ന ആയത്തിന്റെ അന്തഃസത്തയെ സംബന്ധിച്ച് പ്രബുദ്ധമാക്കുകയും പരസ്പര സ്നേഹവും അനുകമ്പയും, വളർത്തിയെടുക്കാൻ പരിശ്രമിക്കുകയും ആണ് വേണ്ടത്. മനുഷ്യകുലത്തിന്റെ നന്മക്കായി ലോകത്താകമാനം സമാധാനം സ്ഥാപിക്കാൻ അങ്ങേയറ്റം പരിശ്രമിക്കേണ്ടതും ആവശ്യമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും മറ്റ് ഇസ്‌ലാമിക സംഘടനകളും തമ്മിലുള്ള ആദർശ ഭിന്നതകൾ കണക്കിലെടുക്കാതെ ലോക സമാധാനത്തിനു വേണ്ടിയുള്ള തീവ്രശ്രമങ്ങൾക്ക് ഒന്നിച്ചു നിൽക്കണമെന്ന അഭ്യർത്ഥനയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതാവും വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹ: അഹ്മദി(അ)

ന്റെ ഖലീഫയും ആയ എനിക്കുള്ളത്.സ്നേഹത്തിലും സമാധാനത്തിലും അധിഷ്ഠിതമായ ഇസ്‌ലാമികാധ്യാപനങ്ങൾ ലോകത്തെ പഠിപ്പിക്കാൻ കഴിവിന്റെ പരമാവധി നാം ശ്രമിക്കേണ്ടതാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് പാശ്ചാത്യരും മറ്റും വെച്ചു പുലർത്തുന്ന തെറ്റുധാരണകൾ നീക്കാൻ ഇതുമൂലം നമുക്ക് സാധിക്കും. ഒരു രാജ്യത്തോടോ വർഗ്ഗത്തോടോ ഉള്ള വെറുപ്പ് അവരോട് അനീതി കാണിക്കാൻ നമ്മെ പ്രേരിപ്പിക്കാതിരിക്കട്ടെ. സൂറ മാഇദ മൂന്നാം വചനത്തിൽ അല്ലാഹു പറയുന്നു:

وَلَا يَجْرِمَنَّكُمْ شَنَاٰنُ قَوْمٍ اَنْ صَدُّوْكُمْ عَنِ الْمَسْجِدِ الْحَرَامِ اَنْ
تَعْتَدُوْا ۘ وَتَعَاوَنُوْا عَلَى الْبِرِّ وَالتَّقْوٰى ۖ وَلَا تَعَاوَنُوْا عَلَى الْاِثْمِ وَالْعُدْوَانِ ۖ
وَاتَّقُوا اللّٰهَ ۭ اِنَّ اللّٰهَ شَدِيْدُ الْعِقَابِ ۝٣

ഇസ്‌ലാമിന്റെ സുന്ദരമായ പ്രതിച്ഛായ ലോകത്ത് അവതരിപ്പിക്കുക എന്ന സദുദ്യമത്തിൽ നാം ഓർമ്മയിൽ വെക്കേണ്ട മാർഗ്ഗദീപക തത്ത്വമാണിത്. ലോക മുസ്‌ലിംകളോടുള്ള അദമ്യമായ സ്നേഹവും അനുകമ്പയും കൊണ്ടാണ് താങ്കൾ ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിക്കണമെന്നപേക്ഷിക്കുന്നത്.

ചില രാഷ്ട്രീയക്കാരും നാമമാത്ര പണ്ഡിതരും ഇസ്‌ലാമിനെയും അതിന്റെ ദിവ്യ സ്ഥാപകരെയും അപകീർത്തിപ്പെടുത്താനെന്നോണം വിദ്വേഷത്തിന്റെ വിത്തുപാകുന്നതായി ഇന്ന് നമുക്ക് കാണാം. ഖുർആനിക അധ്യാപനങ്ങളെ തികച്ചും വികലമാക്കികൊണ്ടാണ് തങ്ങളുടെ ഉദ്ദേശ്യസാഫല്യത്തിനായി അവർ അവതരിപ്പിക്കുന്നത്. മാത്രമല്ല, പലസ്തീനും ഇസ്രായിലും തമ്മിലുള്ള സംഘർഷം ദിനേന വഷളായിക്കൊണ്ടിരിക്കുന്നു. ഇസ്രായേലും ഇറാനും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. അത്രയ്ക്കു ശത്രുതയിലാണവർ. മുസ്‌ലിം സമൂഹത്തിലെ ഏറ്റവും സ്വാധീനമുള്ള നേതാവ് എന്ന നിലയിൽ ഈ ഭിന്നതകൾ നീതിപൂർവ്വം പരിഹരിക്കേണ്ടതാണ് എന്നാണ് സാഹചര്യം ആവശ്യപ്പെടുന്നത്. ഇസ്‌ലാമിനെതിരെ വിദ്വേഷം ജനിപ്പിക്കാൻ എപ്പോഴൊക്കെ എവിടെയൊക്കെ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടോ ആ സന്ദർഭങ്ങളിലൊക്കെയും അതില്ലാതാക്കാൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആവതും പരിശ്രമിച്ചിട്ടുണ്ട്. മുസ്‌ലിം സമുദായം ഒന്നിക്കുകയും ഇതിനായി പരിശ്രമിക്കുകയും ചെയ്യുന്നതു വരെ സമാധാനം സ്ഥാപിക്കാൻ കഴിയുകയില്ല.

ആകയാൽ, ഇതു സംബന്ധിച്ച് താങ്കളാൽ ആവും വിധം പരിശ്രമിക്കണമെന്നാണെന്റെ അപേക്ഷ. ഇനിയൊരു മൂന്നാം ലോക മഹായുദ്ധം ഉണ്ടായാൽ തന്നെ കുറഞ്ഞപക്ഷം അത് ഒരു മുസ്‌ലിം രാഷ്ട്രത്തിൽ നിന്ന് ഉത്ഭവിക്കാതിരിക്കാൻ നാം ശ്രമിക്കണം. ഏതെങ്കിലും മുസ്‌ലിം രാഷ്ട്രമോ വ്യക്തിയോ വരാൻ പോകുന്ന വൻദുരന്തത്തിന്റെ തീക്കനലായെന്ന കുറ്റം ചുമത്തപ്പെടാനിടവരാതിരിക്കട്ടെ. ഒരു ദുരന്തത്തിന്റെ അടങ്ങാത്ത സ്വാധീനം അംഗവൈകല്യങ്ങളും വൈരൂപ്യങ്ങളും നിറഞ്ഞ ഒരു ഭാവിതലമുറക്കായിരിക്കും ജന്മം നൽകുക. കാരണം, ഇനി

യൊരു ലോക മഹായുദ്ധമുണ്ടായാൽ അത് അണുബോംബ് ഉപയോഗിച്ചുള്ള യുദ്ധമായിരിക്കുമെന്നത് തീർച്ചയാണ്. രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജപ്പാനിലെ രണ്ടു പട്ടണങ്ങളിൽ അണുബോംബ് വർഷിക്കപ്പെട്ടതിന്റെ ഫലമായുണ്ടായ കനത്ത നാശനഷ്ടങ്ങൾ നാം നേരത്തെ അനുഭവിച്ചറിഞ്ഞതാണ്.

ആകയാൽ അല്ലയോ സൗദി അറേബ്യയുടെ രാജാവേ! ഉന്മൂലനാശത്തിൽ നിന്നും ലോകത്തെ രക്ഷിക്കാൻ താങ്കളുടെ എല്ലാവിധ കഴിവും ഊർജ്ജവും ചെലവവഴിച്ചാലും. അല്ലാഹു താങ്കൾക്ക് എല്ലാവിധ സഹായങ്ങളും തന്നരുളുമാറാകട്ടെ. താങ്കൾക്കും മുസ്‌ലിം സമുദായത്തിനും വേണ്ടി

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ‏ ﴿٦﴾

എന്നു പ്രാർത്ഥിച്ചുകൊണ്ട്,

ആത്മാർത്ഥതയോടെ,



**മിർസാ മസ്‌റൂർ അഹ്‌മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ

# ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രീമിയറിനുള്ള കത്ത്

بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو النّاصر

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

16 Gressenhall Road
Southfields, London
SW18 5QL, UK

His Excellency,
Premier of the State Council of the People's Republic of China
Mr Wen Jiabao
Zhongnanhai, China

9 April 2012

പ്രിയപ്പെട്ട പ്രീമിയർ,

ഞാൻ ഈ കത്ത് താങ്കൾക്ക് അയക്കുന്നത് അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനത്തിന്റെ ഒരു പ്രതിനിധി വഴിയാണ്. ചൈനയിലെ ന്യൂനപക്ഷങ്ങളുടെ മന്ത്രിയാൽ ക്ഷണിക്കപ്പെട്ട അദ്ദേഹം ഇസ്രായിലെ കബാബീർ എന്ന പ്രദേശത്തെ ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ പ്രസിഡന്റാണ്. ന്യൂനപക്ഷങ്ങളുടെ ഉപമന്ത്രി ഉൾപ്പെട്ട ചൈനയിൽ നിന്നുള്ള ഒരു പ്രതിനിധി സംഘം കബാബീറിലെ ഞങ്ങളുടെ മിഷൻ ഹൗസ് സന്ദർശിച്ചപ്പോൾ ഞങ്ങളുടെ പ്രതിനിധിയെ ചൈനീസ് അധികൃതർക്ക് പരിചയപ്പെടുത്തുകയുണ്ടായി.

മുസ്‌ലിംകൾക്ക് ഇക്കാലഘട്ടത്തിലെ മഹ്ദിയായും, ക്രിസ്ത്യാനികൾക്ക് മാർഗ്ഗദർശനം ചെയ്യേണ്ട മിശിഹായായും ലോകത്തിന്റെ മുഴുവൻ നവീകരണത്തിനായും ആഗതരാകേണ്ട ആ സാമൂഹ്യപരിഷ്ക്കർത്താവ് ഹ:മുഹമ്മദ്(സ)യുടെ പ്രവചന പ്രകാരം വന്നിരിക്കുന്നു എന്നും അദ്ദേഹത്തെ അപ്രകാരം സ്വീകരിച്ചിരിക്കുന്നുവെന്നുമാണ് ഇസ്‌ലാമിലെ അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനത്തിന്റെ അടിയുറച്ച വിശ്വാസം. ഇന്ത്യയിലെ ഹ: മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ)യാണ് ആ സാമൂഹ്യ പരിഷ്ക്കർത്താവ്.

1889ൽ ദൈവിക കല്പനയനുസരിച്ച് അദ്ദേഹം അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിച്ചു. 1908ൽ അദ്ദേഹം ഈ ലോകത്തോട് വിടപറയുമ്പോഴേക്കും ലക്ഷക്കണക്കിന് ആളുകൾ ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചിരുന്നു. അദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കപ്പെട്ടു. അഞ്ചാം ഖിലാഫത്തിന്റെ കാലഘട്ടത്തിലാണ് ഇന്ന് നാം ഉള്ളത്. വാഗ്ദത്ത മസീഹിന്റെ അഞ്ചാം ഖലീഫയാണ് ഞാൻ.

ഇക്കാലഘട്ടത്തിൽ മതയുദ്ധങ്ങൾ അവസാനിക്കണമെന്നതാണ് നമ്മുടെ അധ്യാപനങ്ങളുടെ പരമപ്രധാനവും മൗലികവുമായ വീക്ഷണം. മാത്രമല്ല, ഒരു സന്ദേശം പ്രചരിപ്പിക്കാനാഗ്രഹിക്കുന്ന വ്യക്തി സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അനുകമ്പയുടെയും

ചൈതന്യം ഉൾക്കൊള്ളുന്ന പരിതഃസ്ഥിതിയിലായിരിക്കണം പ്രവർത്തിക്കേണ്ടത്; അവൻ സമാധാനവും രഞ്ജിപ്പും ഐക്യവും സ്ഥാപിക്കാനുള്ള ഉറവിടമാകുന്നതിനു വേണ്ടി. ഇസ് ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളിലധിഷ്ഠിതമായ ഈ പ്രധാന വീക്ഷണമാണ് അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനം ലോകമെങ്ങും പ്രചരിപ്പിക്കുന്നതും അനുകൂലിക്കുന്നതും. കോടി ക്കണക്കിന് അനുയായി വൃന്ദമുള്ള ഈ ജമാഅത്ത് ലോകത്ത് ഇരുനൂറോളം രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുകയാണ്.

ഞാൻ താങ്കൾക്കെത്തിക്കാൻ ആഗ്രഹിക്കുന്ന സന്ദേശം ഇപ്രകാരമാണ്. ആപത്കരമായ ഒരു ഘട്ടത്തിലൂടെയാണ് ലോകം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ഒരു ലോകമഹായുദ്ധത്തി ലേക്ക് ദ്രുതഗതിയിൽ നാം അടുത്തു കൊണ്ടിരിക്കുന്നുവെന്നത് പ്രസ്പഷ്ടമാണ്. ഒരു മഹാ ശക്തിയുടെ നേതാവാണല്ലോ താങ്കൾ. ലോകജനസംഖ്യയുടെ ഒരു വലിയ ഭാഗം ജീവിക്കുന്നത് താങ്കളുടെ ഭരണത്തിൻ കീഴിലാണ്. തന്നെയുമല്ല, ഐക്യരാഷ്ട്ര സംഘടനയിൽ വേണ്ടി വന്നാൽ വീറ്റോ പവർ ഉപയോഗിക്കാനുള്ള അവകാശവും താങ്കൾക്കുണ്ട്. ആയതിനാൽ, വരാൻ പോ കുന്ന മഹാനാശത്തിൽ നിന്നും ലോകത്തെ രക്ഷിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കണമെന്നാണ് ഈ സാഹചര്യത്തിൽ ഞാൻ അപേക്ഷിക്കുന്നത്. ദേശ മത വർഗ്ഗ ഭേദമില്ലാതെ മനുഷ്യത്വത്തെ രക്ഷിക്കാൻ നാം യത്നിക്കണം.


ചൈനീസ് വിപ്ലവത്തെത്തുടർന്ന് അവിടെ വലിയ മാറ്റവും പുരോഗതിയുമുണ്ടായി. താങ്ക ളുടെ മഹാനായ രാഷ്ട്രീയ നേതാവ് മാവോസെതുങ്ങ് അടിത്തറ പാകിയ ഉന്നത ധാർമ്മിക നി ലവാരം മാനുഷിക മൂല്യങ്ങളുടെ ഏറ്റവും ഉൽകൃഷ്ട നിലവാരമായി വിശേഷിപ്പിക്കാവുന്നതാ ണ്. ദൈവാസ്തികൃത്തിൽ വിശ്വസിക്കാത്ത താങ്കളുടെ തത്ത്വങ്ങളെല്ലാം ധാർമ്മികതയിൽ അധിഷ്ഠിതമാണ്. എന്നിരുന്നാലും, ഇസ്‌ലാം വിശേഷിപ്പിച്ച നമ്മുടെ ദൈവം മനുഷ്യകു ലത്തിന്റെ മാർഗ്ഗദർശനത്തിനായി അവതരിപ്പിച്ചതാണ് വിശുദ്ധ ഖുർആൻ എന്ന് വ്യക്തമാ ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. താങ്കൾ അനുവർത്തിക്കുന്ന ധാർമ്മിക ഗുണങ്ങളെല്ലാം ഖുർആനും അനുശാസിക്കുന്നുണ്ട്. അല്ല, അതിലുപരിയായി ധാർമ്മിക മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥമാണത്. മാനവികതയുടെ നിലനിൽപ്പിനും മാനവിക മൂല്യങ്ങളുടെ സംസ്ഥാപനത്തിനും ആവശ്യമായ മനോഹരങ്ങളായ മാർഗ്ഗനിർദ്ദേശങ്ങൾ അത് വിവരിക്കു ന്നു. ഇന്ന് ലോകം -വിശേഷിച്ചും മുസ്‌ലിം ലോകം- ഈ ഖുർആനിക അധ്യാപനങ്ങളെ അവലംബമാക്കുന്ന പക്ഷം എല്ലാ പ്രശ്നങ്ങളും സംഘർഷങ്ങളും പരിഹരിക്കപ്പെടുകയും സമാധാനത്തിന്റെയും ഐക്യത്തിന്റെയും അന്തരീക്ഷം വളർന്നുവരികയും ചെയ്യുന്നതാണ്.

ഇന്ന് അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനം ലോകത്തിന്റെ നാനാഭാഗങ്ങളിലും ഉയർത്തിപ്പിടി ക്കുന്ന ലക്ഷ്യമാണിത്. ഞങ്ങളുടെ പീസ് സിംപോസിയങ്ങളിലൂടെയും ജീവിതത്തിന്റെ വ്യത്യ സ്ത തുറകളിലുള്ള ജനങ്ങളുമായി നടത്തിയ മീറ്റിംഗുകളിലൂടെയും ഈ പ്രധാന ലക്ഷ്യത്തെ ക്കുറിച്ച് ഞാൻ ഓർമ്മപ്പെടുത്താറുണ്ട്. ലോക നേതാക്കൾ ബുദ്ധിയോടെ പ്രവർത്തിക്കട്ടെ യെന്നും രാജ്യങ്ങളും അന്നാട്ടിലെ ജനങ്ങളും തമ്മിലുള്ള ആഭ്യന്തര പ്രശ്നങ്ങൾ ആഗോള പ്ര

ശ്നങ്ങൾക്ക് വഴിതെളിയിക്കാതിരിക്കട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു.

ലോകത്തെ വൻശക്തി എന്ന നിലയിൽ ലോക സമാധാനം സ്ഥാപിക്കുന്നതിന് മുഖ്യ പങ്ക് വഹിക്കണമെന്നാണ് എനിക്ക് താങ്കളോട് വീണ്ടും അഭ്യർത്ഥിക്കാനുള്ളത്. ലോകമഹായുദ്ധത്തിന്റെ ഭയാനകമായ പ്രത്യാഘാതങ്ങളിൽ നിന്നും ലോകത്തെ രക്ഷിക്കൂ. കാരണം അങ്ങനെയൊരു യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ അണ്വായുധം ഉപയോഗിച്ചുള്ള യുദ്ധമായിരിക്കും അത്. അതിന്റെ ഫലമായി രാജ്യത്തിന്റെയോ ലോകത്തിന്റെയോ ഏതെങ്കിലും ഭാഗം ഭൂമുഖത്തു നിന്നും തുടച്ചു മാറ്റപ്പെട്ടേക്കും. ആണവ യുദ്ധങ്ങളുടെ അനന്തര ഫലങ്ങൾ അതുളവാക്കുന്ന അടിയന്തര നാശത്തിൽ മാത്രം ഒതുങ്ങുകയില്ല മറിച്ച്, അതിന്റെ ദീർഘകാല സ്വാധീനം അംഗഭംഗം സംഭവിച്ച ഭാവിതലമുറ രൂപം കൊള്ളുന്നതിൽ കലാശിക്കും. ആകയാൽ, ഇത്തരം ഭീഷണമായ അനുഭവങ്ങളിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കാനുള്ള ഉദ്യമത്തിൽ താങ്കളുടെ കഴിവും ഊർജ്ജവും സമ്പത്തും എല്ലാം ഉപയോഗിച്ചാലും. ഇങ്ങനെ പ്രവർത്തിക്കുന്നതു മൂലം ഒടുവിൽ പ്രയോജനം താങ്കളുടെ രാജ്യത്തിനാണ്. ലോകത്തെ ചെറുതും വലുതുമായ രാഷ്ട്രങ്ങളെല്ലാം തന്നെ ഈ സന്ദേശം ഗ്രഹിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,



**മിർസാ മസ്റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവൻ

# ബ്രിട്ടീഷ് പ്രധാനമന്ത്രിക്കുള്ള കത്ത്

بسم الله الرحمن الرحيم
نَحْمَدُهٗ وَ نُصَلِّی عَلٰی رَسُوْلِهِ الْکَرِیْمِ
وعلیٰ عبدہِ المسیح الموعود
خدا کے فضل اور رحم کے ساتھ
ھوالنّاصر

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

16 Gressenhall Road
Southfields, London
SW18 5QL, UK

Prime Minister of the United Kingdom of
Great Britain and Northern Ireland
Rt. Hon. David Cameron
10 Downing Street, London
SW1A 2AA
United Kingdom

15 April 2012

പ്രിയപ്പെട്ട പ്രധാനമന്ത്രി,

ഇന്ന് ലോകം കടന്നുപോയിക്കൊണ്ടിരിക്കുന്ന ആപൽക്കരവും അനിശ്ചിതവുമായ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ താങ്കൾക്ക് എഴുതണമെന്ന് എനിക്ക് തോന്നി. ബ്രിട്ടന്റെ പ്രധാനമന്ത്രി എന്ന നിലക്ക് തന്റെ രാഷ്ട്രത്തിന്റെയും ഒരു പരിധി വരെ ലോകത്തിന്റെയും ഭാവിയെ സ്വാധീനിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളാൻ അധികാരമുള്ള വ്യക്തിയാണല്ലോ താങ്കൾ. ഇന്ന് ലോകത്തിന് ഏറ്റവും ആവശ്യം സമാധാനമാണ്. കാരണം, യുദ്ധത്തിന്റെ തീക്കനലുകൾ ലോകത്ത് എല്ലായിടത്തും ദൃശ്യമാണ്. രാഷ്ട്രങ്ങൾ തമ്മിലുള്ള ആഭ്യന്തര പ്രശ്നങ്ങൾ ആഗോള സംഘർഷത്തിലേക്ക് വഴുതിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയമായും സാമ്പത്തികമായും 1932ലേതു പോലുള്ള സ്ഥിതിയാണ് ഇന്ന് ലോകത്തുള്ളതെന്ന് നമുക്ക് കാണാം. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടുമുമ്പുണ്ടായിരുന്ന മറ്റു പല കാര്യങ്ങളും ഇക്കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ തീക്കനലുകൾ എപ്പോഴെങ്കിലും ആളിക്കത്തിയാൽ മൂന്നാം ലോക മഹായുദ്ധത്തിന്റെ ഭയാനകമായ സംഭവങ്ങൾക്കാവും നാം സാക്ഷിയാവുക. ചെറുതും വലുതുമായ ധാരാളം രാഷ്ട്രങ്ങൾ, അണ്വായുധം കൈവശപ്പെടുത്തിയിരിക്കുന്നതിനാൽ ആ യുദ്ധം അണുബോംബ് ഉപയോഗിച്ചുള്ളതായിരിക്കുമെന്നതിൽ സംശയമില്ല. വളരെ വിനാശകരമായ ആയുധങ്ങളാണ് ഇന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്നത്.

തലമുറകളോളം ജനിതക വൈകല്യങ്ങളോടു കൂടിയ കുട്ടികൾ ജനിക്കുന്നതിന് അത് വഴി തെളിയിക്കും. രണ്ടാം ലോകമഹായുദ്ധകാലത്ത് തങ്ങളുടെ രാഷ്ട്രത്തിലെ രണ്ട് പട്ടണങ്ങളിൽ അണുബോംബ് ആക്രമണങ്ങൾ ഉണ്ടാവുകയും ദുരന്തപൂർണ്ണമായ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടി വരികയും ചെയ്ത രാഷ്ട്രമാണ് ജപ്പാൻ. അന്നുപയോഗിച്ച അണുബോംബ് ദൂരവ്യാപകമായ നാശങ്ങൾ ഉണ്ടാക്കിയെങ്കിലും, ഇന്ന് ചെറിയ രാഷ്ട്രങ്ങൾ പോലും കൈവശം വെച്ചിരിക്കുന്ന അണ്വായുധത്തേക്കാൾ എത്രയോ ശക്തി കുറഞ്ഞവയായിരുന്നു.

ആയതിനാൽ, മനുഷ്യരാശിയെ നാശത്തിന്റെ വക്കിൽ നിന്നും രക്ഷിക്കുന്നതിന്, പ്രശ്ന പരിഹാരത്തിനായി ഒരുമിച്ചു നിൽക്കേണ്ടത് വൻശക്തികളുടെ ചുമതലയാണ്.

തങ്ങളുടെ പ്രവൃത്തികളുടെ പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്ന് ചിന്തിക്കാതെ നിസ്സാര കാര്യങ്ങൾക്കു പോലും ആയുധമെടുക്കുന്നവരോ പ്രാപ്തി കുറഞ്ഞവരോ ആയ ചെറിയ രാഷ്ട്രങ്ങളിലാണല്ലോ അണ്വായുധമിരിക്കുന്നത് എന്നതാണ് ഏറെ ഭയാനകം. വൻശക്തികൾ നീതിനിഷ്ഠയോടു കൂടി പ്രവർത്തിക്കാതിരിക്കുകയും മഹത്തരവും ബുദ്ധിപൂർവകവുമായ നയം അവലംബിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ സ്ഥിതിഗതികൾ കൈവിട്ടു പോവുകയും തുടർന്നുണ്ടാകുന്ന നാശം നമ്മുടെ സങ്കൽപങ്ങൾക്കതീതമാവുകയും ചെയ്യും. ലോകത്ത് സമാധാനം കാംക്ഷിക്കുന്ന ഭൂരിപക്ഷം ജനങ്ങളെയും ഈ ദുരന്തം ഗ്രസിക്കുന്നതാണ്. ആയതിനാൽ, താങ്കളും വൻ രാഷ്ട്രങ്ങളുടെ നേതാക്കളും സ്തോഭജനകമായ ഈ യാഥാർത്ഥ്യം ഗ്രഹിക്കണമെന്ന ഉത്ക്കടമായ ആഗ്രഹവും പ്രാർത്ഥനയുമാണ് എനിക്കുള്ളത്. ലക്ഷ്യസാധൂകരണത്തിനായി പ്രകോപനപരമായ നയങ്ങൾ അവലംബിക്കുന്നതിനു പകരം നീതിനിഷ്ഠയെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന നയങ്ങൾ അവലംബിക്കാൻ പ്രയത്നിക്കുകയാണ് വേണ്ടത്.

സമീപ ഭൂതകാലത്തേക്ക് നോക്കുമ്പോൾ ബ്രിട്ടീഷുകാർ നിരവധി രാഷ്ട്രങ്ങളിൽ ഭരണം നടത്തുകയും മതസ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും ഉന്നത നിലവാരം പുലർത്തുകയും ചെയ്തിട്ടുള്ളതായി കാണാം. പ്രത്യേകിച്ചും ഇന്ത്യ, പാകിസ്താൻ ഉപഭൂഖണ്ഡങ്ങളിൽ. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകൻ ഹ: മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) വിക്ടോറിയാ രാജ്ഞിക്ക് അവരുടെ വജ്ര ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആശംസകൾ നേരുകയും ഇസ്ലാമിന്റെ സന്ദേശം അവരിലേക്ക് എത്തിക്കുകയും ചെയ്തു. നീതി തത്ത്വത്തിലധിഷ്ഠിതമായി ഭരണം നടത്തിയതിന് അല്ലാഹു ബ്രിട്ടീഷ് സർക്കാറിന് പ്രതിഫലം നൽകട്ടെയെന്ന് പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. മതസ്വാതന്ത്ര്യം അനുവദിക്കുകയും നീതിയിലധിഷ്ഠിതമായ നയങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്ത കാരണത്താൽ അദ്ദേഹം ബ്രിട്ടീഷ് സർക്കാറിനെ സ്തുതിച്ചിട്ടുണ്ട്. ഇന്ന് ഉപഭൂഖണ്ഡത്തിൽ ബ്രിട്ടീഷ് ഭരണമില്ലെങ്കിലും ബ്രിട്ടീഷ് സമൂഹത്തിലും അതിന്റെ നിയമങ്ങളിലും മതസ്വാതന്ത്ര്യം ആഴത്തിൽ വേരൂന്നിയിരിക്കുന്നു. ഇതിലൂടെ ഏതൊരാൾക്കും മത സ്വാതന്ത്ര്യവും തുല്യാവകാശവും ലഭ്യമാണ്. ഈ വർഷം രണ്ടാം എലിസബത്ത് രാജ്ഞിയുടെ വജ്ര ജൂബിലി കൊണ്ടാടുന്ന ബ്രിട്ടന് നീതിയുടെയും സത്യസന്ധതയുടെയും നിലവാരം ലോകത്ത് പ്രദർശിപ്പിക്കാനുള്ള ഒരവസരമാണിത്. ബ്രിട്ടൻ പ്രദർശിപ്പിച്ച ഈ നീതിനിഷ്ഠ അഹ്മദിയ്യാ പ്രസ്ഥാനം എന്നും അംഗീകരിച്ചിട്ടേയുള്ളൂ. അതിന്റെ ചരിത്രം ഇതിന് സാക്ഷിയാണ്. ഇനി ഭാവിയിലും മതകാര്യങ്ങളിലെന്നല്ല മറ്റെല്ലാ കാര്യങ്ങളിലും, മുൻകാല ങ്ങളിലെ ആ രാഷ്ട്രത്തിന്റെ നല്ല ഗുണങ്ങൾ വിസ്മരിക്കാതെ, നീതിനിഷ്ഠ ബ്രിട്ടീഷ് ഗവൺമെന്റിന്റെ സവിശേഷ ഗുണമായിരിക്കുമെന്നും ഇന്നത്തെ പരിതഃസ്ഥിതിയിൽ ബ്രിട്ടൻ ലോക സമാധാനത്തിനായി നിർദ്ദിഷ്ട നിലയിൽ പ്രവർത്തിക്കുമെന്നും പ്രതീക്ഷിക്കുന്നു.

വെറുപ്പിന്റെ തീജ്വാലകൾ അണയ്ക്കാൻ എല്ലാഭാഗത്തു നിന്നും എല്ലാ തലത്തിലും കഴിവിന്റെ പരമാവധി ശ്രമിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. ഈയൊരുദ്യമത്തിലെങ്കിലും നാം വിജയിച്ചാൽ, വരും തലമുറയുടെ ശോഭനമായ ഭാവി ഉറപ്പു വരുത്താൻ നമുക്ക് സാധിക്കും. ഈ ഉദ്യമത്തിൽ നാം പരാജയമടയുന്ന പക്ഷം ആണവ യുദ്ധത്തിന്റെ ഫലമായി ഭാവി തലമുറക്ക് നമ്മുടെ ചെയ്തികളുടെ ഭയാനകമായ അനന്തരഫലങ്ങൾ എല്ലായിടത്തും അനുഭവിക്കേണ്ടതായി വരും. ലോകത്തെ ആഗോള ദുരന്തത്തിലേക്കെത്തിച്ചതിന് അവർ തങ്ങളുടെ മുൻഗാമികൾക്ക് ഒരിക്കലും മാപ്പു തരില്ല. ഞാൻ വീണ്ടും ഓർമ്മിപ്പിക്കുകയാണ്, വികസിത രാഷ്ട്രങ്ങളിലെന്ന പോലെ തന്നെ വികസ്വര രാഷ്ട്രങ്ങളിലും സ്വാധീനം ചെലുത്താൻ കഴിവുള്ള രാഷ്ട്രങ്ങളിൽപ്പെട്ട ഒന്നാണ് ബ്രിട്ടൻ. നിങ്ങളാഗ്രഹിക്കുന്ന പക്ഷം നീതിയുടെയും ന്യായത്തിന്റെയും ഉപാധി നിവർത്തിച്ചുകൊണ്ട് ലോകത്തെ നയിക്കാവുന്നതാണ്. ആയതിനാൽ, ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായി ബ്രിട്ടനും മറ്റു വൻശക്തികളും നിർദ്ദിഷ്ട നിലയിൽ പ്രവർത്തിക്കേണ്ടതാണ്. സർവ്വശക്തനായ ദൈവം താങ്കൾക്കും മറ്റു ലോകനേതാക്കൾക്കും എന്റെ സന്ദേശം ഗ്രഹിക്കാനുള്ള പ്രാപ്തി നൽകുമാറാകട്ടെ- ആമീൻ

ആത്മാർത്ഥതയോടെ,



**മിർസാ മസ്റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവൻ

# ജർമ്മൻ ചാൻസലറിനുള്ള കത്ത്

بسم الله الرحمن الرحيم
نَحْمَدُهٗ وَ نُصَلِّی عَلٰی رَسُوْلِهِ الْکَرِیْمِ
وعلیٰ عبدہِ المسیح الموعود
خدا کے فضل اور رحم کے ساتھ
ھو النّاصر

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

16 Gressenhall Road
Southfields, London
SW18 5QL, UK

Her Excellency
Chancellor of Germany
Angela Merkel
Bundeskanzleramt
Willy-Brandt-Str.1
10557 Berlin

15 April 2012

പ്രിയപ്പെട്ട ചാൻസലർ,

ഇന്ന് ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന ഭീതിജനകവും വ്യസനകരവുമായ സ്ഥിതിവിശേഷങ്ങളുടെ വെളിച്ചത്തിൽ, താങ്കൾക്കെഴുതേണ്ടത് അനിവാര്യമാണെന്ന് എനിക്ക് തോന്നി. ലോകത്തെ പ്രബലവും സ്വാധീനവും ഉള്ള രാജ്യമായ ജർമനിയുടെ ചാൻസലർ എന്ന നിലയിൽ തന്റെ രാഷ്ട്രത്തിന്റെയും ലോകത്തിന്റെയും ഭാവിയെ ബാധിക്കുന്ന തീരുമാനം കൈക്കൊള്ളാനുള്ള അധികാരം താങ്കൾക്കുണ്ട്. ലോകം സഖ്യകക്ഷികളായി പിരിയുകയും തീവ്രവാദം വർധിച്ചു വരികയും സാമ്പത്തികവും രാഷ്ട്രീയവുമായ അവസ്ഥ വഷളായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ എല്ലാവിധ വിദ്വേഷങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ട് സമാധാനത്തിന്റെ അടിത്തറ പാകേണ്ടത് എത്രയും അനിവാര്യമാണ്. ഓരോരുത്തരുടെയും വികാരങ്ങൾ മാനിച്ചുകൊണ്ട് മാത്രമേ ഇതു നേടാൻ സാധിക്കുകയുള്ളൂ. എന്നാൽ, ഇക്കാര്യം വേണ്ട വിധത്തിൽ സത്യസന്ധമായി പ്രയോഗവത്കരിക്കാൻ സാധിക്കാത്തതിനാൽ ലോകത്തിന്റെ അവസ്ഥ നിയന്ത്രണാതീതമായിക്കൊണ്ടിരിക്കുകയാണ്. നീതിനിർവ്വഹണ കാര്യത്തിൽ പല രാഷ്ട്രങ്ങളും അതു പാലിക്കാത്തവരായാണ് നാം കാണുന്നത്. തത്ഫലമായി മറ്റൊരു ലോകമഹായുദ്ധത്തിന് അസ്തിവാരമിട്ടിരിക്കുകയാണ്. ചെറുതും വലുതുമായ നിരവധി രാഷ്ട്രങ്ങളുടെ പക്കൽ ഇന്ന് അണ്വായുധമുണ്ട്. ആയതിനാൽ ഒരു ലോകമഹായുദ്ധമുണ്ടായാൽ സാമ്പ്രദായിക ആയുധങ്ങൾ കൊണ്ടല്ല, മറിച്ച് അണുബോംബ് ഉപയോഗിച്ചുള്ള നാശമായിരിക്കും ഉണ്ടാവുക. അങ്ങേയറ്റത്തെ നാശമായിരിക്കും ന്യൂക്ലിയർ യുദ്ധത്തിന്റെ ഫലമായുണ്ടാവുക. ഇത് യുദ്ധാനന്തര പ്രത്യാഘാതങ്ങളിൽ മാത്രം ഒതുങ്ങുകയില്ല. മറിച്ച്, ഭാവിതലമുറകളിലും ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കും. ജനിതക തകരാറുള്ള കുട്ടികൾ ജനിക്കാൻ അത് കാരണമാകും.

അതുകൊണ്ടു ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് യഥാർത്ഥ നീതി ആവശ്യമാണെ

ന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതോടൊപ്പം ജനങ്ങളുടെ വികാരങ്ങളും അവരുടെ മതാനുഷ്ഠാനങ്ങളും മാനിക്കേണ്ടതുണ്ട്. നിരവധി പാശ്ചാത്യ രാഷ്ട്രങ്ങൾ ദരിദ്ര രാഷ്ട്രങ്ങളിൽ വസിക്കുന്നവരെ തങ്ങളുടെ രാഷ്ട്രങ്ങളിൽ താമസിക്കാൻ അനുവദിച്ചു കൊണ്ട് പ്രദർശിപ്പിച്ച ഔദാര്യം പ്രശംസനീയമാണ്. മുസ്‌ലിം രാഷ്ട്രങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഒരു ചെറിയ മുസ്‌ലിം ന്യൂനപക്ഷം തങ്ങളുടെ മോശമായ ചെയ്തികളാൽ പാശ്ചാത്യരിൽ അവിശ്വാസം സൃഷ്ടിച്ചിട്ടുണ്ട് എന്നത് നിസ്സന്ദേഹമാണ്. എന്നാൽ, അവരുടെ ചെയ്തികൾക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവും ഇല്ലെന്നതാണ് സത്യം. അത്തരം തീവ്രവാദികൾ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അനുരഞ്ജന നയത്തിന്റെയും സന്ദേശം ലോകത്ത് കൊണ്ടുവന്ന മുഹമ്മദ് നബി(സ)യോട് യഥാർത്ഥ സ്നേഹമില്ലാത്തവരാണ്. ദുർമാർഗ്ഗികളായ ഒരു പറ്റം ജനങ്ങളുടെ ചെയ്തികൾ ഞങ്ങളുടെ മതത്തെ വിമർശിക്കാനോ നിരപരാധികളായ നല്ല മുസ്‌ലിംകളുടെ വികാരങ്ങൾ വ്രണപ്പെടുത്താനോ വേണ്ടി ഉപയോഗിക്കരുത്. സമൂഹത്തിൽ സമാധാനം എന്നത് ദ്വിമാർഗ്ഗ പ്രതിഭാസമാണ്. എല്ലാ കക്ഷികളും പരസ്പരം രഞ്ജിപ്പിനായി ഒരുമിച്ചു പ്രവർത്തിച്ചാലേ അത് സ്ഥാപിക്കാൻ കഴിയൂ. പാശ്ചാത്യ ജനഹൃദയങ്ങളിലെ അവിശ്വാസം കാരണത്താൽ, രാഷ്ട്രങ്ങളും ജനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ പുരോഗമിക്കുന്നതിനു പകരം ചില അമുസ്‌ലിംകളുടെ പ്രതികരണങ്ങൾ ദിനേന വഷളായിക്കൊണ്ടിരിക്കുകയാണ്. തന്മൂലം, മുസ്‌ലിം- അമുസ്‌ലിം ലോകത്ത് ഒരു വിടവ് സംജാതമായിക്കൊണ്ടിരിക്കുന്നു. വഴിപിഴച്ച ചില മുസ്‌ലിം ഗ്രൂപ്പുകളുടെയും രാഷ്ട്രങ്ങളുടെയും ചെയ്തികളുടെ അടിസ്ഥാനത്തിൽ വൻശക്തികളുടെ സ്ഥാപിത താൽപര്യങ്ങൾക്ക്, നീതിക്കും സത്യസന്ധതക്കും എതിരിൽ മുൻഗണന നൽകിയിരിക്കുകയാണ്. ലോകത്തിലെ ചില പ്രബല രാഷ്ട്രങ്ങൾ മറ്റു രാഷ്ട്രങ്ങളിലെ സമ്പത്തും വിഭവങ്ങളും നേടിയെടുക്കാൻ ശ്രമിക്കുന്നു. ഇതിനായി മത്സരത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു രാഷ്ട്രങ്ങൾക്ക് പൂർണ്ണമായും അവ ലഭ്യമാകരുതെന്നും അവർ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ജനങ്ങളെ സഹായിക്കുന്നതിന്റെയോ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന്റെയോ പേരിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. തന്നെയുമല്ല, സമകാലിക രാഷ്ട്രീയ സാഹചര്യത്തിന് മുഖ്യഹേതു സാമ്പത്തിക മാന്ദ്യം ആണ്. അതാണ് നമ്മെ മറ്റൊരു ലോകമഹായുദ്ധത്തിലേക്ക് വലിച്ചിഴക്കുന്നത്. സത്യസന്ധത ശരിയായ നിലയിൽ പ്രകടിപ്പിച്ചിരുന്നുവെങ്കിൽ ഈ രാജ്യങ്ങൾക്ക് പരസ്പരം നീതിപൂർവ്വകമായി പ്രയോജനം ഉൾക്കൊള്ളാൻ സാധിച്ചേനെ. അവർക്ക് വ്യാവസായികവും സാമ്പത്തികവുമായ ബന്ധങ്ങളിലൂടെ നീതിനിഷ്ഠയിലധിഷ്ഠിതമായി പ്രയോജനമുൾക്കൊള്ളാൻ സാധിക്കുമായിരുന്നു. വിഭവങ്ങളിൽ നിന്ന് പരസ്പരം നിയമവിരുദ്ധമായ പ്രയോജനം എടുക്കാൻ അവർ ശ്രമിക്കുമായിരുന്നില്ല. മറിച്ച്, അവർ ഐക്യത്തിൽ വർത്തിക്കാനും പരസ്പരം സഹായിക്കാനും ശ്രമിക്കുമായിരുന്നു. ചുരുക്കത്തിൽ, ഇന്ന് ലോകത്ത് കുഴപ്പങ്ങൾ വ്യാപിച്ചിരിക്കുന്നതിന് നിദാനം അടിച്ചമർത്തൽ നയമാണ്. തികച്ചും നീതിരഹിത നയമാണിത്. വ്യാപകമായ അസ്വസ്ഥതകൾക്കും ഉത്കണ്ഠകൾക്കും അത് കാരണമാകുന്നു.

ആകയാൽ, ഒരു ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നത് തടയാൻ കഴിവതും പരിശ്രമിക്കണമെന്നാണെന്റെ അപേക്ഷ. നമ്മുടെ മുമ്പിൽ തെളിഞ്ഞു വരുന്ന ഭയാനകമായ നാശത്തിൽ നിന്നും ലോകത്തെ രക്ഷിക്കാൻ സ്വാധീനവും വിഭവങ്ങളും ഊർജ്ജവുമെല്ലാം ഉപയോഗിക്കുക. ഒരു റിപ്പോർട്ടനുസരിച്ച്, ജർമ്മനി ഇസ്രായേലിന് അണ്വായുധങ്ങളോടു കൂടിയ മൂന്ന് അന്തർവാഹിനികൾ നൽകുമത്രേ. ഇറാനും ഇസ്രായേലും തമ്മിലുള്ള സംഘർഷം കൂടുതൽ രൂക്ഷമാക്കാനേ ആ തീരുമാനം ഉപകരിക്കൂ എന്ന് ജർമ്മൻകാരനായ ഒരു പ്രൊഫസർ പ്രസ്താവിക്കുകയുണ്ടായി.അണ്വായുധങ്ങൾ വൻശക്തികളുടെ കൈകളിൽ മാത്രമല്ല ഉള്ളതെന്നു നാം ഓർക്കണം. താരതമ്യേന ചെറിയ രാഷ്ട്രങ്ങളുടെ പക്കൽ പോലും അണ്വായുധങ്ങളുണ്ട്. ചില രാഷ്ട്രങ്ങളിലെ നേതാക്കൾ നിസ്സാര കാര്യങ്ങൾക്കു പോലും ആയുധങ്ങളെടുക്കുന്നവരാണെന്നതാണ് ഏറെ വ്യസനകരം. മാരകമായ അത്തരം ആയുധങ്ങളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് അവർ അശ്രദ്ധരാണ്. ആയതിനാൽ ലോകസമാധാനത്തിനായി കഴിവതും പ്രവർത്തിക്കാൻ ഞാൻ ഒരിക്കൽ കൂടി വിനീതമായി അപേക്ഷിക്കുകയാണ്.

ആത്മാർത്ഥതയോടെ,

**മിർസാ മസ്റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവൻ

# ഫ്രഞ്ച് പ്രസിഡണ്ടിനുള്ള കത്ത്

وَاجْعَلْ لِیْ مِنْ لَدُنْکَ سُلْطٰناً نَصِیْرًا
اِنَّا فَتَحْنَا لَکَ فَتْحًا مُّبِیْنًا
وَلَقَدْ نَصَرَکُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ
KHALIFA-TUL-MASIH
MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

بسم الله الرحمن الرحيم
نَحْمَدُهٗ وَ نُصَلِّیْ عَلٰی رَسُوْلِهِ الْکَرِیْمِ
وعلٰی عبدہِ المسیح الموعود
خدا کے فضل اور رحم کے ساتھ
ھوالنّاصــــر

16 Gressenhall Road
Southfields, London
SW18 5QL, UK

President of the French Republic
His Excellency François Hollande
Palais de l'Elysee
55, Rue du Faubourg Saint-Honore
75008 Paris, France

16 May 2012

പ്രിയപ്പെട്ട മി. പ്രസിഡണ്ട്,

എല്ലാറ്റിലും ആദ്യമായി ഫ്രാൻസിന്റെ പുതിയ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട താങ്കളെ അഭിനന്ദിക്കാനായി ഞാനീ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. താങ്കളിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്, തീർച്ചയായും വിശാലമായ ഒരു ഉത്തരവാദിത്തമാണ്. ഫ്രഞ്ച് ജനത എന്നല്ല മുഴുലോകവും താങ്കളുടെ ഈ നേതൃത്വം കൊണ്ട് പ്രയോജനമുൾക്കൊള്ളട്ടെ എന്ന് ഞാനാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ലോകകാര്യങ്ങൾ ദ്രുതഗതിയിൽ വഷളായിക്കൊണ്ടിരിക്കുന്നതിന്റെ വെളിച്ചത്തിൽ ഈയിടെ ഞാൻ താങ്കളുടെ മുൻഗാമിയായ പ്രസിഡന്റ് നിക്കോളാസ് സർക്കോസിക്ക് ഒരു കത്തയച്ചിരുന്നു. ഒരു ലോകനേതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റെ ശക്തിയും സ്വാധീനവും ഉപയോഗപ്പെടുത്തി ഒരു ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നത് തടയാൻ നീതി ഉയർത്തിപ്പിടിക്കുന്നതിനെക്കുറിച്ചും. പുതിയ പ്രസിഡണ്ടെന്ന നിലയിൽ അതേ സന്ദേശം താങ്കൾക്കും എത്തിക്കേണ്ടത് ആവശ്യമാണെന്നു ഞാൻ കരുതി. താങ്കൾക്കിപ്പോൾ താങ്കളുടെ രാഷ്ട്രത്തെയും ലോകത്തെ പൊതുവെയും ബാധിക്കുന്ന തീരുമാനങ്ങളെടുക്കാനുള്ള അധികാരമുണ്ട്. ലോകത്ത് ഇന്നുള്ള സാഹചര്യങ്ങൾ അങ്ങേയറ്റം ഗൗരവത്തോടെ കാണേണ്ട ബാധ്യത ലോകത്തുള്ള ഗവൺമെന്റുകൾക്കുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. രാഷ്ട്രങ്ങൾ തമ്മിൽ അന്യായവും ശത്രുതയും വെച്ചു പുലർത്തുന്നത് ആഗോളാടിസ്ഥാനത്തിൽ ഭീഷണിയുയർത്തുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ രണ്ടു ലോകമഹായുദ്ധങ്ങൾ നടന്നു. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ലീഗ് ഓഫ് നേഷൻസ് സ്ഥാപിതമായി. പക്ഷേ, നീതിതത്ത്വങ്ങൾ നിവർത്തിയായില്ല. അതിന്റെ പ്രത്യാഘാതമായി രണ്ടാം ലോക മഹായുദ്ധമുണ്ടായി. അണുബോംബു പ്രയോഗിക്കും വിധത്തിൽ യുദ്ധം ഉച്ചിയിലെത്തി. അതിനു ശേഷം യുണൈറ്റഡ് നേഷൻസ് സ്ഥാപിക്കപ്പെട്ടു. മനുഷ്യാവകാശ സംരക്ഷണത്തിനും സമാധാന പരിപാലനത്തിനും വേണ്ടിയായിരുന്നു ഇത്. അങ്ങനെ യുദ്ധങ്ങൾ ഒഴിവാക്കാനുള്ള മാർഗ്ഗ

ങ്ങൾ പരിഗണിക്കപ്പെട്ടു. എന്നിട്ടും ഒരു മൂന്നാം ലോകമഹായുദ്ധത്തിനുള്ള അടിത്തറയിടപ്പെട്ടിരിക്കുന്നുവെന്ന് നിരീക്ഷിച്ചാൽ മനസ്സിലാവും. ഇപ്പോഴും ചെറുതും വലുതുമായ രാഷ്ട്രങ്ങളുടെ കൈവശം അണുബോംബുകളുണ്ട്. അത്തരം ആയുധങ്ങളുടെ ദുരന്തപൂർണ്ണമായ പ്രത്യാഘാതങ്ങളെക്കുറിച്ച് അറിവില്ലാത്ത, നിരുത്തരവാദപരമായി പെരുമാറുന്ന, ചില ചെറു രാഷ്ട്രങ്ങളുടെ കൈവശം അണ്വായുധവുമുണ്ടെന്ന വസ്തുതയാണ് നമ്മെ അസ്വസ്ഥമാക്കുന്നത്. അണ്വായുധങ്ങൾ ഉപയോഗിക്കപ്പെട്ടാൽ അതിന്റെ ഭയാനകമായ പ്രത്യാഘാതം ഉടൻ തന്നെ പ്രകടമാക്കുമെന്ന കാര്യം മനസ്സിലാവാത്തതല്ല. ഇപ്പോൾ ലഭ്യമായ ആയുധങ്ങൾ എത്രത്തോളം നാശകരമാണെന്നാൽ, തലമുറകളോളം ജനിക്കുന്ന ശിശുക്കൾ കഠിനമായ ജനിതക തകരാറുകളും ശാരീരിക വൈകല്യമുള്ളവരുമായി മാറും. അണ്വായുധത്തിന്റെ നാശകരമായ കെടുതികൾ അനുഭവിച്ചറിഞ്ഞ ജപ്പാനിൽ ഏഴു ദശകങ്ങൾ കഴിഞ്ഞിട്ടും അണുബോംബിന്റെ ദുഷ്ഫലങ്ങൾ ഇപ്പോഴും നവജാത ശിശുക്കളിൽ പ്രകടമാവുന്നത് തുടർന്നു കൊണ്ടിരിക്കുന്നു.

അതിനാൽ മുസ്‌ലിം- അമുസ്‌ലിം ലോകം തമ്മിലുള്ള ശത്രുതയും അവിശ്വാസവും അണയ്ക്കാൻ നാം അങ്ങേയറ്റം പരിശ്രമിക്കണമെന്നതാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഇസ്‌ലാമിന്റെ പാരമ്പര്യങ്ങളെ സംബന്ധിച്ച് ചില യൂറോപ്യൻ രാജ്യങ്ങൾക്ക് അർത്ഥപൂർണ്ണമായ ചില മാറ്റിവെക്കലുകളുണ്ട്. അവയിൽ ചില പരിമിതികൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. അതേ സമയം, മറ്റു ചിലർ എങ്ങനെ അതുപോലെ ചെയ്യണം എന്ന കാര്യം പരിഗണിക്കുകയുമാണ്. ചില തീവ്രവാദി മുസ്‌ലിംകൾക്ക് പാശ്ചാത്യരോടു ശത്രുതയുള്ളതിനാൽ അവർ ഇതിനോട് പ്രതികരിക്കുന്നതാകട്ടെ, അനുയോജ്യമല്ലാത്ത രീതിയിലാണ്. മതപരമായ സഹിഷ്ണുതയ്ക്കും അകൽച്ചക്കും അത് കൂടുതൽ കാരണമാവുന്നു. എന്നിരിക്കിലും, ഇസ്‌ലാം ഒരു സമാധാനകാംക്ഷയുള്ള മതമാണ്. തിന്മയെ തിന്മ കൊണ്ട് നേരിടാൻ അത് നമ്മെ പഠിപ്പിക്കുന്നില്ല, ഞങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനമാണ് പിന്തുടരുന്നത്. എല്ലാ കാര്യങ്ങളിലും ഞങ്ങൾ സമാധാനപരമായ പരിഹാരത്തിലാണ് വിശ്വസിക്കുന്നത്.

വ്യസനകരമെന്നു പറയട്ടെ, ചെറിയ ഒരു ന്യൂനപക്ഷ മുസ്‌ലിംകൾ ഇസ്‌ലാമിന്റെ വികലമായ ഒരു പ്രതിച്ഛായയാണ് അവതരിപ്പിക്കുന്നത്. അവർ വഴിതെറ്റിയ വിശ്വാസങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. 'മനുഷ്യകുലത്തിനാകെ കാരുണ്യ'മായ മുഹമ്മദ് നബി(സ)യോടുള്ള സ്നേഹം കാരണം ഞാൻ പറയുന്നു, അവരുടേത് യഥാർത്ഥ ഇസ്‌ലാമായി നിങ്ങൾ കരുതരുത്. വഴി പിഴച്ച അവരുടെ പ്രവർത്തനങ്ങളെ സമാധാനകാംക്ഷികളായ ഭൂരിപക്ഷ മുസ്‌ലിംകളുടെ വികാരങ്ങൾ വ്രണപ്പെടുത്താനുള്ള ലൈസൻസായി നിങ്ങൾ കരുതുകയുമരുത്. ഇയ്യിടെ, ഹൃദയശൂന്യനായ ഒരാൾ തെക്കൻ ഫ്രാൻസിൽ ചില ഫ്രഞ്ച് പട്ടാളക്കാരെ അകാരണമായി വെടിവെച്ചുകൊല്ലുകയുണ്ടായി. പിന്നീട് കുറച്ചു ദിവസങ്ങൾക്കു ശേഷം അയാൾ ഒരു സ്കൂളിൽ പ്രവേശിച്ചു നിഷ്കളങ്കരായ മൂന്ന് ജൂത വിദ്യാർഥികളെയും അവരുടെ ഒരദ്ധ്യാപകനെയും വധിച്ചു. മറ്റു മുസ്‌ലിംരാജ്യങ്ങളിൽ പതിവായി ഇത്തരം ക്രൂരതകൾ

നടക്കുന്നതായി ഞങ്ങൾ കാണുന്നു ഈ പ്രവൃത്തികളെല്ലാം ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് വിദ്വേഷം വെളിപ്പെടുത്താനുള്ള ഇന്ധനവും അവരുടെ ലക്ഷ്യം വിപുലമായ തോതിൽ നടപ്പിലാക്കാനുള്ള അടിസ്ഥാനവുമാണ് നൽകുന്നത്. ഒരു മുസ്‌ലിമെന്ന നിലയിൽ, ഞാൻ പൂർണ്ണമായും വ്യക്തമാക്കാനാഗ്രഹിക്കുന്നു, ഇസ്‌ലാം ഒരു നിലയിലും രൂപത്തിലുമുള്ള ക്രൂരതയും ദ്രോഹവും അനുവദിക്കുന്നില്ല. അകാരണമായി നിരപരാധിയായ ഒരു മനുഷ്യനെ കൊല്ലുന്നത്, മനുഷ്യകുലത്തെ ഒന്നടങ്കം കൊല്ലുന്നതിന് സമമായാണ് വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നത്.ഈ ഖുർആനികാനുശാസനം കേവലം അപവാദമില്ലാത്തതുമാണ്. അതിലുപരി, വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നത്, ഏതെങ്കിലും രാജ്യമോ ജനതയോ നിങ്ങളോടു വിദ്വേഷം വെച്ചുപുലർത്തുകയാണെങ്കിൽ അവരോടു പെരുമാറുമ്പോൾ നീതിയോടും ന്യായത്തോടും പ്രവർത്തിക്കുന്നതിൽ നിന്ന് അത് നിങ്ങളെ തടയരുതെന്നാണ്. ശത്രുതയോ ഭിന്നിപ്പോ പ്രതികാരം ചെയ്യുന്നതിലേക്ക് നിങ്ങളെ നയിക്കരുത്. അവരോട് ആനുപാതികമല്ലാത്ത നിലയിൽ പ്രവർത്തിക്കുകയുമരുത്. ഏറ്റവും ഉത്തമമായ രീതിയിൽ സംഘർഷങ്ങൾ പരിഹരിക്കാൻ നിങ്ങളാഗ്രഹിക്കുകയാണെങ്കിൽ സൗഹൃദപരമായ പരിഹാരം നേടാൻ ശ്രമിക്കുക. ദരിദ്രവും അവികസിതവുമായ രാഷ്ട്രങ്ങളിലെ ജനങ്ങളെ തങ്ങളുടെ രാജ്യങ്ങളിൽ താമസിക്കാൻ അനുവദിച്ചു കൊണ്ട് പാശ്ചാത്യ രാജ്യങ്ങൾ കാണിക്കുന്ന ഔദാര്യത്തെ ഞാൻ അനുമോദിക്കുന്നു. അതിൽ മുസ്‌ലിംകളും പെടും. യഥാർത്ഥത്തിൽ നിരവധി മുസ്‌ലിംകൾ നിങ്ങളുടെ രാജ്യത്ത് വസിക്കുന്നു. അതിനാൽ അവരും നിങ്ങളുടെ പൗരന്മാരാണ്. ഭൂരിപക്ഷവും നിയമമനുസരിക്കുന്നവരും ആത്മാർത്ഥതയുള്ളവരുമാണ്. അതിലുപരി, സ്വരാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണെന്നതാണ് ഇസ്‌ലാമിന്റെ പാഠം. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഈ സന്ദേശമനുസരിച്ചു പ്രവർത്തിക്കുകയും അത് ലോകം മുഴുവൻ പ്രചരിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളോടും എനിക്കുള്ള സന്ദേശം ഇതാണ്. ഇസ്‌ലാമിന്റെ യഥാർത്ഥമായ ഈ സന്ദേശം എല്ലായിടത്തും പ്രചരിച്ചാൽ സ്വരാജ്യ സ്നേഹം പ്രകടിപ്പിക്കേണ്ടതിന്റെ ആവശ്യകതയും സമാധാനവും ഓരോ രാജ്യത്തും, രാഷ്ട്രങ്ങൾ തമ്മിലും സ്ഥാപിക്കപ്പെടും.

നിങ്ങളോടുള്ള എന്റെ വിനീതമായ അഭ്യർത്ഥന, യഥാർത്ഥത്തിൽ ലോക നേതാക്കളോടുള്ള എന്റെ അപേക്ഷ, മറ്റു രാഷ്ട്രങ്ങളെ അടിച്ചമർത്താൻ ശക്തിയുപയോഗിക്കുന്നതിന് പകരം, നയവും സംഭാഷണവും യുക്തിയും ഉപയോഗിക്കണമെന്നാണ്. ഫ്രാൻസിനെ പോലുള്ള ലോകത്തിലെ വൻശക്തികൾ സമാധാനം പുനഃസ്ഥാപിക്കുന്നതിൽ തങ്ങളുടെ പങ്ക് വഹിക്കണം. ചെറുരാജ്യങ്ങളുടെ പ്രവർത്തനങ്ങളെ ആഗോള സൗഹാർദ്ദം തകർക്കാനുള്ള ഉപാധിയായി വിനിയോഗിക്കരുത്. അങ്ങനെ, ഞാൻ ഒരിക്കൽ കൂടി താങ്കളെ ഓർമ്മപ്പെടുത്തുന്നു, ഒരു മൂന്നാം ലോക യുദ്ധത്തിലേക്ക് എടുത്തു ചാടുന്നതിൽ നിന്നും ചെറുതും വലുതുമായ രാഷ്ട്രങ്ങളെ തടയാൻ താങ്കൾ അങ്ങേയറ്റം ശ്രമിക്കണം. നാം ഈ ദൗത്യത്തിൽ പരാജിതരാവുകയാണെങ്കിൽ അങ്ങനെയുള്ള ഒരു യുദ്ധത്തിന്റെ

പ്രത്യാഘാതങ്ങൾ ഏഷ്യയിലെയും യൂറോപ്പിലെയും അമേരിക്കയിലെയും ദരിദ്ര രാജ്യങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുകയില്ലെന്ന കാര്യത്തിൽ നമ്മുടെ മനസ്സുകളിൽ ഒരു ശങ്കയുമുണ്ടാവരുത്. നമ്മുടെ പ്രവൃത്തികളുടെ ഭയാനകമായ പ്രത്യാഘാതങ്ങൾ നമ്മുടെ ഭാവിതലമുറകൾ വഹിക്കേണ്ടി വരും. ലോകത്തെല്ലായിടത്തും ശിശുക്കൾ ജനിച്ചു വീഴുന്നത് വൈകല്യങ്ങളോടെയായിരിക്കും. ലോകനേതാക്കൾ ബുദ്ധിയുപയോഗിച്ചു പ്രവർത്തിക്കുകയും രാഷ്ട്രങ്ങളും ജനങ്ങളും തമ്മിലുള്ള ചെറിയ തോതിലുള്ള ശത്രുത ഒരു ആഗോള സംഘർഷമായിത്തിരിയാൻ അനുവദിക്കാതിരിക്കുകയും ചെയ്യട്ടെ എന്നാണ് എന്റെ പ്രാർത്ഥന. സർവ്വോന്നതനായ ദൈവം നിങ്ങളെയും എല്ലാ ലോകനേതാക്കളെയും എന്റെ ഈ സന്ദേശം ഗ്രഹിക്കാൻ പ്രാപ്തരാക്കുമാറാകട്ടെ,

ആശംസകളോടെയും പ്രാർത്ഥനയോടെയും,



**മിർസാ മസ്റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവൻ

# ബ്രിട്ടീഷ് രാജ്ഞിക്കുള്ള കത്ത്

واجعل لي من لدنك سلطانا نصيرا
إنا فتحنا لك فتحا مبينا

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو الناصر

16 Gressenhall Road
Southfields, London
SW18 5QL, UK

Her Majesty, Queen Elizabeth II
Queen of the United Kingdom and Commonwealth Realms
Buckingham Palace
London SW1A 1AA
United Kingdom

19 April 2012

ആദരണീയയായ രാജ്ഞിക്ക്,

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവനെന്ന നിലയിലും ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിലുള്ള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തംഗങ്ങളുടെ പേരിലും, ആദരണീയ രാജ്ഞിക്ക് അവരുടെ വജ്ര ജൂബിലിയുടെ സന്തോഷാവസരത്തിൽ ഞാനെന്റെ ഹൃദയംഗമമായ അനുമോദനങ്ങൾ പ്രകടിപ്പിച്ചു കൊള്ളുന്നു. പ്രൗഢമായ ഈ ആഘോഷത്തിൽ പങ്കെടുക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയ സർവ്വശക്തനായ ദൈവത്തോട് ഞങ്ങൾ അസാമാന്യമായ കൃതജ്ഞതയുള്ളവരാണ്. പ്രത്യേകിച്ചും, യു.കെ.യിലെ പൗരൻമാരായ എല്ലാ അഹ്മദി മുസ്‌ലിംകളും വജ്ര ജൂബിലിയുടെ ഈ അവസരത്തിൽ അത്യധികം ആനന്ദിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, അവരുടെ പേരിൽ ആത്മാർത്ഥവും ഹൃദയംഗമവുമായ അനുമോദനങ്ങൾ ആദരണീയയായ രാജ്ഞിക്ക് ഞാൻ എത്തിച്ചുകൊള്ളുന്നു. സർവ്വോന്നതനായ ദൈവം ഔദാര്യമതിയായ രാജ്ഞിയെ ശാശ്വതമായ സന്തോഷത്തിലും സംതൃപ്തിയിലും നിലനിർത്തുമാറാകട്ടെ.

ആകാശഭൂമികൾ സൃഷ്ടിക്കുകയും നമ്മുടെ നിലനില്പിനാവശ്യമായ എണ്ണമറ്റ അനുഗ്രഹങ്ങൾ അവയിൽ നിറക്കുകയും ചെയ്ത മഹത്വവാനായ ദൈവത്തോട് ഞാൻ യാചിക്കുന്നു, നിരവധി പരമാധികാര രാജ്യങ്ങളും കോമൺവെൽത്ത് രാജ്യങ്ങളും ഭരിക്കുന്ന രാജ്ഞിക്ക് അവൻ എപ്പോഴും സമാധാനവും ശാന്തിയും സുരക്ഷയും നൽകട്ടെ. ആബാലവൃദ്ധം പ്രജകളാൽ സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന പോലെ ബഹുമാന്യയായ രാജ്ഞിയെ ദൈവത്തിന്റെ മാലാഖമാരും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുമാറാകട്ടെ എന്നാണ് ഞങ്ങളുടെ പ്രാർത്ഥന. സർവ്വശക്തനായ ദൈവം ആദരണീയയായ രാജ്ഞിയിൽ അവന്റെ എണ്ണമറ്റ ആത്മീയാനുഗ്രഹങ്ങളും ഔദാര്യപൂർവ്വം വർഷിക്കുമാറാകട്ടെ, എപ്രകാരം അവൻ ഭൗതികമായ അനുഗ്രഹങ്ങൾ ധാരാളമായി നല്കിയിരിക്കുന്നുവോ അതുപോലെ. ഈ അനുഗ്രഹങ്ങൾ മുഖേന ഈ മഹത്തായ രാഷ്ട്രത്തിലെ പൗരൻമാർ

പരമാധികാരിയായ നാഥനെ തിരിച്ചറിയുകയും പരസ്പര സ്നേഹത്തോടും ആർദ്രതയോടും ജീവിക്കുകയും ചെയ്യുമാറാകട്ടെ. വർണ്ണ, വർഗ്ഗ, ദേശീയ മതവ്യത്യാസമെന്യെ യു.കെ.യിലെ എല്ലാ പൗരൻമാരും സ്നേഹാദരവുകൾ പ്രകടിപ്പിക്കുമാറാകട്ടെ. എത്രത്തോളമെന്നാൽ, ഈ മനോഭാവത്തിന്റെ ക്രിയാത്മക സ്വാധീനം അതിർത്തികൾ കടന്ന് ലോകത്തിലെ മറ്റു രാജ്യങ്ങളിലുള്ള ജനതകളിലും വ്യാപിക്കുമാറാകട്ടെ. ഭൂരിഭാഗവും യുദ്ധങ്ങളും അക്രമങ്ങളും ശത്രുതയും കൊണ്ട് കലുഷിതമായ ഇന്നത്തെ ലോകം അവയ്ക്കു പകരം, സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും അഭയകേന്ദ്രമായി മാറട്ടെ. ആദരണീയയായ രാജ്ഞിയുടെ ദർശനത്തിനും ശ്രമങ്ങൾക്കും ഈ നിർണ്ണായക ലക്ഷ്യം കൈവരിക്കുന്നതിൽ പ്രമുഖമായ പങ്കു വഹിക്കാൻ സാധിക്കുമെന്നാണ് എന്റെ ശക്തമായ വിശ്വാസം.

കഴിഞ്ഞ നൂറ്റാണ്ടിൽ ഉണ്ടായ രണ്ടു ലോക മഹായുദ്ധങ്ങൾ ദശലക്ഷങ്ങളുടെ ജീവൻ അപഹരിക്കുകയുണ്ടായി. ഇന്ന് രാഷ്ട്രങ്ങൾക്കിടയിലുള്ള പരാതി വർധിക്കുകയാണെങ്കിൽ അന്തിമമായി മറ്റൊരു ലോകയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിലേക്കാണത് നയിക്കുക. ലോകയുദ്ധത്തിൽ ഉപയോഗിച്ചേക്കാവുന്ന അണ്വായുധങ്ങൾ കാരണം പറയാനാവാത്ത ഭയാനകമായ നാശത്തിന് ലോകം സാക്ഷിയാവും. അങ്ങനെയൊരു മഹാദുരിതം സംഭവിക്കുന്നത് ദൈവം തടയട്ടെ. ലോകജനത യുക്തിയും ബോധവും കൈക്കൊള്ളട്ടെ.

ആദരണീയ രാജ്ഞിയോടുള്ള വിനീതമായ എന്റെ അപേക്ഷയിതാണ്, സന്തോഷകരമായ ഈ വജ്ര ജൂബിലിയാഘോഷം മനുഷ്യകുലത്തിനൊരനുഗ്രഹമാക്കാൻ ഉപയോഗിക്കുക. ചെറുതും വലുതുമായ എല്ലാ രാഷ്ട്രങ്ങളെയും ജനങ്ങളെയും ഓർമ്മിപ്പിക്കുക, അവർ പരസ്പര സ്നേഹത്തിലും സമാധാനത്തിലും സൗഹൃദത്തിലും ജീവിക്കണമെന്ന്.

വജ്ര ജൂബിലിയുടെ മഹത്തായ അവസരത്തിൽ ആദരണീയയായ രാജ്ഞിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്, ഏതു മതത്തിന്റെ അനുയായികളും, ദൈവത്തിൽ വിശ്വാസമില്ലാത്തവർ പോലും മറ്റു മതവിശ്വാസികളുടെ വികാരങ്ങളെ ബഹുമാനിക്കണം എന്ന സന്ദേശം ലോകത്തിന് നല്കണമെന്നാണ്. ഇന്ന്, ഇസ്ലാമിനെക്കുറിച്ചുള്ള തെറ്റുധാരണ ലോകത്ത് നിലനിൽക്കുകയാണ്. ഇത് ഒരു വശത്ത് സമാധാന സ്നേഹികളായ മുസ്ലിംകളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നു. അതേ സമയം, മറുവശത്ത് അമുസ്ലിംകളുടെ ഹൃദയങ്ങളിൽ ഇസ്ലാമിനെക്കുറിച്ച് പുച്ഛവും അവിശ്വാസവും വളർത്തിയിരിക്കുന്നു. ആദരണീയയായ രാജ്ഞി, എല്ലാ ജനങ്ങളോടും മതങ്ങളോടും അവയുടെ അനുയായികളോടും പരസ്പരം ആദരം കാണിക്കണമെന്ന് ഉപദേശിക്കുകയാണെങ്കിൽ അത് എല്ലാ മതാനുയായികൾക്കും ഒരനുഗ്രഹവും മഹത്തായ ദയയുമായിരിക്കും. ഈ ലക്ഷ്യം നിവർത്തിക്കാൻ മഹത്വവാനായ നാഥൻ നമ്മുടെ രാജ്ഞിക്ക് അവന്റെ സഹായവും തുണയും നല്കുമാറാകട്ടെ.

ഈ കത്തിന്റെ ആരംഭത്തിൽ ഞാൻ സൂചിപ്പിച്ച പോലെ ഞാൻ ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവനാണ്. ഇതു സംബന്ധമായി, നമ്മുടെ ജമാഅത്തിനെക്കുറിച്ച്

വളരെ സംക്ഷിപ്തമായ ഒരവലോകനം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. മുഹമ്മദ് നബി (സ)യുടെയും കഴിഞ്ഞു പോയ മറ്റു പ്രവാചകൻമാരുടെയും പ്രവചനങ്ങൾ പ്രകാരം ഈ കാലഘട്ടത്തിൽ ആഗതനാകാൻ വിധിക്കപ്പെട്ട ആൾ - അതായത് വാഗ്ദത്ത മസീഹും പരിഷ്ക്കർത്താവും ആയ വ്യക്തി - ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യല്ലാതെ മറ്റാരുമല്ലെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

1889ൽ അദ്ദേഹം പരിശുദ്ധരും സാത്വികരുമായവരുടെ ഈ ജമാഅത്ത്, അതായത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിച്ചു. അദ്ദേഹം ഈ ജമാഅത്ത് സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം മനുഷ്യനും ദൈവവുമായി ബന്ധം സ്ഥാപിക്കാനായിരുന്നു; മനുഷ്യർ തമ്മിലുള്ള അവകാശങ്ങൾ പൂർത്തിയാക്കുന്നതിലേക്ക് ജനങ്ങളെ ചായ്ക്കാനുമായിരുന്നു; അങ്ങനെ അവർ പരസ്പരം ബഹുമാനത്തോടെയും സൗമനസ്യത്തോടെയും ജീവിക്കുകയും ചെയ്യാനുമായിരുന്നു.

1908ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ചരമം പ്രാപിക്കുന്ന സമയത്ത് അദ്ദേഹത്തിന് നാല് ലക്ഷം അനുയായികളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചരമശേഷം ദൈവേച്ഛ പ്രകാരം ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ ദൈവത്തിന്റെ ഈ വിനീത സേവകൻ വാഗ്ദത്ത മസീഹി(അ)ന്റെ അഞ്ചാം ഖലീഫയാണ്. അപ്രകാരം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അതിന്റെ സ്ഥാപകന്റെ ദൗത്യം ലോകം മുഴുവൻ പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമാണ് ഞങ്ങളുടേത്. ഞങ്ങളുടെ ആദർശവാക്യം "*എല്ലാവരോടും സ്നേഹം, വെറുപ്പ് ആരോടുമില്ല*" എന്നതാണ്. യഥാർത്ഥത്തിൽ ഇതിൽ ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങൾ സംക്ഷിപ്തമായി ഉൾക്കൊണ്ടിരിക്കുന്നു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകരുടെ കാലഘട്ടത്തിൽ ആദരണീയയായ വിക്ടോറിയാ രാജ്ഞിയുടെ വജ്ര ജൂബിലി ആഘോഷിക്കപ്പെട്ടുവെന്നത് സന്തുഷ്ടിയുളവാക്കുന്ന ഒരു യാദൃശ്ചികതയാണെന്ന് സൂചിപ്പിക്കുന്നത് സംഗതമായിരിക്കും. ആ സമയത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ 'രാജ്ഞിക്കൊരു ഉപഹാരം' എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. അതിലദ്ദേഹം വിക്ടോറിയാ രാജ്ഞിക്ക് ഒരനുമോദന സന്ദേശം എഴുതുകയുണ്ടായി. തന്റെ സന്ദേശത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) അവരുടെ വജ്ര ജൂബിലിയിൽ അവരെ അനുമോദിച്ചു. അവരുടെ ഭരണത്തിങ്കീഴിലുള്ള പ്രജകൾ, അതിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിലുള്ള ജനങ്ങളും പെടും, നീതിയും മതസ്വാതന്ത്ര്യവും നല്കുകയും അവർ ഇവിടെ സമാധാനപൂർവ്വം ജീവിക്കുകയും ചെയ്തതിന്റെ പേരിലായിരുന്നു അത്.അദ്ദേഹം ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങൾ അവതരിപ്പിക്കുകയും അദ്ദേഹത്തിന്റെ ആഗമനത്തിന്റെയും അവകാശവാദത്തിന്റെയും ഉദ്ദേശ്യം വിശദീകരിക്കുകയും ചെയ്തു. ഇപ്പോൾ ഉപഭൂഖണ്ഡത്തിലെ ജനങ്ങൾക്ക് ബ്രിട്ടീഷ് ഗവൺമെന്റ് സ്വാതന്ത്ര്യം നല്കിയിട്ടുണ്ടെങ്കിലും വിവിധ പശ്ചാത്തലങ്ങളിലും മതങ്ങളിലുമുള്ള ജനങ്ങൾ ഇവിടെ ജീവിക്കുകയും അവർക്കെല്ലാം തുല്യാവകാശങ്ങളും മതസ്വാതന്ത്ര്യവും തങ്ങളുടെ വിശ്വാസങ്ങൾ പ്രകടിപ്പിക്കാനും പ്രചരി

ഷിക്കാനുമുള്ള സ്വാതന്ത്ര്യവും ബ്രിട്ടീഷ് ഗവൺമെന്റ് നൽകിയിട്ടുണ്ടെന്ന വസ്തുത ബ്രിട്ടന്റെ വളരെ ഉന്നതമായ സഹിഷ്ണുതക്ക് മതിയായ തെളിവാണ്.

ഇന്ന് ആയിരക്കണക്കിന് അഹ്മദി മുസ്‌ലിംകൾ യു.കെയിൽ ജീവിക്കുന്നുണ്ട്. അവരിൽ നി രവധി ആളുകൾ സ്വന്തം രാജ്യങ്ങളിൽ നിന്ന് പീഡനങ്ങൾ നേരിടേണ്ടി വന്നപ്പോൾ അഭയം തേടി ഇവിടേക്ക് പലായനം ചെയ്തവരാണ്. ആദരണീയയായ രാജ്ഞിയുടെ ഭരണത്തിങ്കീഴിൽ അവർ സമാധാനപൂർണ്ണമായ ജീവിതം ആസ്വദിക്കുന്നു. അവർക്ക് നീതിയും മത സ്വാതന്ത്ര്യവും ലഭിക്കുന്നു. ഈ ഔദാര്യത്തിന് കുലീനയായ രാജ്ഞിക്ക് എന്റെ ഹൃദയാന്തർഭാഗത്തു നിന്നുള്ള കൃതജ്ഞത ഞാൻ ഒരിക്കൽ കൂടി രേഖപ്പെടുത്തുന്നു.

എന്റെ കത്ത് ഞാൻ ഉപസംഹരിക്കുന്നത്, ആദരണീയയായ രാജ്ഞിക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടാണ്. യഥാർത്ഥത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ആദരണീയയായ വിക്ടോറിയാ മഹാറാണിക്കു വേണ്ടി ചെയ്ത അതേ പ്രാർത്ഥന തന്നെയാണിത്.

"*അല്ലയോ സർവ്വശക്തനും മഹത്വമുടയവനുമായ ദൈവമേ! നിന്റെ ഔദാര്യവും അനുഗ്രഹങ്ങളും മുഖേന നമ്മുടെ ആദരണീയയായ രാജ്ഞിയെ എന്നെന്നും സന്തോഷവതിയാക്കി നിലനിർത്തേണമേ, അവരുടെ ഔദാര്യപൂർവ്വവും ദയയോടു കൂടിയതുമായ ഭരണത്തിൻ കീഴിൽ ഞങ്ങൾ സന്തോഷത്തോടെ ജീവിക്കുന്നതു പോലെത്തന്നെ സർവ്വശക്തനായ ദൈവമേ, അവരോട് ദയയും സ്നേഹവും കാണിക്കേണമേ; അവരുടെ ഉദാരവും ദയാപൂർവ്വവുമായ ഭരണത്തിങ്കീഴിൽ ഞങ്ങൾ സമാധാനപൂർവ്വവും സമൃദ്ധിയോടെയും ജീവിക്കുന്ന അതേ പോലെത്തന്നെ*"

കൂടുതലായി, സർവ്വോന്നതനായ ദൈവം, അവനെ സന്തുഷ്ടനാക്കുന്ന രീതിയിൽ ആദരണീയയായ നമ്മുടെ രാജ്ഞിക്ക് മാർഗ്ഗദർശനം നൽകട്ടെ. ആദരണീയയായ രാജ്ഞിയുടെ സന്തതികളെയും സർവ്വശക്തനായ ദൈവം സത്യത്തിലധിഷ്ഠിതമായി മാർഗ്ഗദർശനം നടത്തുകയും മറ്റുള്ളവരെയും അതിലേക്ക് വഴി നടത്തുകയും ചെയ്യുമാറാകട്ടെ. നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും ധർമ്മങ്ങൾ ബ്രിട്ടീഷ് രാജഭരണത്തിന്റെ മാർഗ്ഗദർശക തത്ത്വങ്ങളായി നിലനില്ക്കുമാറാകട്ടെ. മഹത്തായ സന്തോഷത്തിന്റെ ഈ അവസരത്തിൽ ആദരണീയയായ രാജ്ഞിയെ ഒരിക്കൽ കൂടി ഞാൻ ഹൃദയംഗമമായി അനുമോദിക്കുന്നു. എന്റെ ഹൃദയംഗമവും ആത്മാർത്ഥവുമായ അനുമോദനങ്ങൾ കുലീനയായ രാജ്ഞിക്ക് ഞാൻ സമ്മാനിക്കുന്നു.

ആശംസകളോടെയും പ്രാർത്ഥനയോടെയും,



**മിർസാ മസ്‌റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ

# ഇറാന്റെ
# പരമാധികാര നേതാവിനുള്ള കത്ത്

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو الناصر

16 Gressenhall Road
Southfields, London
SW18 5QL, UK

Supreme Leader of the Islamic Republic of Iran
Ayatollah Syed Ali Hosseini Khamenei
Tehran, Iran

14 May 2012

ബഹുമാന്യനായ ആയത്തുല്ലാഹ്,

*അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു,*

ഇറാനിൽ ഇസ്‌ലാമിന് സേവനം ചെയ്യാൻ സർവ്വശക്തനായ അല്ലാഹു താങ്കളെ പ്രാപ്ത നാക്കിയിരിക്കുന്നു. ഇറാൻ ഗവൺമെന്റ് ഇപ്പോൾ താങ്കളുടെ ആഭിമുഖ്യത്തിലാണ് ഔദ്യോ ഗിക കർത്തവ്യം നിർവഹിക്കുന്നത്. ഇതു നമ്മോടാവശ്യപ്പെടുന്നത്, ശരിയായ ഇസ്‌ലാമി കാധ്യാപനങ്ങൾ ലോകത്തിനെത്തിക്കാൻ നാം വളരെയധികം പ്രയത്നിക്കണമെന്നാണ്. മുസ്‌ലിംകളെന്ന നിലയിൽ, നാം സമാധാനത്തിലും സ്നേഹത്തിലും സൗഹാർദ്ദത്തിലും ജീവിക്കാൻ ലോകത്തെ പഠിപ്പിക്കണം. പ്രത്യേകിച്ചും, മുസ്‌ലിം നേതാക്കൻമാർ ഇക്കാര്യ ത്തിൽ അടിയന്തരമായി ശ്രദ്ധ പതിപ്പിക്കണം. ഇക്കാരണത്താൽ, താങ്കളോടെനിക്കുള്ള അപേക്ഷ, ലോകത്ത് സമാധാനം സ്ഥാപിക്കാനുള്ള ഉത്തരവാദിത്തത്തിലേക്ക് താങ്കളുടെ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കണം എന്നാണ്. ഇറാൻ ആക്രമിക്കപ്പെട്ടാൽ രാജ്യത്തെ സ്വയം രക്ഷിക്കാനുള്ള അവകാശം അതിനുണ്ട്. എന്നിരിക്കിലും, അത് ആക്രമണത്തിന് തുടക്കം കുറിക്കുകയോ ഏതെങ്കിലും സംഘർഷത്തിലേക്ക് മുന്നോട്ട് കാലെടുത്തുവെ ക്കുകയോ അരുത്. പകരം, മതപരമായ വ്യത്യാസങ്ങൾ മാറ്റിവെക്കാനുള്ള ശ്രമം നടത്ത ണം. പൊതുവായ മൂല്യങ്ങളിൽ ഒന്നിക്കുകയും പരിശ്രമിക്കുകയും വേണം. ഈയൊരു സമീപനം കൈക്കൊണ്ടതായാണ് ഇസ്‌ലാമിക ചരിത്രത്തിൽ നാം കണ്ടെത്തുന്നത്.

ഞാനൊരു വിശ്വാസിയാണ് എന്ന കാരണത്താലാണ് ഞാനീ കത്ത് താങ്കൾക്കെഴുതുന്നത്. മുഹമ്മദ് നബി(സ) പ്രവചിച്ച പ്രകാരം ഇക്കാലത്ത് ആഗതനായ വാഗ്ദത്ത മസീഹിന്റെയും ഇമാം മഹ്ദി(അ)യുടെയും ഖലീഫയും പിൻഗാമിയുമാണ് ഞാൻ. അദ്ദേഹം സ്ഥാപിച്ച ജമാ അത്ത്, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന പേരിലാണ് അറിയപ്പെടുന്നത്. അല്ലാഹു വിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ലോകത്തിലെ 200 രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഇതിന് ദശലക്ഷക്കണക്കിന് അനുയായികൾ ഉണ്ട്. പരസ്പരം സ്നേഹത്തോടും സമാധാന ത്തോടും ജീവിക്കുന്നതിന് ലോകത്തിന് മാർഗ്ഗദർശനം നൽകൽ ഞങ്ങളുടെ ഉൽക്കടമായ

ആഗ്രഹമാണ്. ഇതിനായി, ജീവിതത്തിൽ എല്ലാ തുറകളിലുമുള്ള ജനങ്ങളുടെ ശ്രദ്ധ ഞാൻ നിരന്തരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, ഞാൻ ഇയ്യിടെ, ഇസ്രായേൽ പ്രധാനമന്ത്രിക്കും, അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റിനും, മറ്റു ലോകനേതാക്കൾക്കും എഴുതുകയുണ്ടായി. ഇക്കാര്യത്തിൽ ഞാൻ പോപ്പ് ബെനഡിക്ട് പതിനാറാമനും എഴുതിയിട്ടുണ്ട്.

ഒരു വലിയ ഇസ്ലാമിക രാഷ്ട്രത്തിന്റെ ആത്മീയ നേതാവെന്ന നിലയിൽ, താങ്കൾ ഒരു കാര്യം സമ്മതിക്കുമെന്ന് ഞാനാശിക്കുന്നു. അതായത്, മുഴുവൻ മുസ്ലിം ഉമ്മത്തും ഒന്നിക്കുകയും കൂട്ടായി പ്രവർത്തിക്കുകയും ചെയ്താൽ ലോക സമാധാനം സ്ഥാപിക്കാൻ സാധിക്കും. അകാരണമായി നാം ശത്രുതയിലും പകയിലും എണ്ണയൊഴിക്കരുത്. സമാധാനവും ശാന്തിയും സ്ഥാപിക്കാനുള്ള അവസരങ്ങൾ അന്വേഷിക്കണം. അതിലുപരി, മറ്റുള്ളവർക്കെതിരിലുള്ള ശത്രുതയും എതിർപ്പും നീതിയില്ലാത്തതാവരുത്. ഇതാണ് വിശുദ്ധ ഖുർആനിൽ നാം പഠിപ്പിക്കപ്പെട്ടിട്ടുള്ളത്.

"*വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നില കൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.*"

(സൂറ അൽ മാഇദ സൂക്തം 9)

അല്ലാഹു മുഴുവൻ മുസ്ലിം ഉമ്മത്തിനെയും മുസ്ലിം ഗവൺമെന്റുകളെയും എന്റെ സന്ദേശം ഗ്രഹിക്കാൻ പ്രാപ്തരാക്കട്ടെ. അങ്ങനെ ലോകസമാധാനം സ്ഥാപിക്കാൻ അവരുടേതായ പങ്കു വഹിക്കാൻ അവർ സ്വയം തയ്യാറാകട്ടെ.

മനുഷ്യകുലത്തോടുള്ള എന്റെ സ്നേഹമാണ്, മുഴുവൻ മുസ്ലിം ഉമ്മത്തിനോടുള്ള സ്നേഹമാണ്, 'മനുഷ്യകുലത്തിന് മുഴുവൻ കാരുണ്യമായ' ആളുടെ ഉമ്മത്തിൽ അംഗമായ കാരണമാണ് എന്നെ ഈ കത്തെഴുതുന്നതിലേക്ക് നയിച്ചത്. എന്റെ വാക്കുകൾ മനസ്സിലാക്കുവാൻ ലോക നേതാക്കളെ അല്ലാഹു പ്രാപ്തരാക്കട്ടെ. ലോകത്ത് സമാധാനം സ്ഥാപിക്കുവാൻ അവർ സജീവമായ പങ്കു വഹിക്കുമാറാകട്ടെ. അല്ലാത്തപക്ഷം, ധൃതിപ്പെട്ടുള്ള, വീണ്ടുവിചാരമില്ലാത്ത ഏതെങ്കിലും രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധമുണ്ടായാൽ ആ സംഘർഷം ആ രാഷ്ട്രങ്ങളിൽ മാത്രം പരിമിതമാവുകയില്ല. യുദ്ധത്തിന്റെ ജ്വാലകൾ മുഴുലോകത്തെയും വിഴുങ്ങും. അങ്ങനെ, ഒരു ലോകയുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യതയുണ്ട്. അത് സാധാരണ ആയുധങ്ങൾ കൊണ്ടായിരിക്കുകയില്ല. അണ്വായുധങ്ങൾ കൊണ്ടായിരിക്കും. അണ്വായുധ യുദ്ധം ഭയാനകവും ദുരന്തപൂർണ്ണവുമായ ഫലങ്ങളാണുണ്ടാക്കുക. യുദ്ധം ഉണ്ടാവുന്ന കാലത്തുള്ള ജനങ്ങളെ മാത്രമല്ല അത് ബാധിക്കുന്നത്. യുദ്ധാനന്തര പ്രത്യാഘാതങ്ങൾ ഭാവി

തലമുറയ്ക്ക് ഭയാനകമായ 'സമ്മാന' മായിരിക്കും നൽകുക. ശിശുക്കൾ വൈകല്യങ്ങളോടെയായിരിക്കും ജനിക്കുക. ഇക്കാരണത്താൽ, വരാൻ പോകുന്ന നാശത്തിൽ നിന്ന് തങ്ങൾ സുരക്ഷിതരായിക്കുമെന്ന് ആരും കരുതേണ്ട.

ആയതിനാൽ, ഒരിക്കൽ കൂടി അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പേരിൽ, മനുഷ്യകുലത്തോടുള്ള അനുകമ്പയും സ്നേഹവും കാരണമായി ഞാൻ അഭ്യർത്ഥിക്കുന്നു, ലോകത്ത് സമാധാനം സ്ഥാപിക്കാൻ താങ്കൾ താങ്കളുടെ പങ്ക് വഹിക്കുക.

ആശംസകളോടെയും പ്രാർത്ഥനയോടെയും

വസ്സലാം,

ആത്മാർത്ഥതയോടെ,



**മിർസാ മസ്റൂർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ തലവൻ

# റഷ്യൻ ഫെഡറേഷൻ പ്രസിഡണ്ടിനുള്ള കത്ത്

MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM

بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو الناصر

16 Gressenhall Road
Southfields, London
SW18 5QL, UK

His Excellency
Mr. Vladimir Putin
President of the Russian Federation
The Kremlin
23, Ilyinka Street,
Moscow 103132 Russia

18 September 2013

പ്രിയപ്പെട്ട മി. പ്രസിഡണ്ട്,

ഞാനീ കത്തെഴുതുന്നത് 204 ലോകരാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന സമാധാനപ്രിയരും സമാധാനപ്രചാരകരുമായ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോളനേതാവ് എന്ന നിലയിലാണ്.

നിലവിലെ ലോകസാഹചര്യങ്ങൾ കാരണം സ്രഷ്ടാവിനോടും സഹജീവികളോടുമുള്ള കടമകളും ഉത്തരവാദിത്തങ്ങളും ശരിയായ വിധം നിറവേറ്റുന്നതിനെക്കുറിച്ച് ലോകജനതയെ പ്രഭാഷണങ്ങളിലൂടെയും സംബോധനകളിലൂടെയും ഞാൻ ഉണർത്തിക്കൊണ്ടിരിക്കുന്നു. ഖേദകരമെന്ന് പറയട്ടെ, താങ്കളുമായി നേരിട്ട് സംസാരിക്കാൻ ഒരവസരം എനിക്കിതു വരെ ലഭിച്ചിട്ടില്ല. എന്നിരുന്നാലും, സിറിയയിലെ വർധിച്ചു വരുന്ന കുഴപ്പം നിറഞ്ഞ ഇന്നത്തെ അവസ്ഥ താങ്കൾക്കൊരു കത്തെഴുതുന്നതിന് എന്നെ പ്രേരിപ്പിക്കുകയുണ്ടായി. പടക്കളത്തിലേക്ക് ലോകത്തെ ആനയിക്കുന്നതിനു പകരം സംഭാഷണമേശയ്ക്കു ചുറ്റും ലോകത്തെ ഒരുമിച്ചുകൊണ്ടുവരാനുള്ള താങ്കളുടെ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ഒരാക്രമണമുണ്ടായാൽ അത് ആ മേഖലയിൽ മാത്രമൊതുങ്ങി നിൽക്കുന്ന യുദ്ധത്തിനായിരിക്കില്ല ഇടവരുത്തുക, മറിച്ച് ഒരു ലോകയുദ്ധത്തിലേക്കായിരിക്കും അത് കൊണ്ടുചെന്നെത്തിക്കുക. അതുകൊണ്ട് തന്നെ ഇത്തരം പ്രവർത്തനരീതികൾ വളരേയധികം വിനാശകരവും യുദ്ധവ്യാപനത്തിലേക്ക് നയിക്കുന്നതുമാണെന്ന് പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു പ്രമുഖ പാശ്ചാത്യവാർത്താദിനപത്രത്തിൽ താങ്കളെഴുതിയത് വായിച്ചപ്പോൾ എനിക്ക് വളരെയധികം സന്തോഷം തോന്നി. താങ്കളുടെ ഈ നിലപാടു കാരണം, നയ തന്ത്രമാർഗത്തിലൂടെ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ സമ്മതിച്ചു കൊണ്ട്, പ്രബലലോകശക്തികൾ ഇതിൽ നിന്നു വിട്ടുനിൽ ക്കുകയും വളരെയധികം അനുരഞ്ജനാത്മകമായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്

തീർച്ചയായും ബൃഹത്തായതും അതിഭീകരവും അസാധാരണവുമായ സർവ്വനാശത്തിൽ നിന്നും ലോകത്തെ രക്ഷിച്ചുവെന്നു ഞാൻ വിശ്വസിക്കുന്നു. ലോകരാജ്യങ്ങൾ ഓരോന്നും സ്വതന്ത്രമായി പ്രവർത്തിക്കാൻ തീരുമാനിക്കുകയും ഏകപക്ഷീയതീരുമാനങ്ങൾ എടുക്കുകയും ചെയ്താൽ സർവരാജ്യസഖ്യത്തിന്റെ അതേ വിധി തന്നെയായിരിക്കും ഐക്യരാഷ്ട്രസംഘടനയ്ക്കും ഉണ്ടാവുകയെന്നും, അങ്ങനെയതു പരാജയപ്പെടുകയും ചെയ്യുമെന്ന താങ്കളുടെ അഭിപ്രായത്തിനോട് ഞാനും യോജിക്കുന്നു. തീർച്ചയായും യുദ്ധത്തിന്റെ തീപ്പൊരികൾ ഈയിടെയായി ഊതിക്കത്തിക്കപ്പെട്ടിരുന്നു. ഭാഗ്യവശാൽ ഇന്നത് ഏറെക്കുറെ ശാന്തമായിരിക്കുകയാണ്. യുദ്ധത്തിന്റെ അപകടസാദ്ധ്യത, ക്രിയാത്മക നടപടികളെടുത്തതിന്റെ ഫലമായി പൂർണ്ണമായി ഇല്ലാതാക്കാൻ സർവ്വശക്തനായ ദൈവം പ്രാപ്തമാക്കട്ടെ. പ്രബലലോകശക്തികൾ നിഷേധാധികാരം (VETO POWER) പ്രയോഗിക്കാനുള്ള തങ്ങളുടെ അധികാരശക്തിയെ ക്കുറിച്ചു മാത്രം ഉത്കണ്ഠപ്പെടുന്നതിനു പകരം ചെറുരാജ്യങ്ങളെ അനുകമ്പാപൂർവ്വം ശ്രദ്ധിക്കുകയും ബഹുമാനിക്കുകയും അവർക്ക് അർഹമായ അവകാശങ്ങൾ പൂർത്തീകരിച്ച് കൊടുക്കുകയും ചെയ്യാൻ മുന്നോട്ട് വരട്ടെ. ഏതു നിലയിലും സമാധാനം സ്ഥാപിക്കുവാനുള്ള താങ്കളുടെ ശ്രമങ്ങൾക്ക് നന്ദിസൂചകമായി ഈ കത്തെഴുതുകയെന്നത് എന്റെ ബാധ്യതയായി കരുതുന്നു. ഇതൊരു താത്കാലിക ഉദ്യമമാവാതെ സമാധാനസ്ഥാപനത്തിനുള്ള പരിശ്രമം എപ്പോഴും താങ്കൾ നടത്തട്ടെയെന്നാണ് എന്റെ പ്രത്യാശയും പ്രാർഥനയും. ഈ ലക്ഷ്യം കൈവരിക്കാൻ താങ്കളെ ദൈവം പ്രാപ്തനാക്കട്ടെ.

ലോകസമാധാനത്തിനു വേണ്ടി, എനിക്ക് അവസരം ലഭിക്കുമ്പോഴൊക്കെ നീതിപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ സമാധാനം സ്ഥാപിക്കുന്നതിലേക്ക് ജനങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കാറുണ്ട്. അത്തരം അവസരങ്ങളിൽ ഞാൻ ചെയ്ത പ്രഭാഷണങ്ങളിൽ ചിലത് ' ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' എന്ന പേരിൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ ഒരു പ്രതി ഉപഹാരമെന്ന നിലയിൽ ഇതിനോടൊപ്പം ഞാൻ അയക്കുകയാണ്.

ആശംസകളോടും പ്രാർഥനയോടും കൂടി



**മിർസാ മസ്‌റൂർ അഹ്‌മദ്**
ഖലീഫത്തുൽ മസീഹ് V
ആഗോള അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ

# ശബ്ദസംഗ്രഹം

**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് :** ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യെ വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്ന് വിശ്വസിക്കുന്ന മുസ്ലിം പ്രസ്ഥാനം. 1889ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) സ്ഥാപിച്ച ഈ പ്രസ്ഥാനം ഇന്ന് അദ്ദേഹത്തിന്റെ അഞ്ചാം ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദി (അയ്യദഹുല്ലാഹു) ന്റെ നേതൃത്വത്തിങ്കീഴിലാണ്. അഹ്മദിയ്യാ ജമാഅത്ത് എന്ന പേരിലും ഈ പ്രസ്ഥാനം അറിയപ്പെടുന്നു. ഇതിലെ അംഗം അഹ്മദി മുസ്ലിം അല്ലെങ്കിൽ അഹ്മദി എന്ന് വിളിക്കപ്പെടുന്നു.

**ഇമാം മഹ്ദി:** മുഹമ്മദ് നബി(സ) അവസാന കാലത്ത് ആഗതരാകുന്ന വാഗ്ദത്ത പരിഷ്ക്കർത്താവിന് നല്കിയ സ്ഥാനപ്പേര്. മാർഗ്ഗദർശകനായ നേതാവ് എന്നാണ് ഈ പദത്തിനർത്ഥം.

**ആമീൻ:** പ്രാർത്ഥന അവസാനിപ്പിച്ചു കൊണ്ടു പറയുന്ന വാചകം. അല്ലാഹു അങ്ങനെയാക്കിത്തീർക്കട്ടെ എന്നാണിതിനർത്ഥം.

**അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു:** സാമ്പ്രദായിക ഇസ്ലാമിക അഭിവാദ്യം. താങ്കളുടെ മേൽ സമാധാനവും കാരുണ്യവും വർഷിക്കപ്പെടട്ടെ എന്നാണ് ഇത് അർത്ഥമാക്കുന്നത്.

**ഹദ്റത്ത്:** അംഗീകൃതനായ സദ്വൃത്തന് ആദരപൂർവ്വം ഉപയോഗിക്കുന്ന സാങ്കേതിക പദം. ഇംഗ്ലീഷിൽ ഹിസ് ഹോളിനെസ്സ് എന്ന പ്രയോഗിക്കുന്നതു പോലെ.

**ഖലീഫ:** പിൻഗാമി. പ്രവാചകന്മാർ അല്ലാഹുവിന്റെ ഖലീഫമാർ ആകുന്നു. പ്രവാചകന്മാരുടെ പിൻഗാമികളെയും ഖലീഫമാർ എന്ന് പറയുന്നു.

**ഖിലാഫത്ത്:** പിൻതുടർച്ച എന്നാണ് ഈ പദത്തിനർത്ഥം.

**വാഗ്ദത്ത മസീഹ്:** അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയെയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

# WORLD CRISIS
## AND THE PATHWAY TO
# PEACE

The world is passing through very turbulent times. The global economic crisis continues to manifest newer and graver almost every week. The similarities to the period just before the second World War continue to be cited and it seems clear that events are moving the world at an unprecedented pace towards a horrific third world war.

In this book, His Holiness Mirza Masroor Ahmad, the Head of the worldwide Ahmadiyya Muslim Commnunity warns the world if the fast approching dangers and how it can avert disaster and chart a course to peace.